www.malankaralibrary.com

# മലങ്കര ഗീതങ്ങൾ

ജി. ചേടിയത്ത്

കോട്ടയം

1981

www.malankaralibrary.com

# MALANKARA GEETHANGAL

Author:
Dr. G. CHEDIATH

Copyright to the author

Printed at
Bethany Press, Kottayam-10

Published by:
Dr. G. Chediath,
St. Thomas Seminary,
Kottayam-686010.

Ad usum privatum
Cum permissu Superiorum

# ആമുഖം

മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് സുപരിചിതമായ മൂന്ന് രീതികളിലാണ് ഈ ഗീതങ്ങൾ രചിച്ചിരിക്കുന്നത്. ഭവനങ്ങളിലെ യാമപ്രാർത്ഥനകൾ, ഇടവകകളിലെ വായനകൾ, മററ് യോഗങ്ങൾ, ഞായറാഴ്ച പ്രഭാതപ്രാർത്ഥന കഴിഞ്ഞുള്ള സമയം ആദിയായ അവസരങ്ങളിൽ ഇവ പാടാവുന്നതാണ്. ഒററയ്ക്ക് ധ്യാനിക്കാനും പ്രാർത്ഥിക്കാനും ആഗ്രഹിക്കുന്നവർക്കും ഇത് സഹായകമാണ്. സഭയിലെ എല്ലാ ജീവിതാവസ്ഥയിൽ പെട്ടവർക്കും ഉപകാരപ്രദമാണ് ഈ ഗ്രന്ഥം.

ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച ബഥനി പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

മാർതോമാശ്ലീഹായുടെ മക്കളായ മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു.

കോട്ടയം, **ഫാ. ജി. ചേടിയത്ത്**
16–7–1981.

www.malankaralibrary.com

## രീതികൾ

1 "നാഥാ, ദയമോചനമിവകളിരന്നീടാൻ"

"ബ്ʼറംശൊ ല്ʼബൈതൊക് ഏദാസ
നാൻ മൊറിയോ"

(വ്യാഴം സന്ധ്യ—രണ്ടാം കോലൊ)

ഒന്നാം ഭാഗം: ഗീതങ്ങൾ 1—46

2 "ധന്യൻ വിൺമൺ വാസികളെ
ആമോദിപ്പിച്ചോൻ"

"ബ്രിക് ദ്ഹാദീ ലശ്മായോനേ
വപ്സാഹ് ലറഓനെ"

(വിവാഹശുശ്രൂഷ)

രണ്ടാം ഭാഗം: , ഗീതങ്ങൾ 47—70

3 "പുലർകാലേ ഗിരിമുകളിൽ മൂശ"

(ബുധൻ പ്രഭാതം—രണ്ടാം കോലൊ)

മൂന്നാം ഭാഗം: ഗീതങ്ങൾ 71—109

# ഉള്ളടക്കം

## ഭാഗം 1


| നമ്പർ | | ഖണ്ഡിക | പേജ് |
|---|---|---|---|
| 1 | സ്വീകൃതമാകണമെ നാഥാ മമ കാഴ്ച | 14 | 1 |
| 2 | മണവറ തീർക്കാൻ പോകുന്നു | 12 | 3 |
| 3 | അത്യുന്നതനീശോ സ്തുത്യൻ | 8 | 5 |
| 4 | അത്യുന്നതനുടെ ഗേഹം | 18 | 7 |
| 5 | അരുണോദയദിനമണയാൻ | 18 | 10 |
| 6 | അവനെ ഞാൻ | 7 | 13 |
| 7 | ഈ നിമിഷം നീയെന്തേ ദൂരെ മരുവുന്നു | 15 | 14 |
| 8 | ഉദരഫലത്തെ വധിക്കരുതേ | 26 | 17 |
| 9 | ഉദരേ പേറുന്നോരുത്തമയാം മാതാ | 8 | 21 |
| 10 | ഏദോമിൽനിന്നും | 10 | 23 |
| 11 | ഒരു മേഘം മൂടി നിബിയുടെ കൂടാരം | 12 | 25 |
| 12 | കരുണാസാഗരമേ, നാഥാ കനിയണമെ | 6 | 27 |
| 13 | കുരിരുൾ താഴ്‌വരയിൽ | 5 | 28 |
| 14 | ജനമധ്യേ ഞാൻ ഘോഷിക്കും | 7 | 29 |
| 15 | ജീവിതമാകും നിൻ ദാനത്തിന്നർത്ഥം | 6 | 30 |
| 16 | ഞാൻ പാപം ചെയ്തു നിനക്കെതിരായ് | 5 | 31 |
| 17 | ഞാനൊരു ശബ്ദം | 19 | 32 |
| 18 | തുണയേകണമേയെൻ നാഥാ | 12 | 35 |
| 19 | തുണയേകണമേ നീ | 6 | 37 |
| 20 | ദീപം കാട്ടുക ദീപവിളക്കേമറിയാമേ | 19 | 38 |
| 21 | നമ്മെ സ്നേഹിക്കുന്നവനായ് ഒരുവൻ | 30 | 42 |
| 22 | നവജീവൻ തരണം | 4 | 47 |
| 23 | നിങ്ങൾക്കായ് രാജ്യം നല്കും വത്സലരേ | 9 | 48 |
| 24 | നിൻ സന്നിധിയിൽ | 15 | 49 |
| 25 | നിന്നെ കാണുവതെന്നോ | 20 | 52 |
| 26 | നിന്നെ മാത്രം | 9 | 55 |

www.malankaralibrary.com


| | | | |
|---|---|---|---|
| 27 | നിരവധി നയനങ്ങൾ | 20 | 57 |
| 28 | നീട്ടിയ കൈയിൽ ദാനത്തെ വച്ചുന്നു | 14 | 60 |
| 29 | നീയാണുന്നതനാം രാജൻ | 13 | 63 |
| 30 | പതിരവനെറിയും കളകളെയും | 8 | 65 |
| 31 | പരിമളനറുമണമേ മറിയാമേ സ്വസ്തി | 16 | 67 |
| 32 | പിടയുന്നീശോ മമ ഹൃദയം | 13 | 70 |
| 33 | പുതിയൊരുടമ്പടി ഞാൻ | 10 | 72 |
| 34 | പ്രിയനാഥൻ തിരുമാർവിൽ നാം | 5 | 74 |
| 35 | മരണത്തിലുമതുപോൽ ജീവനിലും | 5 | 75 |
| 36 | മലമുകളിൽ ചിതറപ്പെട്ടവയാം | 6 | 76 |
| 37 | മർത്യൻ നിർമ്മിക്കും ദേവൻ നിർജ്ജീവം | 13 | 77 |
| 38 | മഹിമോന്നതമാം ത്രിത്വം | 5 | 79 |
| 39 | മിശിഹായിൽ മൃതരേ | 5 | 80 |
| 40 | മുഴുഹൃദയത്തോടു നിന്നെ ഞാൻ | 21 | 81 |
| 41 | വരണം പ്രിയനാഥാ അതിവേഗം | 7 | 84 |
| 42 | വിത്തു മുളയ്ക്കുംപോൽ | 5 | 86 |
| 43 | സമാധാന പ്രാർത്ഥന | 12 | 87 |
| 44 | സെദ്റാ | 7 | 89 |
| 45 | ഹൃദയത്തിൽ കത്തിക്കണമെ | 4 | 90 |
| 46 | ഹൃദയമലിഞ്ഞിട്ടവിൻ | 18 | 91 |


## ഭാഗം 2


| | | | |
|---|---|---|---|
| 47 | ഉയരേ പീഠമൊരുക്കീടാൻ | 8 | 95 |
| 48 | ഒരു തേനരുവിയൊഴുകുന്നു | 19 | 96 |
| 49 | കണ്ണീർ മാത്രമെനിക്കിവിടെ | 26 | 99 |
| 50 | കർത്തൻ രാജാവാകുന്നു | 4 | 104 |
| 51 | കറ കൂടാതൊരു കന്യകയെ | 10 | 104 |
| 52 | 2 കൊരിന്തോസുകാർ | 5 | 106 |
| 53 | ഗേഹം സ്നാനശിശു | 27 | 107 |
| 54 | ത്രിത്വം സംപൂജ്യൻ | 24 | 112 |
| 55 | ധരമിശിഹായുടെ ബലിവേദി | 10 | 116 |
| 56 | നിൻ മാർവ്വിൽ ചാരും | 13 | 118 |
| 57 | പണിയും വരവും ഒരുനിമിഷം | 33 | 120 |
| 58 | പ്രഭയിൽ നിന്നുള്ളൊരു പ്രഭയാം | 9 | 126 |
| 59 | ബേഥേലിൽ യാക്കോബൊരു നാൾ | 9 | 127 |
| 60 | മരുഭൂമിയിലുയരും നാദം | 8 | 129 |
| 61 | മാനവഹൃദയത്തിന്നാഴം | 20 | 130 |
| 62 | മിശിഹായിൽ ജീവൻ വച്ചാം | 11 | 133 |
| 63 | മുഴുഹൃദയത്തോടു നിൻ ഗീതം | 13 | 135 |
| 64 | യൂഹാനോൻ സ്നാനം നല്കി | 9 | 137 |
| 65 | ശോഭയെഴുന്നൊരു മണവാട്ടി | 10 | 139 |
| 66 | സാക്ഷാൽ ദൈവസുതൻ | 7 | 141 |
| 67 | സിറാഹ് 15–16 | 16 | 142 |
| 68 | സ്നാനജലത്തിൻ നീരുറവ | 8 | 144 |
| 69 | സ്നേഹം | 20 | 146 |
| 70 | സ്ലീബായെൻ കൈയിൽ | 10 | 149 |


## ഭാഗം 3


| | | | |
|---|---|---|---|
| 71 | അപ്രേമിൽ നിന്ന് | 12 | 151 |
| 72 | അർപ്പണം | 3 | 155 |
| 73 | ഇതുതാൻ നിബിമാരുടെ മൊഴിയും | 6 | 156 |
| 74 | ഉപമകൾ (മത്തായി) | 14 | 158 |
| 75 | ഉയരാഴങ്ങൾ അളന്നവനാർ | 20 | 164 |
| 76 | ഉല്പത്തി | 6 | 171 |
| 77 | എഫേസ്യലേഖനം | 31 | 173 |
| 78 | എബ്രായലേഖനം | 34 | 184 |
| 79 | കരുണാസാഗരമാം ദേവാ | 10 | 196 |
| 80 | കർത്താവേ, മിശിഹാരാജാവേ, | 8 | 200 |
| 81 | കറയില്ലാത്തൊരു തരുണിസമം | 15 | 203 |
| 82 | കാനാനിൽ ക്ഷാമം വന്നപ്പോൾ | 4 | 208 |

www.malankaralibrary.com


| | | | |
|---|---|---|---|
| 83 | കാഹളനാദത്തിൻ നാളിൽ | 10 | 209 |
| 84 | കുഞ്ഞാനമ്മൊരുക്കം | 24 | 213 |
| 85 | ക്രിസ്തുവിനെ പ്രതി ഭോഷന്മാർ | 10 | 222 |
| 86 | ഗലാത്യലേഖനം | 12 | 226 |
| 88 | ഗ്രിഗറി നസ്യാൻസൻ | 10 | 230 |
| 83 | ഞാൻ നിന്നെ സ്നേഹിക്കുന്നു | 8 | 233 |
| 89 | ഞാനെന്നും നിന്റേതല്ലോ | 8 | 236 |
| 90 | ഞാനെന്നും നിന്നോടുകൂടെ | 8 | 239 |
| 91 | തെസ്സലോനിക്കർ | 16 | 241 |
| 92 | ത്രീയേകൻ ദൈവം സ്തുത്യൻ | 12 | 247 |
| 93 | ദൈവത്തിൽ ഹൃദയം വയ്ക്കു | 5 | 251 |
| 94 | നിർമ്മലരാം ജീവികൾ പാടുന്നു | 10 | 253 |
| 95 | നിൻ സന്നിധി മോദം പകരും | 6 | 256 |
| 96 | നീയാണെന്നും മമ ദൈവം | 21 | 258 |
| 97 | പ്രുമിയോൻ–സെദ്റാ | 12 | 266 |
| 98 | ഫെബ്രുവരി 22 | 12 | 270 |
| 99 | ബലി | 7 | 274 |
| 100 | മഹനീയമതാം ബലിവേദി | 4 | 276 |
| 101 | മഹാനായ മാർ ബസ്സേലിയോസ് | 6 | 278 |
| 102 | മാതാവിനോട് | 7 | 280 |
| 103 | വഴിയും സത്യവുമായവനേ | 12 | 283 |
| 104 | സ്വഭാവപ്രകാരം | 5 | 287 |
| 105 | വിശ്വാസപ്രഖ്യാപനം | 2 | 289 |
| 105 | സെഫനിയാ | 12 | 289 |
| 107 | റൂഹായാം ദൈവം | 8 | 294 |
| 108 | റൂഹായാം നാഥാ ദയവാനേ | 7 | 297 |
| 109 | റൂഹായെ നീ കാണുമ്പോൾ | 10 | 299 |


---

**1** "സ്വീകൃതമാകണമെ നാഥാ മമ കാഴ്ച"

1 കരുണനിറഞ്ഞവനേ–കനിയണമടിയാരിൽ
കണ്ണുകലങ്ങി; കണ്ണീരിൻ ഉറവകൾ വററി;
നിൻ സവിധത്തിങ്കൽ–ഉയരുന്നെൻ ഹൃദയം
എൻ പ്രത്യാശയുമാശ്രയവും നീയാണല്ലോ.

2 നീയെൻ ഹൃദയത്തിൽ വന്നുവസിക്കണമേ
ദീപം കാട്ടുക ദിനകരനേ എൻ കൂരിരുളിൽ
കാട്ടുകനാഥാ നിൻ–പാതകളെൻ മുമ്പിൽ
നിൻസത്യം ഞാൻ ജനമദ്ധ്യേ ഘോഷിച്ചീടും.

3 പീഡിതരെ താങ്ങുന്നവനാം ദയവാനേ,
കരുണയോടെന്നെ താങ്ങണമെ തവതൃക്കയ്യാൽ
അഗതികളാശ്രയമായ് കരുതുന്നുടയവനേ,
തേടിവരുന്നിവർ നിൻപക്കൽ മോദംപകരു.

4 കറയില്ലാത്തവളാം–കന്യകയിൽനിന്നും
പൊട്ടിവിടർന്നോരു കുസുമം നീ; മമ സന്തോഷം
കരളിനു കുളിരേകും–ദർശനമരുളണമെ;
മാടിവിളിക്കണമെന്നെ നീ സുമശോഭയതാൽ.

5 നാഥാ, തവനാമം–മോദം പകരുന്നു
തവ ചിന്തകളെൻ ഹൃദയത്തെ നിറച്ചീടുന്നു
സുമസമമാം വദനം കാണുക മധുരതരം
തവസവിധേ–വാസംചെയ്യാൻ വെമ്പുന്നടിയൻ.

6 നാഥാ തവനാമം–പോലൊരു ശ്രേഷ്ഠപദം
മാനവനറിയില്ലുലകത്തിൽ; ഭാഷയിലില്ല;
മാനവരക്ഷകനേ, കരളിനു കുളിരേകും
പാവനമാം തവനാമം ഞാൻ കീർത്തിച്ചീടും.

www.malankaralibrary.com



7 ശോഭയെഴും ദൂത–ന്മാരുടെ രാജാവേ,
ശിശുവായ് തീർന്നവനേ, നാഥാ നീയെൻ ദൈവം;
പരമോന്നതനാമം–ഹൃദയത്തിൻ ഗീതം
ആനന്ദത്താൽ കീർത്തിക്കും മോദമോടെന്നും.

8 അത്ഭുതനാം രാജാ,–കീർത്തി ധരിച്ചവനേ,
ജേതാവേ, തവമാധുര്യം മോഹനമത്രേ;
മരണത്തെ വെന്നിട്ടുത്ഥാനം ചെയ്ത–
ദൈവകുമാരാ, മിശിഹായേ, കൃപചെയ്യെന്നിൽ.

9 ജീവന്നുറവിടമാം–ജീവജലം നീയേ
പറുദീസായെ നനച്ചവനും നീതാനല്ലോ;
അഗ്നി ധരിച്ചവനും–നീയാണീശോയേ,
അഖിലാണ്ഡത്തിന്നാലംബം നീതാനല്ലോ.

10 മിശിഹാ കർത്താവേ,–നീയെന്നാനന്ദം
നീയെൻ സമ്മാനം നിത്യം; അവകാശവുമേ;
നീയാണെൻ മഹിമാവെന്നെന്നും നാഥാ,
ഗിരിമുകളിൽ വാസംചെയ്യോൻ കൃപചെയ്യെന്നിൽ,

11 മിശിഹായുടെ സ്നേഹം–വിവരിപ്പാനെളുതോ?
അലയാഴിക്കില്ലിതു പോലുള്ളാഴമതോർക്കിൽ;
തൂലിക വദനമിവ–യ്ക്കെളുതല്ലുപമിപ്പാൻ
സ്നേഹം ഹൃത്തിൽ നിറഞ്ഞവരോടാരാഞ്ഞിടുവിൻ.

12 വന്നു വസിക്കണമേ–നാഥാ, മമ ഹൃത്തിൽ
നിന്നെപ്രതി ഞാൻ മോദമൊടെ പീഠമൊരുക്കി;
നാഥാ, നിൻ വരവി–ന്നായ് ഞാൻ വാതിൽതുറ–
ന്നാനന്ദത്തോടൊരുങ്ങിയിതാ പൂമാലയുമായ്.



13 നീയാണെൻ ദൈവം–മിശിഹാ കർത്താവേ,
നീയെൻപേർക്കായ് കുരിശിന്മേൽ മൃത്യുവരിച്ചു
നിന്നെപ്രതി ജീവൻ നല്കീടാം നാഥാ;
കൈക്കൊള്ളണമേ സഹദേരുടെ ബലികൾപോലെ

14 സ്പന്ദിച്ചീടുന്നെൻ–ഹൃദയം കൈകളിലായ്
രക്തത്തുള്ളികളോടെന്റെ മിശിഹായ്ക്കായി–
അർപ്പിക്കുന്നേൻ ഞാൻ–നാഥാ, കൈക്കൊൾക
ആദ്യകുമാരൻ ഹാബേലിൻ കാഴ്ചകൾപോലെ.

2 "മണവറ തീർക്കാൻ പോകുന്നു കരയരുതേ നീ"

1 കർത്താവേ വരണം–മോദമൊടതിവേഗം
കൈക്കൊള്ളണമീ ദാസരെ നിൻ മാറിൽ ചേർത്തു,
നിന്നെ പ്രതി നാഥാ–നിദ്രാരഹിതരിവർ
നിന്നെ മാത്രം ധ്യാനിച്ചു താമസമരുതേ.

2 നീ പോയൊരു വഴിയേ–നോക്കിയിരിപ്പു ഞാൻ,
നിദ്രാരഹിതരിവർ നാഥാ; താമസമരുതേ
ആളുകളനവധിയായ്–വന്നെൻ സവിധത്തിൽ
നിന്നെ മാത്രം ധ്യാനിച്ചു; താമസമരുതേ.

3 പ്രിയനാഥാ, മിശിഹാ–എന്നുടെ മണവാളാ,
വന്നീടണമേ; കൈക്കൊൾക; താമസമരുതേ;
കര കടലിവകളിലാ–രാഞ്ഞിട്ടവസാനം.
കണ്ണീർ കടലിന്നടിയിൽ ഞാൻ മുങ്ങിപ്പോകും.

* * * *

www.malankaralibrary.com



4 കരയരുതൊരുനാളും–കന്യകയേ സഭയേ,
കരുണ നിറഞ്ഞവനതിവേഗം തിരികെ വരുന്നു;
കാഹള നാദത്തിൻ–ഘോഷം കേൾക്കും നീ;
വാനഗണങ്ങളൊടൊപ്പമവൻ ആഗതനാകും.

* * * *

5 കർത്താവിൻ ദിവസം–ഭീകരമായീടും
പതിരവനെറിയും കളകളെയും ഘോരാഗ്നിയതിൽ;
ദുഷ്ടന്മാർക്കായ് ഭീ–കരമായ് സജ്ജമതാം
തീയിൽനിന്നും കാക്കുമവൻ മാർവ്വിൽ ചേർക്കും.

* * * *

6 ഇടിനാദം പോലാ–ശബ്ദം ഉയരുന്നു
ഭൂതലമാകെ വിറയ്ക്കുന്നു; കൂരിരുളെങ്ങും;
ആ ദിവസം പാർത്താൽ –പ്രിയരേ ഖേദകരം
കാലാന്ത്യത്തിൻ അടയാളം ശ്രദ്ധിച്ചിടുവിൻ.

7 മനുജാ നിക്ഷേപം–മന്നിൽ സൂക്ഷിച്ചാൽ
മരണത്തിൻ ദിനമതു നിന്നെ രക്ഷിച്ചിടുമോ?
ഭീകരമരണത്തിൻ–പാശങ്ങളിൽനിന്നും
രക്ഷിക്കുന്നവൻ ഉന്നതനാ–ണവനെ വണങ്ങൂ.

8 പൂഴിയിൽ നിദ്രിതരാം മാനവരെഴുന്നേല്ക്കും
പ്രഭയിൻ വസ്ത്രമണിഞ്ഞീടും നീതിഷ്ഠന്മാർ
ഘോഷിക്കും സഭയന്നാളിൽ തുഷ്ടിയോടേ
കരുണ നിറഞ്ഞവനേ, നീയാണെൻ മണവാളൻ.

* * * *

9 കറയില്ലാത്തവളാം കന്യകയായ് നിന്നെ
അർപ്പിക്കുമവൻ പിതൃസവിധേ; കാലാന്ത്യത്തിൽ
വാനവദൂതന്മാർ പാടും മോദമൊടെ
സഭയാർത്തീടും ത്രിത്വത്തിൻ സ്തുതിഗീതങ്ങൾ.



10 സ്നേഹത്താൽ ലോകം നിർമ്മിച്ചു ദൈവം;
ലോകത്തെ താൻ സ്നേഹത്തിൻ കടലിൽ മുക്കി;
സ്നേഹത്താൽ ശിശുവായ് തീർന്നൊരു കിരണമവൻ
സ്നേഹത്താൽ സ്ലീബാമേൽ തൻ ജീവൻ നല്കി.

11 നിത്യം നിലനില്ക്കുന്നവനാം പ്രിയ നാഥൻ
മറവായ് വാഴും താതന്റെ കിരണം പ്രിയരേ,
വെളിവായ് തീർന്നു; കാലാന്ത്യേ ജഡമേറ്റു;
ലോകാന്ത്യത്തിലണഞ്ഞീടും മറവായതുപോൽ.

* * * *

12 പ്രിയയേ എൻ സഖിയേ, സഭയേ മണവാട്ടീ,
നിൻ പ്രിയ കാന്തനടുത്തുണ്ട്; കരയരുതേ നീ;
ലോകം പാലിക്കും ദൈവം ഞാൻ ഓർക്കൂ;
ഒരുനാളും ഞാൻ ലോകത്തിന്നകലെ പോകാ.

3 "അത്യുന്നതനീശോ സ്തുത്യൻ സ്തുതിയങ്ങേക്കായ്"

1 ഗതിയററവനായ് ഞാൻ ചുററിനടന്നപ്പോൾ
ആശ്രയമേകുന്നൊരു പാറ യാഹിൽ കണ്ടേൻ;
ഗോപുരതുല്യം താൻ സംരക്ഷിച്ചീടും
ദുഷ്ടനടുക്കില്ലൊരുനാളും തൻ നഗരത്തിൽ.

2 ആശ്രയമവനിൽ നീ വയ്ക്കുകിലൊരുനാളും
കാലിളകില്ലെൻ സോദരനേ, അവനുന്നതനാം;
സ്വസ്ഥതയേകിടും; ശാന്തി നിനക്കരുളും
തൃക്കൈകളിലെന്നും നിന്നെ കാത്തീടുമവൻ.

www.malankaralibrary.com



3 വീഴുന്നവരെ നീ താങ്ങുന്നവനത്രേ
കരളിനു കുളിരും നല്കുന്നു, കരുണാകരനേ,
മങ്ങും ദീപം നീ ദൂരെക്കളയില്ല
ഞാങ്ങണയെ നീ സുഖമാക്കും. കളയില്ലൊരുനാൾ.

4 വൻ കുന്നുകളെല്ലാം മാറിമറിഞ്ഞാലും
പർവ്വതമിളകിമറിഞ്ഞാലും പേടിക്കേണ്ട
മാററില്ലൊരുനാളും നാഥൻ വാഗ്ദാനം
തിരുവചനംപോൽ നിന്നെതാൻ കയ്യിൽ താങ്ങും.

5 തൻ കോപം മറയും ഞൊടിയിടനേരത്തിൽ
കാരുണ്യം കാലാകാലം നിലനിന്നീടും
രാവിൽ വേദനയിൽ കണ്ണീർ വാർത്താലും
ഉഷസ്സിൽ മോദം പകരുമവൻ മിശിഹാനാഥൻ.

6 പാപം മായ്ക്കുന്നു ദയയിൽ തൃക്കയ്യാൽ
പാപച്ചീട്ടുകൾ കീറുന്നു കരുണാർദ്രതയാൽ
തിന്മകളോർക്കാതെ കൃപകൾ ചൊരിയുന്നു
ധരയിൽ ചൊരിയും വൻമഴപോൽ തൻകാരുണ്യം.

7 വാനം ഭൂവിൽ നി-ന്നുയരെ വസിക്കുന്നു;
ഉന്നതനാഥൻ നമ്മേക്കാൾ ഉന്നതനത്രേ.
സുതരിൽ താതന്മാർ കൃപകൾ ചൊരിയുമ്പോൾ
കൃപയുടെ അരുവി ഒഴുക്കുന്നു പ്രിയനാം താതൻ.

8 ഇടറാതെപ്പോഴും കാക്കുന്നവനേ, നിൻ
കൈകളിൽ വയ്ക്കുന്നെൻ ജീവൻ കാക്കണമെന്നെ
അനുദിനമീ ധരയിൽ നിന്നുയരട്ടൊരുപോൽ
അത്യുന്നതനീശോ സ്തുത്യൻ; സ്തുതിയങ്ങേയ്ക്കായ്.



4 "അത്യുന്നതനുടെ ഗേഹമെനിക്കാര് കാട്ടീടും"

1 പുണ്യത്തിൽ കേദാ-രം കന്യകമറിയാം
അതിപരിശുദ്ധിയുടാലയമായ് തീർന്നാൾ മറിയാം
അതിപാവന ബലിവേ-ദിയതാണീ ശ്രേഷ്ഠ
അവളെ വാഴ്ത്തി വണങ്ങിടാം ദൂതരൊടൊന്നായ്.

2 ദീപത്തിൻ വിരിയാം കന്യകയാംമറിയാം
അത്യുന്നതമാം സ്തുതികൾ തൻ സിംഹാസനവും
വിവരിപ്പാനെളുത-ല്ലവളുടെ മാഹാത്മ്യം
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.

3 പാവനമാം റൂഹായവളെ മൂടിച്ചൂടി
വന്നുവസിച്ചവളിൽ ശക്തി അത്യുന്നതമാം
രശ്മികളാൽ മൂടി റൂഹാ കന്യകയെ
അവളെ വാഴ്ത്തി വണങ്ങീടാം ദൂതരൊടൊന്നായ്.

4 അത്യുന്നതതാതൻ സന്നിധിയിൽനിന്നും
വത്സലനാം വചനം വന്നു കന്യകയുദരേ
അവളുടെയുദരത്തിൽ മറവായ്തീർന്നു സുതൻ
അവളെ വാഴ്ത്തി വണങ്ങിടാം ദൂതരൊടൊന്നായ്.

5 ദേവാലയമാകും കന്യകമറിയാമിൻ
ശോഭ പരക്കുന്നെന്നേക്കും ലോകം മുഴുവൻ;
ശ്ലേമോൻ നിർമ്മിച്ച മോഹനമാം ഭവനം
കന്യകയോടുപമിച്ചീടിൽ തൃണസമമത്രേ.

6 ദേവാലയമതിലെ പരിപാവനവേദി
കന്യകതൻ മുൻകുറിയാണെന്നോതുന്നടിയാർ
അത്യുന്നതനാഥൻ ശോഭ വിരിച്ചവിടെ
കന്യക തന്നുദരത്തിങ്കൽ ദൈവകുമാരൻ.

www.malankaralibrary.com



7 പാവനമാം ബലിവേ-ദിയിലമരും രഹസ്യം
മറവാക്കാൻ വിരിയുണ്ടാ ദേവാലയമതിങ്കൽ
കന്യകയുടെ ഉദരം വിരിയായ് തീർന്നല്ലോ
ഗൂഢം രഹസ്യം സ്ഥിതിചെയ്തു കന്യകയുദരേ:

8 റൂഹായാം വൃഷ്ടിപെയ്തു ഭൂവെങ്ങും
ദാഹം തിങ്ങിയ ഭൂമിജലം പാനംചെയ്തു;
ഉദരം വിളനിലമായ് തീർത്തു ശുദ്ധാത്മൻ
അവിടുരുവായി അത്യുന്നത വചനം ദൈവം.

9 കന്യകയാം മാതാ–വിൽ നിന്നുരുവായി
കന്യാസുതനാം മിശിഹായവതാരം ചെയ്തു
കന്യാവ്രതമുദ്ര–യ്ക്കൂനം കൂടാതെ
ഉദരത്തിൽനിന്നുരുവായി കരുണാപൂർണ്ണൻ.

10 ക്രൂബകൾ പേറുന്ന ദയയുടിരിപ്പിടമാം[1]
കന്യകമറിയാമിൽ നിന്നും മിശിഹായുരുവായ്
മാറ്റുന്നവനെല്ലാ കറകളെയും ധരയിൽ
നിറയും തിന്മകളേയെല്ലാം കാരുണ്യത്താൽ.

11 കൂടാരം നിർമ്മിച്ചിസറായേൽ വഴിയിൽ
നവകൂടാരമതാം മറിയം വാഴ്ത്തപ്പെട്ടോൾ;
ക്രൂബകളാവാസം ചെയ്യുമിരിപ്പിടമാം
കന്യകമറിയാം ശ്രേഷ്ഠയഹോ, അവളെ വാഴ്ത്താം.[2]

12 അത്യുന്നത ദൈവം വന്നുവസിക്കുന്ന
പരിപാവനമാം ദേവാലയമത്രേ മറിയാം
നൃപരുടെ നൃപനായി നിർമ്മി–ച്ചൊരു ഗേഹം,
ധരയിൽ സ്വർഗ്ഗമുദിച്ചതുമീതരുണിയിലത്രേ.

---

1 പുറപ്പാട് 25:27
2 cf. St. John Damascene, in PG XCVI, col. 649.



13 നിയമം നിഴലിൽ തൻരൂപം കാട്ടിയിതാ
നിബിയുടെക്കൂടാരം, ഭരണിയതിലെ മറയും
കല്പന പേറീടും പേടകമാവടിയും
വാതില്പമാലയവും പ്രിയയാം മറിയം രൂപം.[3]

14 വിരിയുടെ മുകളിലിതാ മേഘം ഉരുവുന്നു
നിന്നെ ചൂടുന്നു ദൂതർ പിതൃകല്പനയാൽ
ആലയമായ് തീർന്നോ–ളാം പ്രിയമാതാവേ,
ദയവാനോടെൻ പേർക്കായ് നീയർത്ഥിക്കേണം.[4]

15 നസ്രേത്തിൽ വന്നോ–രുന്നത ദൂതനര—
'ച്ചത്യുന്നതനുടെ ഗേഹമെനിക്കാർ കാട്ടീടും!'
സ്വർഗ്ഗീയോന്നതമാം സ്ഥാനങ്ങളുമതിലെ
അഗ്നിരഥങ്ങളുമുൾക്കൊള്ളില്ലായുന്നതനെ.

16 ഈ ചെറുകന്യകയെങ്ങനെ പേറും നൃപനെ.
അഗ്നിധരിപ്പോർക്കറിയില്ലീയുന്നത രഹസ്യം
ദൈവഹിതം ചെയ്യാനെത്തിയ ദൂതനിവൻ
വാഴ്ത്തുന്നു നിൻ മാഹാത്മ്യം മോഹനതരുണീ.[5]

17 ക്രൂബകൾ പേറുന്നോ–രഗ്നിരഥത്തേക്കാൾ
ശ്രേഷ്ഠമതാണെൻ കന്യകയേ നിൻതിരുമേനി
ദൈവത്തെപേറി നിൻ തൃക്കൈകളിൽ നീ
മുട്ടുകളിൽ നീ ലാളിച്ചു അത്യുന്നതനെ.[6]

---

3 cf. Byzantine Liturgy, Ode of Othros for Nov.21.
4 cf. Csco 208, Aeth. 39.26 (Helena of Ethiopia)
5 cf. SC 110, Romanos, Hymn IX, 2.
6 cf. St. John Damascene, in PG. XCVI, 676.

www.malankaralibrary.com



18 പ്രിയമേറിയ മാതാവേ, കന്യകയേ, നാഥേ,
കരുണക്കടലേ, ദൈവാംബേ, പരിപാവനയേ,
ലോകം മുഴുവനിലും കൃപ വർഷിക്കാനായ്
പ്രാർത്ഥിക്കുക നിൻ വത്സലനാം പ്രിയസുതനോടായ്

**5** "അരുണോദയമണയാൻ"[7]

1 ദൃഷ്ടിയുയർത്തുന്നേൻ ഉന്നതമതിലേയ്ക്കായ്
ഭുവനങ്ങൾക്കുടയവനേ, മഹിമോന്നതനേ,
കൈകളുയർത്തുന്നു നാഥാ, നിൻസവിധേ
കരുണയൊഴുക്കണമെ ദാസർ മുട്ടിവിളിപ്പൂ.

2 കൃപചൊരിയണമീശാ, ദയവായ് കൃപചെയ്യൂ
ഈ നിമിഷം തവ സവിധേ ഞാൻ ഓടിവരുന്നു.
ചുററണമൊരുമതിൽപോൽ ഞങ്ങളെ നിൻ ശോഭ
ദുഷ്ടനെയാട്ടിപ്പായിക്കുക മിശിഹാരാജാ.

3 ചൊല്ലണമിസ്രായേ–ലനുനിമിഷം മോദാൽ
"ദൈവം കാക്കുന്നെപ്പോഴും തൻ പ്രിയസുതരെ"
പെരുവെള്ളത്തിൽ നി–ന്നും താൻ രക്ഷിക്കും
ശത്രുക്കളെയെല്ലാം ദൂരെപ്പായിച്ചിട്ടും.[8]

4 കർത്താവാകുന്നു നമ്മുടെ വൻശക്തി
തൻ തിരുനാമം ശത്രുവിനെപ്പായിക്കുന്നു;
തകരുന്നു പ്രബലം–വൻ കോട്ടകളെല്ലാം
നാഥനടുത്തുണ്ടതിനാൽ നാം ആമോദിക്കും.[9]

---

7 സങ്കീർത്തനം 123
8 സങ്കീർത്തനം 124
9 സങ്കീർത്തനം 126



5 കരുണ നിറഞ്ഞവനേ, വിതറണമാനന്ദം
സൗഭാഗ്യത്തിൻ കററകൾ നീ കൊയ്യുന്നല്ലോ
വേദനയാൽ വലയുന്നു ധരയിൽ മക്കൾ
അതു കാണണമീനിമിഷം നീകൃപ ചെയ്യേണം.

6 നഗരം പണിയാനായ് കർത്തനിറങ്ങാഞ്ഞാൽ
പണിയുന്നവരെന്തിനു വെറുതെയദ്ധ്വാനിപ്പൂ.
നഗരം കാക്കാനായ് കർത്തനൊരുങ്ങാഞ്ഞാൽ
കാവല്ക്കാരെന്തിനു വെറുതെ നോക്കിയിരിപ്പൂ.[10]

7 മിശിഹായെക്കൂടാതീധരയിൽ പ്രിയരേ,
നരനൊരുപണിയും ചെയ്തീടാൻ സാദ്ധ്യമതല്ല
അതിരാവിലെ ഉണരു–ന്നതുമതുപോൽ നിശയിൽ
വൈകിയുറങ്ങുന്നതുമെല്ലാം വീൺപണിയത്രേ.

8 തൻ പ്രിയരേവർക്കും ഇരുകൈകൾ നിറയെ
തൻ ദാനങ്ങളൊഴുക്കുന്നു നാഥൻ നിത്യം.
നിദ്രയിലും ദാനം നല്കും പ്രിയനാഥൻ
തവസവിധേ മരുവുന്ന നരനുന്നതഭാഗ്യം.

9 വാളുകളൊരുവനെയും രക്ഷിക്കില്ലൊരുനാൾ
സമ്പത്തെല്ലാം തൃണതുല്യം മണ്ണിൽചേരും
ലൗകികമോദങ്ങൾ വാടുന്നവയത്രേ
മാററമെഴാത്തവനാം നാഥ–ന്നരികത്തണയാം.

10 മണലിൽ പണിചെയ്യാനാരും മുതിരരുതേ
ഏദനിലാദം നല്കീടുന്നുന്നതപാഠം
ബാബേലിൽ മർത്യർ കെട്ടിയ ഗോപുരവും
ചെങ്കടലിൻ തീരവുമിതുതാൻ ഘോഷിക്കുന്നു.

---

10 സങ്കീർത്തനം 127

www.malankaralibrary.com



11 നാഥൻ നല്കും ദാനം നിൻ സന്തതികൾ
വില തീരാത്തൊരു രത്നം താൻ; ശ്രദ്ധിച്ചിട്ട്.
പിതൃപാദങ്ങളിൽ നാം അവരെ വച്ചേണം
കൈക്കൊള്ളുക നാം ദാനങ്ങൾ അവനിൽനിന്നും.

12 അനുനിമിഷം പ്രിയരേ, പ്രിയനാഥന്നരികിൽ
ജീവിക്കും നരനെന്നെന്നും ആമോദിക്കും.
കാക്കുക നാഥൻ തൻഗുണമേറും വചനം
നിൻവഴികളിലവനെപ്പോഴും ചൊരിയുംകരുണ.[11]

13 തലമുറതലമുറയായ് നാഥൻ കൃപചൊരിയും
ഒരു കുറവും നീയറിയില്ല; കുറയില്ലുറകൾ
വിജയത്തിനു പിറകെ വിജയം നല്കീടും
ഹൃദയം നിറയെ പരിശുദ്ധൻ നല്കും ശാന്തി.

14 ഹൃദയത്തിന്നാഴങ്ങളിൽ നിന്നുടയവനേ
വിളിചെയ്യുന്നടിയർ നിന്നെ; കേൾക്കണമിപ്പോൾ
ചൊരിയണമെ നാഥാ, കരുണയിവർപേർക്കായ്
ദയചെയ്യണമീ നാഴികയിൽ കേഴുന്നടിയാർ.[12]

15 നോക്കരുതെൻ നാഥാ, ബഹുലമതാം പാപം
നിൻ സവിധേയവയെന്നെന്നും വെളിവാകുന്നു
ഹിമസമമായ് കഴുകു നിർമ്മലനാം നാഥാ,
ജീവനുറവയതായ് നിന്നെ കാണുന്നടിയാർ

16 നിൻ പേർക്കായ് ഹൃദയം ദാഹിപ്പൂ നാഥാ
തവ വചനത്തിന്നായടിയൻ കാംക്ഷിക്കുന്നു
ഉത്തരമരുളണമേ; യാചന കേൾക്കണമെ.
നന്മകളാലെൻ ഹൃദയത്തെ നിറച്ചീടണമെ.

---

11 സങ്കീർത്തനം 128
12 സങ്കീർത്തനം 130



17 അരുണോദയമണയാൻ വെമ്പുന്നവരെപ്പോൽ
നിൻ പ്രതിഹൃദയം പിടയുന്നെന്നൻ മഹിമോന്നതനേ,
ഓടിയടുക്കണമേ എൻ സവിധേയിപ്പോൾ
നന്മകളാലെൻ ഹൃദയത്തെ നിറച്ചിടണമെ.

18 സത്യമതാം വചനം നാഥൻ തൻ സവിധേ
ആശ്രയമെന്നും വച്ചീടണ-മത്യുന്നതനിൽ
'നമ്മുടെ രക്ഷകനാവത്സലനാം മിശിഹാ'
എന്നനുനിമിഷം പാടീടണമെല്ലായിടവും.

6 "അവനെ ഞാൻ"

1 വത്സലനാം താതാ സ്നേഹത്തിൻ തികവേ,
ഈ ദിവസത്തേ പ്രതിയങ്ങേ സ്തുതിപാടുന്നേൻ
മോഹനമാം സുദിനം മോദകരം ലോകം
നന്മനിറഞ്ഞവയെ നീയെൻ പേർക്കായ് നല്കി.

2 ഒരു ദൂതനെ നല്കീ വഴിയിൽ കാവലിനായ്
ദാനം തന്നു-കൈനിറയെ മോദം നല്കീ
വാനഗണങ്ങളൊടൊ-ത്തീ നിമിഷം താതാ,
പാടുന്നു തവഗീതങ്ങൾ-ധരയീ നടിയാർ.

3 ഒരു ദിവസംകൂടി തരണേ കരുണാബ്ധേ,
അനുതാപത്തിൽ നിൻ പാദം കഴുകട്ടടിയൻ.
രാവിൽ കാത്തെന്നെ നാളെയിൽ വഴികാട്ടു
ഫലമേന്താം ഞാൻ പ്രിയനാഥാ അതിവേഗത്തിൽ.

4 നിന്നെ തേടാത്ത-ജനതതിയെ നാഥാ,
അനുതാപത്തിൻ പാതകളിൽ തിരികെ വിളിക്കു;
അവരുടെ പേർക്കായീ നിമിഷം ജഗദീശാ,
അർപ്പിക്കുന്നിവർ സ്നേഹത്താൽ കാഴ്ചകളെല്ലാം.

www.malankaralibrary.com



5 കനിവുള്ളവനേ, ദേ–വായെൻ മണവാളാ;
അനുതാപം നീ നല്കണമെ–മാനവഹൃദയേ
വഴികാണിക്കണമെ, നാഥാ കരുണാബ്ധേ,
നരനുടെ രക്ഷയിലെപ്പോഴും ശ്രദ്ധിപ്പവനേ.

6 കേൾക്കണമെൻ നാഥാ ഹൃദയത്തിൻ നാദം
പകരണമെ നീ അനുതാപം മാനവഹൃദയേ
കുരുടന്മാരായ് തീ–ന്ന ചിലരെൻ നാഥാ,
കുരുടനുമോദം നല്കിയ നീ സുഖമാക്കിവരെ.

7 ഈ യാചന കേൾക്കു–ശ്രദ്ധ തിരിച്ചീട്ട
കുരുടനെ മോദിപ്പിച്ചവനേ കരുണാനിധിയേ;
"അവനെ ഞാനറിയി–ല്ലെ"ന്നുരചെയ്ത നരൻ
അനുതാപത്തിൻ വഴിപോകാൻ കൃപ നല്കണമെ.

## 7 "ഈ നിമിഷം നീയെന്തേ ദൂരെ മരുവുന്നു"[13]

1 എന്നെത്തള്ളല്ലേ–ജീവദനാം നാഥാ,
അകലെ വസിക്കല്ലേയെന്റെ സവിധേയണയു
ദിവസം മുഴുവനുമെൻ രോദനം "എൻ നാഥാ"
നിശയിലുമതു നിറയുന്നടിയ–നധരങ്ങളിലും.

2 കേൾക്കണമെ നാഥാ, ജീവനുറവിടമേ,
തിരിയണമെനിൻ തിരുമുഖമെൻ പേക്കായെന്നും
നല്കണമെ കൃപകൾക്കതിരില്ലാത്തവനേ,
രക്ഷിക്കണമെ ദുഷ്ടനിൽനി–ന്നെല്ലായ്പ്പോഴും.

---

13 സങ്കീർത്തനം 22



3 താതജനങ്ങൾ നിന്നിൽ ശരണം വച്ചു
നീയവരെപ്പരിപാലിച്ചു; മോദിച്ചവരും.
അവരുടെയാശ്രയമായവനാം കർത്താവേ,
അഗതികളിവരിൽ കൃപചെയ്തു രക്ഷിക്കണമെ.

4 മഹിമ ധരിച്ചുവസി–ക്കുന്നവിടുന്നയരേ
മണ്ണയരെ തൃക്കൺ പാർക്കു; പാപം മായ്ക്കു
ശോഭയെഴുന്നവയാം വസനങ്ങൾ നല്കു
ലോകത്തിൽ നിൻ കാരുണ്യം വർഷിച്ചിട്ട.

5 ഞാനൊരു പുഴവാണീ ലോകത്തിൽ നാഥാ
അഖിലരുമെന്നെ നിന്ദിക്കുന്നെല്ലാ ദിനവും;
നീ മാത്രം പ്രിയനേ, എന്നുടെ പങ്കാളി
നിന്നിൽ ഞാനെല്ലാ ദിനവും അഭയം തേടും.

6 ഉദരേ ഉരുവാക്കി–ജന്മം നല്കിയെന്നി–
ക്കായുസ്സുതന്നതു നീയാണെൻ പ്രിയകർത്താവേ,
ജനനത്തിൽ കൈയിൽ കോരിയെടുത്തെന്നെ
ചുംബിച്ചതു നീയാണെന്നതു ഞാനറിയുന്നു.

7 ഉദരത്തിൽ വച്ചേ നീയാണെൻ ദൈവം
നീയല്ലാതൊരു ദൈവമെനി–ക്കില്ലൊരുനാളും;
ഈ നിമിഷം നീയെന്തേ ദൂരേ മരുവൂ
ഓളങ്ങളിൽ ഞാൻ മുങ്ങിപ്പോയ്–തുണയേകണമേ.

* * * *

8 ദുഷ്ടന്മാരാം കൂ–ട്ടത്തിൻ മദ്ധ്യേ ഞാൻ
തുണയററവനായ് തീർന്നെന്റെ പ്രിയനാം നാഥാ,
ശക്തന്മാരാം കാളകളെന്നെ ചുററി
ഗർജ്ജിക്കുന്നു സിംഹികളെൻ രക്തത്തിന്നായ്.

www.malankaralibrary.com



9 ചിന്നപ്പെട്ട ജലം പോലായെൻ ജീവൻ
അസ്ഥികളിളകിപ്പോയെന്റെ മനമുരുകിപ്പോയ്
എൻ ഹൃദയം പിച്ചിച്ചീന്തിക്കീറിയിതാ
നിണമെല്ലാമാ ക്രൂരന്മാർ ധരയിൽ ചിന്തി.

10 എന്നധരം കളിമൺ കഷണം പോലായി
നാവുവരണ്ടൊരു കരിയിലപോലായ് പ്രിയതാതാ,
മരണത്തിൻ കുഴിയിൽ തള്ളുന്നവരെന്നെ;
അവരുടെ യുദ്ധം തുടരുന്നു ഏകനുമാം ഞാൻ.

11 വലിയൊരു കൂട്ടം കൂ-ടിയെന്നരികിലിതാ
എൻ കൈകാല്കളാണികളാൽ കുത്തിക്കീറി
എന്നസ്ഥികളെണ്ണാം ഓരോന്നോരോന്നായ്
അവരതു കണ്ടു രസിക്കുന്നു; അട്ടഹസിപ്പൂ.

12 ആ ദുഷ്ടന്മാർ പ-ങ്കിട്ടെൻ വസ്ത്രങ്ങൾ
കുപ്പായത്തിനു ചീട്ടിട്ടു; കീറിയതില്ല.
ദാഹാർത്തൻ ഞാനാ സ്ലീബായിൽനിന്ന്
ദാഹജലത്തിനു കേണിട്ടും നല്കിയതില്ല.

13 മമതാതാ, പ്രിയനേ, നീയെവിടെപ്പോയി
തുണയററവനായ് തീർന്നടിയൻ ക്ഷീണിതനായി
തുണയേകുകയില്ലേ താതാ ജീവദനേ
നീയല്ലാതൊരു തുണയില്ലീ മരുഭൂമിയിതിൽ.

14 വാളിന്നായ് വിട്ടീടല്ലേ മമ ജീവൻ
ക്രൂരമൃഗങ്ങൾക്കിരയായ് ഞാൻ ഹതനാകല്ലേ
സിംഹികൾ വായിൽ നി-ന്നെന്നെ രക്ഷിക്ക
പാവപ്പെട്ടവനാമെന്നെ വഞ്ചകരിന്നും.

* * * *



15 കുന്തത്താലൊരുവൻ മാവ്വ് തുറന്നപ്പോൾ
ചിന്തീ ഞാനെന്നവസാനത്തുള്ളി നിണം നീർ
അത്യുന്നതനാം താതൻ തൻ സ്നേഹത്തെ
അത്യത്ഭുതകരമായതിനാൽ ലോകേ കാട്ടി.

8 ''ഉദരഫലത്തെ വധിക്കരുതേ'

1 നരനുള്ളവയെല്ലാം മിശിഹായുടെ ദാനം
അവനെ വാഴ്ത്തണമെല്ലാവരുമെല്ലായ്പ്പോഴും
ജീവൻ സ്ലീബായിൽ വിട്ടിപ്രനടിയാക്കായ്
ബലിയായ് തീർന്നു കാൽവരിയിൽ ചോരർ മധ്യേ.

2 നരനൊരുനാളും ദേ-ഹത്തിൻ കാന്തിയതിൽ
നിഗളിച്ചീടരുതതു ശാശ്വതമല്ലീധരയിൽ
പൊടിയായ് മാറും നിൻ ദേഹത്തിൻ കാന്തി
മണ്ണിൽ ചേരുന്നതിലെന്തിനു നിഗളിക്കുന്നു?

3 കാലാന്ത്യത്തിലണഞ്ഞീടും റ്ൻ ദിവസം
ദൂതർ കാഹളമൂതുന്നൊരു ഭീകരദിവസം
പൂഴിയിൽ നിന്നുയരേറീടും ദേഹങ്ങൾ
പുതിയൊരു വസ്ത്രമുടുത്തീടും മണ്മയനന്നാൾ.

4 ആ ദിവസം പ്രിയരേ, വലഭാഗേ നില്പാൻ
കന്യകമാരൊപ്പം മണവറയുൾപ്പൂകീടാൻ
ശോഭയെഴും വസനം പ്രാപിക്കുന്നതിനായ്
മണവറയിൽ മോദിക്കാനായ് യത്നിച്ചീടാം.

www.malankaralibrary.com



5 പാപം ചെയ്യരുതേ, മർത്ത്യനൊരിക്കലുമീ–
ധരയിൽ വേദന പ്രതിഫലമായ് നീ പ്രാപിക്കും.
പാപത്തിന്നന്ത്യം മരണം നിശ്ചയമായ്
അതു വിസ്തൃതമാം വഴിയത്രേ; പോകരുതതിലെ.

6 സുവിശേഷം കാട്ടും വഴികൾ ശ്രേഷ്ഠതരം
വീതി കുറഞ്ഞവയാകുന്നു മമ വത്സലരേ.
അതിലേ ഓടീടാം ജീവൻ പ്രാപിക്കാം
അതിനന്ത്യം നാം മണവറയിൽ മോദിച്ചീടും.

7 പ്രിയരേയീധരയിൽ പണിചെയ്യാം നന്നായ്
പുതിയൊരു മണവറ മേലുയരേ നാഥനൊരുക്കി.
നാഥൻ നല്കുന്നോ–രുന്നതമാം മകുടം
പ്രാപിപ്പാനായ് പണിചെയ്യാം ഈ സുദിനത്തിൽ.

8 ദൃശ്യാദൃശ്യങ്ങൾ നാഥൻ സൃഷ്ടിച്ചു
തൻ ദാസർക്കായവനവയെ ഏല്പിച്ചൊരുനാൾ
സ്നേഹത്തിൻ വഴിയേ പ്രിയരേ, ഓടീടാം
നാഥൻ കാട്ടിയ ദൃഷ്ടാന്തം പാലിച്ചീടാം.

9 ഒരു നാളിൽ പ്രിയരേ, വേഗമടുത്തീടും
വേദന മാത്രം ശേഷിക്കും ഭീകര ദിവസം
ആശ്രയമില്ലാതെ കേഴുന്നാ ദിവസം
തിരുമാർവ്വിൽ ചേർക്കുന്നവനെയാരാധിക്കാം.

10 ചിന്തരുതൊരുനരനും രക്തം ഭൂമിയിതിൽ
ഉദരഫലത്തെ വധിക്കരുതേ, പ്രിയ സോദരരേ,
ഹാബേലിൻ രക്തം കണ്ടവനാം നാഥൻ
തിരുമുമ്പിൽ നീ ലജ്ജിതനായ് തലതാഴ്ത്തീടും.



11 ഉദരേ ഉരുവാകും ശിശുവും പേറുന്നു
അത്യുന്നതനാം ദൈവത്തിൻ പ്രിയ സാദൃശ്യം.
ശിശുവിൻ രക്തം നീ ധരയിൽ ചിന്തരുതേ
പ്രതികാരത്തിന്നായ് കേഴും ധരയിൽ നിന്നും.

12 ലോകസുഖം പ്രിയരേ, ശാശ്വതമല്ലോർക്കിൻ
അതിനന്ത്യം ബഹുലം ക്ലേശം വേദന മാത്രം,
വേദന കൂടാത്തോ–രുന്നത മണവറയിൽ
അവസാനിക്കാത്തൊരു മോദം നാം പ്രാപിക്കും.

13 നരരുടെ മുമ്പിൽ നാം നല്ലവരായേക്കാം
സ്തുതികൾക്കർഹരുമായേക്കാമീ മരുഭൂവിൽ
നൃപനുടെ മുമ്പിൽ നാം നല്ലവരാകേണം
അവനറിയുന്നെല്ലാം നന്നായ് എൻ വത്സലരേ.

14 ഹൃദയേ ഉയരുന്ന– നിരവധി ചിന്തകളും
രഹസ്യേ ചെയ്യുന്നവയും താൻ കാണുന്നെന്നും
അവനീധര മുഴുവൻ നിറയുന്നവനത്രേ
അവനെ കൺമുമ്പിൽ കാണണമെപ്പോഴും നീ.

15 തിരുമുമ്പിൽ നിന്നും–ഓടാനെളുതല്ല
ഉയരാഴങ്ങൾ നിർമ്മിച്ചവനെല്ലാം കാണും.
ആയിരമായിരമാം കണ്ണുകളേക്കാൾ തൻ
നയനം നിന്നെ നോക്കുന്നു; അവനെ വാഴ്ത്തൂ.

16 അവനുടെ വഴിയിൽ നീ നിത്യം പോകേണം
കൊലപാതകനായ് തീരരുതേ മമ വത്സലനേ,
രഹസ്യേ കാണുന്നോ–രുന്നതനാം നാഥൻ
നിന്നെയടിക്കുന്നൊരു ദിവസം ആഗതമാകും.

www.malankaralibrary.com



17 കണ്ണീർ നിഷ്ഫലമാ–കുന്നാ വൻ നാളിൽ
നിന്നുദരഫലം മൊഴിയേകും ദൂതർ മുമ്പിൽ:
"കൊലപാതകിയത്രേ ഈ നില്ക്കുന്ന നരൻ"
ഈ ബലഹീനനതിൻ സാക്ഷി; നാഥൻ സ്തുത്യൻ.

18 പാപികളേ, വരുവിൻ–കേണു കരഞ്ഞീടിൻ
പാപിനിയെപ്പോൽ പാദത്തിൽ വീഴാമിപ്പോൾ.
കൃപ നിറയുന്ന നൃപൻ കഴുകുന്നു ചെളികൾ
അവനെ പുല്കാമീ നിമിഷം–രക്ഷാനിമിഷം!

19 നാളയിലൊരുപക്ഷേ നാമാ നാഥന്റെ
വിധിയുടെ മുൻപിൽ നില്ക്കാനിടയാകും പ്രിയരേ,
ദൂതൻ സമയം നൽ–കില്ലാ നാഴികയിൽ
'വേഗം വരണം; നാഥനരു'–ച്ചെന്നവനോതും.

20 ദുർദ്ദിനമെത്തുന്ന നാഴികയിൻ മുൻപേ
അനുതാപത്തിൻ കണ്ണീരാൽ കഴുകാം പാപം.
കസ്തൂരിയെ നാഥൻ ഹിമസമമാക്കീടും
കരുണക്കടലാണെൻ നാഥൻ പ്രിയ വത്സലൻ.

21 ഇനിയൊരു നാളും ഞാൻ പിഴചെയ്യില്ല ഗുരോ
കൊലപാതകിയായ് തീരില്ലൊരു നിമിഷം
പോലും.
പാപത്തിൻ വഴിയേ ഞാൻപോകില്ല നൃപാ
കൈക്കൊള്ളണമീപാപിയെ നിൻ വലഭാഗത്തിൽ.

22 നിൻ പേക്കായ് നാഥാ, വസ്തുന്നെൻ ജീവൻ
നിന്നെപ്രതി ഞാനെന്നെന്നും ജീവിച്ചീടും.
റൂഹായാം ദാനം ചിന്തണമെൻ ഹൃദയേ
ദുഷ്ടനിൽനിന്നും കാക്കണമെൻ പാദങ്ങളെ നീ.



23 നല്കണമേ നാഥാ, ഹൃദയസമാധാനം
യാചനയെല്ലാം കേൾക്കണമെ പ്രിയനാം നാഥാ,
വന്നു വസിക്കണമേ, നീയെൻ ഹൃദയത്തിൽ
നീയാണെന്നും മമ രാജൻ; സ്തുതിയങ്ങേയ്ക്കായ്.

24 കഴുകുക സോപ്പായാൽ മാലിന്യം സർവ്വം
സ്വർഗ്ഗീയമതാം ദാനങ്ങൾ ചിന്തണമെന്നിൽ
മൂടണമെന്നെ നിൻ ദാനത്താൽ നാഥാ,
നിൻസ്തുതി ഞാനെന്നും പാടും ജനമദ്ധ്യത്തിൽ.

25 കരുണക്കടലേ ഞാൻ നിന്റേതാകുന്നു
നിൻ പേക്കായ് ഞാൻ ജീവിക്കും കൈക്കൊൾ
കെന്നെ.
പാതകൾ തിന്മയിലേ–ക്കോടുന്നു നൃപനേ,
ഞാനൊരു ബലഹീനൻ മർത്ത്യൻ രക്ഷിക്കെന്നെ.

26 തിന്മവെടിഞ്ഞീടും നാഴികയിൽ നാഥാ,
ഓടുന്നു ഞാനതിവേഗം തിന്മയിലേക്കായ്
കരുണ നിറഞ്ഞവനേ, കാക്കണമെന്നെ നീ
കഴുകണമെൻ പാപം നന്നായ് കരുണക്കടലിൽ.

9 "ഉദരേ പേറുന്നോ–രുത്തമയാം മാതാ"

1 വേദനതിങ്ങി നിറ–ഞ്ഞോരീയുലകത്തിൽ
കരുണനിറഞ്ഞവനൊരു നാളിൽ സുതനെയയച്ചു.
നല്ലവനാം ദൈവം ധരയെ സ്നേഹിച്ചു
അതിനാലൊരുമിച്ചെല്ലാരും വാഴ്ത്തണമവനെ.

www.malankaralibrary.com



2 കരളുരുകിക്കരയു–ന്നവനാം മർത്ത്യന്റെ
ബലഹീനതയിലവനൊരുതാ–ങ്ങീശൻ മാത്രം
ഒരുനാളും വെടിയി–ല്ലവനുത്തമ ബന്ധു
കൈകളിൽ കോരിയെടുക്കും നിൻവേദന മാറ്റും.

3 ജീവനുറവയവൻ പ്രിയരേ, നാമോർക്ക
അവനെ കൂടാതൊരു നിമിഷം ജീവിതമില്ല.
ആദിയിലൊരു മർത്ത്യൻ വഴി വിട്ടോടിപ്പോയ്
മനുജകുലത്തെ ജീവനിൽ നിന്നകലത്താക്കി.

4 ഉറവയിൽ നിന്നകലാൻ വെമ്പരുതൊരുനാളും
ജീവജലത്തിനുറവയെ നീ തേടണമെന്നും;
മരുഭൂമിയിലെവിടെക്കിട്ടും ദാഹജലം
നിറയും വേദനയത്രേ നീ ഓടിയകന്നാൽ.

5 നിൻ പിതൃഭവനെ നീ–ന്നൊരുനാളും മർത്ത്യാ,
ഓടിപ്പോകാൻ വെമ്പരുതേ; കാലിടറിപ്പോം
കൈകളിൽ കോരിയെടു–ത്താശ്ലേഷിപ്പവനാം
താതനിൽ നിൻ ജീവൻ വയ്ക്കൂ നീ ജീവിക്കും.

6 ഉദരേ പേറുന്നോ–രുത്തമയാം മാതാ
ആർദ്രതയൊടു തന്നുദരഫല–ത്തെ ചുംബിപ്പൂ;
അമ്മ വെറുത്താലും ദൈവം തള്ളില്ല
താതനുമമ്മയുമൊരുപോലവനാണെൻ പ്രിയരേ.

7 സൃഷ്ടിക്കുറവയവൻ കാലാതീതനവൻ
ലോകവുമതിലെ മായകളും മാറിപ്പോകും
മാറ്റമെഴാത്ത നൃപൻ നിലനില്ക്കും നൂനം
അതിനാലൊരുമിച്ചെല്ലാരും വാഴ്ത്തണമവനെ.



8 അതിപരിശുദ്ധനവൻ സ്തുതികൾക്കർഹനവൻ
അവനെ നാമാരാധിപ്പൂ മൂന്നാളുകളിൽ
മൂവരും ഒന്നത്രെ നാമതു ഘോഷിപ്പൂ
താതസുതാത്മാവാം ത്രിത്വം നിത്യം സ്തുത്യൻ.

## 10 "ഏദോമിൽനിന്നും"[14]

1 അത്യുന്നതമാം ഗേഹേ വാസംചെയ്തു്
അഖിലരെയും തൃക്കൺപാർക്കുന്നുന്നതനീശൻ
അവനീപതിയാകും നൃപനാണവിടുന്ന്
തൻ സ്തുതിയഖിലരുമനവരതം പാടിടേണം.

2 ഭൂലോകവൃന്ദത്തിലുള്ളഖില ചരാചരവും
സൃഷ്ടിച്ചവനാം തിരുവചനം നീയെൻ നാഥാ,
കാലാന്ത്യത്തിൽ കന്യകയിന്നുരുവായി
ലോകത്തെ വീണ്ടൊരു നിൻകൃപ മോഹനമത്രേ.

3 നീതിവസിക്കുന്നോരിടമാം പിതൃസവിധേ
കയറാനാരുണ്ടീധരയിൽ മണ്മയരിടയിൽ
ഉയരത്തിൽനിന്നും–വന്നൊരു ദൈവസുതൻ
മൃതിയെ ജയിച്ചാത്താതവലംവാസം ചെയ്‌വൂ.

4 കഴുകിവെടിപ്പാക്കി ഹൃദയത്തിൽനിറയെ
കാഴ്ചകളുള്ള നരനവിടെക്കയറാമൊരുനാൾ
സോദരനായ് ജീവൻ ഹോമിക്കുന്നവനും
വഞ്ചനയില്ലാത്തവനെല്ലാമിടമുണ്ടവിടെ.

---

14 സങ്കീർത്തനം 24

www.malankaralibrary.com



5 കുറവുകളില്ലാത്ത നാവുകളുള്ളവരും
മുഴുഹൃദയത്താൽ ദൈവത്തെ സ്നേഹിപ്പവരും
കർമ്മങ്ങളിലെല്ലാം പൂർണ്ണതയുള്ളവരും
അവിടേക്കുയറും നിശ്ചയമായ്; വേഗമൊരുങ്ങ്.

6 അവനോടൊത്തവരാ-ശ്വാസം പ്രാപിക്കും
ദർശിച്ചീടുമവർ നിത്യം തിരുമുഖശോഭ
വിവരിപ്പാനെളുതല്ലവിടുള്ളാനന്ദം
മാനവമനസ്സിന്നറിയില്ലവിടുള്ളൊരു ഭാഗ്യം.

7 തലകളുയർത്തിടുവിൻ കതകുകളേ, നിങ്ങൾ
മഹിമയുടുത്തൊരു മണവാളൻ ആഗതനായി
മിന്നലുടുത്തവരാം വാനവരൊപ്പമവൻ
വന്നീടും; മണവറ പൂകാൻ വേഗമൊരുങ്ങ്.

8 ഏദോമിൽനിന്നും കയറി വരുന്നവനാം
മഹിമോന്നതനാമീ നൃപനാരാണെൻ പ്രിയരേ?
ശക്തി ധരിച്ചവനാം അത്യുന്നതനിവനാർ?
ഇവനത്രേ പ്രിയനാം മിശിഹാ-ജീവന്നുറവ.

9 വൈരികളെയരിയാ-നൊരുവാളും പേറി
നിണനിറമുള്ളൊരു വസനമുടുത്തവനാഗതനായ്
താഴ്ത്തിടുവിൻ തലകൾ വൈരികളഖിലരുമേ,
ആരുണ്ടീ ദിനമവനെതിരായ് ശബ്ദമുയർത്താൻ?

10 ഉലകത്തിനുവേണ്ടി ജീവൻ ഹോമിച്ച
നൃപനാം മിശിഹായാഗതനാകുന്നൊരുനേരം
പിഴുതെറിയും കളകൾ കത്തുന്നഗ്നിയതിൽ
കതിർമണികളെയെല്ലാം ധാന്യപ്പുരയിൽചേർക്കും



11 "ഒരു മേഘം മൂടി നീബിയുടെ കൂടാരം"

1 സ്തോത്രമണയ്ക്കുന്നു കർത്താവേ, മഹിതം
തിരുസ്ലീബായാൽ രക്ഷിതയാം തിരുസ്സഭമോദാൽ
തിരുരക്തത്താൽ നീ വീണ്ടോരജഗണവും
ശ്രേഷ്ഠപുരോഹിതനാമങ്ങിവ കൈക്കൊള്ളണമെ.

2 ഉന്നത മലകളിൽ നിന്നാഴിയിലേക്കൊഴുകും
നദിപോൽ നീയീ ഉലകത്തിൽ ഉയരേന്നെത്തി
വധുവാം സഭയെയുയർത്താൻ നീ വന്നെത്തി
അവളെ പ്രതി നീ നിൻ രക്തം ധരയിൽ ചിന്തി.

3 ജ്വാല ധരിച്ച നൃപൻ താഴെയെഴുന്നെള്ളി
ഗതിയററവളെ കയ്യിലെടുത്താശ്ലേഷിച്ചു.
കന്യകയായൊരു നിർമ്മലയെ രഥമാക്കി
ജഡമേററാൻ മാല്യമീ സർവ്വം പാലിക്കുന്നോൻ.[15]

4 ശോഭയെഴും മണവാട്ടി സമം ശോഭിപ്പു
തിലകം ചാർത്തിയ വധുവാകും തിരുസ്സഭയെന്നും
ആനന്ദിച്ചാഹ്ലാദിച്ചവളാകുന്നു
അവളെപ്പോലൊരു സുന്ദരിയെ എവിടെ കാണ്മു?

5 മിശിഹാ ദൈവത്തിൻ പ്രിയനാം സുതനെന്ന്
ഭൂഭാഗങ്ങളിലെല്ലാമവൾ ഘോഷിക്കുന്നു,
സത്യത്തിൻ സാക്ഷ്യം നല്കുന്നനുദിനവും
സ്നേഹത്തിൻ ചരടിൽ കോർക്കുന്നഖിലാണ്ഡത്തെ.

6 ഭാഗ്യം തേ സഭയേ, പ്രിയയേ, മണവാട്ടീ,
തവ ശുദ്ധീകരണത്തിൻ ദിനമാഗതമായി
നിന്നെ താതന്ന-ർപ്പിക്കാനണയുന്നു
നിൻ മണവാളൻ മേഘങ്ങളിൽ ദൂതരൊടൊന്നായ്.

---

15 എസക്കിയേൽ 16

www.malankaralibrary.com



7 ആദിയിലേ താതൻ നിൻ രൂപം കാണ്മൂ
നിന്നിൽ പ്രീതനവൻ നട്ടു ജീവൻ വൃക്ഷം
മണവാളൻ മിശിഹാ പണി ചെയ്താഴത്തിൽ
സഭയാം ഗേഹത്തിൻ ഭിത്തികൾ; അവനെ വാഴ്ത്താം.

8 മുടി ചൂടുന്ന നൃപൻ ജീവൻ പകരുന്നു
പരിപാവനമാമാത്മാവിനെ സഭയിലയച്ചു.
ജഢവും രക്തവുമേ–കി നൃപനാം മിശിഹാ
മോതിരഭൂഷിതയായ് സഭയും മോദിക്കുന്നു.

9 ഉയരേ പിതൃസവിധേ കണ്ടതുപോലെ നൃപൻ
തിരുമുഖമൊന്നീ ധരയിൽ നിർമ്മിച്ചു കൃപയാൽ
മാലുമിയാം നൃപനേ, നിൻ സ്തുതികൾ പാടാൻ
യോഗ്യത നല്കണമെന്നെ നീ കൈക്കൊള്ളണമേ.

10 യിസ്രായേൽക്കാർക്കായ് നിർമ്മിച്ചു മൂശ
വിരികൾ നിറഞ്ഞൊരു കൂടാരം മരുഭൂമിയതിൽ
മിശിഹാ നിർമ്മിച്ചാനവമാം കൂടാരം
സകല ജനത്തിനുമാശ്രയമായ് മരുവുന്നുലകിൽ.

11 സൃഷ്ടിയെ വിവരിക്കും ഗ്രന്ഥം കാട്ടുന്നു
പറുദീസാപ്രിയയാം സഭയേ, നിൻ സാദൃശ്യം;
തരുനിരയാൽ തോട്ടം മോദം പകരുന്നു;
തിരുസഭയിൽ തരുതുല്യമിതാ മനുഷ്യാത്മാക്കൾ.

12 അഖിലജനത്തിനുമാശ്രയമായ് മരുവുന്നു
അഖിലാണ്ഡത്തിന്നുടയവനുണ്ടാക്കിയ ഗേഹം
ഒരു മേഘം മൂടി നിബിയുടെ കൂടാരം
ദിവ്യമഹത്ത്വം മൂടുന്നു പ്രിയയാം സഭയെ.



12 "കരുണാ സാഗരമേ, നാഥാ, കനിയണമേ"

1 അഭയവുമാശ്രയവും നീയാണെൻ നാഥാ,
ചിറകിൻകീഴിൽ മറചെയ്യണമെന്നെ കൃപയാൽ
നിന്നിൽ വയ്ക്കുന്നു മുഴുവനുമായെന്നെ
പരിപാലിക്കണമുടയവനേ, മഹിമോന്നതനേ.[16]
2 അവനിൽ ഹൃദയമിരി–ക്കുന്നവർ മോദിക്കും
ദുഷ്ടനടുക്കില്ലൊരുനാളും തൻ ഗേഹത്തിൽ
ഭീതി പരത്തീടും കെണികളകററീടും
ആപത്തുകളെല്ലാം നീക്കും കരുണാപൂർണ്ണൻ.
3 നിശയിൽ നാശം നി–ന്നരികത്തണയില്ല
പകലിൽ പകലോൻ പരിപാലി–ച്ചീടും നിന്നെ
കൂരിരുളിൽ ദൈവം പാദത്തിനു ദീപം
പെരുകിപ്പടരും രോഗങ്ങൾ ഓടിയൊളിക്കും.
4 വൻമതിൽ പോൽനിന്നെ സംരക്ഷിച്ചീടാൻ
നൃപനരികത്തുണ്ടതിനാൽ നീയാമോദിക്കൂ
ആയിരമായിരമായ് സേവകപടവീരർ
കാക്കും പ്രിയനേ, നിൻപാദം ക്ഷതമേല്ക്കില്ല.
5 സിംഹത്തിൻ മീതേ പാദം വച്ചാലും
അണലികളിടയിൽ മരുവീടാനിടയായാലും
ഭീതി വെടിഞ്ഞീടു പ്രിയനേ, വത്സലനേ,
നിന്നെതാങ്ങാൻ ദൂതന്മാർ കാവൽ നില്പൂ.
6 തിരുനാമം താങ്ങുന്നു പ്രിയനേ, നിന്നെ
നിന്നധരംതൻ ഗീതങ്ങൾ പാടുക നിത്യം
"കരുണാസാഗരമേ, നാഥാ, കനിയണമേ
കാക്കണമെന്നെ തൃക്കയ്യാൽ ദുഷ്ടനിൽനിന്നും."

---

16 സങ്കീർത്തനം 91

www.malankaralibrary.com



13 "കൂരിരുൾ താഴ്വരയിൽ"

1 അത്യുന്നതനീശൻ–രക്ഷകനായുള്ളോൻ
രാപകൽ നിത്യം മോദിക്കും വാനവരെപ്പോൽ
ആപത്തുകളെന്യേ–ശാന്തിയിൽ മേവുമവൻ
ശൈലവുമഭയവുമായീടും നിത്യൻ തണലിൽ.

2 ശക്തി ധരിച്ച കരം–മേവും നിൻമീതേ
കെണികളിൽനിന്നും കാത്തീടും സ്ലീബാത്തണലിൽ
തൻ തിരുമാറിൽ ചേ–ർത്തീടും കരുണയോടെ
രക്ഷകനാകും മിശിഹായെ–താണു വണങ്ങു.

3 പകലിൽ നീയോട്ടും–പേടിച്ചുഴലേണ്ട
നിശയിൽ നിന്നെ കാത്തീടും–കരുണനിറഞ്ഞോൻ
പകലിൽ ദിനകരനും–നിശയിൽ കുമുദിനിയും
ദീപം കാട്ടും; നിൻ പാദം ക്ഷതമേല്ക്കില്ല.

4 ഗോളങ്ങളെ നിർമ്മി–ച്ചോനാമഖിലേശൻ
കരമതിൽ നിന്നെ വഹിച്ചീടും–കരയരുതേ നീ;
സ്തന്യം നല്കീടും മാതാവും ജനനം
നല്കീടുന്നവനും സ്തുത്യൻ ദൈവം തന്നെ.

5 ആയിരമായിരമാ–യുധധാരികളൊരുമി–
ച്ചായുധമേന്തി നിരന്നാലും ചഞ്ചലമരുതേ.
ചെങ്കടലിൻ തീര–ത്തേസ്സായൊന്നുതിരി–
ച്ചവിടെ ജയിച്ചോരു ശക്തിയെനാം കൂപ്പുകനിത്യം.



14 "ജനമദ്ധ്യേ ഞാൻ ഘോഷിക്കും"

1 തവച്ഛായയിലെന്നെ സൃഷ്ടിച്ചവനേ നിൻ
തിരുസവിധേയണയാനടിയൻ വെമ്പുന്നിപ്പോൾ
ദാഹത്താൽ വലയും മാൻപേ–ട സമമായ്
മരുഭൂമിയിലടിയൻ തിരയു–ന്നെല്ലായിടവും.[17]

2 നീയാണെൻ ദൈവം–ഞാനതുഘോഷിക്കും
അഖിലചരാചരവും കൃപയാൽ നീ സൃഷ്ടിച്ചു
തിരുവചനം സൃഷ്ടിക്കെല്ലാമുയിരേകി
അവയെല്ലാമനുനിമിഷം നിൻസ്തുതികൾ പാടും.

3 നീയെന്നെ താങ്ങുന്നവനാണെപ്പോഴും
ആപത്തുകളൊന്നും വീഴില്ലെന്മേൽ നൂനം
വൈരികളെല്ലാരും പാടേ ലജ്ജിക്കും
ഞാനോ പാടും സഭയിൽ നിൻ സ്തുതിഗീതങ്ങൾ.

4 തവ പാതകളെന്നെ കാട്ടണമെൻ നാഥാ,
പാതയിലൂടെ നടത്തണമെ പ്രിയനാം ദേവാ,
എൻ വഴികളിലെല്ലാം നിൻ കൃപ വിതറണമെ
ജീവിതമെല്ലാം തവ പാദേ അർപ്പിക്കുന്നു.

5 എൻ ജീവിതവഴിയിൽ നിൻ പിറകെ വന്നേൻ
ഒരു ദോഷവുമവിടുന്നെന്നോടു ചെയ്തിട്ടില്ല;
നീയെന്നും നന്മ–യ്ക്കുറവിടവും തികവും
ജനമദ്ധ്യേ ഞാൻ ഘോഷിക്കും കരുണക്കടലേ.

6 ഓർക്കരുതെൻ പിഴകൾ സ്നേഹത്തിൻ തികവേ,
കരുണയോടെന്നെ കാക്കണമേ, കൃപകൾ ചൊരിക
നിർത്തണമെന്നെ ഉന്നതമാം ഗിരിമുകളിൽ
ജനമദ്ധ്യേ ഞാൻ ഘോഷിക്കും തവ ചെയ്തികളെ.

---

17 സങ്കീർത്തനം 25

www.malankaralibrary.com



7 എൻ കണ്ണുകളെന്നും നിന്നെ ദർശിപ്പൂ
അനുനിമിഷം ഞാൻ കീർത്തിപ്പൂ താവകസ്തുതികൾ
നിൻഭവനെയെന്നും വാസം ചെയ്തീടാൻ
കൃപതരണം നീ നാഥായെൻ ജീവിതശരണം.

## 15 "ജീവിതമാകും നിൻ ദാനത്തിന്നർത്ഥം"

1 തലമുറതോറും നീ ഉന്നതമാമഭയം
മലകൾ ജന്മമെടുക്കും മുൻ നിന്നുടെ കരുണ
നിലനില്ക്കുന്നടയോ-നേനിൻ വൻകൃപകൾ
അലയാഴികളുളവാകും മുൻപതു നിലനില്പൂ[18]

2 പൊടിയായ് തീരുന്നു മർത്യൻ നിരനിരയായ്
ആയിരമായിരമൊരു നിമിഷം ധരയിൽ ചേരും
ശക്തിധരിച്ച നൃപൻ പൂഴിക്കയിരേകും
തന്നിൽ നിദ്രിതരെ പൊടിയിന്നെഴുന്നേല്പിക്കും.

3 ആയിരമാണ്ടുകളാ നാഥന്നൊരു നിമിഷം
ഭുവനേശ്വരതിരുസന്നിധിയിൽ ഒരു ചെറുനിമിഷം
സ്വപ്നസമം നീങ്ങുന്നു മർത്യർ ധരയിൽ
തന്നിൽ ജീവൻ ചേർക്കുന്നോരാമോദിക്കും.

4 ധരയിൽ നരനൊരുസ-സ്യം പോലുരുവാകും
കുസുമം വിടരും; ചൂടേല്ക്കുന്നതു വാടുന്നു;
തന്നിൽ ജീവിക്കു-ന്നോരുത്തമനരനോ
ജീവിച്ചീടും മരണത്തിനു പിൻപും നൂനം.

---

18 സങ്കീർത്തനം 90



5 ഓർക്കരുതൊരുനാളും നാഥായെൻ പാപം
എൻ ഹൃദയത്തിൻ ചിന്തകൾ നിൻ സന്നിധിയിങ്കൽ
കഴുകണമെന്നെ നീ നിൻ കരുണക്കടലിൽ
നിൻ ഗീതം ഞാൻ പാടീടും കബറിൽനിന്നും.

6 നൃപനേ വിജ്ഞാനം പകരണമേയെന്നിൽ
കാട്ടണമേ, നീ ജീവവഴി കൃപയാൽ നാഥാ
ജീവിതമാകും നിൻ ദാനത്തിന്നർത്ഥം
അറിവാനിവനിന്നരുളേണം വലുതാം കൃപ നീ.

## 16 "ഞാൻ പാപം ചെയ്തു നിനക്കെതിരായ്"

1 അത്യുഷ്ണത്താൽ ക്ലേശിക്കും മർത്യസമം
രാപകൽ നാഥാ ക്ലേശിപ്പൂ മമ പാപത്താൽ
പാപം ദ്വേഷിക്കാ-തടിയൻ ബധിരനുമായ്
ഭീകര പാശത്താലെന്നെ ബന്ധിച്ചരികൾ.

2 നിന്നിൽ നിന്നൊന്നും-മറ ചെയ്യാനില്ല
നീയാണഖിലാണ്ഡം സർവ്വം പരിപാലിപ്പോൻ.
തിന്മകളെല്ലാം നിൻ സന്നിധി ചൊന്നീടാൻ
വന്നിട്ടുമെന്നിൽ കൃപ ചെയ്തു പാപം പോക്കു.

3 നാഥാ, ഞാൻ പാപം ചെയ്തു നിനക്കെതിരായ്
നിൻ സാദൃശ്യത്തിന്മേൽ നീ കനിയണമിപ്പോൾ
കരുണാവാരിധി നീ പറുദീസാ നല്കി
മോദമൊടെന്നെ ചേർക്കണമേ ശുദ്ധരൊടൊപ്പം.

4 ഭാഗ്യം തേ ഭാഗ്യം-മർത്യാ, നിൻ പാപം
സ്വർഗ്ഗീയ സുതൻ കഴുകിയിതാ തിരുരക്തത്തിൽ
നിൻ തിന്മകളോർക്കാ-തവനിന്നേകിയിതാ
പറുദീസാ തൻ താക്കോലാൽ നാകം പൂക്കു.

www.malankaralibrary.com



5 രക്ഷാകര നൗക–നീയാണഖിലേശാ,
രക്ഷാകര ഗീതം നിത്യം കാത്തിടുമെന്നെ
നിന്നിൽ ശരണിതരാ–നന്ദിച്ചാർത്തീടും
പ്രളയം ഭൂമിയിലുണ്ടായാൽ–ഭയമില്ലൊട്ടും.

## 17 "ഞാനൊരു ശബ്ദം"[19]

1 'കൈകൾ നീട്ടീടുവിൻ ദാനം ഞാൻ നല്കാം'
എന്നുര ചെയ്യുവനാം നാഥാ, കൈ നീട്ടുന്നേൻ
തവ കൃപയാൽ നാഥാ, എന്നെ നിറയ്ക്കണമെ
നിൻ ഗീതം ഞാൻ ജനമദ്ധ്യേ ഘോഷിച്ചീടും.

2 അധരേ നിറയുന്നു തവ സ്തുതികൾ നൃപനേ,
അവയെ വാഴ്ത്തണമീ നിമിഷം തവ കൃപയാലെ
നല്കണമെ ദാനം; വലുതാം മണവറയും
നിന്നെ വിളിക്കുന്നവരേ നീ ശ്രദ്ധിക്കണമെ.

3 വലിയൊരു നിശയിൽ നീ നരനായ് ധരയെത്തി
തവ വഴികൾ വിവരിപ്പാനിവനെളുതല്ലേലും
അത്യുന്നതനാം നിൻ വ്യാപാരം ഗൂഢം
അലയാഴിക്കില്ലിതുപോലുള്ളാഴമതോർക്കിൽ.

4 താതൻ തിരുമാർവ്വിൽ മേവുന്നവനായ് ഞാൻ
കാണുന്നവനെ കന്യകതൻ മടിയിൽ കാണ്മൂ.
ആയിരമായിരമാം രൂപത്തിൽ നിന്നെ
ധരയിൽ കാണു–ന്നടിയവനേ, നീയേകൻ താൻ.

19 സങ്കീർത്തനം 81:10



5 നിന്നെ വന്ദിപ്പാ–നണയണമെല്ലാരും
നിൻ സത്തയെ ശോധന ചെയ്വാനണയരുതാരും
പ്രഭയിൽ നിന്നുളവാകുന്നവനേ, പ്രഭയേ,
നിൻ ഉദയം അതിഗൂഢതരം വാഴ്ത്തുന്നടിയർ.

6 നിന്നേ വിവരിപ്പൂ മുനിമാർ സൂക്ഷ്മതരം
അവരുടെ സവിധേയണയാനിവനാരീയുലകിൽ!
നാഥാ, നല്കണമെ, ശ്രേഷ്ഠമതാം ദാനം
നിന്നെ നിത്യം വന്ദിപ്പാൻ കൃപയേകണമെ.[20]

7 അത്യുന്നതതാതൻ സവിധേ മരുവുന്ന
സത്ത തികച്ചും അത്യത്ഭുതമുളവാക്കുന്നു
ദൂതർക്കറിയില്ല, നാഥാ, നിൻ സത്ത
ധരയിൽ ചെറിയവരാം മർത്ത്യർ കീർത്തിക്കുന്നു.

8 പൊടിപോലൊരു ഭാഗം അവസരമേകുന്നു
നിർവധിയാകും വ്യാഖ്യാനം നല്കുന്നതിനായ്
കോരിയെടുത്താലും തീരാത്തുറവയവൻ
കോരുന്നവരോ ക്ഷീണിതരായ് പിൻവാങ്ങുന്നു.

9 കോരിപ്പററിക്കാ നാലോചിക്കേണ്ട
ദാഹിക്കുന്നവരോടിയടു–ത്തിതു പാനംചെയ്
നിത്യമതാം ജീവൻ നല്കും ജലമിതുതാൻ
മറെറാരിടത്തും കിട്ടി–ല്ലെന്നോർക്കിൻ പ്രിയരേ.

10 നരരിലതുല്യൻ യോ–ഹന്നാനോതിയിദം:
'ഞാനൊരു ശബ്ദം' മെതിയടിയേ–ന്താനുമശക്തൻ,
പാപിനി വസ്ത്രത്തിൽ തൊട്ടതുപോലടിയൻ
നാഥാ അണയട്ടെ നിന്നുടെ നിഴലിൻ കീഴിൽ.[21]

20 മത്തായി. 15:27
21 ലൂക്കോസ്. 7:36–50

www.malankaralibrary.com



11 തവ വസനം നാഥാ, സൗഖ്യത്തിന്നുറവ
തവ ദർശനമരുളുന്നു സുഖം നരനെന്നെന്നും
കൂട്ടം വിട്ടവയെ തേടുന്നവനേ, നീ
നല്കാമോദം നിത്യം നിൻ ജനതയ്ക്കായ്.

12 നരനും ദൈവവുമാം പ്രിയനാം മണവാളാ,
മർത്ത്യശരീരമെടുത്തവനേ,—അത്യുന്നതനേ,
നിന്നേപ്പോലാരുണ്ടീവൻ ലോകത്തിൽ
നിന്നെക്കാണുവതെന്നാണോ എൻ മണവാളാ!

13 കാണ്മൂ കത്തിജ്വലി–ച്ചീടും തീക്കട്ട
അതു ഭക്ഷിക്കുന്നവനെന്നെന്നും ജീവിച്ചീടും
തൻ രക്തം പകരു–ന്നു നവമാം രശ്മി
മമഹൃദയത്തിൽ കത്തിപ്പടരു–ന്നാദിവ്യാഗ്നി.

14 ധരയിൽ നൃപനെത്തി നവധര സൃഷ്ടിച്ചു
അഗ്നിചൊരിഞ്ഞു സന്മനസ്സുള്ളവരാം നരരിൽ
അവരിൽ മേവുന്നു റൂഹായാം ദാനം
കത്തിപ്പടരുന്നീ ധരയിൽ സ്വർഗ്ഗീയാഗ്നി.

15 ദൂതൻ സ്പർശിച്ചി–ല്ലാകത്തുന്നഗ്നി
ഏശായാ നിബിയെയഗ്നി സേവകനാക്കി
നാമോ പേറുന്നു കൈകളിലാഅഗ്നി
അത്ഭുതമെൻ പ്രിയരേ, പാടിൻ തൻ ഗീതങ്ങൾ.[22]

16 ദൂതർ ഭക്ഷിച്ചു ഭൗമികമാം ഭോജ്യം
അബറാഹാമിൻ അതിഥികളായ് തീർന്നോരു
നാഥൻ നല്കുന്നു–അഗ്നിയുമാത്മാവും [ദിവസം;
ധരയിൽ മേവുന്നവനതു ഭ–ക്ഷിച്ചീടുന്നു.[23]

---

22 ഏശയ്യാവ് 6:6–7
23 ഉല്പത്തി 18:8–9.



17 അഗ്നിയിറങ്ങിക്ക–ത്തിച്ചു പാപികളെ
കൃപയുടെ അഗ്നിയിതാ നരരെ പ്രിയ സുതരാക്കി
അപ്പത്തിൻ രൂപേ മർത്ത്യരെടുക്കുന്നു
കത്തുന്നഗ്നിയിതാ പ്രിയരേ, അത്ഭുതരഹസ്യം.[24]

18 അഗ്നിയിറങ്ങിക്കൈക്കൊണ്ടു മലമുകളിൽ
നിബിയേലിയാ അർപ്പിച്ചോ–രുന്നതബലിയെ
സ്നേഹത്തിൻ അഗ്നി നമ്മുടെ യാഗമതായ്
തീർന്നെൻ പ്രിയരേ; അഗ്നിയെ നാം ഭക്ഷണമാക്കി.[25]

19 തുണിയിൽ പേറിടുമോ മർത്ത്യർ വാരിധിയെ
കാററിനെയെങ്ങനെ കൈകളിലാക്കാൻ സാധിക്കും
കന്യകമടിയിലിതാ തുണിയിൽ പേറുന്നു
കടലും കാററും നിർമ്മിച്ചോരത്യുന്നതനെ.[26]

18 "തുണയേകണമേയെൻ നാഥാ"

1 നന്ദിപറഞ്ഞീടാം രക്ഷകനിന്നേരം
നമ്മുക്കുറവിടമവനല്ലോ പ്രിയ വത്സലരേ,
ലോകം നിറയുന്നു തൻ തിരുസ്നേഹത്താൽ
ചൊരിയുന്നു കൃപയനുനിമിഷം ദാസന്മാരിൽ.[27]

2 അഖിലരുമൊരുപോലീ നേരത്തെത്തിടുവിൻ
ഹൃദയം നിറയെ കാഴ്ചകളും നാഥനു നല്കിൻ
നന്മകൾ വിതറുന്നു ഭൂമിയിലുയരേന്നും
അവനെ വണങ്ങിൻ കാരുണ്യം പ്രാപിച്ചീടിൻ.

---

24 ഉല്പത്തി. 19:24 2 രാജാ. 1:10ff
25 1 രാജാ. 18:38
26 സഭാപ്ര. 30:4; cf. ECR 3, 2, (1970), p. 142-150.
27 സങ്കീർത്തനം 118

www.malankaralibrary.com



3 ദുഷ്ടന്മാരെന്നെ ചുററിവളഞ്ഞപ്പോൾ
"തുണയേകണമെൻ ദേവാ," യെന്നിവനാർത്തുടനേ;
"ദേവാ,"യെന്നല്ലോ–രെൻ നാദംകേട്ട–
നാഴിക നാഥനണഞ്ഞരുകിൽ രക്ഷിച്ചെന്നെ.

4 നില്ക്കുന്നവനരികിൽ എൻ സംരക്ഷകനായ്
ആരുണ്ടീധരയിൽ സവിധേയണയാനായി
സ്നേഹിതരിൽ ശ്രേഷ്ഠൻ അരികത്തുള്ളപ്പോൾ
വൈരികളായിരമായാലും ഭയമില്ലേതും.

5 മർത്യരിലാശ്രയമേതും നീ വയ്ക്കരുതേ
ഹൃദയം നാഥനിലെപ്പോഴും നിക്ഷേപിക്ക
ശക്തിയിലാശ്രയമേതും നീ വയ്ക്കരുതേ
ചെങ്കടൽ തീരത്തേയ്ക്കായ് നീ ദൃഷ്ടിതിരിക്ക.

6 ജാതികളെല്ലാമെൻ ചുററിലുമാഗതരായ്
തിരുനാമത്താലവരെ ഞാൻ ധരയിൽ വീഴ്ത്തി
ആയുധധാരികളായ് ഓടിയടുത്ത ജനം
അതിഭീകരമായ് വീഴുന്നിതു നാഥൻ കുരലാൽ.

7 വീണവനാമിവനെ കോരിയെടുത്ത നൃപൻ
സ്തുതികൾക്കർഹതയുള്ളവനാണെല്ലാനാളും
കാലുകളിൽ നിർത്തി; ശക്തിപകർന്നവനേ,
നിന്നിൽ വയ്ക്കുന്നെൻ ശരണം കാലാകാലം.

8 നീയാണെൻ ശക്തി, നീയെൻ സംഗീതം
വൻവിജയം നീ നേടിത്തന്നീ സുദിനത്തിൽ
ശക്തിധരിച്ചകരം ചെയ്യുന്നവയെല്ലാം
എന്നും വിവരിച്ചീടും ഞാൻ ജനമദ്ധ്യത്തിൽ.



9 ആശിസ്സരുളാനായ് കൈകളുയർത്തുന്നോൻ
അത്ഭുതകർമ്മം ചെയ്യുന്നു തൻ ദാസർക്കായ്
നാഥാ നീയാണെൻ ദൈവം പാടും ഞാൻ
എന്നധരങ്ങളിൽ നിറയുന്നു നിൻ സംഗീതം.

10 മൃതനാകില്ലടിയൻ, ജീവൻ പ്രാപിക്കും.
കാഹളനാദം കേൾക്കുമ്പോൾ വാനത്തെത്തും
ശക്തിധരിച്ച കരം ചെയ്തവ കാണും ഞാൻ
വാനഗണങ്ങൾക്കൊപ്പം നിൻ ഗീതംപാടും.

11 നാഥാ നല്കണമെ വലിയൊരു കൃപയിപ്പോൾ
അനുനിമിഷം നിൻ ഭവനത്തിൽ മരുവുന്നതിനായ്
ആനന്ദിക്കട്ടെ നിൻദാസർ നിന്നിൽ
കരുണനിറഞ്ഞ കരം വയ്ക്കു ഞങ്ങളിലെന്നും.

12 മൃതിയെ വെന്നവനേ, മഹിമോന്നത നൃപനേ
കാലാന്ത്യത്തിലിവന്മേൽ നീ കൃപ ചൊരിയണമെ
വലഭാഗം തരണം; ശ്രേഷ്ഠമതാം രാജ്യം
നോക്കിപാർക്കുന്നവരെ നീ കൈക്കൊള്ളണമെ.

**19** "തുണയേകണമെ നീ"[28]

1 വത്സലനാം താതാ കാണണമെൻ കണ്ണീർ
നിരവധി ദുഷ്ടന്മാരെന്നെ ചുററിവളഞ്ഞു
തുണയേകണമെ നീ; കൃപയെന്മേൽ ചിന്തു
ദുഷ്ടനെയാട്ടിപ്പായിക്കു; സവിധേ യണയു.

............................

28 സങ്കീർത്തനം 142

www.malankaralibrary.com



2 നിൻ സവിധേ നാഥാ പകരുന്നെൻ വിഷമം
തവ തിരുമുമ്പിൽ ഹൃദയത്തിൻ ബഹ്ലലം ഭാരം
ശക്തി തകന്നവനായ്–തീന്നീ ബലഹീനൻ
ഗതിയററവനായ് തീന്നോനിൽ കൃപചെയ്തിട്ടുക.

3 മുന്നിൽ കൂരിരുളിൻ താഴ്വര കാണുന്നു
അലറും സിംഹത്തിൻ നാദം കേൾക്കുന്നടിയൻ
കാലുകൾ തന്നവനേ, പാതയൊരുക്കുക നീ
കൂരിരുളിൽ നിൻ രശ്മിയെ നീ ചിന്തീടണമേ.

4 ധരയിൽ തുണയേകാനിവനൊരു നരനില്ല
ഓടിയൊളിക്കാനായ് ഗുഹയും കാണുന്നില്ല.
പ്രിയനാഥാ, ദേവാ, നിൻസവിധേ വരുവോൻ
ഇവനെ നീയീ നിമിഷത്തിൽ കൈവെടിയല്ലേ.

5 ഇദ്ധരയിൽ നാഥാ നീയാണെൻ ജീവൻ
നിന്നിൽ വസ്സുന്നെൻ ജീവൻ എന്നെന്നേയ്ക്കും
ധരയിൽ സ്നേഹിതനായ് നീ മാത്രം നാഥാ
മൃതിവക്കിൽപ്പെട്ടേനയ്യോ രക്ഷിക്കണമേ.

6 നന്ദി നിറഞ്ഞവനായ് ജീവിച്ചീട്ടും ഞാൻ
ഈ നാഴികയിൽ പ്രിയനാഥാ തുണയേകണമെ.
ഇതുവരേയും വലുതാം കൃപയേകിയ നാഥാ
ഈ നിമിഷം നിൻ കൃപയെന്നിൽ കാട്ടീടണമെ.

20 "ദീപം കാട്ടുക ദീപം വിളക്കേ മറിയാമേ"

1 ജീവൻ പകരുന്നോരപ്പം നിക്ഷിപ്തം
പേടകമത്രേ പാവനയാം സൗഭാഗ്യവതി;
ദൂതർക്കിടയിലവൾ ശോഭിക്കുന്നിപ്പോൾ
സഭയുടെയൊ നാം സന്തതിയും മറിയാം തന്നെ.



2 കൈകൾ മെനയാത്ത മോഹന പീഠമതിൽ
ഉന്നതദീപം ശോഭിക്കുന്നത്ഭുതകരമായ്
വേറൊരു ദീപം ശോ–ഭിച്ചില്ലാ പീഠേ
പിതൃസവിധേ നിന്നത്യുന്നത ദീപം മാത്രം.

3 "ലോകത്തിൻ ദീപം ഞാനാണെൻ പ്രിയരേ
എൻ പിന്നാലെയണഞ്ഞിടുവിൻ മോദമൊടെന്നും"
ശോകം തിങ്ങുന്നോരീ താഴ്വരയിന്നും
ദീപം മാററുന്നൂകൂരിരുൾ എന്നെന്നേക്കും [29]

4 കത്താക്കന്മാരിൽ കത്താവിൽനിന്നും
കത്താവെത്തി ധരയിങ്കൽ കന്യകവഴിയായ്
ദീപത്തിൻദീപം; താതനു തുല്യനവൻ
പിതൃസത്തയിൽ നി–ന്നുരുവായോൻ
അത്ഭുതപുത്രൻ.

5 ഭുവനങ്ങളിലു–ള്ളവയെല്ലാം പ്രിയരേ,
നിമ്മിച്ചതുമീവചനം വഴിയത്രേ താതൻ
കാലത്തിനുമുമ്പേ വരുവുന്നവനയരേ
കാലാന്ത്യത്തിൽ ധരയെത്തി കന്യകവഴിയായ്.

6 നമ്മെ പ്രതിവചനം നരനായ് ധരയെത്തി
നമ്മുടെ രക്ഷയ്ക്കായ് താതൻ സുതനെയയച്ചു
തൻ വരവിൽ മിശിഹാ ശോഭ ചൊരിഞ്ഞുലകിൽ
ആനന്ദത്തിൻ സന്ദേശം ധരയിൽ വിതറി.

7 താതൻ തിരുസവിധേ നമ്മെയുട്ടപ്പിച്ചു
തിരു രാജ്യത്തിന്നവകാശം ഏകിനമുക്കായ്
തന്നിൽ ശരണിതരെ ശോഭ ധരിപ്പിപ്പാൻ
അണയും മിശിഹാ ബലവാനായ് കാലാന്ത്യത്തിൽ

29 cf. PG XCVI, 672; CV, 1052; Jn. 8: 12; 12:35-36.

www.malankaralibrary.com



8 മിശിഹാ ഉയരെ പേ-റും മോഹന കലശം
കന്യകയേ നിൻ ദൃഷ്ടാന്തത്തെ വിവരിപ്പൂ
കലശം പ്രാർത്ഥനപേ-റുന്നീ ധരയിന്നു്
പ്രാർത്ഥിക്കുക നീ അടിയാർക്കായ് എല്ലാദിനവും.[30]

9 രക്ഷകനാം മിശിഹാ നൃപനുടെ മാതാവേ,
രക്ഷകയാകും കന്യകയേ പ്രാർത്ഥിക്കുക നീ
ധരയിൽ ശാന്തിപര-ന്നീടാൻ എന്നേക്കും
പുതിയൊരു പറുദീസാ വേഗം ആഗതമാകാൻ.[31]

10 ആഗ്നിവസിക്കുന്നോ-രുന്നത ബലിപീഠം
കന്യകമറിയാമിൻ രൂപം വെളിവായ്കാട്ടി;
അഗ്നിസമം വചനം പേറും മറിയാമിൻ
ശോഭയവർണ്ണ്യം; ശോഭിപ്പിക്കുന്നുലകത്തെ.[32]

11 ഭൂവാനങ്ങളെ ബ-ന്ധിക്കുന്നൊരു പാലം;
ധരയിൽനിന്നും വാനത്തേക്കുള്ളൊരു ശ്രേണി;
ഈ ശ്രേണിയിലൂടെ മിശിഹാധരയെത്തി
ഈ പാലം വഴി വാനത്തേക്കോട്ടന്നടിയാർ.[33]

12 അലറും കടലിൽ ഞാൻ യാനം ചെയ്യുന്നു
ദീപം കാട്ടുക ദീപവിള-ക്കേ മറിയാമേ,
പാലമതായ് തീര്ര-നീയെൻ പാദത്തിൽ;
ശ്രേണിയതായ് ജീവനുറവിടമെത്തീട്ടും ഞാൻ.[34]

30 cf. Rev. 5:8; 8:8
31 cf. John Damascene, PG XCVI, 643.
32 PG. CV. 1160
33 PG. CV, 1025
34 cf. 4 Esdras, 7: 6-9.



13 ഉദ്യാനം പറുദീസായിൽ നിലനിന്ന
ജീവമരം നിൻ സാദൃശ്യം വെളിവായ് കാട്ടി,
രക്ഷ നിറഞ്ഞ ഫലം മറിയാം നല്കിയിതാ
ആ കനി തിന്നുന്നവനൊന്നും മൃതനാകില്ല:

14 നീയൊരു മോഹനമാം സസ്യം കന്യകയേ,
നറുമണമേന്തും സുമമുണ്ടായ് നിന്നിൽനിന്നും
ആ കുസുമം വിതറും നറുമണമീ ധരയിൽ
നിറയുന്നു; അതിനാൽ മർത്യർ മോദിക്കുന്നു.

15 ഈശായ്തൻ വേരിൽ നിന്നുരുവായതരു
ശാഖ പടർത്തി വിസ്തൃതമായ് ധരമുഴവനിലും
നിന്നിൽ നിന്നുരുവായവനാം വൻ കുസുമം
സൃഷ്ടിയെയെല്ലാം മോദിപ്പിക്കുന്നെന്നേക്കും.

16 ഭാഗ്യം മറിയാമേ, ഭാഗ്യം കന്യകയേ,
ശ്രേഷ്ഠയതാം മാടപ്രാവേ, ജീവൽ തരുവേ,
വചനത്തിൻ മാതേ, കർത്താവിൻ മാതേ,
ഭാഗ്യം നേരുന്നെല്ലാരും ഭാഗ്യവതിയ്ക്കായ്.

17 തളിരിലയാലെത്തി പേടകമതിലേയ്ക്കായ്
മാടപ്രാവാ പ്രളയത്തിന്നവസാനത്തിൽ;
കാലാന്ത്യത്തിലിതാ മാടപ്രാവാകും
മറിയം പേറുന്നുന്നതമാം തളിരും സുമവും.

18 അഹറോൻ പേറിയതാം വടിയാമതുഭൂവിൽ
തളിരിട്ടതിൽ നിന്നുളവായി പുതിയ സുമങ്ങൾ
നറുമണമേകുന്നോരുന്നതനാം മിശിഹാ
വൻതരുവാകും കന്യകയിൽ നിന്നുരുവായി.[35]

35 cf. PG. CV, 1361

www.malankaralibrary.com



19 കന്യകയെക്കണ്ടോനാദ്യപിതാവോതി
"ഇക്കന്യക രണ്ടാം പറുദീസായെൻ സുതരേ;"
ക്രോബകൾ സ്പർശിക്കാൻപോലും തുനിയാത്ത
ജീവഫലം പേറും തരുവിനെയവൾ പേറുന്നു".[36]

**21** "നമ്മെ സ്നേഹിക്കുന്നവനായ് ഒരുവൻ മാത്രം"

1 നരനെ നരനായ് കാ-ണുന്നവനാരുലകിൽ?
മാനവവേദനയിൽ വേദനയേല്ക്കുന്നവനാർ?
കുഴിയിൽ നിന്നുയരേ കേററുന്നവനാരോ?
മർത്ത്യനെ ശ്രേഷ്ഠമതാം മാർവ്വിൽ ചേർക്കുവതാരോ?

2 പാപത്തീന്നൊഴിയാൻ പാടുപെടുന്ന നരൻ
വഴികളിലെല്ലാം ദുഷ്ടന്മാർ കെണികൾ വച്ചു
കണ്ണീർ തൂകുന്ന മർത്ത്യൻ ശോധനയിൽ;
സ്നേഹം തിങ്ങും കരമേന്തിക്കതിരോനെത്തും.

3 ധരയിൽ പ്രിയരേയെൻ സോദരരേ, കേൾപ്പിൻ
നമ്മെ സ്നേഹിക്കുന്നവനായ് ഒരുവൻമാത്രം.
സ്നേഹം തിങ്ങുന്നൊ തൻ തിരുഹൃദയത്തിൽ
അതുതാൻ ഉലകത്തിൽ ചെരിയുന്നെല്ലാ ദിനവും.

4 ആയിര മാളുകളേ-ക്കാളാ നാഥൻ താൻ
നോക്കുന്നൻപൊടു തൃക്കണ്ണാൽ എന്നും നമ്മെ.
നാമൊരു നാളും പോയ്ക്കുഴിയിൽ വീഴായ്വാൻ
ദൂതനെ നമ്മൾക്കായ് നാഥൻ കല്പിച്ചരുളി.

---

36 cf. Ephrem, De Nativitate, X, 7.



5 കൃപനിറയുന്നവനാം എൻ പ്രിയ മണവാളാ,
ധരയിൽ ഞാനൊരു വൻപാപി; കൃപചെയ്യെന്നിൽ
വഴിയിൽ നിന്നെ ഞാൻ കാണുന്നൊരുനേരം
നിന്നെയറിയി-ല്ലെന്നുരചെയ്യൊരു ഭോഷൻ ഞാൻ.

6 ദാഹിക്കുന്നവനായ് നീയെത്തുന്നരികിൽ
വേദന തിങ്ങുന്നവനായ് നീ ഓടിവരുന്നു
ഭക്ഷണമില്ലാതെ-രോഗം പൂണ്ടവനായ്
എത്തുന്നവനാം, നിന്നെ ഞാൻ തള്ളീ ഒരുനാൾ.

7 ഭീകരമാം നിമിഷം ഓടിയടുക്കുമ്പോൾ
നെടുവീർപ്പാൽ ഞാൻ ദുഃഖിതനായ് കേണീടുമ്പോൾ
ആശ്രയമായ് നാഥാ, നിന്നെക്കാണുന്നു
ഓടിയണഞ്ഞിടുമടിയൻ നിൻ തിരുഭവനത്തിൽ.

8 നീയെന്നെ സ്നേഹി-ക്കുന്നെന്നറിയുന്നേൻ
നിൻ കൈയിൽ ഞാൻ എൻജീവൻ വയ്ക്കുന്നിപ്പോൾ
നീയാണെൻ ദൈവം ജീവനുറവിടവും
നിൻ സ്ലീബായെ മുത്തുന്നേൻ എല്ലാദിനവും.

9 ആശ്രയമററവനായ് കേഴുന്നൊരു നേരം
ദുഷ്ടന്മാരാൽ വലയിതമാം ഭീകരനേരം
ശക്തികൾപോയ്; കണ്ണീർ ശേഷിക്കും നേരം
മേല്പുയരേ നിന്നെത്തുന്നൂ ഉന്നതശക്തി.

10 ഈധരയിൽ ജീവി-ക്കുന്നതു ക്ലേശകരം,
ദേഹം തിന്മകൾ തേടുന്നു-നയനം പിഴകൾ.
ഓടിയടുക്കുന്നു പാപകരം ചിന്ത
ഈയലുകൾ പോലെത്തുന്നൂ അവയെൻ പിറകെ.

www.malankaralibrary.com



11 നല്ലവനാണീശൻ പ്രിയരാം വത്സലരേ,
നമ്മെ സ്നേഹിക്കുന്നവനാ–ണെല്ലാ ദിനവും
ചോദിപ്പവയെല്ലാം കൃപയാൽ നല്കുന്നു
വലയിൽ മത്സ്യം തിങ്ങുന്നു; വല കീറാറായ്.

12 നിൻ ഭവനേയെത്തീ–വാതിലടച്ചടിയൻ
നിൻ സവിധേയാദരവോടെ നില്ക്കുന്നിപ്പോൾ
ചുങ്കക്കാരൻപോൽ നെഞ്ചിലടിച്ചടിയൻ
ഓതുന്നീശാ, കരുണാബ്ധേ, തുണ ചെയ്യെന്നിൽ.

13 നിൻസവിധേ നോക്കാൻ ലജ്ജിക്കുന്നടിയൻ
നിൻ സവിധേ സാഷ്ടാംഗം ഞാൻ വീഴുന്നിപ്പോൾ
കരുണനിറഞ്ഞവനാം മിശിഹാ കർത്താവേ,
ഈ വൻ പാപിയിലീനേരം കൃപ ചെയ്യണമേ

14 തല്ലരുതെന്നെ നീയെൻ സ്നേഹത്തികവേ,
ശിക്ഷിക്കരുതേ കോപത്തിൽ;– ബലഹീനൻ ഞാൻ
തിന്മകൾ തിരുമുമ്പിൽ ഏറ്റു പറഞ്ഞീടാം
എല്ലാം കാണുന്നവനേ, നീ–കൃപ ചെയ്യെന്നിൽ.

15 വലഭാഗേ കൃപക–ണ്ടെത്തിയ ചോരൻ പോൽ
ചോരൻ ഞാനീ നിമിഷം നിൻ സവിധേയണയു
നിൻ മഹിമാവുദയം ചെയ്യുന്നാ നിമിഷം
കൃപനിറയും നാഥായെന്നെ ഓർത്തീടണമേ.

16 ചോരൻ സമമിവനും ധരയിൽ പിഴമാത്രം
കൈമുതലായ് കാണുന്നുള്ളൂ–കൃപയുള്ളവനേ,
അവനോടുരചെയ്ത പരിപാവന നാദം
കേൾക്കാനടിയാക്കിടയാകണമെൻ പ്രിയ നാഥാ.



17 ഓടുന്നടിയൻ നാ–ഥാ നിൻ ഭവനത്തിൽ
തവ സ്ലീബായെ മുത്തുന്നേൻ; രക്ഷിക്കണമേ
വാതിലടച്ചടിയൻ തിരുഭവനേ മേവും
അവിടെത്തില്ലൊരു വഞ്ചകനും പ്രിയ വത്സലരേ.

18 അവിടടിയൻ വയ്ക്കും മമ ഹൃദയം നാഥാ,
മമ ചിന്തകളും വേദനകളുമൊരുപോൽ നാഥാ,
ഹൃദയേ ഉയരുന്ന ചഞ്ചല ചിന്തകളും
ദുഷ്ടനിൽ നിന്നുയരുന്നവയാം വിസ്മൃതവഴിയും.

19 പാപം തിങ്ങിയവൻ പാപിനിയെത്തിയ പോൽ
പാദം കഴുകാനെത്തുന്നീ ദാസൻ സവിധേ
കരയാൻ കണ്ണീരി–ല്ലെൻ പ്രിയനാം നാഥാ,
നെടുവീർപ്പുകളാൽ തവപാദം കഴുകുന്നേൻ ഞാൻ.

20 തൈലമെനിക്കില്ല സൗരഭ്യത്തികവേ,
പാപം മാത്രം കൈമുതലുള്ളൊരു പാപിയഹം
നീ തൈലം പൂശൂ എൻ ശിരസ്സിൽ കൃപയാൽ
നിൻ തൈലത്താൽ പാപിയിവൻ നല്ലവനാകും.

21 ദാനങ്ങൾ നല്കും ദാതാവാം ദേവാ,
മേലുയരേ നിന്നുന്നതമാം ദാനം നൽകൂ,
റൂഹായാം ദാനം ചിന്തണമെന്നുള്ളിൽ
നാവിൽ വചനം നല്കീടൂ; ശക്തികൾ നൽകൂ.

22 സഭകളെ ഒന്നിക്കൂ പ്രിയനാം മണവാളാ,
ശാന്തിപരത്തൂ ഭൂമിയിതിൽ മേലുയരേന്നും.
ദുഷ്ടനെ ഓടിക്കൂ ധരയിൽ നിന്നകലെ
സ്ലീബായുടെ ചിറകിൻ കീഴിൽ ചേർക്കണമിവരെ.

www.malankaralibrary.com



23 ഹൃദയസമാധാനം തരണേയെൻ നാഥാ,
സ്ലീബായാലെൻ ഹൃദയത്തെ മുദ്രിതമാക്ക.
മുഖശോഭയുമേകു ശോഭയുടാലയമേ,
റൂഹായാം ദാനം ചിന്തു മേലുയരേന്നും.

24 ഒരു ഞൊടിയിട മതി നാ–ഥനെല്ലാം നല്കാൻ
ഒരു നിമിഷം കൊണ്ടവനെല്ലാം നന്നായ് കഴുകും
ഒരു നിമിഷം കൊണ്ടാ നാഥൻ സുഖമേകും
ഒരു ഞൊടിയിട കൊണ്ടവനെല്ലാ കൃപയും നല്കും.

25 നെടുവീർപ്പുകളുയരു–ന്നെൻ ഹൃദയേ നിന്നും,
നിൻ സ്ലീബാ ഞാൻ ചുംബിക്കും എല്ലാദിനവും
വാക്കുകൾ കൂടാതെ പ്രാർത്ഥിക്കുന്നവനാം
പാവനറൂഹായാം ദേവാ, സ്തുതിയങ്ങേയ്ക്കായ്.

26 ആദാമൊരു നാളിൽ വഴിവിട്ടകലാനായ്
മനസ്സിലുറച്ചപ്പോഴേയൊരു കുഴിയിൽ വീണു
ക്ഷതമേററവനായി ആദ്യപിതാവാദാം,
ചെളിയിൽ പൂണ്ടു; മൃഗജാലം മുറിവേല്പിച്ചു.

27 'ജീവനുറവിടമാം സ്ഥാനം വിട്ടെങ്ങും
പോകരുതേ നീയാധരയിൽ'–നാഥനുരച്ചു
അവനതു കേൾക്കാതെ മരുഭൂവിൽക്കൂടി
ഒരു നാളോടിയകന്നീടാൻ മനസ്സിലുറച്ചു.

28 മിശിഹാ നരനായി ബേത്‌ലഹേം ഗുഹയിൽ
നരനെ കുഴിയിൽ നിന്നേററി സ്ലീബാച്ചിറകാൽ
കഴുകീ രക്തത്താൽ; മുറിവുകൾ സുഖമാക്കി
ഇനിയൊരു നാളും പിഴചെയ്യരുതെന്നവനോതി.



29 നരനീ ധരയിൽ കേൾപ്പിൻ പ്രിയ വത്സലരേ,
ആശ്രയമേകുന്നവനൊരുവൻ അവനെ വണങ്ങാം.
നാൾ തോറും നമ്മെ തൃക്കൺ പാർക്കുന്ന
ഉന്നതനാം സ്നേഹത്തികവിനെയാരാധിക്കാം.

30 സ്നേഹിക്കുന്നെന്നെയെൻ പ്രിയനാം നാഥൻ
എൻ യാചനകൾ കേൾക്കുന്നു എല്ലാ ദിനവും
ശെമഓനേപ്പോലോതുന്നീ ബലഹീനൻ
'കർത്താവേ ഞാൻ വൻ പാപി കൈക്കൊള്ളെന്നെ.'

**22** "നവജീവൻ തരണം"

1 മിശിഹായിൽ സ്നാനം–പ്രാപിപ്പവരെല്ലാം
രക്ഷാകര മൃതിയിൽ തന്നെ മുഴുകീടുന്നു.
അവനോടൊത്തൊന്നായ്–കല്ലറയിൽ പൂകി
അവനോടൊത്തു മഹത്വത്തിൽ പൂകിടാനായ്.

2 മൃതിയിൽ മിശിഹായോ–ടൊന്നിച്ചവരാം നാം
പുതിയൊരു ജീവനിലും ചേരും ശ്ലീഹാചൊൽവു
പാപത്താൽ മൃതരായ് തീരായ്‌വനായി
അവനോടൊപ്പം സ്ലീബായിൽ ഹതരായ് നാമും.

3 മൃതിയാൽ മൃതിയെ വെന്നവനാം മൃതിഹീനാ
നിൻമൃതിയിൽ സ്നാനത്താൽ ഞാൻ മൃതനായ്
നവജീവൻ തരണം; വലുതാം മണവറയും [തീർത്തു;
വാനഗണങ്ങളൊടൊപ്പം നീ വന്നീടും നാൾ.

4 കൃപചെയ്തീടണമെ, കരുണാസാഗരമേ,
മൃതിയൊരുനാളും മൃതനെന്നിൽ കടികൊള്ളരുതേ;
ജീവനിലേക്കെന്നെ കോരിയെടുത്ത നൃപാ,
നീയാണെൻ ജീവൻ നിത്യം കാക്കണമെന്നെ.

www.malankaralibrary.com



**23** “നിങ്ങൾക്കായ് രാജ്യം നല്ലം വത്സലരേ”

1 ഇസ്രായേലെന്നും വാഴ്ത്തണമുടയവനെ
ഘോഷിക്കുക തൻ കർമ്മങ്ങൾ ജനമദ്ധ്യത്തിൽ
വിവരിച്ചീടുക ലോ–കത്തിൽ വത്സലരേ,
നമ്മെപ്രതിയവനീയുലകിൽ ചെയ്തവയെല്ലാം.[37]

2 അവനേ നോക്കുന്നോ–രാനന്ദിച്ചീടും
മോദത്താൽ നിറയും ഹൃദയം നിബ്ബിഢചൊല്ലുന്നു
തിരിയണമോ നാഥൻ സവിധേ ജനതതിയേ,
നിന്നെ നിറയ്ക്കാൻ കഴിവുററവനല്ലോ നാഥൻ.

3 വാഗ്ദാനം പ്രാപിച്ചവനാമബറാഹാം
മോദിക്കുന്നീ നാളുകളിൽ ബഹുകൃപയാലെ
യാക്കോബിൻ സുതരാം ജനമേ, പ്രാപിക്കു
കരുണാനിധികളവൻ പക്കൽനിന്നും നന്നായ്.

4 നിങ്ങൾക്കായ് രാജ്യം നല്ലം വത്സലരേ,
എന്നോതിയവൻ വലിയവനാണെൻ സോദരരേ,
ഓടിയടുത്തിടുവിൻ കാഴ്ചകളർപ്പിപ്പിൻ
കാരുണ്യത്തിന്നായ് നിങ്ങൾ കൈനീട്ടിടുവിൻ.

5 ഒരുവനിൽനിന്നുലകം നിറയെ തരുനിരപോൽ
മർത്യഗണത്തെ നിർമ്മിച്ചോനുന്നതനത്രേ
തിന്മ നിറഞ്ഞവരിൽ നിന്നൊരുനല്ലവനെ
ദൂരെയകററിയ ദയവാനെ താണു വണങ്ങാം.

6 ഫറവോൻറടിമത്തം കൈമുതലായുള്ള
ജനതതിയെ നീ മാടിവിളിച്ചൊരുനാൾ കൃപയാൽ
പണിതൊരുവൻ നഗരം ആ ജനതതി വഴിയായ്
ഭൂലോകത്തിൻ മദ്ധ്യത്തിൽ ജനതതി വാണു.

37 സങ്കീർത്തനം 105



7 തിന്മകളെ പാടെ നീക്കുന്നവനീശൻ
കാട്ടി തൻകൃപ മിസ്രേമിൽ മൃതിയെവെന്നു
മിസ്രേം കേണപ്പോൾ ഇസ്രായേൽ മോദാൽ
ചെങ്കടൽ വഴിയായ് സംരക്ഷിത ഭൂമിയിലെത്തി.

8 നീയാണുന്നതനാം നൃപനെന്നീ ദാസർ
പാടും നാഥാ, ജനമദ്ധ്യേ ഘോഷിച്ചീടും
മിസ്രേം കാട്ടുന്നോരുന്നതമാമുപമ
മിശിഹാനാഥൻ നിറവേററി–കാലാന്ത്യത്തിൽ.

9 കബറിൽ നിന്നുയിരേററവനൊരു ജേതാവ്
അവനെതിരേ നില്പാനായിട്ടാരുണ്ടിവിടെ?
നിന്നെ കാണുവതെന്നാണോ മണവാളാ?
നിൻപേക്കായെൻമനമെന്നും നോക്കിപ്പാർക്കും!

**24** “നിൻ സന്നിധിയിൽ വയ്ക്കുന്നു ഞാനെൻ ജീവൻ.”

1 അത്യുന്നതനേ, ഞാൻ ഉദ്ധിതനായില്ല
അന്യരെയൊരുനാളും മനസ്സിൽ നിന്ദിച്ചില്ല
ഡംഭു നടിച്ചില്ല, തിന്മയുരച്ചില്ല
ഹൃദയേയാഗ്രഹമനവധിയായ് വച്ചതുമില്ല.[38]

2 സ്തന്യം നുകരുന്ന ചെറു പൈതൽപോലെ
നിന്നിൽ ശാന്തിയൊടെന്നും ഞാൻ വാഴും നൂനം
മാതാവിൻ മടിയിൽ ഭാഗ്യമെഴും ശിശുപോൽ
നിന്നിൽ നിശ്രിതനാമെന്നിൽ കൃപ ചൊരിയണമെ.

38 സങ്കീർത്തനം 132

www.malankaralibrary.com



3 ഹൃദയത്തിന്നാഴം പരിശോധിപ്പവനേ
എൻ ചിന്തകളെല്ലാമെപ്പോഴും നിൻ സവിധത്തിൽ
എൻ പാതകളെല്ലാം നന്നായറിയുന്നോൻ
നിദ്രയുമെല്ലാ ജോലികളും നീ കാണുന്നു.[39]

4 മമ ചെയ്തികളെല്ലാം നന്നായറിയുന്ന
അത്യുന്നതനേ, മിശിഹായേ കൃപചെയ്യെന്നിൽ
ഉയരേനിന്നുള്ളോരുത്തമമാം പനിനീർ
അവമേൽ തൂകണമവ പുഷ്ടിക്കും മമ നാഥാ.

5 അധരമുരച്ചീടും വചനങ്ങൾ പോലും
നന്നായ് കേൾക്കുന്നവനേ, നീ കൃപ ചെയ്യെന്നിൽ
മമ ഹൃദയേ ഉദയം ചെയ്യുന്നവയെല്ലാം
തെളിവായ് കാണും നാഥാ നീ കൃപ ചെയ്യെന്നിൽ.

6 മമ ചിന്തകൾപോലും തെളിവായ് വീക്ഷിക്കും
നൃപനേ ദയ ചെയ്തടിയാനിൽ കൃപ തൂകണമേ!
ജീവനിലേക്കെന്നെ കോരിയെടുത്ത നൃപാ
കാലാന്ത്യത്തിലെനിക്കായ് നീ ജീവൻ നല്കു

7 ഉദരേ ഞാനുരുവാകും മുൻപെൻ നാഥാ!
എന്നെയറിഞ്ഞോൻ അവിടുന്നാണെൻ പ്രിയനാഥാ
എന്നുള്ളിൽ മേവും–ഉന്നതനേ, ദേവാ,
എന്നുള്ളിൽ കൃപ ചിന്തീടണമെന്നെന്നേക്കും.

8 എൻ മുൻപും പിൻപും സംരക്ഷിപ്പതിനായ്
കൂടാരംപോൽ വലയം ചെയ്യുന്നൊരു രാജാ
ജേതാവേ തൃക്കൈ–യെൻമേൽ വച്ചവനേ!
നീയത്യുന്നത–നാണടിയൻ വെറുമൊരു പൂഴി.

39 സങ്കീർത്തനം 139



9 നിന്നിൽ നിന്നെങ്ങും പോയീടാനായി
ഒരു നാളും നീ പ്രിയനാഥാ അനുമതിയരുളാ,
നിന്നിൽ നിന്നെങ്ങോ–ട്ടോടിപ്പോകും ഞാൻ
പരമോന്നതനേ അഖിലാണ്ഡം നിറയുന്നവനേ.

10 ഉയരേയൊരു മലയിൽ കയറിയൊളിച്ചാലും
ഉയരങ്ങളിൽ നീ മരുവുന്നു നീ കാണുന്നു
ധരയിലൊളിച്ചാലും കടലിലൊളിച്ചാലും
അവിടെല്ലാം നീ നില്ക്കുന്നു എൻ കൺമുമ്പിൽ.

11 ഒരുനാളും വെടിയാ–ത്തവനേ മണവാളാ,
നിന്നിൽ വസിക്കുന്നെൻ ജീവൻ എന്നെന്നേക്കും
പൊതിയണമെന്നെ നീ നിൻ വലുതാം കൃപയിൽ
നിൻ സ്തുതിപാടും ജനമദ്ധ്യേ കാലാകാലം.

12 പകലിലുമതുപോലെ–രാവിലുമെന്നെ നീ
നിൻ ദീപത്താൽ ശോഭിപ്പി–ക്കുന്നുടയോനേ,
എന്നസ്ഥിയുമെല്ലാ മജ്ജയുമൊരു ദിവസം
ഉരുവാക്കിയ നൃപനേ നിന്നെയാരാധിപ്പൂ.

13 അത്ഭുതപൂർവ്വം നീ രൂപമെനിക്കേകി
നിൻ കൈവേലകളത്യത്ഭുതമെന്നെന്നേക്കും
എൻ സത്തയുടാഴങ്ങൾ വരെയറിയുന്നോൻ
നിൻ സന്നിധിയിൽ വസിക്കുന്നു ഞാനെൻ ജീവൻ.

14 പതിനായിരമാണ്ടിന്നപ്പുറവും നാഥാ,
എന്നെക്കണ്ടവനവിടുന്നാണെൻ കർത്താവേ,
എൻ ചെയ്തികളെല്ലാമുണ്ടങ്ങേ പക്കൽ
നിൻ സന്നിധിയിൽ വസിക്കുന്നു ഞാനെൻ ജീവൻ.

www.malankaralibrary.com



15 രക്തം ചിന്തീട്ടും ദുഷ്ടരെയെൻ നാഥാ,
എന്നിൽനിന്നും ദൂരെയകററീടണമെന്നും
നീ കാണുന്നില്ലെ—ന്നോക്കുന്നാ മർത്യർ;
നല്ലണമനുതാപം പാപിയ്ക്കില്ലായ്പ്പോഴും.

**25** "നിന്നെ കാണുവതെന്നോ"

1 ദൈവത്തിൻ സ്നേഹം അത്യത്ഭുതമത്രേ
അതിനാഴമളന്നീടാനാർക്കും കഴിവില്ല
ആഴിസമം ആഴം പേറുന്നാ സ്നേഹം
വററാത്തൊരുവൻ അതൃപ്തിയുമാണാവൻസ്നേഹം.

2 ആയിരമാളുകളൊ—ന്നിച്ചൊരു ശബ്ദത്തിൽ
നിൻെറ മഹത്ത്വം വിവരിച്ചാലതുബഹുതുച്ഛം
കോരിയെടുത്താലൊട്ടും കുറയാത്താഴി
ആകുന്നു നീ ഉടയവനേ, എൻ സ്രഷ്ടാവേ.

3 മേലുയരേ മേവു—ന്നു മമ പ്രിയനാഥൻ
താഴെയഗാധക്കുഴിയിൽ താൻ ദൃഷ്ടിപതിപ്പൂ
പീഡകരുടെ കയ്യിൽ പെട്ടവനേ കാണ്മൂ
ഹൃദയമലിഞ്ഞവനെ വിട്ടുവിക്കുന്നാ നിമിഷം.

4 ഉന്നതനാണീശോയെങ്കിലുമതുപോലെ
താഴ്മവസിക്കുമിരിപ്പിടമവനെന്നും തേടും
കന്യകയുടെ ഉദരം ഭവനമതായ് തീർത്തു
മുക്കുവരാം പന്തിരുവരെയും ശിഷ്യരുമാക്കി.

5 സുതനെ ഉയരേന്നും മാനവരക്ഷയ്ക്കായ്
വിട്ടവനാം പ്രിയ താതൻെറ സ്നേഹം ശ്രേഷ്ഠം
നാമുയരെ കയറീ—ടാനായ് ദൈവസുതൻ
ഒരു നരനായി ധരയെത്തി; മൃതനായ് കുരിശിൽ:



6 ഓടിയൊളിച്ചവനാ—മാദാമിൻപിറകേ
സ്നേഹക്കടലുമൊഴുക്കിക്കൊണ്ടെത്തിയ നാഥാ,
പാപികളെത്തേടി മരുഭൂവിൽ ചുററി
പിതൃഭവനെയെത്തിക്കുന്നവനെന്നും സ്തുത്യൻ.

7 ബലികളിലല്ലീ ഞാൻ കരുണയിൽ സംപ്രീതൻ
രോഗം തിങ്ങി നിറഞ്ഞവരെ തേടുന്നു ഞാൻ
പാപികൾ മോചിതരാകുമ്പോൾ മേലുയരെ
വാനഗണങ്ങൾ മോദിക്കുന്നാനന്ദിപ്പൂ.

8 പാപത്തിന്നടിമപ്പെട്ടവനാമെന്നെ
ചെളികൾ നിറഞ്ഞൊരു കുഴിയീന്നും ഉയരേയേററി
തിന്മകൾ കഴുകിയൊരുന്നതനാം മണവാളാ,
നിന്നിൽവയ്ക്കുന്നെൻ ജീവൻ; ഞാൻ ജീവിക്കും.

9 നിന്നെ ജീവിതമാർ—ഗ്ഗത്തിൽ ഞാൻ തള്ളി
നിന്നെയറികില്ലെന്നൊരുനാൾ ഞാനുരചെയ്തു
എന്നിട്ടും നീ എന്നെ സ്നേഹിക്കുന്നു
കരുണനിറഞ്ഞവനേ, സ്നേഹം നീ ഒരുവൻതാൻ.

10 നിൻ സവിധേനിന്നും ഞാനോടിമരുവിൽ
നീയെൻ പിറകേ അതിവേഗം ഓടിയണഞ്ഞു
ദുഷ്ടരിൽനിന്നെന്നെ കൈകളിലേന്തിയവൻ
കർത്താവേ, ഞാൻ നിൻപേർക്കായ് ഇനി ജീവിക്കും.

11 അനുദിനമെന്മേൽ നീ വയ്ക്കു നിൻദൃഷ്ടി
നിൻ കൈകളിലീ നിമിഷം ഞാൻ വയ്ക്കുന്നെന്നെ
കഴുകണമെന്നെ നിൻകൃപയിൻ സോപ്പായാൽ
കൃപ ചൊരിയണമെന്മേലെന്നും പ്രിയനാം ദേവാ.

www.malankaralibrary.com



12 പ്രിയരേ, ഒരു വയലിൽപോയി പണിചെയ്യാം
നമ്മെ കാത്തു മരുവുന്നു നൂററാണ്ടുകളായ്
ഉയരേ നിന്നല്ലോ–രുത്തമമാം വിത്ത്
വയലിൽ വിതയ്ക്കാം വിളവധികം നാം നേടീടും.

13 വയലുകൾ നീരിന്നായ് കേഴുന്നു, പ്രിയരേ,
ദാഹജലം നല്കുന്നവനെ നാം പേറുന്നു
പോകാമൊന്നായാ വിസ്തൃതമാം വയലിൽ
ഭാരതഭൂവാകും വയലിൽ നാഥനുവേണ്ടി.

14 നൂറുമടങ്ങുഫലം നല്കുന്നൊരു വിത്ത്
വയലിൽ വിതറാം ഫലമേകുമ്പോൾ മോദിക്കും
കളകൾ നിറഞ്ഞ വയൽ കത്തിനശിച്ചീടും
ഫലമേറുന്നവയിൽ നാഥൻ മോദിക്കുന്നു.

15 വിത്തെറിയാൻ പോകിൻ വത്സല സോദരരേ,
മുത്തുകൾ കൊയ്യുന്നൊരു സമയം ആഗതമാകും.
രത്നങ്ങൾവച്ചോ–രുന്നതമാം മുടിയെ
വയ്ക്കും നാഥൻ ശിരസ്സുകളിൽ കാലാന്ത്യത്തിൽ.

16 ഭാരതമേ, മാതേ ഓടിവരു നടിയാർ
വിത്തും ജലവും വളവും പേ–റിക്കൊണ്ടിതാ
കളകൾ നീക്കീടാം–വിത്തു വിതച്ചീടാം
വളവും ജലവും നല്കീടാം; വിളവുണ്ടാകും.

17 നിന്നെ നോക്കിയിരിക്കുന്നൊരു വൻജനത
ഭാരതഭൂമിയിലുണ്ടെന്നതു ശ്രദ്ധിക്കേണം
വചനം പേറുന്ന–ദാസരെയവിടേക്കായ്
വേഗമയയ്ക്കു പ്രിയനാഥാ–ബഹുകൃപയാലെ.



18 ഞാനൊരു ബലഹീനൻ മർത്യൻ മരുഭൂവിൽ
ആശ്രയമില്ലാതലയുന്നെൻ പ്രിയ കർത്താവേ.
തള്ളരുതെന്നെയീജനരഹിതം ധരയിൽ
ചേർക്കണമെന്നെ തിരുമാർവ്വിൽ കാലാകാലം.

19 വരണം നീ കൃപകൾ ചൊരിയണമെൻ ഹൃദയേ
കറകൾ നീക്കി വെടിപ്പാക്കി–ശക്തികൾ നൽകു
നിൻ വചനം പേറാ–നായിവനേ നാഥാ;
ഈ ദിവസം നിൻ റൂഹായാൽ പൂരിതനാക്കു.

20 നിന്നെ കാണുവതെ–ന്നോയെൻ പ്രിയനാഥാ,
നിന്നെ നോക്കിയിരിക്കുന്നു ഞാനെന്നെന്നും
വയലിലുമെല്ലാ ദേ–ശങ്ങളിലും നാഥാ
നിന്നെ മാത്രം തേടുന്നെൻ പ്രിയനാം ദേവാ.

## 26 "നിന്നെ മാത്രം"

1 നന്ദി നിനക്കേകും മുഴു ഹൃദയത്തോടെ
നിൻ ചെയ്തികൾ ഞാൻ ജനമദ്ധ്യേ കീർത്തിച്ചീടും
അനുദിനവും നിന്നിൽ മോദിച്ചീടുമഹം
സ്തുതിപാടും നി–ന്നത്യുന്നത നാമത്തിന്നായ്.

2 മമ വൈരികളെല്ലാം വീണുതകർന്നല്ലോ
വീഴാതെന്നെ കൈകളിൽ നീ പാലിക്കുന്നു
നീതി വസിക്കുന്നോ–രുജ്ജ്വല ഗേഹത്തിൽ
വാസമെനിക്കായ് നല്കണമെ മമ നീതിജ്ഞാ.

3 ദുഷ്ടരെയെല്ലാം നീ നീക്കി നശിപ്പിക്കും
മലിനതയെല്ലാം കഴുകീടും കരുണക്കടലിൽ,
വൈരികളെല്ലാം പോയ് ഗർത്തത്തിൽ വീണു
അവരുടെ നാമം മായിക്കപ്പെടുമെന്നേക്കും.

www.malankaralibrary.com



4 നീതിയോടുലകത്തെ–പ്പരിപാലിപ്പവനേ,
നീതിയിൽ നീ ന്യായം നല്കു-ന്നെളിയവനെന്നും,
പീഡിതരിൽ കനിയുന്നവനാണെൻ ദൈവം
ആശ്രിതരിൽ കൃപ ചൊരിയുന്നു തലമുറതോറും.

5 വിളി ചെയ്തീടിലവൻ നന്നായ് ശ്രദ്ധിക്കും
ഔദാര്യത്തോടു നല്കീടും യാചനയെല്ലാം;
മുട്ടുന്നവനെല്ലാം വാതിൽ തുറന്നു തരും
അന്വേഷിപ്പവനെപ്പോഴും കണ്ടെത്തീടും.

6 സീയോനിൽ വാസം–ചെയ്യുന്നവരെല്ലാം
കർത്തനു കീർത്തന ഗീതങ്ങൾ പാടീടട്ടെ;
വിവരിച്ചീടുക നാഥന്റെ ചെയ്തികളെ
അഗതികളെയവൻ ഒരുനാളും കൈവെടിയില്ല.

7 കർത്താവേയെന്മേൽ–നീ കൃപ ചൊരിയണമെ
പീഡകളനവധിയേറ്റവനാം ബലഹീനൻ ഞാൻ;
ഭീകര മരണത്തിൻ വാതിലിൽ നിന്നെന്നെ
കോരിയെടുത്തുയരത്തിൽ നീ മണവാ നല്കൂ.

8 സീയോൻ സുതരിടയിൽ തവ കീർത്തന ഗീതം
നാൾതോറും ഞാൻ പാടീടും അൻപുടയോനേ,
നിൻ രക്ഷയിലെന്നും മോദിച്ചീടുമഹം
നിന്നെ മാത്രം അനുനിമിഷം ധ്യാനിക്കും ഞാൻ.

9 നിന്നെ വിളിച്ചീടും മർത്ത്യർക്കൊരുനാളും
ആശ്രയമറ്റവനല്ലെന്നാ നിബിചൊല്ലുന്നു;
ആശ്രയമീശനിലർ–പ്പിച്ചിടു മർത്ത്യാ, നീ
ദുർദിവസത്തിലവൻ നിന്നെ കൈകളിലേന്തും.



**27** "നിരവധി നയനങ്ങൾ നിറയും ക്രോബേന്മാർ"

1 നിരവധി നയനങ്ങൾ നിറയും ക്രോബേന്മാർ
ചിറകുകളാറാറുള്ളവരാം സ്രോപ്പേന്മാരും
ബേതലഹേം ഗുഹയിൽ എത്തി മാതാവേ
തിരുസുതനെ നീ ലോകത്തിൽ പ്രസവിച്ചപ്പോൾ.

2 മുത്തുകൾ വച്ചൊരു വൻമകുടം പേറിയവർ
ഗീതം പാടി നിൻ ശിരസ്സിൽ മകുടം വച്ചു
വലിയൊരു പ്രഭവിതറി നിൻ ശിരസ്സിൻ ചുറ്റും
കന്യകയെ കണ്ടാ ദൂതർ അത്ഭുതമാർന്നു.

3. വാനവദൂതന്മാർ മേല്യരേ നിന്നും
ദൈവത്തിൻ തിരുമാതാവിൻ മുമ്പിൽ കുപ്പി
ദൈവസുതൻ മാതാവീധരയിൻ തരുണി
ഗൂഢം രഹസ്യം ദർശിച്ചവർ സ്തുതികൾ പാടി

4 സൃഷ്ടികളെയെല്ലാം നിർമ്മിച്ചൊരു വചനം
സൃഷ്ടിസമം മടിയിൽ മേവി ദൂതർ കണ്ടാർ
സൃഷ്ടികളെ പാലിക്കുന്നവനാം നാഥൻ
സൃഷ്ടിസമം സ്തന്യം പാനം ചെയ്തവളിന്ന്.

5 ഉയരേ പിതൃസവിധേ മരുവിയ വൻശക്തി
കാലാന്ത്യത്തിലെഴുന്നള്ളി കന്യകയുദരേ
അവളെയൊരു പടവായ് കരുതി മാല്യമിതാൻ
അവളിൽനിന്നും മേനിയെടുത്തെത്തീധരയിൽ

6 മിശിഹായുടെ വിനയം ദർശിച്ചാദൂതർ
നയനമുയർത്തി സ്തുതിപാടി ചിറകുവിരിച്ചു,
സ്തുതിയെന്നും കർത്താവേയങ്ങേക്കായ്
അത്യുന്നതവാസം ഗേഹം നിന്റേതത്രേ.

www.malankaralibrary.com



7 ബേത്‌ലഹേം ഗുഹയിൽ മിശിഹായെ കണ്ടാ–
ദൂതരുരച്ചു, "ശാന്തിധരേ"യെന്നെന്നേക്കും
മാംസമെടുത്തവനെ ദർശിച്ചവർ പാടി
സന്മനസ്സുള്ളവരാം മർത്യർക്കുളവായ് ശരണം.

8 ഒരുമേഘം മൂടി നിബിയുടെ കൂടാരം
പുതിയൊരു മേഘം മൂടിയിതാ ഗുഹയിൻ മീതേ
ഇസ്രായേലിന്നായ് രക്ഷകനാഗതനായ്
അതു സാക്ഷിക്കാനെത്തിയിതാ വാനഗണങ്ങൾ.

9 ഇടയന്മാർ കേട്ടു ദൂതന്മാർ വചനം
ഓടിയടുത്തു വന്ദിപ്പാൻ പുൽക്കുടതിങ്കൽ
പുതിയൊരു ദീപ്തി പരന്നാ ഗുഹയുടെ ചുറ്റും
മേഘം നീങ്ങി; ദീപ്തിയിലേക്കാർ നോക്കീടും.

10 ആ ദീപം തിങ്ങി ശിശുവിൻ ഉദയത്തിൽ
നവമാം ശോഭകളാലവനാ ഗുഹയെ നിറച്ചു;
മാതാവാം മറിയം പേറീ മിശിഹായെ
സ്തന്യം നൽകിത്താലോലിച്ചാനന്ദിച്ചു.[40]

11 പിതൃമാർവ്വിൽനിന്നും അകലാതൊരുനാളും
സുതനമരുന്നാ കന്യകതൻ മടിയിൽ ശിശുവായ്
സ്വർഗ്ഗീയോന്നതമാം ഗേഹം വെടിയാതെ
സ്വേച്ഛാ നരനായ് തീർന്നോനെന്നേക്കും സ്തുത്യൻ.[41]

40 cf. Protoevangelium of James, 19:2

41 cf. Romanos, (SC 110) Hymn. XII, 14; the office for the feast of St. Anthimos (3. Sept) introduces a play on Jn 1:18, having the same idea. cf. PG. CV. 1184.



12 നരനായ്ത്തീർന്നവനാം ദൈവം കന്യകതൻ
സ്തന്യം നുകരും സമയത്തും ദൈവം തന്നെ
ലോകത്തിൻ പരിപാലകനാം പ്രിയനാഥൻ
കന്യകതൻ ചെറു കൈകളിലായ് ലാളനമേറ്റു.

13 സൃഷ്ടികളെല്ലാം വാഴുന്നീശൻ മടിയിൽ
സൃഷ്ടികളെത്താങ്ങുന്നവനാമീശൻ ധന്യൻ
മുടികൾ മുടയുന്നു സൃഷ്ടിക്കെല്ലാമായ്
നരനാം മിശിഹാ കന്യകതൻ മടിയിൽ വാണു.[42]

14 സ്തന്യം നല്കുന്നോ–രുന്നത രാജാവേ,
നിന്നെ പാലൂട്ടിയതരുണി ശോഭനയത്രേ;
ആനന്ദിച്ചീടു ദൈവത്തിൻ മാതേ;
അവനാണുലകത്തിൻ രക്ഷകനെല്ലായ്പ്പോഴും.[43]

15 മലയിൽ തുള്ളിച്ചാടുന്ന മൃഗത്തിനും
കരയും കാക്കക്കും നല്കുന്നീശൻ ഭോജ്യം.
വനഭൂമിയിലലയും കലമാൻ കുഞ്ഞിനെയും
പരിപാലിപ്പവനെ കന്യക പരിപാലിപ്പൂ.

16 സുതനവതാരം ചെ–യ്തതിനാലീധരയിൽ
ശാന്തി പരന്നതു കണ്ടവരാം വാനഗണങ്ങൾ
ഒരു ഗീതം പാടി മോദമൊടൊന്നായി
"സന്മനസ്സുള്ളോർക്കുളവായി ധരയിൽ ശാന്തി.[44]

42 cf. Ephrem In Nativitate, 4, 149. CSCO 186.

43 cf. Romanos, op. cit. X, 23. John Damascen Homily for the Annunciation, PG XCVI, 656.

44 cf. Theophylact, PG CXXIII, 724.

www.malankaralibrary.com



17 ഉന്നതഗിരിയിൽ നിന്നുന്നതനാമീശൻ
നോക്കുന്നെല്ലാമർത്ത്യരെയും തൻ തൃക്കണ്ണാൽ
കന്യകമറിയത്തെ ദർശി–ച്ചവനോതി
ഈ ഗേഹം ഞാൻ കാംക്ഷിപ്പൂ; ഇവിടെ വസിക്കും.[45]

18 മർത്ത്യഗണത്തിന്നുത്തമയാകും തരുണി ·
കന്യകമറിയത്തിൻ ശോഭ ബഹുമോദകരം
അവളുടെ സൗന്ദര്യം ദർശിച്ചവനോതി
"ഇതു താനെൻ പ്രിയമാംവാസം കാലാകാലം."

19 ജാതികളിൽനിന്നും ജാതയതായ സുതേ
നിൻ സൗന്ദര്യം കമനീയം; സൗഭാഗ്യവതീ
നൃപരാജൻ മിശിഹാ നിന്നെ മോഹിച്ചു
നിന്നെ ചേർക്കാൻ വന്നീടും കാലാന്ത്യത്തിൽ.

20 നൃപനാം നിൻസുതനോ-ടെൻപ്രിയ മാതാവേ
പ്രാർത്ഥിക്കണമെ പാപികളാമടിയാർ പേർക്കായ്
ബഹുവിധമാം പാപം ചെയ്തവരാമിവരിൽ
കൃപചൊരിയാൻ നിൻ വത്സലനോടഭ്യർത്ഥിക്ക.

## 28 "നീട്ടിയ കൈയിൽ ദാനത്തെ വയ്ക്കുന്നു"

1 നല്ലുണമരചനുവി–ജ്ഞാനം സ്രഷ്ടാവേ,
ശക്തി ധരിപ്പിക്കവനെ നീ എന്നന്നേക്കും
ശാന്തി പരത്തിടുമാ–നൃപനീ ഭൂമിയിതിൽ.
നീതി പരക്കും; മോദിക്കും ജാതികളവനിൽ.[46]

.............................

45 cf. സങ്കീ 33, 13; 45, 12; 132, 14.
46 സങ്കീർത്തനം 72



2 ശിരസ്സിൽ പേറുന്നു–ശാന്തിയതിൻ ദൂത്
ധരയിൽ വിതറുന്നവനതിനേ മോദത്തോടെ;
നീതി സമാധാനം കതിരായ് നിറയുന്നു
സ്നേഹം തിങ്ങിയ കററകളാ മന്നൻ കൊയ്വൂ.

3 ഒരു നാളും മങ്ങാ–ത്തവനാം രവിപോലെ
നീതിയുടാട ധരിക്കുന്നു നൃപനാം മിശിഹാ
വിധവയ്ക്കാശ്രയമായ് മരുവുന്നവനെന്നും
ആനന്ദം പകരുന്നവനാ ഗതിയറേറാർക്കായ്.

4 നീട്ടിയ കൈയിൽ ദാനത്തെ വയ്ക്കുന്നു
മുട്ടുന്നവനെല്ലാം വാതിൽ തുറന്നീടുന്നു
വിളിചെയ്യുന്നവർ പ–ക്കൽ താനണയുന്നു
ദാഹം തീർക്കും ധരയിൽ നദിതീരം തിങ്ങി.

5 ജയിലറ ഭേദിക്കും ന്യായാധിപനുടയോൻ
ചങ്ങലയെല്ലാം നീക്കുന്നു ബലവാൻ ദൈവം.
ഭീകരമുഷ്ടികളിൽപെട്ടവരാം മർത്ത്യർ
സ്വാതന്ത്ര്യത്തിൻ വായുവിനായ് അവനെ നോക്കി.

6 ധരയിൽ പതിയുന്നോ രുത്തമമാം വൃഷ്ടി
ധരയുടെ ദാഹം തീർക്കുന്നു കാണ്മിൻ പ്രിയരേ;
മഞ്ഞും മഴയും ഭൂ–മിയിലെന്നും വീഴ്ത്തും
മിശിഹാ ദാഹം തീർക്കുന്നു, ഓടിയടുക്കിൻ.

7 മാററില്ലവനൊരുനാൾ ചെയ്തൊരു വാഗ്ദാനം
തളിരും പൂവും വിടരുന്നതു പോലവ വിടരും;
ആദിയിലബ്രാഹം നേടി വാഗ്ദാനം
കാലാന്ത്യേയതു മിശിഹായിൽ നിറവേറിയിതാ.

www.malankaralibrary.com



8 ഇസ്രായേൽ വഴിവി–ട്ടോടി സീനായിൽ
ഉടയോനതു ഗൗനിക്കാതെ സുതനെ നല്കി
കാനാനിൽ ചെയ്തോ–രുന്നതവാഗ്ദാനം
കരുണ നിറഞ്ഞവനനുവർത്തിച്ചന്തിമ നാളിൽ.

9 കരകടലധിപതിയാ–മുന്നതനാം രാജാ
തവരാജത്വം ശ്രേഷ്ഠമഹോ–അന്ത്യമതില്ല
ജാതികളഖിലം കൂപ്പും നിൻ പാദത്തിൽ;
അരിയും വാളാൽ വൈരികളെ താനരിയുമ്പോൾ.

10 നൃപനെ വണങ്ങാത്തോ രീധരയിൽ കാണാൻ
ഇടയില്ലെ.ന്നറിയിൻ പ്രിയരേ പാടിൻ സ്തുതികൾ
ഭുവാനങ്ങളിലീ നൃപനെപ്പോലൊരുവൻ
കാണാനില്ലെന്നാകാശം പ്രഖ്യാപിപ്പൂ.

11 സോദരനില്ലാത്തോ–നവനത്രേ ഭ്രാതാ
മാതാവില്ലാത്തവനവനാണുത്തമമാതാ
ജീവൻ പകരും താതനും സോദരിയും
ബന്ധു ജനങ്ങളുമെല്ലാമീയുന്നതനത്രേ.

12 അഗതികളോടുന്നു മിശിഹാ സവിധത്തിൽ
അവരെ നിറയ്ക്കുന്നവനൊരുവൻ പ്രത്യാശയതാൽ
മോദം കലരും നീരിൻ പനിവർഷത്തെ
അവരിൽ ചൊരിയുന്നവനെന്നും അവനേ വാഴ്ത്താം.

13 അവരുടെ വേദനതൻ വേദനയായ് കാണും
'നടപടി'യിൽ വിവരിപ്പതു നാം കണ്ടറിയുന്നു
വിലയേറിയതത്രേയവരുടെ പ്രിയരക്തം
അതു ധരയിൽ ചിന്താനവനനുവാദം നല്കാ.



14 ധരയുടെ കോണുകളിൽ നിറയുന്നൊരു നാമം
നിലനില്ക്കുന്നെല്ലാനാളും മഹിമോന്നതമായ്
ശാന്തി നിറഞ്ഞ നൃപൻ മിശിഹാ ദൈവസുതൻ;
അവനായ് ഗീതം പാടിടുവിൻ പ്രിയസോദരരേ.

## 29 "നീയാണുന്നതനാം രാജൻ സ്തുതിയങ്ങേയ്ക്കായ്"

1 ഹൃദയത്തിന്നാഴ–ത്തിൽ നിന്നെൻ നൃപനേ,
നിൻസ്തുതി പാടാൻ ശക്തിയെനിക്കേകണമിപ്പോൾ
നിൻ ദാനം പാടും നിത്യം ജനമദ്ധ്യേ
നിൻ നാമം ഞാൻ ഘോഷിക്കും മോദമോടെന്നും.[47]

2 പാപം പോക്കുന്നോരുത്തമനാമിടയാ,
മുറിവുകൾ കെട്ടും നൽവൈദ്യാ രക്ഷകനീശാ
കുഴിയിൽ നിന്നെന്നെ രക്ഷിക്കുന്ന നൃപാ,
കൃപയാലെന്നെ ചുറ്റുന്നൊരു നാഥാ സ്തോത്രം.

3 നന്മകളാലെന്നെ മൂടും നായകനേ,
സ്നേഹത്താലെൻ ഹൃദയത്തെ നിറയ്ക്കുന്നവനേ,
മോദം പകരുന്നു അനുദിനമെൻ വഴിയിൽ
വിജയം നല്കുന്നെന്നെന്നും ഉടയവനീശൻ.

4 ചൊന്നവയെല്ലാം നല്കുന്നു കൃപയാലെ
അഗതികളിൽ തൻ കരുണയവൻ വർഷിക്കുന്നു.
മൂശയ്ക്കായ് കാട്ടീ ഉന്നതമാം നാമം
ജനതതികണ്ടു ദൈവത്തിന്നത്ഭുത കർമ്മം.

---

47 സങ്കീർത്തനം 103

www.malankaralibrary.com



5 കരുണ നിറഞ്ഞവനും കൃപ തൻ പാർപ്പിടവും
നീയാകുന്നെന്നഖിലരുമിന്നാർത്തിടുന്നു
ശാന്തതയത്രേ നീ: നിത്യം വിശ്വസ്തൻ
പാപം നീക്കുന്നെന്നെന്നും; ദാനം നല്കും.

6 വാനം ഭൂവിൽ നിന്നകലത്താകുന്നു;
പാപത്തെയവനതുപോലെ ദൂരെയകറ്റി
വാനം ഭൂമിക്കായ് പകരുന്നു സർവ്വം
അതുപോലത്രേ തൻ ദാനം ദാസന്മാരിൽ.

7 താതൻ കാരുണ്യം കാട്ടുന്നു സുതരിൽ
ധരയിൽ കൃപ ചൊരിയുന്നുടയോനതുപോലെന്നും
നമ്മെയറിയുന്നോ–രുന്നതനാം താതൻ
നമ്മെ നിറയ്ക്കുന്നു കൃപയാൽ; ഗീതം പാടാം.

8 ഉദയത്തിൽനിന്നും അസ്തമയം ദൂരെ
അതുപോൽ പ്രിയരേ; തൻ കോപം സുതരിൽനിന്നും
മണ്ണാകുന്നവരാം നമ്മൾക്കുയിരേകാൻ
ശക്തിധരിച്ചവനെയെന്നും താണുവണങ്ങാം.

9 പുലരിയിലുളവാകും സസ്യംപോൽ മർത്യർ
ധരയിൽ മരുവുന്നു പ്രിയരേ, നിബിചൊല്ലുന്നു
മദ്ധ്യാഹ്നത്തിലടിക്കുന്നൊരു ചുടുകാറ്റിൽ
സസ്യം വാടുന്നതു താഴെപ്പോയ് മണ്ണാകും.

10 ദൈവത്തിൻ സ്നേഹം മാത്രം നിലനില്ക്കും
നീതി നടത്തുമവൻ നിത്യം കാലാകാലം;
തരുമവനൊരു ദിവസം തൻ പ്രിയ ദാസർക്കായ്
അഴിവില്ലാത്തൊരു സമ്മോഹനസുന്ദര ഭവനം.



11 സിംഹാസനമുയരേയുള്ളൊരു നാഥനവൻ
ധരയിൽ പാദം വയ്ക്കുന്നു ശക്തി ധരിച്ചോൻ
തിരുമുമ്പിൽ പാരും വാനും വസനംപോൽ
നീങ്ങിപ്പോകും; നീങ്ങാത്തോൻ അവനൊരുവൻ
താൻ.

12 അഗ്നി ധരിച്ചവരേ, പാടിൻ തൻ ഗീതം
ദൂതന്മാരാം സേവകരേ, കിന്നരമേന്തിൻ
ലോകം നിറയുന്നോ–രഖിലചരാചരമേ,
പാടാമവനായ് അവനുന്നത രാജാവത്രേ.

13 നാഥാ നിൻ ദാസർ വന്നീടുന്നിപ്പോൾ
തൃക്കൈ വയ്ക്കണമിവർമേൽ നിൻ ദാനം ചൊരിക;
ഘോഷിച്ചീടും ഞാൻ മോദമോടീ ഗീതം
"നീയാണുന്നതനാം രാജൻ; സ്തുതിയങ്ങേയ്ക്കായ്."

## 30 "പതിരവനെറിയും കളകളെയും."

1 പാപികളേ, വരുവിൻ–മോചനമാർന്നിടുവിൻ
നാഥൻ രാജ്യം സ്ഥാപിക്കാൻ ആഗതനായി;
കരളുരുകിക്കരയാൻ; പാപം കഴുകിടുവാൻ
അവസരമേകിയ മിശിഹായെ വാഴ്ത്തിപ്പാടിൻ.

2 മരുഭൂമിയിൽനിന്നും ഉയരുന്നൊരു ശബ്ദം:
"പാതയൊരുക്കിൻ; നാഥനിതാ; വാതിൽ
തുറപ്പിൻ."
'നിബിയുടെ ശബ്ദം കേട്ടുണരുക നിദ്രിതരേ:
'പതിരവനെറിയും; കളകളെയും
ഘോരാഗ്നിയതിൽ.[48]

48 മത്തായി 3:3

www.malankaralibrary.com



3 'പടവിലുറങ്ങീട്ടും'–യൗനാനെപ്പോൽ നീ
പണിചെയ്യാതെയുറങ്ങീടിൽ കതകുകളടയും;
കന്യകളൊപ്പമവൻ മണവറയിൽ പൂകും
ഭോഷികളവിടെക്കയറില്ല; കതകുകളടയും.[49]

4 മഹിമധരിച്ച നൃപൻ ആഗതനായിട്ടും
ഉയരാഴങ്ങൾ വിറകൊള്ളും; കബറുകൾ പൊളിയും
ആടുകളെ ചേർക്കും നാഥൻ വലഭാഗേ
പതിരവനെറിയും, കളകളെയും
ഘോരാഗ്നിയതിൽ [50]

5 മഹിമോദയ ദിവസം വന്നണയുന്നേരം
ഉയരാഴങ്ങൾ കാണില്ല, തുല്യതയെങ്ങും.
ആനന്ദം കളിയാടീടുന്നാ സുദിനം
ആഗതമാകാൻ സമയമിതായ് വേഗമൊരുങ്ങ്.

6 മർത്യശരീരം മണ്ണാണെന്നോർത്തിടുവിൻ
പാത്രമുടഞ്ഞിട്ടുമുറവിങ്കൽ; ഖേദിക്കേണ്ട.
മണ്ണിന്നുടയവനെ–കുമ്പിട്ടുമവനെന്നും
ശോഭയെഴുന്നൊരു വസ്ത്രത്താൽ മോദിച്ചീടും.

7 മോഹന സുന്ദര ഗാത്രത്തിൻ ശോഭയിൽ നീ
ജീവൻ വയ്ക്കേണ്ടൊരു നാളും; മണ്ണും ശോഭ
വയലിൽ ശോഭിക്കും കുസുമം വാടുന്നു;
വെയിലിൽ വാടാത്തൊരു പുഷ്പം
തേടിയിറങ്ങിൻ.[51]

49 മത്തായി 25
50 മാലാക്കി 4:2.
51 ഏശായാവ് 40:6



8 യോർദ്ദാനിൽ സ്നാനം നല്കിയ യൂഹാനോൻ
യൂദജനത്തിൻ പാപങ്ങളെ നീക്കിയതില്ല;
ഏദോമിൽനിന്നും ആഗതനായ നൃപൻ
ഹിമവെൺമസമം കഴുകുന്നു കറകളെയെല്ലാം.[52]

## 31 "പരിമള നറുമണമേ, മറിയാമേ സ്വസ്തി"

1 പരിമളനറുമണമേ മറിയാമേ, സ്വസ്തി,
നിൻ ഗന്ധത്തെപ്രതി ചൊന്നൂ നൃപനാം ശ്ലേമോൻ
നിന്നിൽ നിന്നുളവായവനാം നൽകുസുമം
വിതറുന്നു തൻ പരിമളമീധരമുഴുവനിലും.[53]

2 കെട്ടിയടച്ചപ്പെട്ടൊരുവൻ പൂന്തോട്ടം
ശ്ലേമോൻ വിവരിക്കുന്നു സങ്കീർത്തനമതിനുൾ
നറുമണ വാഹികളാം മോഹനകുസുമങ്ങൾ
നിറകുലയേന്തും കായ്കനികൾ എല്ലായിടവും.

3 ലെബനോൻ വനഭൂവിൽ വിടരും കുസുമങ്ങൾ
വിരിയും നന്നായീ വാടിയിൽ നറുമണമോടെ
ലബനോനിലെ ഗന്ധം മേവുന്നാധരയിൽ
ഈ ഉദ്യാനമിതിൻ ഗന്ധം ലോകം മുഴുവൻ.

4 നൃപനാം ദാവീദിൻ കിന്നരമാം മാതേ,
നൃപനാം ശ്ലേമോൻ ചൂടിയതാം മകുടം മാതേ,
മുദ്രിതമാം തോട്ടം നീയാണെൻ മാതേ,
സൗഗന്ധിക സുമവാഹിയതാം തരുവാംമാതേ.

52 ഏശായാവ് 40:4.
53 cf. ഉത്തമ. 4. 9. 11-12

www.malankaralibrary.com



5 നിബിമാർ വിവരിപ്പൂ നിർമ്മല കന്യകയെ:
മുൾച്ചെടിയാലൊരുവൻ; വടിയാലപരൻ കാണ്മൂ.
മുദ്രിതമാമുദ്യാനത്താൽ വേറൊരുവൻ;
പൂട്ടപ്പെട്ടൊരു വാതിലിനാൽ നിബിഹസ്കീയേൽ.

6 ധരയിൽ വയ്ക്കാതെ വടി ഫലമേന്തിയിതാ
തളിരും പൂവും കതിരുമതിന്നൊപ്പം വന്നു
കന്യാത്വത്തിൽ ദൈവത്തെ പ്രസവിച്ച
കന്യകമറിയാമിൻ രൂപം വഴികാട്ടുന്നു.[54]

7 കൃപയുടെ പൂർണ്ണതയേ, കന്യകയേ, മാതേ,
ആനന്ദത്തിന്നുറവിടമേ കരുണാപൂർണ്ണേ
ശോഭനിറഞ്ഞവളാം പരിപാവനതരുണീ,
നിൻമുഖ കാന്തിയവർണ്ണ്യമതെന്നോതുന്നടിയർ.

8 സ്ലീബാസമമായ് സ്രോപ്പേന്മാർ മൂടുന്നു
ഇരുചിറകാലവരുടെ പാദം; രണ്ടാൽ മുഖവും
തിരുസുതനുടെ സവിധേ നിന്നുവരുന്നവയാം
അഗ്നികളെത്തടയാനായവർ ചെയ്യുന്നിതുപോൽ.

9 നിരവധി നയനങ്ങൾ നിറയും ക്രോബേന്മാർ
ഭീതിനിറഞ്ഞു വസിക്കുന്നു സുതനുടെ സവിധേ
അഗ്നിയെ ദർശിപ്പാനഗ്നിമയന്മാരാം
ശക്തികൾ ശക്തന്മാരല്ലെന്നോതുന്നു നിബി.

10 നീയോ ഉദരത്തിൽ പേറിതീക്കട്ട
ജ്വാലയുമഗ്നിയുമൊപ്പം നിന്നുദരേവാണു;
ദൈവത്വത്തിന്നത്യുഗ്രമതാം രശ്മി
നിന്നിൽ മേവിയതിൽ ദൂതർ അത്ഭുതമാർന്നു.

54 cf. Ephrem, Hymn to the Bl. V. Mary, XI,6



11 മൂശാനിബിഹോറേബിൽ കണ്ടൊരു കാഴ്ച
പാവനകന്യേ നിൻ രൂപം വെളിവാക്കുന്നു
ക്രിസ്ത്യാനികളാകുന്നിവർ നിന്നിൽ മാതേ
അഭിമാനിക്കുന്നവിട്ടുന്നാണുത്തമപുത്രി.[55]

12 തുക്കൈകളിലഗ്നിക്കുണ്ഡം പേറിയവൾ
അഗ്നിവസിച്ചവളുടെയുദരേ; അത്ഭുതരഹസ്യം
കത്തും സൂര്യനെയേന്തീയവളുദരത്തിൽ
വിജ്ഞാനികളെ ഈ സത്യം മൗനികളാക്കി.[56]

13 മാതാവേ, പ്രാർത്ഥിക്കണമടിയാർക്കായി
നിൻ സുതനാമീശൻ സേവകരടിയാർക്കായി
അർപ്പിക്കുന്നടിയർ ജീവൻ തൃക്കൈയ്യിൽ
വയ്ക്കണമെ മിശിഹാവഴിയാ പിതൃപാദത്തിൽ.

14 നീവഴിയുയരത്തിൽ കയറുന്നടിയങ്ങൾ
യാചിക്കുക നിൻ സുതനോടായ് ഞങ്ങൾക്കായ്
വിശ്വാസം വിനയം സത്യം കരുണയിവ
വർഷിച്ചിട്ടവാൻ പ്രാർത്ഥിക്കുക മിശിഹായോടായ്.

15 സ്വസ്തി നിനക്കേകും കർത്താവിൻമാതേ
നന്ദിയുമാരാധനയും നല്കും താതനും
സ്തുതികൾ ഗീതങ്ങൾ വത്സലനാം സുതനും
ആരാധന കാലാകാലം റൂഹ്ക്കുദിശായ്ക്കും.

55 Ibid. XVI, 3
56 Ibid. IV, 3

www.malankaralibrary.com



15 പരിപാവനമാതേ, മോദത്തിൻ വിരിയേ,
പൂകട്ടടിയൻ പാവനമാം ബലിവേദിയതിൽ
നിന്നുദരഫലത്തെയെൻ കൈകളിലേന്തി
എൻ ജീവനതിൽ ചേർക്കാനായ് വെമ്പുന്നടിയൻ.[57]

32 ''പിടയുന്നീശോ മമ ഹൃദയം''

1 കഴുകണമെൻ കറകൾ കരുണാ വാരിധിയേ,
തിരുനാമത്തെ പ്രതിയടിയൻ ക്രുദ്ധിതനായി
തവതിരുനാമം ദു–ഷ്ടർ നിന്ദിക്കുമ്പോൾ
ഉയരുന്നഗ്നികളെന്നിൽ നി–ന്നെൻ കരുണാബ്ധേ.

2 പാപികളാമടിയർ പിഴ ചെയ്യുന്ന നരർ
വിധി ചെയ്യാനായനുനിമിഷമണഞ്ഞീടുന്നു
വിധി ചെയ്യാത്തവനേ, കൃപ തന്നുറവിടമേ,
മായ്ക്കണമേയെൻ തെറ്റുകൾ നിൻ കരുണക്കടലിൽ.

3 ശാന്തത ഏകണമേ ശക്തി പകന്നിടണെ
കൃപയുടെ കോട്ടകളാലെന്നെ ചുററണമെന്നും
കൈ തന്നുയരേയേററീടണമഖിലേശാ
വിധി ചെയ്യും വൻ ദിനമതിലെൻ കൂട്ടായ് മേവൂ.

4 നിന്നിൽ വയ്ക്കുന്നെൻ ചിന്തകളെല്ലാം ഞാൻ
അനുനിമിഷം നീ സംരക്ഷിക്കണമടിയാരെ
തള്ളരുതെന്നെ നാഥാ, നിൻ കൃപ നിറയും
ഭവനേ നിത്യം വാണിടുവാൻ ശക്തിയയയ്ക്കൂ.

57 cf. ECR. 1, 2 (1973), P. 142–156



5 നിൻ കൃപ മാത്രം നാഥാ നിലനില്ക്കുന്നു
നിൻ ഉന്നതമാം തൃക്കൈകൾ താങ്ങുന്നെന്നും
ബലഹീനതയാൽ ഞാൻ വീഴുന്നു കുഴിയിൽ
കൈ തന്നിവനെ കരകേററൂ–കരുണാനിധിയേ.

6 പാപികളാമടിയർ താണു വണങ്ങുന്നു
സകലാധിപനാം സ്രഷ്ടാവേ, സ്തുതി അങ്ങേയ്ക്കായ്
കൈക്കൊള്ളണമെന്നെ തള്ളരുതേ നാഥാ,
രക്ഷയെനിക്കായ് നല്കേണം–നീയെൻ ദൈവം.

7 പാത വെടിഞ്ഞവരാം സോദരരെ പ്രതി ഞാൻ
അർപ്പിക്കുന്നെൻ പ്രാർത്ഥനകൾ കൈക്കൊൾ നാഥാ,
കുഴിയിൽ വീഴാതെൻ പാതകളെ നാഥാ,
സംരക്ഷിക്കണമെപ്പോഴും നീയെൻ ദൈവം.

8 തവ കാരുണ്യത്താൽ തിരുഭവനേയെത്തി
സ്തുതികൾ ഘോഷിച്ചീടും ഞാൻ ജാതികൾ മദ്ധ്യേ
നിന്നെ നമിച്ചീടാൻ കൃപ ചൊരിയണമീശാ
നീയാണുലകത്തിൻ ദൈവം വാഴ്ത്തീടും ഞാൻ.

9 കൃപയുടിരിപ്പിടമേ, കരുണാ വാരിധിയേ,
കഴുകണമെന്നെ സോപ്പായാലീ സുദിനത്തിൽ
സോദരനെതിരെ ഞാൻ ഉരചെയ്ത വാക്യം
തിന്മ നിറച്ചു; മനമിളകി; നിന്നെ മറന്നു.

10 അർപ്പിക്കുന്നടിയൻ ഈ നിമിഷം താതാ,
ജീവിത ബലിയെൻ സഹജക്കായ് കൈക്കൊൾ
കുഴിയിൽ വീഴാതെ കാലിടറീടാതെ [നാഥാ,
നന്മയിൽ നില്പാൻ ശ്രദ്ധിപ്പിൻ–ഓതീ ശ്ലീഹാ.

www.malankaralibrary.com



11 മോദകരം നാഥാ, തവ മോഹന ഭവനം
അതിലെ വാസം കാംക്ഷിക്കുന്നെപ്പോഴും ഞാൻ
എത്തുന്നെപ്പോഴും ഞാനതിലെൻ നാഥാ,
നിൻ കൃപ മാത്രം സമ്പത്തെ–ന്നോതുന്നേൻ ഞാൻ.

12 തവ പാദം വന്ദിക്കുന്നതിനായടിയർ
തവ ഭവനത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നു
നീട്ടണമെ നാഥാ, തൃക്കൈ ഉയരേണം
വാഴ്ത്തണമെ നിൻ ദാസരെ നീ ഈ നിമിഷത്തിൽ.

13 നിൻ മഹിമ വിളങ്ങു-ന്നുജ്ജ്വലമാം ലോകേ
നിൻ നാമം ഘോഷിച്ചീടാൻ വെമ്പുന്നേൻ ഞാൻ
നിൻ ഭവനേ നിത്യം വാസം ചെയ്തിടുവാൻ
പിടയുന്നീശാ മമ ഹൃദയം കൃപയരുളേണം.

33 "പുതിയൊരുമ്പടി ഞാൻ ചെയ്യുന്നുടയവനേ"

1 ശോഭയെഴുന്നോരെൻ പ്രിയനാം മണവാളാ,
കഴുകണമെൻ കറകൾ കൃപയിന്നലയാഴിയതിൽ
ചേർക്കണമെന്നെനിൻ മോഹനമാം ഭവനേ
നല്കണമെ വലമാം സ്ഥാനം വൻദിവസത്തിൽ.

2 ഈ ദിവസം ഞാനെൻ കർമ്മങ്ങൾ സകലം
വയ്ക്കുന്നു തവ പാദത്തിൽ കൈക്കൊണ്ടാലും
ചിന്തകൾ വാക്കുകളെല്ലാം നിൻ സന്നിധിയിൽ
അർപ്പിക്കുന്നെൻ കർത്താവേ, കൈക്കൊണ്ടാലും.

3 നിരവധി-തിന്മകളീദിവസം ഞാൻ ചെയ്തു
കുറവുകളനവധിയുണ്ടായീ പുതിയൊരു ദിവസം
പുലരിയിൽ ഞാൻ ചെയ്ത പുതിയൊരുടമ്പടിയെ
ഗൗനിച്ചില്ല നയനങ്ങൾ പതറി നടന്നു.



4 ഞാനെൻ ഹൃദയം നാഥാ നിൻ സന്നിധിയിൽ
അർപ്പിച്ചതിനാൽ അവയൊട്ടും വഴിതെറ്റില്ല
കാക്കണമെൻ പാദം കുഴിയിൽ വീഴരുതേ
സൂക്ഷിക്കണമെന്നെ നാഥാ നിൻ ഹൃദയത്തിൽ.

5 സംയമനം പാലി-ക്കാത്തവരെ തിന്നും
നരകത്തീയിന്നടിയാനെ രക്ഷിക്കണമെ
ഇനിയൊരു നാളും ഞാൻ ചെയ്യില്ലപരാധം
നിൻ നാമം ഞാൻ ജനമദ്ധ്യേ ഘോഷിച്ചീടും.

6 ചോരൻ നല്കുന്ന സാക്ഷ്യം പ്രിയ നാഥാ
മോദം പകരുന്നവനോതി "നീ കരുണാബ്ധി"
പാപിനിയും നല്കുന്നുടയവനേ സാക്ഷ്യം
പാപം ചെയ്തോൻ നിൻസവിധേ ഓടിവരുന്നേൻ.

7 നല്കണമെ കണ്ണീരെൻ പ്രിയ കർത്താവേ,
കഴുകും നിൻ തിരുപാദം ഞാനെൻ മിഴി നീരാൽ
ഒരു നാളും നാഥാ, നിന്നിൽ നിന്നടിയൻ
അകലെപോകാനിടയാകരുതെൻ മണവാളാ.

8 പുതിയൊരു ശോഭ പകർന്നീടണമെന്നുള്ളിൽ
നിൻ വചനം മമ ഹൃദയത്തിൽ പ്രഭ വിതറണമെ.
നല്കണമെ വലുതാം ശാന്തതയെന്നുള്ളിൽ
കാലാന്ത്യത്തിൽ മോഹനമാം പറുദീസായും.

9 മിശിഹാരാജാവേ വന്നീടുക വേഗം
ഈ മരുഭൂമിയിലാരുണ്ടീയഗതിക്കായി
നീയെന്തേ വരുവാൻ വൈകുന്നു നാഥാ,
നിൻ തിരുവചനം ജനമദ്ധ്യേ ഘോഷിക്കും ഞാൻ.

www.malankaralibrary.com



10 പുതിയൊരുടമ്പടി ഞാൻ ചെയ്യുന്നുടയവനേ,
തരണം പ്രഭ നീ ഉയരേന്നും ഞാൻ ജീവിക്കും
നിന്നെ സ്നേഹിക്കും–മുഴുഹൃദയത്തോടെ
സോദരനായെൻ പ്രിയ ജീവൻ അർപ്പിച്ചീടും.

## 34 ''പ്രിയനാഥൻ തിരുമാർവ്വിൽ നാം''

1 മിശിഹായുടെ ജനമാം ഇസ്രായേലെന്നും
മംഗള ഗീതമുയർത്തേണം മിശിഹായ്ക്കായി
തൻ ജനമായ് നമ്മെ ആക്കിയവൻ സ്തുത്യൻ
ഈ ലോകത്തിനു ദീപമതായ് നമ്മെ തീർത്തു.

2 പ്രിയ ഭവനം തേടി ഓടുന്നവരാം നാം
മരുഭൂമിയിൽ യാനം ചെയ്യുന്നിസ്രായേല്യർ
നമ്മുടെ പ്രിയ ഭവനം വത്സലരേ ഉയരേ
ഈ മരുഭൂമിയിലീ നമ്മൾ വഴിയാത്രക്കാർ.

3 ആപത്തുകളെല്ലാം ദൂരെയകറ്റുമേ നാൻ
ബലമേറുന്നൊരു കോട്ട സമം പരിപാലിപ്പൂ
ഭൂതലമാകെയഴിഞ്ഞവസാനിച്ചാലും
നാമിളകില്ല, പ്രിയനാഥൻ തിരുമാർവ്വിൽ നാം

4 പീഡകളനവധിയേററിവരെ വീണ്ടവനാം
മിശിഹായുടെ സേ–വകരാം നാം സ്ലീബാ പേറാം
അനുദിന ജീവിതയാ–ത്രയിലുയരുന്നവയാം
നിരവധിയാകും കുരിശുകളെ–പേറാം മോദാൽ

5 പരദേശികളായോർ നമ്മൾക്കീ നാട്ടിൽ
വേദന പ്രതിഫലമെന്നോർക്കിൻ–ഓരോ ദിനവും
കഷ്ടത തീരുന്നോ–രുന്നത സുദിനത്തിൽ
നാഥൻ സവിധേയണയാനായദ്ധ്വാനിക്കാം.



## 35 ''മരണത്തിലുമതുപോൽ ജീവനിലും നമ്മെ''

1 മണ്ണിൻ സൃഷ്ടികളാം കാഴ്ചകൾ മായുന്നു
സുന്ദരഗാത്രം പൊടിയാകും മൃതിയുടെ ശേഷം
ലൗകികനേട്ടങ്ങൾ പൊടിയിൽ ചേരുന്നു
കീർത്തി, സുഖങ്ങൾ മായുന്നു മൃതിയോടൊപ്പം.

2 വയലിൽ മുളച്ചീടും പുല്ലോടി സമമായോർ
മർത്ത്യർധരയിൽ സുമസമമായ് വാടിപ്പോകും
നേടിയ സമ്പാദ്യം ദൂരെയെറിഞ്ഞിട്ട്
മരണത്തിൻ മണിനാദത്തിലിറങ്ങീടേണം.

3 സ്നേഹിതരൊരു നാളും രക്ഷിക്കില്ലപ്പോൾ
ലൗകികനേട്ടങ്ങളുമവിടെ വിടവാങ്ങീട്ടും
മരണത്തിലുമതുപോൽ ജീവനിലും നമ്മെ
ഒരുപോൽ പുണരുന്നവനെ നാം താണുവണങ്ങാം

4 ആശ്രയമീധരയിൽവയ്ക്കുന്നവരെല്ലാം
ശോകം തിങ്ങും മരുഭൂവിൽ വീണുമരിക്കും
ആശ്രയമീശനിൽ വയ്ക്കുന്നവരെല്ലാരും
മൃതിയുടെ വേളയിലത്യുന്നത ജീവൻ നേടും.

5 ഉയിരും പുനരുത്ഥാ–നവുമെൻ വത്സലരേ,
കബറീന്നെഴുന്നേററവനാമീ മിശിഹായത്രേ
ഓടിയടുത്തീടാം ജീവൻ പകരുന്ന
ജീവജലത്തിന്നുറവയതാം നാഥൻ സവിധേ.

www.malankaralibrary.com



**36** ''മലമുകളിൽ ചിതറപ്പെട്ടവയാം''

1 പാതകൾ രണ്ടുണ്ടീ–യുലകത്തിൽ പ്രിയരേ,
ഒന്നു മഹോന്നതമാം ജീവനിലേക്കു നയിപ്പൂ;
മററതു് മൃത്യുവിലേ–ക്കാണെന്നറിയേണം
ജീവൻ കാംക്ഷിപ്പവരെല്ലാ–മതു വെടിയേണം.

2 ജീവനിലേക്കുള്ള–പാതയിടുങ്ങിയതു്
അതിലെ യാനംചെയ്യുന്ന നരനതിഭാഗ്യം,
മുഴുഹൃദയത്താൽ സ്നേഹിക്കു ദൈവത്തെ
സോദരനായ് നിൻജീവൻ നീ വച്ചീടേണം.

3 ജീവജലം നൽകു– ദാഹിക്കുന്നവനായ്;
ഭക്ഷണമേകു, ദുഃഖിതരെ താങ്ങണമെന്നും;
ആശ്വാസം നൽകു അഗതിയെ രക്ഷിക്കു;
നഗ്നക്കായ് നീ നിൻവസ്ത്രം പങ്കിടുവേഗം.

4 നാനാ ജാതികളിൽ–നിന്നും നിൻസഭയേ
ചേർക്കേണം നീ കർത്താവേ, തവ രാജ്യത്തിൽ
ചിതറപ്പെ–ട്ടവയാം മണികളിൽ നിന്നപ്പം
നിർമ്മിപ്പതുപോലെൻ നാഥാ, ചേർക്കുക സഭയെ.

5 ഓർക്കണമെ കർത്താ–വേ നിൻ തിരുസഭയെ
കാക്കണമവളെ അനുനിമിഷം ചിറകിൻകീഴിൽ;
ശോഭനമാക്കണമെ നിൻതിരുസ്നേഹത്തിൽ;
ചേർക്കണമെ നീ നിർമ്മിച്ചോരുന്നതരാജ്യേ.

* * * *

6 ഞാനൊരു നെന്മണിയാ–ണെൻ പ്രിയ കർത്താവേ,
നിന്നെപ്രതി നിത്യം ഞാനൊരപ്പം പ്രിയനേ;
അപ്പം നിർമ്മിക്കുന്നതുപോലെന്നെ നീ
മാററുക; നിത്യം ചേരട്ടെ നിൻതിരുഹിതമെന്നിൽ.



**37** ''മർത്യൻ നിർമ്മിക്കും ദേവൻ നിർജ്ജീവം''

1 എന്നും കാട്ടുന്നു നാഥൻ തൻ കരുണ
തൻ സ്നേഹത്തിനൊരുനാളും അതിരില്ലല്ലോ
സ്വസ്തി നിനക്കേകും അഖിലചരാചരവും
കൈവയ്ക്കുക നീ അടിയാർമേൽ നാഥാ കൃപയാൽ.[58]

2 മണ്ണുകുഴച്ചു ചിലർ വാർക്കുന്നു ധരയിൽ
കണ്ണും കണ്ണുവുമില്ലാത്തൊരു സർവ്വേശ്വരനെ
കണ്ണുണ്ടെങ്കിലുമാദേവൻ കാണില്ല
വായുണ്ടെങ്കിലുമാദേവൻ ശബ്ദിക്കില്ല.

3 മർത്യൻ നിർമ്മിക്കും ദേവൻ നിർജ്ജീവം
ചെവിയുണ്ടെങ്കിലുമൊരുനാളും കേൾക്കുകയില്ല.
ഉത്തരമേകാത്ത മണ്ണിൻ ദൈവത്തെ
കടലിന്നാഴത്തിൽ കളയണമെൻ സോദരരേ.

4 വേദന കാണുമ്പോൾ കരയാനറിയാത്ത
ദേവനൊരിക്കലുമെൻ പ്രിയരേ, രക്ഷകനല്ല
നരരുടെ മോദത്തിൽമോദം പങ്കിടുവാൻ
കഴിവില്ലാത്തവയാണവയെ–ന്നുര ചെയ്യുന്നേൻ.

5 എറിയണമവയെ നാം കടലിന്നാഴത്തിൽ
ബലിയർപ്പിക്കരുതൊരു നരനും കളിമണ്ണിന്നായ്
ഭുവാനങ്ങളെയെല്ലാമൊരു ഞൊടിയിങ്കൽ
സൃഷ്ടിച്ചവനെയെന്നെന്നും താണു വണങ്ങാം.

6 ഇസ്രേലിൻ പരമോന്നതനാം നല്ലിടയൻ
നന്മ പ്രവർത്തിക്കുന്നവനാണെല്ലായ്പ്പോഴും
യാക്കോബിൻ ദൈവം ഉത്തരമരുളീടും
ജാതജനങ്ങൾ പ്രാപിച്ചു വലുതാം കൃപകൾ.

---

58 സങ്കീർത്തനം 115

www.malankaralibrary.com



7 മിസ്രേമിൽ നാദം കേൾപ്പിച്ചവനാകും
അത്യുന്നതനാം ശക്തിയെ ഞാനാരാധിപ്പൂ
കാലാന്ത്യത്തിലിതാ ദൈവം കന്യകതൻ
ഉദരത്തിൽ നിന്നിവിടെത്തി–പനിനീർ വീഴ്ത്തി.

8 ശക്തി നിറഞ്ഞവനെ ശരണം പ്രാപിപ്പിൻ
രക്ഷിപ്പാൻ കഴിവുള്ളവനെ ആരാധിപ്പിൻ
കൈവെടിയിൻ മണ്ണിൻ ദുർഭഗമാം ബലിയേ
മർത്യർ കൊത്തിയ ദൈവത്തെ ദൂരെക്കളയിൻ.

9 കാലത്തിന്നധിപൻ ശക്തൻ സംപൂജ്യൻ
കാലാതീതൻ കൃപയുള്ളോൻ സ്നേഹസ്വരൂപൻ
യാക്കോബിൻ ദൈവം ജീവന്നാധാരം
ആരാധിക്കാം അനുദിനവും അവനെത്തന്നെ.

10 നല്ലന്നവനെല്ലാ കൃപയും കൈനിറയെ
വിളിച്ചെന്നാലവനെപ്പോഴും നന്നായ് കേൾക്കും
വേദന നീക്കുന്നോരുത്തമനാമിടയൻ
ആരാധിക്കാം അനുദിനവും അവനെത്തന്നെ.

11 ജീവന്നുറവിടമാം തൻപ്രിയ ഹൃദയത്തിൽ
നമ്മെ കാത്തിട്ടുമാനാഥൻ കൃപകൾ ചൊരിയും
തിരുരക്തത്തിൽ നാം മുഴുകിയ വത്സലരാം
ആനന്ദത്തിൻ കുമ്പാരം നല്ലന്നരചൻ.

12 ദാസർക്കായ് മിശിഹാ വാതിൽ തുറക്കുന്നു
അരുവികൾ പോലൊഴുകുന്ന കൃപ ഓടിയടുക്കിൻ
കരുണക്കടലാകുന്നവനേകൻ മാത്രം
ആരാധിക്കാം അനുദിനവും അവനെത്തന്നെ.



13 ധരയെ മനഞ്ഞ നൃപൻ നല്കി മർത്യർക്കായ്
തലമുറതോറും കാട്ടുന്നു കൃപ സുതരിവരിൽ
ജീവിപ്പവരെന്നും വാഴ്ത്തുന്നു നിന്നെ
കരുണ നിറഞ്ഞവനെയെന്നു കാക്കുക നിത്യം.

38 ''മഹിമോന്നതമാം ത്രിത്വത്തെ താണുവണങ്ങാം''

1 ശബ്ദമുയർത്തീടാം പാടാം വത്സലരേ,
ഉന്നതരാജനെഴുന്നെള്ളു നീധരയിങ്കൽ
തലകളുയർത്തീടുവിൻ കതകുകളേ നിങ്ങൾ
മഹിമോന്നതനൃപനായ് നിങ്ങൾ
വേഗമൊരുങ്ങിൻ.[59]

2 മഹിമധരിച്ചവനാണീമിശിഹാരാജൻ
കീർത്തനമേന്തിപ്പാടീടാം മമ വത്സലരേ,
പുഴിക്കയിരേകും പ്രിയനാം ഉടയവനേ,
ശക്തിധരിച്ചവനാകുന്നെന്നിവരാക്കുന്നു.

3 കടലിന്നാഴങ്ങൾ ദൈവത്തിൻ സൃഷ്ടി
മലയുടെ ഉയരവുമത്യുന്നതനുടെ കൈവേല
കരയും കടലും നിർ–മ്മിച്ചോരു സ്രഷ്ടാവാം
മഹിമോന്നതമാം ത്രിത്വത്തെ താണുവണങ്ങാം.

4 ആരാധനയർപ്പി–ക്കാമവനീ നിമിഷം
നമ്മേ സൃഷ്ടിച്ചവനായ് നാം സ്തുതിയർപ്പിക്കാം.
നമ്മുടെ നേതാവും ഇടയനുമവനത്രേ.
നാമെല്ലാവരുമാരാജാവിന്നവകാശം

59 സങ്കീർത്തനം 95

www.malankaralibrary.com



5 മരുഭൂമിയിൽ വീണോരിസ്രായേല്യർ പോൽ
ഒരുനാളും നീ തിരിയരുതേ നൃപനെതിരായി
ഹൃദയം നിർമ്മലമായ് കഴുകു പാപികളേ,
ഓടിയടുക്കിൻ മിശിഹായുടെ സന്നിധിയിങ്കൽ.

39 "മിശിഹായിൽ മൃതരേ"

1 ആദിയിലഖിലേശൻ— നിർമ്മിച്ചാദത്തെ
പൂഴിയിൽ നിന്നൊരു രൂപത്തെ വാർത്തുണ്ടാക്കി.
അവനെ സ്നേഹിച്ചോ—നവനായുയിരേകി
അത്ഭുതസൃഷ്ടി ഉലകത്തിൻ പ്രഭുവായ്ത്തീർന്നു.

2 അവനായ് താൻ നല്കി തരുണിയെ സഖിയായി;
വാനഗണങ്ങൾ മോദമൊടെ ശുശ്രൂഷകരായ്
പാരും വാനും ചേ—ന്നൊന്നിച്ചാദാമിൽ;
പറുദീസായിൽ ഭയമെന്യേ വാണു മർത്ത്യൻ.

3 മണ്ണിൻ സൃഷ്ടിയെ ദ—ർശിച്ചാദ്യദുഷ്ടന്മാർ
അവരെ കൊടുതാം പാപത്തിൻ കുഴിയിൽ വീഴ്ത്തി.
അവനുപദേശം നല്കിയതാം സ്രഷ്ടാവിൻ
ശബ്ദത്തെ നതിചെയ്തില്ല; വഴിവിട്ടോടി.

4 അവനെ ഉയർത്തീടാൻ മാംസമെടുത്തുടയോൻ
മരണത്താലെ മരണത്തെ കാല്ക്കീഴാക്കി
ഉത്ഥാനം ചെയ്ത ജേതാവാം രാജൻ
ആദാമ്യർക്കായ് സ്വർഗ്ഗത്തിൻ വാതിൽ തുറന്നു.

5 മിശിഹായിൽ മൃതരേ, കരയരുതൊരു നാളും
മിന്നലുടുത്തവനതിവേഗം ആഗതനാകും
മഹിമ നിറഞ്ഞ സ്വരം പൂഴിയ്ക്കുയിരേകും
മാലാഖകളൊടു ചേർന്നങ്ങേ വാഴും നിങ്ങൾ.



40 "മുഴുഹൃദയത്തൊടുനിന്നെ ഞാൻ സ്നേഹിക്കുന്നു"

1 ഉത്തമനാമിടയൻ മിശിഹാ ഒരുനാളിൽ
കടലിന്നരികെ നടന്നപ്പോളുര ചെയ്തേവം:
"യോനായുടെ സുതനാം പ്രിയനേ, ശെമഓനേ,
നീ കീപ്പായെന്നറിയപ്പെടുമെന്നെന്നേക്കും.[60]

2 "യോനായുടെ സുതനാം ശെമഓൻ കീപ്പായേ,
എൻ സഭയെ നിന്മേൽ പണിയും ദൈവസുതൻ
പാതാളം പ്രബല—പ്പെടുകില്ലീ സഭമേൽ [ഞാൻ
ദൈവസുതൻ ഞാൻ റൂഹായാൽ സഭയെ നയിച്ചു.[61]

3 ഭൂവാനങ്ങൾക്കായ് താതൻ നിർമ്മിച്ച—
മോഹനമായൊരു താക്കോൽ നിൻ സവിധേ നല്കും
ധരയിൽ നീ കെട്ടുന്നവയെല്ലാമുയരേ
കെട്ടപ്പെട്ടവയായ് കരുതപ്പെടുമുയരത്തിൽ.[62]

4 ധരയിൽ പ്രിയശിഷ്യർ കെട്ടുന്നവയെല്ലാം
അതുപോലുയരേ കെട്ടപ്പെട്ടവയാകുന്നു
ധരയിൽ പ്രിയശിഷ്യർ മോചിക്കുന്നവയും
മോചിക്കപ്പെടുമുയരത്തിൽ ദൂതർമദ്ധ്യേ.[63]

5 അത്യുന്നത താതൻ ശെമഓനായ് നല്കി
വലിയൊരു ദാനമതിൻ മറവിൽ ശെമഓനോതി
അത്യുന്നത താതൻതൻ വത്സല സുതനാം
ദൈവസുതാ മിശിഹാനാഥാ സ്തുതിയങ്ങേയ്ക്കായ്.[64]

.........................

60 യോഹന്നാൻ 1:42
61 മത്തായി 16:17–18
62 മത്തായി 16:19
63 മത്തായി 18:18
64 മത്തായി 16:16

www.malankaralibrary.com



6 ഹൃദയം കാണുന്നോ–രുന്നതനാം ദേവാ,
മുഴുഹൃദയത്തോടു നിന്നെ ഞാൻ സ്നേഹിക്കുന്നു
എൻ ചിന്തകളെല്ലാം നാഥാ, നിൻസവിധേ
എൻജീവിതമെല്ലാം നാഥാ, നിൻ പേർക്കത്രേ.[65]

7 നാഥനുരച്ചവനോ–ടെൻ പ്രിയവത്സലനേ,
മേയ്ക്കുണമേ നീയാടുകളെയെൻ പേർക്കായി
കാരുണ്യം കാണിക്കുണമേ–യെപ്പോഴും
ഭീകരമുഷ്ടികളെപ്പോഴും വർജ്ജിക്കേണം.[66]

8 നല്ലിടയൻ വച്ചു ജീവൻ മോദമൊടെ
നീയും വയ്ക്കുണമേ ജീവൻ സോദരനായി
സേവകനായ് വർത്തിക്കുണമെല്ലാദിനവും
മേലുയരത്തിലൊരുന്നതമാം സ്ഥാനം നല്കാം.[67]

9 താത്വികരെ ലജ്ജി–പ്പിക്കുന്നതിനായി
ഭോഷന്മാരെ തൻ സവിധേ കൂട്ടിച്ചേർത്തു
ഉന്നതദാനം പ്രാ–പിച്ചവരാം ദാസർ
അത്യുന്നതമാം ദാനത്തിൻ വിളനിലമായി.[68]

10 കർത്താവേ, തരണം ദാനം കരുണയൊടെ
ഉയരേ നിന്നീയടിയാർമേൽ വർഷിക്കേണം.
റൂഹായാം ദാനം പൂർണ്ണത നല്കുന്നു
ധരയിൽ പറുദീസാ പണിയുന്നൊരു വൻശക്തി.

---

65 യോഹന്നാൻ 21:17
66 മത്തായി 20:25
67 യോഹ. 13:14
68 1 കൊരി. 1:27



11 ജാതികളിടയിൽപോയ് ദൂതു വിതച്ചവരാം
മാനവമോഹന ജീവികളാം ദൂതർ സ്തുത്യർ
ജഡരക്തം ചിന്തി ദൂതിനുറപ്പേകി
അവരുടെ രക്തം വളമായ് സഭ വളരുന്നെങ്ങും.

12 കർത്താവേ, നിൻപേർക്കായ് ഞാൻ ജീവിക്കും
നിന്നെപ്രതി ഞാൻ അനുനിമിഷം ബലിയർപ്പിക്കും
കൈക്കൊള്ളണമേ നീ ജീവിതമാം യാഗം
കുറവുകളെല്ലാം തീർത്തെന്നെ മാറ്റിൽ ചേർക്ക.

13 മൂശാ നിബിയേപ്പോൽ ശ്രേഷ്ഠതയേറുന്ന
ശെമഓൻ കീപ്പാ റോമായിൽ തൻവല വീശി
റോമാവാസികളെ കീപ്പാ എത്തിച്ചു
ഗോഗുൽത്താതൻ ഉയരത്തിൽ ക്രൂശിൻകീഴിൽ.

14 വിഗ്രഹസേവിതയാം റോമാ വൻനഗരം
സ്ലീബായുടെ സേവികയായി–കുഞ്ഞാടായി
റോമായുടെ നടുവിൽ നാട്ടിയ സ്ലീബാമേൽ
തല കീഴായ് ശെമഓൻകീപ്പാ രക്തം ചിന്തി.

15 സഭയുടെ വാതില്ക്കൽ നില്ക്കുന്ന കാവൽ
പന്തിരുവർ ശ്ലീഹന്മാരെല്ലാ നാൾതോറും
നിബിയർ, സഹദേന്മാർ സേവകരാകുന്ന
റൂഹാ സഭയെ ചൂടുന്ന തൻ മകുടത്താൽ.

16 മിശിഹായുടെ വധുവാം കന്യകയാം സഭയെ
ദർശിപ്പവരാം നിബിമാരിന്നാനന്ദിപ്പൂ
മലമുകളിൽ കയറി ദർശിച്ചു മൂശ
'ഉദ്യാനമതാൽ' ബാബേലിൽ ഹസ്കിയേലും.

www.malankaralibrary.com



17 കീപ്പാമേൽ പണിതു മിശിഹാതൻ സഭയെ
തുണകളായ് ശ്ലീ–ഹന്മാരെയാക്കി മിശിഹാ;
അതിനുള്ളിൽവച്ചു തൻ പ്രിയമാം വേദി
അതിലർപ്പിക്കും ബലികളിലോ റൂഹാ ദൈവം.

18 ജാതികളിടയിൽ ചിന്നിച്ചിതറപ്പെട്ട
ദൂതിൻ വാഹകരാം ശ്ലീഹർ സത്യം വിതറി
സത്യത്തിൻ സാക്ഷ്യത്തിന്നായ് ജഢരക്തം
കയ്യാളിച്ചവരെന്നെന്നും മോദിക്കുന്നു.

19 നാനാ ജാതികളെ കൂട്ടിച്ചേർത്തവനാം
പൗലോസ് ശ്ലീഹാ റോമായിൽ രക്തം ചിന്തി
ശില്പിയതാം പൗലോസ് റോമാ നഗരത്തിൽ
നല്കിയ സാക്ഷ്യം മോദകരം ശ്ലീഹാവന്ദ്യൻ

20 ജീവജലം തേടും ഭാരതഭൂമിയിതിൽ
നമ്മുടെ താതൻ മാർത്തോമ്മാ ഓടിയണഞ്ഞു
നമ്മുടെ താതന്മാ–ർക്കവനേകി സത്യം
മലയുടെ മുകളിലവൻ നല്കി പ്രിയമാം ജീവൻ.

21 മിശിഹായുടെ പ്രിയരാം വൻ ശ്ലീഹന്മാരേ,
പ്രാർത്ഥിക്കണമെയടിയാർക്കായീ സുദിനത്തിൽ
ഭീകരക്കൂരിരുൾ നീ–ങ്ങീടുന്നതിനായി
ചിന്തിടുവാനായ് കാരുണ്യം ഭാരതഭൂവിൽ.

## 41 "വരണം പ്രിയനാഥാ, അതിവേഗം സവിധേ"

1 ഓർക്കരുതേ പാപം, പ്രിയനേ! മണവാളാ!
ചേർക്കണമേ നിൻ വലഭാഗേ ദൂതരൊടൊപ്പം
കഴുകണമേ കൃപയിൻ സോപ്പായാലെന്നെ
കുഴിയിൽനിന്നും നൃപനേ കരയേററണമെന്നെ.



2 ചെയ്തു നിനക്കെതിരായ് നിരവധി തിന്മകൾ ഞാൻ
ഓടിയകന്നു; മരുഭൂമിയിൽ ദാഹിക്കുന്നു
തരണം ദാഹജലം ജീവദനാം നൃപനേ,
മാടിവിളിക്കണമെന്നെ നിൻ വലഭാഗത്തിൽ.

3 നല്കുന്നീ നിമിഷം മമ ഹൃദയം നാഥാ.
കൈക്കൊള്ളണമീ കാഴ്ചയെ നീയെൻ മണവാളാ
ശ്ലീഹർ നല്കിയതാം ബലിയെ ഏററവനേ!
നൃപനേ! കൈക്കൊൾകീ കാഴ്ച; കൃപ ചെയ്താലും.

4 മഹിമയൊടുയരത്തിൽ മേവും മണവാളാ
ഇഹപരലോകങ്ങളിലെന്നും സ്തുതിയങ്ങേയ്ക്കായ്
മിന്നൽ പാറുന്ന തിരുമുമ്പിൽ നാഥാ,
മന്നവനേ നീ മേഘങ്ങളിൽ യാനം ചെയ്വൂ.

5 വരണം പ്രിയനാഥാ, അതിവേഗം സവിധേ,
കരയുന്നിവനെ കൈനീട്ടി കൈക്കൊള്ളണമെ
തരണം വലഭാഗം; കൃപ തൻ അധിവാസം
ധരയിൽ നിരവധി സ്തുതിയങ്ങേയ്ക്കേറീടുന്നേൻ.

6 നിബിയുടെ ശബ്ദം കേ–ട്ടുണരുക നിദ്രിതരേ,
ജാഗരണം നോ–മ്പെന്നിവ ഞാൻ വിവരിച്ചീടാം
ജീവനു ശക്തി തരും വർജ്ജന ഉപവാസം
നിബിയേശായാ വിവരിപ്പൂ സുവിശേഷത്തിൽ.[69]

7 പൊട്ടിച്ചെറിയിൻ ക്രൂരതയിൻ ചങ്ങലകൾ
നുകമെറിയിൻ കടലിൽ നാഥൻ പ്രാർത്ഥന കേൾക്കും
ബന്ധിതരെ വിട്ടുവി–ച്ചിട്ടുവിൻ പീഡിതരിൽ
തുണചെയ്യുന്നവനെന്നെന്നും തുണയുണ്ടാകും.

69 ഏശായാവ് 58

www.malankaralibrary.com



**42** ''വിത്തും മുളയ്ക്കുംപോൽ വിശ്വസ്തത ധരയിൽ''

1 പാപം കഴുകുന്നോരെൻ പ്രിയമണവാളാ
കൃപ ചൊരിയുന്നൊരു ധനവാനേ, മിശിഹാനാഥാ,
കാട്ടണമീ നിമിഷം വീണ്ടും നിൻകരുണ
ഈ രാവിൽ നിൻ തൃക്കൈകൾ നീട്ടണമെന്മേൽ.[70]

2 ശാന്തിയിൻ ആലയമേ, നാഥാ വരികെന്നിൽ
വീണതകർന്നൊരു ഹൃത്തിനു നീ സൗഖ്യം നൽകൂ
ബഹുവിധ ചിന്തകളാൽ പതറുന്നെൻ ചിത്തം
നല്ലണമേ നിൻ ശാന്തതയെൻ ജീവിതവഴിയിൽ.

3 ദയയും സത്യവുമാ–കുന്നെൻ കർത്താവേ
സ്നേഹവുമാശ്രയവും കൃപയും നീയാകുന്നു
നിൻ വാഗ്ദാനങ്ങൾ പൊട്ടിമുളയ്ക്കുന്നു
കാലാന്ത്യത്തിലതിൻ സാക്ഷികളാകുന്നടിയർ.

4 വിത്തു മുളയ്ക്കുംപോൽ വിശ്വസ്തത ധരയിൽ
പൊട്ടിവരുന്നു മിശിഹായേ നീ സ്തുത്യർഹൻ
വാനത്തിൽ ശോഭിക്കുന്നൊരു സൂര്യൻപോൽ
നിൻ സത്യം ശോഭിക്കുന്നിവിടെല്ലാ ദിനവും.

5 പനിനീർ പോലുയരേന്നൊഴുകുന്നു ദാനം
പാനം ചെയ്യുന്നെല്ലാവരുമൊരുപോലീ നീർ
സത്യമതിൻ ഫലമാകുന്നെൻ വത്സലരേ,
ശാന്തിയതിൻ പിറകേ പോകും എല്ലായിടവും.

70 സങ്കീർത്തനം 85



**43** സമാധാന പ്രാർത്ഥന

1 സകലത്തിനു മുടയോ–നാമെൻ കർത്താവേ,
യോഗ്യത നല്ലണമടിയാർക്കായ് നിൻ രക്ഷയെ നീ
കാപട്യം കൂടാ–തെപ്പോഴും നാഥാ
സ്നേഹത്തിൽ മരുവീടുന്നതിനേകു കരുണ.

2 മുഴുഹൃദയത്തോടെ നിന്നെ സ്നേഹിപ്പാൻ
അന്യോന്യം നിൻ വൻസ്നേഹം പകരുന്നതിനായ്
പാവനമാം സ്വസ്തി സോദരനേകിടുവാൻ
കരുണ നിറഞ്ഞ നൃപാ, നൽകൂ കൃപ ഉയരേന്നും.

3 ത്രീയേകൻ നാഥാ, സ്തുതികൾക്കർഹൻ നീ
താതസുതാത്മൻ ഏകൻ ഞാ–നെന്നും പാടും
ഭുവാനങ്ങളിലെ–ല്ലാ ദിനവും നാഥാ,
കീർത്തനമുയരുന്നുയരേസ്സ്ലായ് കൈക്കൊൾകിവരെ.[71]

4 വല്ലഭനാം നാഥാ സ്നേഹത്തിന്നുറവേ.
ശാശ്വത ശാന്തീ, ജഗദീശാ, നരരുടെ ശരണം,
നിൻ സവിധേയണയു–ന്നോരീ ദാസർക്കായ്
സ്നേഹം, ശാന്തി, സമാധാനം നല്ലണമീശാ.

5 മേല്ലയരേ നിന്നും കൃപയിൻ നീരുറവേ,
ശാശ്വത ശാന്തിയയയ്ക്കണമീ ധരയിൽ നാഥാ,
ഹൃദയ വിശുദ്ധിയൊടും ആത്മവെടിപ്പോടും
സ്വസ്തിയുരയ്ക്കാൻ യോഗ്യതയി–ന്നേകണമീശാ.[72]

71 മാർ യാക്കോബിൻെറ അന്നാഫുറാ
72 മാർ യോഹന്നാൻെറ അന്നാഫുറ

www.malankaralibrary.com



6 പാവനനാം താതൻ, ജഗദീശൻ, നാഥൻ
സജ്ജമതാക്കി മിശിഹാവഴി ഒരു വൻസദ്യ
കരുണ നിറഞ്ഞവനേ, ഞങ്ങളിൽ നിന്നിപ്പോൾ
നിണരഹിതം ബലി കൈക്കൊൾക
കൃപചൊരിയണമെ.[73]

7 പാവനനാം റൂഹായേ മേലിൽ നിന്നും
ദാസർമേലീ നാഴികയിൽ വേഗമയയ്ക്കു
നിർമ്മലമാം സ്നേഹ–ത്താലെല്ലാവർക്കും
ശാന്തികൊടുക്കാൻ യോഗ്യതയി–ന്നേകണമീശാ.

8 നല്ലണമെ നാഥാ, ഈ സമയം സ്നേഹം
യോജിപ്പും, ശാന്തിയുമതുപോൽ മുഖശോഭയതും
ഐക്യം വിതറണമെ തിരുസഭയിൽ നാഥാ,
ഭൂലോകത്തിൽ ശാന്തിയെ നീ വർഷിക്കണമെ.[74]

9 അത്യുന്നതനാം നി–ത്യനുമാം സകലേശാ,
കരുണയുട്ടറവിടമെൻ പേർക്കായ് വർഷിക്കണമെ.
ശാന്തിയുമതു പോൽ സ്നേ–ഹത്തിൻ നിറകുടവും
നീയാകുന്നെൻ പ്രിയനാഥാ, കൃപചെയ്യുന്നിൽ.[75]

10 ശാന്തിധരയ്ക്കേകു–കാരുണ്യം വിതറൂ
സഭയിൽ യോജിപ്പേകണമെ–കരുണാനിധിയേ,
സഭയെ ഉയർത്തണമെ ലോകത്തെമ്പാടും
ഒരു നാവിൽ ജനമാർത്തിടും "സംസ്തുത്യൻ നീ"

.............................

73 12 ശ്ലീഹന്മാരുടെ അന്നാഫുറാ
74 മാർ ദിവന്നാസ്യോസിൻെറ അന്നാഫുറാ
75 മാർ ഈവാനിയോസിൻെറ അന്നാഫുറാ



11 ഒരു നാളും നാഥാ, നിൻ സ്നേഹത്തിന്നും
അകലാതെന്നും സോദരനെ സ്നേഹിച്ചീടാൻ
വഞ്ചന കൂടാതെ ചുംബനമേകിടുവാൻ
യോഗ്യതയടിയാർക്കേകണമെ–കരുണാനിധിയേ.[76]

12 ഭിന്നത കൂടാതെ വിളിച്ചെയ്യുന്നവരെ
കേൾക്കുന്നവനാം ഉന്നതനേ കാരുണ്യാബ്ധേ
ഒരു നാവിൽ നിന്നോ–ട്ടരചെയ്യുന്നവരാം
ദാസർക്കേകണമെ കരുണ, സ്നേഹം വിതറാൻ.[77]

## 44 സെദ്റാ

1 നിരവധി പാപങ്ങൾ ചെയ്തു നിനക്കെതിരായ്
വചനം വൃത്തികളിവയിൽ ഞാൻ നിന്ദ്യനുമായി
ജീവൻ പകരുന്ന–പാതകൾ വിട്ടടിയൻ
ക്രൂരിരുൾതേടി; കാലിടറി; കുഴിയിൽ വീണു.

2 കരുണാസാഗരമേ, കോരിയെടുക്കണമെ
ചെളി കഴുകി; കൃപയുടെ വസനം നീ നല്ലേണം
റൂഹായാം ദാനം ചൊരിയണമെന്നുള്ളിൽ
നിൻ കൃപയാലെൻ ഹൃദയത്തെ നിറച്ചീടേണം.

3 തെററുകൾ മോചിക്കും–മിശിഹാ രാജാവേ,
കറകൾ കഴുകി കരുണയോടെ കൃപകൾ ചൊരിക
ഉത്തമനേ, ദേവാ, യാചിക്കുന്നടിയാർ
മേല്ലയരേന്നും മോചനമി–ന്നേകണമെ നീ.

.............................

76 മാർ പത്രോസിൻെറ അന്നാഫുറാ
77 മാർ ഒസ്താത്യോസിൻെറ അന്നാഫുറാ

www.malankaralibrary.com



4 താതജനങ്ങളെയും സോദരരേയും നീ
വാഴ്ത്തണമെ നിൻ തൃക്കയ്യാൽ മഹിമോന്നതനേ,
നിന്നിൽ നിദ്രിതരാം സഭയിൻ സുതരിൽ നീ
കൃപയുടെ പനിനീർ വർഷിക്കു–മോദം പകരു.

5 കാഹളനാദത്തിൻ നാളിൽ ദയവാനേ,
പൂഴിയിൽനിന്നും മൃതരെ നീ എഴുന്നേല്പിക്ക
പാപവിമോചകനും പരിഹാരകനും നീ
നിൻ സവിധേയിവരണയുന്നു–കൃപചെയ് നാഥാ.

6 പ്രാർത്ഥന കേൾക്കണമെ–യാചന നല്കണമെ
ദുഷ്ടനെ ദൂരെയകറ്റണമെ–രോഗം നീക്കു
കോപത്തിൻ വടികൾ ദൂരെയകറ്റണമെ
ക്രൈസ്തവ പൂർണ്ണത ചൊരിയേണം മേലുയരേണം.

7 ധരയിൽ വിതറേണം ഉയരേന്നും ശാന്തി
ഐക്യം നല്കണമെ സഭയിൽ കാലാകാലം
ശോഭനമാ–മന്ത്യം നല്കണമടിയാർക്കായ്
നിൻ സ്തുതി ഞങ്ങൾ പാടീടും കാലാകാലം.

**45** "ഹൃദയത്തിൽ കത്തി–ക്കണമെ സ്നേഹാഗ്നി"

1 ഹൃദയത്തിൽ കത്തി–ക്കണമെ സ്നേഹാഗ്നി
അതുഞാനെല്ലാ ദേശങ്ങളിലും കത്തിക്കും
കത്തിപ്പടരട്ടെ ലോകത്തിൽ സ്നേഹം
ഹൃദയങ്ങളിൽ നിൻ അത്യുന്നതമാകും ശാന്തി.

2 കരുണ നിറഞ്ഞവനേ, യാചന കേൾക്കണമെ
എൻ യാചന യാ–ചിപ്പവരെ വാഴ്ത്തീടണമെ
മേലുയരേനിന്നും ദാനമൊഴുക്കീട്ട
പാപം തീണ്ടുന്നീദാസരിലീനിമിഷത്തിൽ.



3 സ്ലീബായുടെ യാരാ–ധകരായ് മാനവരെ
തീർക്കുക നാഥാ, കരുണാബ്ധേ, നീയെൻ നാഥൻ
കേൾക്കണമെൻ നാദം കൃപയാലീ നിമിഷം
യാചന യാചിപ്പവരുടെമേൽ വയ്ക്കു തൃക്കൈ.

4 ധനമോടിപ്പോകും; ശാശ്വതമല്ല ധനം
അതിലൊരുനാളും ദൃഷ്ടികളെ ഊന്നീടരുതേ.
ധനമൊന്നും കൂടാ–തത്യത്ഭുതകരമായ്
അനുനിമിഷം സം–രക്ഷിക്കുന്നവനെ വാഴ്ത്താം.

**46** "ഹൃദയമലിഞ്ഞിടുവിൻ"

1 വഞ്ചന ദൂരെ അകറ്റാമെൻ വത്സലരേ,
സത്യം സോദരനോടുര ചെയ്യണമെപ്പോഴും
നാമെല്ലാം മിശിഹായുടെ അവയവമത്രേ
അതിനാൽ സ്നേഹത്തിൽ വർത്തിക്കണമെല്ലാരും.

2 കോപം ഹൃദയത്തിൽ വാഴരുതെൻ പ്രിയരേ,
ദുഷ്ടന്നിടനല്കരുതാരും സ്ലീബാപേറിൻ
മോഷ്ടിപ്പവനിനിമേൽ–മോഷ്ടിക്കരുതൊട്ടും
അദ്ധ്വാനിക്കാനെപ്പോഴും ശ്രദ്ധിക്കേണം.

3 ദാനം ചെയ്യാനായ് കൈ നീട്ടു പ്രിയരേ,
അദ്ധ്വാനിക്കണം അതിനായ് നാം നാഴികതോറും.
ദുർഭാഷണമരുതേ, പ്രിയരാം സോദരരേ,
ഭവനം പണിയാൻ ഉതകുന്നവ സംസാരിക്കാം.

4 കേൾക്കുന്നോർക്കെല്ലാം കൃപ നല്കുന്നവയാം
ഭാഷണമേ ഉര ചെയ്യാവൂ ധരയിൽ നമ്മൾ
വേദന ഏകരുതേ–നമ്മിൽ വസിച്ചീടും
പരിപാവനനാം റൂഹാക്കായ് പ്രിയ വത്സലരേ.

www.malankaralibrary.com



5 കോപമകററിടുവിൻ ക്രോധം വിട്ടിടുവിൻ
പരദൂഷണവും വഞ്ചനയും ദൂരെയകററിൻ
അനുനിമിഷം ദയയുള്ളവരായ് വർത്തിപ്പിൻ,
ദൈവം ദയ കാട്ടീടുന്നു എല്ലാപ്പോഴും.

6 ഹൃദയമലിഞ്ഞിടുവിൻ മാനവ വേദനയിൽ
സോദരരോടു ക്ഷമിച്ചീടിൻ ദൈവത്തെപ്പോൽ
മിശിഹായിൽ ദൈവം കടമെല്ലാം നീക്കി
ശിക്ഷിതരാം നമ്മൾക്കേകി ഉന്നതഭാഗ്യം.[78]

7 ദൈവത്തിൻ പിറകേ–പോകാം വത്സലരേ,
സ്നേഹത്തിൻ വഴികൾ തേടാം; വഞ്ചനവെടിയാം
നമ്മെ സ്നേഹിച്ചോൻ വത്സലനാം മിശിഹാ
ഒരു യാഗമതായ് കുരിശിന്മേൽ സ്വയമർപ്പിച്ചു.

8 മ്ലേച്ഛമതാം വഴികൾ വെടിയണമെപ്പോഴും
ജഡമോഹവുമത്യാഗ്രഹവും ദൂരെയകററു
ദുർഭാഷണമരുതേ–സ്തോത്രം നല്കീടാം
നാഥനു ഹൃദയേ അനുനിമിഷം–സ്തുതിയർപ്പിക്കാം.

9 ദൈവത്തിൻ രാജ്യം പരിപാവനമത്രേ
തിന്മകളൊന്നും ഒരുനാളും പൂകില്ലവിടെ
അതിലുയരും ഭവനം പരിപാവനമത്രേ
അതിലേ ബലിയിൽ വാഴുന്നു പാവനറൂഹാ.

10 വ്യർത്ഥതയോടെത്തും നരരെ കേൾക്കരുതേ
അവരെത്തിക്കും കാലാന്ത്യേ ഭീകരമൃതിയിൽ
ജ്വാലയിൽ മേവുന്ന ജനമാം നാമെന്നും
നാഥനു പ്രീതികരം വഴികൾ തേടണമെന്നും.

78 എഫേസ്യർ 4:25–32



11 തിമിരത്തിൻ വഴികൾ വെടിയണമെപ്പോഴും
അവിടുയരുന്നവയാം ചെയ്തികൾ മൃതിയേകുന്നു
നിദ്രയിൽ നിന്നുണരൂ നിദ്രിതനാം നരനേ,
മിശിഹായുടെ പ്രഭയിൽ മേവി കൃപ പ്രാപിക്കൂ.

12 വിജ്ഞാനികളെപ്പോൽ വഴികൾ തേടിടുവിൻ
കാലാന്ത്യമടുത്തീനേരം; തീയുടെ കാലം
നിരവധിയാകുന്നു–ദുർദ്ദിവസം പ്രിയരേ,
ദൈവഹിതം തേടുന്നവരായ് വർത്തിച്ചിടുവിൻ.

13 വീഞ്ഞിൻ ലഹരിയിൽ നി–ദ്രിതരായ് തീരരുതെ
റൂഹായാൽ പൂരിതരായ് തീ–രാനോടിടുവിൻ
മുഴുഹൃദയത്തോടെ സ്തുതിഗീതം പാടിൻ
ഹൃദയേനിന്നും ക്രോധത്തെ ദൂരെയകററിൻ.

14 ഉന്നതനാം താതന്നായ് ദിവസം മുഴുവൻ
മിശിഹായുടെ നാമത്തിൽ നാം സ്തുതിപാടേണം.
എല്ലാററിനുമായ് നാം സ്തോത്രം നല്കേണം
റൂഹായുടെ ദാനത്താൽ നാം ശോഭിക്കേണം.

15 ശക്തി ധരിച്ചിടുവിൻ–ജ്വാലയിൽ മേവിടുവിൻ
ദൈവം പകരുന്നു ശക്തി–മേലുയരേണം
ദൈവം നല്കുന്ന കവചം പേറിടുവിൻ
ദുർദ്ദിനമെത്തുമ്പോൾ നമ്മൾ പേടിക്കില്ല.

16 സത്യത്തെ അരയിൽ കെട്ടണമെല്ലാരും
നീതിയെ നെഞ്ചിൽ കവചംപോൽ പേറീടേണം
സുവിശേഷം നല്കും ഉന്നതമാം ശാന്തി
പാദേപേറി മലമുകളിൽ കയറാം പ്രിയരേ.

www.malankaralibrary.com



17 പ്രാർത്ഥിക്കണമെപ്പോ–ഴും നരരേ നമ്മൾ
ഗീതം പാടണമെപ്പോഴും നാഥന്നായി
ത്തന്നിൽ മേവുന്ന റൂഹാ നമ്മൾക്കായ്
നെടുവീർപ്പുകളാൽ പ്രാർത്ഥിക്കും ദിവസം മുഴുവൻ.

18 റൂഹായാം നാഥാ, കൃപ ചൊരിയണമെന്നിൽ
നാവിൽ വചനം നല്കണമെ–നിൻ സ്തുതി പാടാൻ
ശക്തി പകർന്നിടണേ–ശക്തിയെഴുന്ന നൃപാ
നീയാണെൻ പ്രിയനാം ദൈവം–ഞാനാർത്തീടും.

# ഭാഗം 2

രീതി: 'ബ്രീക്‌ദ്ഹാദീലശ്മായോനേ...'
അഥവാ 'ധന്യൻ വിൺമൺവാസികളെ'...

**47** "ഉയരേ പീഠമൊരുക്കീടാൻ"

1 എന്നിടയൻ കർത്താവെന്നെ–
സംരക്ഷിക്കുന്നു
യാതൊരുകുറവുമെനിക്കില്ല
നാഥൻ മമ സവിധെ.

2 ആടുകളെ പുൽമേടുകളിൽ
മേയ്ക്കുന്നു ഇടയൻ
ദാഹം തീർക്കാൻ ദാഹജലം
നല്കുന്നെപ്പോഴും.

3 കരളിനു കുളിരവനേകുന്നു
സ്നേഹം പകരുന്നു
സത്യത്തിൻ വഴിയിൽക്കൂടെ
മേയ്ക്കുന്നാടുകളെ.

4 കൂരിരുൾ തിങ്ങും താഴ്വര ഞാൻ
പേടിക്കില്ലൊരുനാൾ
അത്യുന്നതനെന്നൊടുകൂടെ;
കാക്കുന്നെൻപാദം.

5 വൈരികൾ നടുവിലവൻ നല്കും
മോദത്തിൻഉററ:
തലയിൽത്തൈലം പൂശിടും
നിന്നെ കാത്തീടും.

www.malankaralibrary.com



6 നിൻപാത്രം കവിയും ദിനവും
നാഥൻ തൻകൃപയാൽ
തൻകൃപ നിന്നെ പിൻതുടരും
നാൾതോറും പ്രിയനേ.

7 ദൂതന്മാരുടെ മദ്ധ്യത്തിൽ
നാമെന്നും വാഴാൻ
ഉയരേ പീഠമൊരുക്കീടാൻ
പോയ് നാഥൻ ഒരുനാൾ.

8 എൻസവിധേ പീഠം നല്കാം
ചൊന്ന പ്രിയനാഥൻ
ഒരുനാൾപോയതു പോൽനാഥൻ
വന്നീടും പ്രിയരേ.

## 48 "ഒരു തേനരുവിയൊഴുകുന്നു"

1 ശക്തിയുമാശ്രയവും പ്രിയരേ,
ഈശോയാകുന്നു.
ഗതിയററവരാമേവർക്കും
ആശ്വാസം നല്കും.

2 ഭുവനങ്ങളഴിഞ്ഞാലും
വേണ്ടാ ഭയലേശം
മലകൾ കടലിൽ താണാലും
നാമാനന്ദിക്കും.

3 തിരമാലകളുയരേ കേറി
ആർത്താലും പ്രിയരേ,
ഒരുനാളും നാമിടറില്ല
നാഥൻ തുണയേകും.



4 ശക്തി ധരിച്ചവനാകുന്ന
അത്യുന്നത ദൈവം
മർത്യരെ സ്നേഹിപ്പവനാകും
ഈശൻ സ്തുത്യനഹോ.

5 ഒരു തേനരുവിയൊഴുകുന്നു
നാഥൻ ഉയരേന്നും
അതു പാനം ചെയ്യുന്നവരോ
എന്നും മോദിക്കും.

6 അരുണോദയ ദിനകരനാകും
രാജാവുയരേന്നും
കൃപയിൻ കതിരുകൾ വിതറുന്നു
ശോഭിക്കുന്നുലകം.

7 രാജ്യങ്ങൾക്കധിപതിയായോർ
രാവിൽ നീങ്ങിപ്പോം
മിശിഹാ സ്ഥാപിച്ചൊരു രാജ്യം
നീണാൾ നിലനില്ക്കും.

8 കിടിലംകൊള്ളും രാജ്യങ്ങൾ
കൊമ്പിൻ ശബ്ദത്താൽ
തകരും ജനതതി ഒന്നാകെ
കാലാന്ത്യത്തിങ്കൽ.

9 ഉയരും സ്ലീബായന്നാളിൽ
വാനത്തിൻ മദ്ധ്യേ
അതിലാശ്രയമുള്ളവരാരും
കേഴില്ലന്നാളിൽ.

www.malankaralibrary.com



10 ഇരുവായ്ത്തലയുള്ളോരു വാളാൽ
ദൂതൻ നീക്കിടും
മലിനത നിറയും ജനതതിയെ
ഭൂലോകത്തീന്നും.

11 ധരയിൽ നരപതി നിർമ്മിച്ചോ–
രുദ്യാനം കാൺമിൻ;
തരുനിരപോൽ നിർമ്മിച്ചവരാം
മർത്യാത്മാക്കളിതാ.

12 ഫലമൂലാദികളാൽ സസ്യം
പാടുന്നു സ്തുതികൾ
വായ്നാവുകളാൽ മർത്യഗണം
ഘോഷിക്കും കൃതികൾ.

13 മഹിമ ധരിച്ചവനീ ധരയിൽ
ചെയ്യും കർമ്മങ്ങൾ
കണ്ടിടുവിൻ പ്രിയരേ, നിങ്ങൾ
നാഥന്നായ് പാടിൻ.

14 രാജ്യം സ്ഥാപിതമാകുമ്പോൾ
യുദ്ധം കാണില്ല
ശാന്തി പരന്നിടുമെന്നേക്കും
വാഴും രാജസുതൻ.

15 അഖിലരെയും നിർമ്മിച്ചവനാം
ദൈവം സ്തുത്യനഹോ
അവനായ് വീണകൾ മീട്ടിടുവിൻ
ഗീതം പാടിടുവിൻ.



16 കാഹളനാദത്തിൻ ശബ്ദം
കാനാനിൽ കേട്ടു;
യീറോഹോയുടെ മതിലുകളെ–
ല്ലാം താഴെപ്പോയി.

17 ദാവീദിൻ കിന്നരമേന്തി
പാടാം ഗീതങ്ങൾ
ദുഷ്ടതയുടെ കോട്ടകളെല്ലാം
ഒന്നായ്ത്തകരട്ടെ.

18 ഹൃദയം പരിപാവനമാക്കി
ജീവിക്കാം പ്രിയരേ,
വചനം കർമ്മങ്ങളിലെല്ലാം
നീതി ധരിച്ചീടാം.

19 അത്ഭുതാനുത്തമമാം സ്തുതികൾ
നാഥൻ സംപ്രീതൻ
സോദരരെ സ്നേഹിച്ചീടാം
ജീവൻ വച്ചീടാം.

**49** "കണ്ണീർ മാത്രമെനിക്കിവിടെ"

1 ദൈവത്തിൻ വചനം കേൾക്കാം
ദൈവത്തിൻ ജനമേ,
ദൈവം കാട്ടും പാതകളിൽ
പാദം വച്ചീടാം.

2 നിദ്രവെടിഞ്ഞുണരാം പ്രിയരേ,
സൂര്യൻ ശോഭയിതിൽ
പ്രഭയുടെ സന്തതിയായ് വാഴാം
കാട്ടാം മിശിഹായെ.

www.malankaralibrary.com



3 നാഥനണഞ്ഞിടുമാനേരം
ചോരൻ സമമത്രേ
ആ നാഴികയറിയാത്തതിനാൽ
ദീപം പേറീടാം.

4 നശ്വരമാമീ ലോകത്തിൻ
രൂപം മാറുന്നു
സ്വർഗ്ഗീയൂറിശിലേമണയാ-
റായീ വത്സലരേ.

5 ദൈവത്തിൽ തിരുഹിതമെന്നും
തേടാമെൻ പ്രിയരേ,
ദേഹവുമതുപോ–ലാത്മാവും
വയ്ക്കാം തൻ പാദേ.

6 എന്നുടയവനാം മിശിഹായേ,
നീയാണെൻ ദൈവം
നിന്നെ സന്തോഷിപ്പിക്കാൻ
വെമ്പുന്നെൻ ഹൃദയം.

7 തിരമാലകളിളകും ധരയിൽ
നാഥാ, ഞാനേകൻ
രക്ഷിക്കണമീ നാഴികയിൽ
നീട്ടു–നിൻ തൃക്കൈ.

8 ദേഹവുമതുപോ–ലാത്മാവും
പാപം തീണ്ടാതെ
സംരക്ഷിക്കുന്നതിനായി
അദ്ധ്വാനിക്കുന്നേൻ.



9 എൻ ക്ലേശങ്ങളിലെൻ നാഥാ,
നോക്കു–കാരുണ്യാൽ
എന്നെൻ വേദന തീർന്നീടും
കാരു–ണ്യത്തികവേ.

10 ക്രൂരികൾ തിങ്ങുന്നീവഴിയിൽ
ഞാനേ–കൻ നാഥാ,
നിരവധി ശത്രുക്കൾ ചുറ്റും
നില്ക്കുന്നെൻ നാഥാ.

11 ചീറിയടുക്കുന്നു സിംഹം
നാഥാ, തുണയേകു
ദുഷ്ടന്മാരാം ചെന്നായ്ക്കൾ
എത്തുന്നു വേഗം.

12 ജീവനെടുക്കാൻ സർപ്പങ്ങൾ
ചീറു–ന്നെൻ പേർക്കായ്
തുണയറ്റവനായ് ഞാനിപ്പോൾ
ദേവാ–തുണയേകു.

13 എന്നെ വെറുക്കുന്നെല്ലാരും
ഞാനേ–കൻ ധരയിൽ
ഞാനെന്തിനു ജീവിക്കുന്നു
നാഥാ,–യീധരയിൽ.

14 എന്തിനു ഞാൻ ജീ–വിക്കുന്നു
ഈ ഭൂ–ലോകത്തിൽ
ഇവിടാരും തുണചെയ്യില്ല
ക്ലേശം സമ്പാദ്യം.

www.malankaralibrary.com



15 എല്ലാവരെയും സ്നേഹിപ്പാൻ
ഞാനെത്തീയിവിടെ
എല്ലാവരുമൊരുപോലെന്നെ
നിന്ദിച്ചീടുന്നു.

16 ആയിരമായിരമായ് ദുഷ്ടർ
എത്തുന്നു നാഥാ,
തുണയേകാനില്ലൊരു നരനും
ഞാനേ–കൻ ധരയിൽ.

17 ശെമഓനെ കടലിൽനിന്ന്
രക്ഷിച്ചല്ലോ നീ
ശ്ലീഹന്മാരെ രക്ഷിച്ചു
ഓളത്തിൽ നിന്ന്.

18 കൃപനിറയും കടലാം നാഥാ,
രക്ഷി–ക്കെന്നെ നീ
ഓടിയണഞ്ഞിടണം സവിധേ
നീ മാത്രം ശരണം.

19 കണ്ണീർ മാത്രമെനിക്കിവിടെ
ഉള്ളൂ–ആയുധമായ്
കൈകളുയർത്തുന്നു സവിധേ
നാഥാ, കേൾക്കെന്നെ.

20 നിൻ ചിറകിൻ കീഴിൽ നാഥാ,
സംരക്ഷിക്കെന്നെ
വർഷിക്കൂ നിൻ വൻ സ്നേഹം
എന്നിൽ കരുണാബ്ധേ.



21 ഈ നിമിഷം നിന്നിൽ നാഥാ,
വയ്ക്കു–ന്നെന്നെ ഞാൻ
എൻ ഹൃദയം നിൻ ഹൃദയത്തിൽ
വയ്ക്കുന്നു നാഥാ.

22 എൻ ഹൃദയത്തിൻ വേദനയും
രോഗങ്ങളുമെല്ലാം
കുരിശിൽ നിന്നുയരും ബലിയിൽ
ചേർക്കുന്നു നാഥാ.

23 ഹൃദയം കാണുന്നൊരു ദേവാ,
തള്ളല്ലേയെന്നെ
റൂഹായാം ദാനം തരണം
ചിന്തു കാരുണ്യം.

24 സ്നേഹിതനായ് നീയെത്തേണം
നല്കേണം ശക്തി
സ്നേഹിതനില്ലാത്തവനിപ്പോൾ
നീയത്രേ ശരണം.

25 ഈ ധരയിൽ മമ മാതാവും
താതനും നീതാൻ
എൻ സോദരരും സ്നേഹിതരും
എല്ലാം നീയത്രേ.

26 നിൻ ഹിതമെന്നും മമ നാഥാ,
എന്നിൽ നിറവേറാൻ
വയ്ക്കുന്നെന്നെ തവ പാദേ
കാരു–ണ്യം ചെയ്യൂ.

www.malankaralibrary.com



**50** "കർത്തൻ രാജാവാകുന്നു"

1 കർത്തൻ രാജാവാകുന്നു
വാഴുന്നവനുയരേ
ശക്തിയുമുന്നതിയും പേറു–
ന്നീശൻ വസ്ത്രംപോൽ.[1]

2 ഉദയത്തിനു മുമ്പുള്ളവനാം
സൂര്യൻ നീയത്രേ
ധരയെ പ്രഭ ചൂടുന്ന പ്രഭോ
നിന്നെ വാഴ്ത്തും ഞാൻ.

3 അലറും തിരമാലകളേക്കാൾ
ഘോരം നിൻ ശബ്ദം
ഭുവാനങ്ങൾ വിറകൊള്ളും
കാലാന്ത്യത്തിങ്കൽ.

4 പരിപാവനമാം നിൻ ഭവനം
കാമ്യം മോദകരം
അതിലെന്നും വാഴാൻ നൃപനേ,
ദാനം നല്കണമേ.

**51** "കറ കൂടാതൊരു കന്യകയെ"

1 ചിന്തകളിൽ പൂർണ്ണത നേടിൻ
ജ്ഞാനം പ്രാപിപ്പിൻ
ഹൃദയേ ശിശുതുല്യം മേവിൻ
ചാപല്യം വെടിയിൻ.

---

1 സങ്കീർത്തനം 93



2 മിശിഹാ തൻ തിരുരക്തത്താൽ
വീണ്ടു തൻ പ്രിയരെ
വിഗ്രഹ സേവയതിൽനിന്നു്
മോചി–ച്ചു നരരെ.

3 മിശിഹാ മൃതനായ് എൻപേർക്കായ്
പാപങ്ങൾ നീക്കി
കൃപയാലെന്നെ കഴുകിയിതാ
കാരുണ്യം ചിന്തി.

4 കബറിൽ നിന്നുത്ഥിതനായി
ജേതാ–വാം നാഥൻ
പിതൃസവിധേ മരുവുന്നിപ്പോൾ
വീണ്ടും വന്നീടും.

5 മിശിഹായെപ്പോൽ നാമൊരുനാൾ
ഉത്ഥാനം ചെയ്യും
കാഹളനാദത്തിൻ നാളിൽ
നാമെത്തും ഉയരേ.

6 മിശിഹായിൽ മൃതരെല്ലാരും
കേൾക്കും ദൂതസ്വരം
നൃപനെയെതിരേല്പാനായി
എത്തും മേലുയരേ.

7 തന്നിൽ നിദ്രിതരെ ചേർക്കാൻ
നാഥൻ വന്നീടും
സ്ലീബായും പേ–റീട്ടവൻ
ജേതാവായ് തന്നെ.

www.malankaralibrary.com



8 ക്ലൂതിയാദാം വഴിയെത്തിയപോൽ
ജീവൻ ഏകി നൃപൻ
ജീവിപ്പിച്ചിട്ടമാദാമായ്
തീൎന്നു ദൈവസുതൻ.

9 അരിനിരയെവെന്നവനായി
നാഥൻ എത്തീട്ടും
അവസാനത്തെ യോദ്ധാവാം
മൃത്യു–മൃതനാകും.

10 കറകൂടാതൊരു കന്യകയെ
താത–നൎപ്പിക്കും
പിതൃവലഭാഗേ മേവുമവൾ
എന്നേക്കും നൂനം.[2]

## 52 "2 കൊരിന്തോസ്കാർ"

1 ക്രിസ്തുവിൽ ജീവിപ്പവരെല്ലാം
ജീവൻ നേടുന്നു
പഴയവയെല്ലാം മാറിപ്പോയ്
എത്തീ നവശോഭ.[3]

2 ഇതു രക്ഷാദിനമാകുന്നു
പ്രാപിക്കാം കരുണ
ഇതു കാരുണ്യത്തിൻ കാലം
പുല്കാം മിശിഹായെ.[4]

---

2 1 കൊരിന്ത്യർ 14:1; 15:28
3 2 കൊരിന്ത്യർ 5:17
4 2 കൊരിന്ത്യർ 6:2



3 മാനവരെല്ലാം ത്രീയേകൻ
മേവു–ന്നാലയമാം
പരിപാവനമായ് ജീവിക്കാൻ
അദ്ധ്വാനിച്ചീടാം.[5]

4 ആത്മശരീരങ്ങളെയെന്നും
കാക്കാം നിൎമ്മലമായ്
ചെളിയിൽ പാദം വയ്ക്കരുതേ
പാപം വെടിയേണം.[6]

5 ധനവാനാകും ദൈവസുതൻ
ദാരിദ്ര്യം പേറി
നമ്മെ ധനവാന്മാരാക്കാൻ
താഴെയ്ക്കാഗതനായ്.[7]

## 53 "ഗേഹം സ്നാനശിശ്രു"

1 സ്തുതിപാടിൻ മമ വത്സലരേ,
നാഥന്നായ് മോദാൽ
ദാവീദിൻ കിന്നരമേന്തി
വാഴ്ത്താം ഉടയവനെ.

2 ഭുവനങ്ങൾക്കധിപതിയാം
മ്ശീഹാ നൃപനത്രേ
മോദമെഴുമൊന്നൊരു മകുടമവൻ
വയ്ക്കുന്നു ശിരസ്സിൽ.

---

5 2 കൊരിന്ത്യർ 6:16
6 2 കൊരിന്ത്യർ 7:1
7 2 കൊരിന്ത്യർ 8:9

www.malankaralibrary.com



3 മുടിചൂടിയ മന്നൻ മിശിഹാ
നീട്ടുന്നു മുടികൾ
തലയെ നമിച്ചവനിൽനിന്ന്
വാങ്ങാം ജീവമുടി.

4 കാലാന്ത്യത്തിലതിൻ മുദ
നല്കും പറുദീസാ
പരിപാവന റൂഹാ ദൈവം
ചൂടിക്കും മുടികൾ.

5 ഹിമവെണ്മ സമം ശോഭിപ്പൂ
നിൻവസ്ത്രം പ്രിയനേ,
അഗ്നിമയന്മാരുടെ മുടിപോൽ
നിൻസ്ഥാനം ശ്രേഷ്ഠം.

6 മൂല്യമെഴുന്നൊരു രത്നം പോൽ
ആയീനിന്നാത്മം
യോർദ്ദാൻ നീർപോലായ് നീയീ
നേര-ത്തെൻ പ്രിയനേ.

7 നാശമെഴാത്തൊരു വെൺവസ്ത്രം
നീ ചൂടീസുദിനം
കറപുരളാതതു സൂക്ഷിക്കാൻ
ശ്രദ്ധി-ക്കേണം നീ.

8 നന്മനിറഞ്ഞൊരു ധരയിൽ നീ
പോകു-ന്നീനേരം
സ്നാനത്തിൽ പ്രാപിച്ച ധനം
വ്യാപാരം ചെയ്ക.



9 കളയരുതൊരുനാളും ദാനം
വർദ്ധിപ്പിക്കുക നീ
നാഥനെഴുന്നെള്ളും സുദിനം
നല്കേ-ണം തിരികെ.

10 ഒരു ദീപം പോലീധരയിൽ
നീ ശോഭിക്കേണം
ഉന്നത പീഠത്തിൽ വച്ച
ദീപം നീയാക.

11 മലമുകളിൽ പണിതൊരു നഗരം.
കാണാം ദിക്കുകളിൽ
അതുപോലാകണമെൻ പ്രിയനേ,
സ്നാ-നത്തിൽ ശിശുവേ.

12 സ്നേഹം ജീവിത സാരാംശം
കാട്ടീ-ടുക ശിശുവേ,
ജീവൻ വച്ച നൃപൻ പോലെ
ജീവിക്കുക നീയും.

13 നീ നൃപനാകുന്നീ സ്നാനാൽ
തോല്പിക്കു മൃതിയെ
നൃപനാം മിശിഹായുടെ കൊടിയിൻ
കീഴിൽ നീന്നീട്ടു.

14 നല്ലരുതൊരുനാളും പ്രിയനേ,
ദുഷ്ടന്നായ് ഹൃദയം
നിൻ പാതകളെല്ലാമെപ്പോഴും
നാഥൻ തൻ ഭവനേ.

www.malankaralibrary.com



15 നിൻ ചിന്തകളെല്ലാമെപ്പോഴും
സ്വർഗ്ഗേഉയരത്തിൽ
ഹൃദയം പാവനചിന്തകളാൽ
കാത്തീടണമെന്നും.

16 പ്രിയനേ, നീയൊരു വൈദികനായ്
തീർ–ന്നത്ഭുതമിന്ന്
ഈ സ്നാനത്തിൻ റൂശ്മായോ
മായില്ലൊരു നാളും.

17 അനുദിനമർപ്പിച്ചീടുക നീ
നാഥന്നായ് ബലികൾ
അനുദിന വഴിയാത്രയിലുയരും
സർവ്വം നല്കുക നീ.

18 നന്മ നിറഞ്ഞവനാം നാഥൻ
നല്കുന്നു നന്മ
വാങ്ങണമെല്ലാമൊരുപോലെ
നാഥൻ കയ്യീന്ന്.

19 നിൻ ശിരസ്സിലെ രോമംപോലും
എണ്ണുന്നു താതൻ
നിന്നെ നേരത്തേതന്നെ
പേർചൊ–ല്ലീ താതൻ.

20 അനുദിനമെല്ലാ നേരത്തും
പ്രാപി–ക്കുക കൃപകൾ
പോകരുതൊരുനാളൊരിടത്തും
നാഥന്നരികീന്നും.



21 സ്നാനത്താൽ നീയീ ദിവസം
തീർന്നു ഒരു നിബിയായ്
ശിശുവായ് ജാതൻ നീയിന്ന്
ദൂതിൻ വാഹകനായ്.

22 തമസ്സിൽനിന്നും ജ്വാലയിലേ
ക്കായ് നിന്നെ മാററി
ഒരു മുടി നല്കിയ താതന്റെ
ദൂതിൻ വാഹകനായ്.

23 ആദാം പറുദീസാ ഭുവിൽ
ഭക്ഷിക്കാഞ്ഞ ഫലം
മണ്മയനാം വൈദികനിന്ന്
നല്കുന്നു ഗൂപനായ്.

24 വെണ്മയെഴുമൊരു സ്നാനശിശു
ദൈവത്തിൻ സുതനായ്
അത്ഭുതമേറുന്നു ദൂതർ
ശ്രദ്ധം കർമ്മത്തിൽ.

25 മിശിഹായുടെ കുരിശിൽനിന്ന്
വീഴും സ്നാനജലം
പരിപാവനമായ് തീർത്തിവനെ
മോദിപ്പിക്കുന്നു.

26 അത്യുന്നതനാം പ്രിയ താതൻ
നിന്നിൽ മേവുന്നു
സുതനെ ഒരു വസനംപോലെ
നീയിന്നണിയുന്നു.

www.malankaralibrary.com



27 റൂഹായാം ദൈവം ശിരസ്സിൽ
വയ്ക്കുന്നൊരു മകുടം
പരിപാവനമാം ത്രിത്വത്തിൻ
ഗേഹം സ്ഥാനശിഖ.

54 “ത്രിത്വം സംപൂജ്യൻ”

1 ആരാധ്യമതാം ത്രിത്വത്തിൻ
യാഥാർത്ഥ്യം ശുദ്ധം;
ആരാധനയർപ്പിച്ചീടാം
ആരാധകരൊപ്പം.

2 മൂന്നാളുകളിൽ സ്ഥിതിചെയ്യും
ത്രിയേകൻ ദൈവം
ഭുവാനങ്ങളെ നിർമ്മിച്ചോൻ
ത്രിയേകൻ ദൈവം.

3 സൃഷ്ടികളെ നിർമ്മിച്ചവനേ,
സ്രഷ്ടാവാം താതാ,
പാടുന്നടിയാർ നിൻ ഗീതം
ആനന്ദത്തോടെ.

4 നിത്യം നിലനില്ക്കുന്നവനാം
താതൻ ദൈവമഹോ;
കാലങ്ങൾക്കധിപതിയാകും
പുത്രൻ ദൈവമഹോ.

5 പരിപാവനമാം ത്രിത്വത്തിൻ
രണ്ടാമാളാകും
പുത്രൻ ദൈവത്തിൻ വചനം
സാക്ഷാൽ ദൈവമഹോ.



6 പരിപാവനമാം റൂഹായാം
ദൈവം സംസ്തുത്യൻ;
ത്രിത്വത്തിൽ മൂന്നാമത്തെ
ആളാണീ ശ്രേഷ്ഠൻ.

7 മൂന്നാളുകളായ് സ്ഥിതിചെയ്യും
ത്രിത്വം ആരാധ്യം
ദൈവസ്വഭാവം മൂവർക്കും
ഒന്നാണെൻ പ്രിയരേ.

8 അഗ്രാഹ്യമതാമീ രഹസ്യം
വാഴ്ത്തിപ്പാടിടാം
ദൈവത്വത്തിൻ ആഴങ്ങൾ
നോക്കാൻ പാടില്ല.

9 താതനിൽനിന്നു പിറന്ന സുതൻ
ദൈവം താനല്ലോ
കന്യകയിൽ നി–ന്നാ ദൈവം
രക്ഷി–പ്പാനെത്തി.

10 താതനിൽ നിന്നുരുവായ സുതൻ
മന്നിൽ ജാതനതായ്
ആരാധിക്കുന്നവനെ ഞാൻ
‘കർത്താവെൻ ദൈവം’.

11 കാലാന്ത്യത്തിൽ പിതൃവചനം
ദൈവം നരനായി
നരനായവനാം ദൈവത്തെ
വാഴ്ത്തീടാം മോദാൽ.

www.malankaralibrary.com



12 മർത്ത്യസ്വഭാവം ഏററ സുതൻ
സാക്ഷാൽ ദൈവമഹോ
കന്യകതൻ മടിയിൽമേവും
പുത്രൻ ദൈവസുതൻ.

13 താതനിൽ നിന്നവനുളവായി
താതൻ വചനമവൻ
സത്തയിൽ നിന്നുളവായവനെ
വാഴ്ത്തീടാമെന്നും.

14 ദൈവത്വത്തിൻ പൂർണ്ണതയാ–
താതനും സുതനും
ഒരുപോലുണ്ടെന്നറിയേണം;
പാടാം ഗീതങ്ങൾ.

15 കന്യകയുടെ മടിയിൽ വാണോൻ
അത്യുന്നത സൂനു
അവനുടയവനാം ദൈവത്തിൻ
മാർവ്വിൽ മേവുന്നു.

16 ദൈവ സ്വഭാവത്തിന്നുടമ
അത്യു–ന്നത വചനം
ദൂതഗണങ്ങളെ വിട്ടെത്തി
മർത്ത്യന്നിടയിലിതാ.

17 രണ്ടു സ്വഭാവങ്ങളുമൊന്നി–
ച്ചുണ്ടീ വത്സലനിൽ;
രണ്ടുംകൂടികലരാതെ
മേവുന്നൊരു സുതനിൽ.



18 തിരുസഭ പാടുന്നെന്നെന്നും:
"മ്ശീഹാ ദൈവസുതൻ;
കന്യകയിൽ നിന്നുരുവായോൻ
സാക്ഷാൽ ദൈവസുതൻ."

19 "ദൈവത്വത്തിൻ പൂർണ്ണതയീ
രാജാവിൽ കാണാം
മർത്ത്യത്വത്തിൻ പൂർണ്ണതയും
കാണാമീയാളിൽ."

20 "കന്യകയിൽ നിന്നുരുവായോൻ
അത്രേ പിതൃവചനം;
ജഡമേററവനാം ദൈവസുതൻ
സാക്ഷാൽ ദൈവമഹോ."

21 മർത്ത്യനൊപ്പം കബറിങ്കൽ
കണ്ണീർ ചിന്തിയവൻ
ദൈവത്വത്തിൽ ലാസറിനെ
ജീവിപ്പിച്ചീശോ.

22 പരിപാവനമാം പരമാത്മൻ
ദേവാ, കൃപചെയ്യൂ;
നിൻ കിരണം നീ വർഷിക്കൂ
ഭൂലോ–കത്തെങ്ങും.

23 പുതിയൊരു പറുദീസാ പണിയും
ത്രിത്വം സംസ്തുത്യൻ
അതിലടിയാരെ ചേർക്കുന്നോൻ
എന്നും ആരാധ്യൻ.

www.malankaralibrary.com



24 ത്രിത്വത്തിൻ തിരുസന്നിധിയിൽ
വയ്ക്കു–ന്നെൻ ഹൃദയം;
പാവനമാക്കിക്കാത്തിടു നീ
നിൻ കയ്യിൽ തന്നെ.

## 55 "ധരമിശിഹായുടെ ബലിവേദി"[8]

1 നവമാമൊരു ഗീതം പാടാം.
നാഥ–ന്നായിപ്പോൾ
നമ്മെ കൂട്ടിച്ചേർത്തവനെ
ആരാധിച്ചീടാം.

2 സ്രഷ്ടാവിൻ മഹിമാഗമനം
കാണ്മിൻ വത്സലരേ,
ശോഭയുടുത്തവനെത്തുന്നു
മണ്ണിൽ വിധിചെയ്യാൻ

3 അത്യുന്നതനായ് വത്സലരേ,
പാടാം സ്തുതിഗീതം
ജനമദ്ധ്യത്തിലവൻ കർമ്മം
ഘോഷിച്ചീടുക നാം.

4 തൻനാമത്തെ പ്രതിപ്രിയരേ,
നൃത്തം വച്ചീടാം
വീണയുമതുപോൽ കിന്നരവും
ഏന്തിൻ നാഥന്നായ്,

8 സങ്കീർത്തനം 149



5 ധരയുടതിർത്തിയിലെത്തട്ടെ
നാഥൻ തൻ സ്തുതികൾ
ധരയിൽ മണവറ നിർമ്മിച്ചോൻ
എന്നേയ്ക്കും സ്തുത്യൻ.[9]

6 ഒരു സഭയെ തൻ പാർശ്വത്തിൽ
ചേർത്തു നൃപനീശോ
ജാതി സുതേ അവൻ ഒരു നാളിൽ
തീർത്തുതൻ വധുവായ്.

7 അഗതിയെ നാഥനുയർത്തുന്നു
വയ്ക്കുന്നുയരത്തിൽ
ധര മുഴുവൻ വിതറുന്നു കൃപ
മർത്ത്യർക്കിടയിലവൻ.

8 കറയില്ലാത്തവളാം സുതയെ
മ്ശീഹാ വധുവാക്കി
തിരുരക്തത്താലൊരു രത്നം
നല്കീതരുണിക്കായ്.

9 തിരുഭവനേയാഗതരായ് നാം
പാടാമൊരു ഗീതം
ധരമിശിഹായുടെ ബലിവേദി
ലോകത്തിൻ മദ്ധ്യേ

10 അവതാരത്താൽ ധരയെ താൻ
തീർത്തു പാവനമായ്
ധരയിൽ മരുവുന്നവരെല്ലാം
നാഥന്നവകാശം.

9 സങ്കീർത്തനം 150

www.malankaralibrary.com



56 "നിൻ മാർവ്വിൽ ചാരും"

1 കൃപ നിറയും കടലാം നാഥാ,
കാരുണ്യം ചെയ്ക
തീരം തിങ്ങിയ വൻ നദിയേ,
കാരുണ്യം ചെയ്ക.

2 അനുദിനമടിയാരെത്തുന്നു
നാഥാ, നിൻ പക്കൽ
നല്കണമേ നിൻ കാരുണ്യം
നാൾ തോറും നാഥാ,

3 ദൂരെയകറ്റുക തവ കൃപയാൽ
ആപത്തുകളെല്ലാം
വിനകൾ നീക്കണമേ നാഥാ,
നിന്നിൽ എന്നഭയം.

4 വലയില്ലൊരുനാളും ഹൃദയം
നിന്നിൽ നിക്ഷിപ്തം
വല്ലഭനേ നീയെന്നഭയം
പേടിക്കില്ലടിയൻ.

5 വഞ്ചകരാകും ദുഷ്ടരിൽ നി-
ന്നെന്നെ രക്ഷിക്ക
പൈശാചിക ചിന്തകളെ നീ
ദൂരെത്തള്ളണമേ.

6 അപകടമേറും കെണികളെ നീ
മാറ്റേണം ദൂരെ;
വേദന തിങ്ങും രോഗങ്ങൾ
നീക്കു നൽ വൈദ്യാ.



7 വ്യർത്ഥത നിറയും ചിന്തകളെ
മാറ്റാൻ തുണചെയ്ക
ലൗകിക ചിന്തകളെൻ ഹൃദയം
പീഡിപ്പിക്കരുതേ.

8 ഭീകര മൃതിയുടെ കൈയിൽ നി-
ന്നെന്നെ കൈക്കൊൾക
തീ നരകത്തിന്നാഴത്തിൽ
നിന്നും രക്ഷിക്ക.

9 കാഹള നാദത്തിൻ നാളിൽ
നാഥാ വത്സലനേ,
വലഭാഗം തരണം മോദാൽ
ദൂതർ മദ്ധ്യത്തിൽ.

10 കരുണ നിറഞ്ഞ കരം നാഥാ,
വയ്ക്കു എൻ മീതേ
അനുനിമിഷം ഞാൻ തവ ഗീതം
പാടും ജനമദ്ധ്യേ.

11 മർത്ത്യകുലത്തിനായ് ജീവൻ
വച്ചോരുന്നതനേ,
ഏഴകളെത്തള്ളീടല്ലേ
ചേർക്കു തിരുമാർവ്വിൽ.

12 തവ തൃക്കൈ നല്കും ദാനം
കൈക്കൊള്ളുന്നടിയാർ
തവശാസനകൾ ഹൃദയത്തിൽ
മാർഗ്ഗം കാട്ടുന്നു.

www.malankaralibrary.com



13 ഈ മരുഭൂമിയിലെൻ നാഥാ,
പാർക്കും നിൻ തണലിൽ
മരണ മണഞ്ഞീടുമാ നേരം
നിൻ മാർവ്വിൽ ചാരും.

**57** "പണിയും വരവും ഒരു നിമിഷം"

1 കന്യകയുടെ നിർമ്മലയുദരം
കൈകൊണ്ടുടയവനെ
പും സംബന്ധമെഴാതൊരുനാൾ
ദൈവം നരനായി.

2 കൈകൾ കൊത്തിയെടുക്കാത്ത
പാറക്കല്ലിതു താൻ
റൂഹാ നിർമ്മിച്ചോരു ഭവനം
കാണ്മിൻ വത്സലരേ!

3 റൂഹാ നിർമ്മിച്ചോരു ഭവനേ
എത്തി സ്തുത്യസുതൻ
"പണിയും വരവും ഒരു നിമിഷം"
തന്നെ പാടുമിവർ.

4 താതനിൽ നിന്നുള്ളേക സുതൻ
കന്യാസുതനായി
മാററംകൂടാതൊരു നാളിൽ
ദൈവം നരനായി

5 "വചനം ജഡമായ് തീർന്നൊരുനാൾ
യോഹന്നാനെഴുതി
ദൈവം നരനായീഹൂദിൽ
പാടുന്നു ദാസർ.



6 യീഹൂദിൽ ഞാൻ കണ്ട നരൻ
സാക്ഷാൽ ദൈവസുതൻ
കാലിക്കൂട്ടിൽ കരയുന്നോൻ
സാക്ഷാൽ ദൈവസുതൻ.

7 ഗ്ലീലാക്കടലിൻ തീരത്ത്
ഓതി ബർയോനാ
"നീ ദൈവത്തിൻ പ്രിയസൂനു
രക്ഷിപ്പോൻ മിശിഹാ".

8 യോർദ്ദാൻ നദിയുടെ തീരത്തിൽ
കേട്ടു ഇടിനാദം.
"ഇവനെൻ പ്രിയ സൂനുപ്രിയരേ,
ശ്രദ്ധി-പ്പിനിവനെ."

9 കുരുടന്മാരും പാപികളും
പാടി-ജനമദ്ധ്യേ
"സാക്ഷാൽ ഈ കാണും മർത്ത്യൻ
ദൈവത്തിൻ സൂനു".

10 ബേഥന്യായിൽ കല്ലറയിൽ
സാക്ഷി-ച്ചു മറിയാം
"നീ ദൈവത്തിൻ പ്രിയസൂനു
നീയാണുത്ഥാനം."

11 ക്രൂശിൽ മിശിഹായെ കണ്ടോൻ
ഓതി ഭയമോടെ
"സാക്ഷാൽ ഈ കാണും മർത്ത്യൻ
ദൈവത്തിൻ സൂനു."

www.malankaralibrary.com


12 കന്യകയെപ്പോൽ യോർദ്ദാനും
കൈക്കൊണ്ടു നൃപനെ;
ശുദ്ധതയിൽ നദിയിലെ വെള്ളം
പേറീ മിശിഹായെ.

13 നദിയെ നിർമ്മിച്ചൊരു ദൈവം
മുങ്ങീ വെള്ളത്തിൽ
നീരിനു പുണ്യം നല്കാനും
സാക്ഷ്യം നേടാനും.

14 നീരിൻ സന്തതികൾ ഞങ്ങൾ
കേഴുന്നുടയവനേ,
റൂഹായാൽ സ്നാനം നല്കും
നിന്നിൽ മമ ശരണം.

15 ഉദരേ നവമാസം പേറി
ഭുവിൽ പ്രസവിച്ചു
കൃപയുടെ നാഥനെ ഏന്തുന്നു
കൈയ്യിൽ നൃപകന്യ.

16 കന്യാത്വത്തിൽ നൃപതരുണി
കേട്ടു ദിവ്യസ്വരം;
ഉദരേമേവി പാവനമാം
സത്യം ദൈവസുതൻ.

17 നരസുതയിൽ നിന്നെങ്ങനെയീ
ദൈവം ധരയെത്തി
നിബി വചനം നിറവേറ്റുന്നോൻ
മ്ശീഹാ–ദൈവസുതൻ.



18 ജനനം പാവനമാക്കീടാൻ
എത്തീ ദൈവസുതൻ
സ്നാനജലത്തെ വാഴ്ത്തീടാൻ
എത്തീ യോർദ്ദാനിൽ.

19 യോർദ്ദാൻ തീരേ യൂഹാനോൻ
സാക്ഷിച്ചു–നൃപനെ
മിശിഹായുടെ സ്നാനത്താലെ
യോർദ്ദാൻ പാവനമായ്.

20 കന്യകമറിയാം പ്രാപിച്ചു
സ്നാനം–നൃപനീന്നു്
ഉദരേ പൂകിയ ദൈവസുതൻ
യോർദ്ദാൻ പോലേകി.

21 യോർദ്ദാൻ നദിയിലെ ജനനത്താൽ
മ്ശീഹാ ദൈവസുതൻ
തൻ മാതാവാം കന്യകയെ
വീണ്ടും പ്രസവിച്ചു.[10]

22 മിശിഹായുടെ സ്നാനം പ്രിയരേ,
ലോകത്തിൻ ജനനം.
മിശിഹായുടെ മരണം പ്രിയരേ,
ലോകത്തിൻ ജീവൻ.

23 "അത്യുന്നതനാം ദൈവസുതൻ
എത്തീ എന്നുള്ളിൽ
എന്നിൽ മേവീ നവമാസം"
ഓതീ–നൃപകന്യ.

10 S. Ephrem, De Nativitate, 16: 9.

www.malankaralibrary.com



24 മാതാവായ് തീർന്നോൾ മറിയം
ധന്യ ധരമുഴവൻ
അവളുന്നതനെ പ്രസവിച്ചു
രണ്ടാം ജനനമതു്.[11]

25 അതുപോൽ മിശിഹാ സ്നാനത്താൽ
സ്ലീയേ പ്രസവിച്ചു
കന്യകശോഭ ധരിച്ചവനോ–
മാതാവിൻ വസ്ത്രം.

26 രഹസ്യം തിങ്ങുന്നവനത്രേ
അത്യുന്നത മിശിഹാ
കാഴ്ചയിൽ നരനാണവനെന്നാൽ
അത്യുന്നത ദൈവം.

27 സ്നാനം പൂകിയ നേരത്തിൽ
ദീപം ശോഭിച്ചു.
കബറിലുമതുപോൽ മലയിലുമാ–
തീക്കണ്ഡം കണ്ടേൻ.

28 അന്വേഷിപ്പാനെത്താതെ
കൈക്കൊൾ–കിൻ ഹൃദയേ
താത്വികരെ ലജ്ജിപ്പിക്കാൻ
സ്ലീബാ–ശോഭിപ്പൂ.

11 'വചന'ത്തിനു് രണ്ടു് ജനനമുണ്ടു്. നിത്യതയിൽ പിതാവിൽനിന്നു് മാതാവില്ലാതെ ജനിച്ചു; കാലത്തിൽ മാതാവിൽനിന്നു് പിതാവില്ലാതെ ജനിച്ചു.



29 ജീവിതമവനായ് വച്ചേണം
ഒന്നാം കല്പന താൻ
അവനെ നന്നായ് കണ്ടീടാൻ
വിശ്വാസം വേണം.

30 ഭൗമിക നയനമിരുണ്ടീട്ടും
നേരം ശോഭിപ്പൂ
ആത്മീക നയനം വിശ്വാസം
നേടാം വത്സലരേ.

31 വിശ്വാസികളുടെ കൂട്ടത്തിൽ
വീഴുന്ന കൃപകൾ
താർക്കികരെല്ലാം ചിതറുന്നു
സ്ലീബാ നിലനില്പും.

32 കരുണ നിറഞ്ഞവനേ, നാഥാ,
തള്ളല്ലേയെന്നെ
ഈ വഴിയാത്രയിലെൻ പാദം
സംരക്ഷിക്കണമെ.

33 പരദേശത്തിൽ കഴിയുന്നോൻ
കേഴുന്നു നാഥാ,
ചിറകിൻ കീഴിൽ ചേർക്കേണം
തള്ളല്ലേയെന്നെ.[12]

12 cf. St. Ephrem, De Eeclesia, csco I98/199; Eastern Churches Review, Vol. 7.2 (1975) p. I37-138.

www.malankaralibrary.com



**58** "പ്രഭയിൽ നിന്നുള്ളൊരു പ്രഭയാം"

1 പിതൃവലഭാഗേ മേവുന്നോൻ
മ്ശീഹാ സ്തുത്യർഹൻ
അരിനിരയെ ഭേദിച്ചു നൃപൻ
തോല്പിച്ചു മൃതിയെ.[13]

2 നീങ്ങിപ്പോകാത്തൊരു രാജ്യം
സ്ഥാപിച്ചു മിശിഹാ
സേവകരാം ദൂതന്മാരോ
സൂക്ഷിപ്പു രാജ്യം.

3 മിശിഹാ ജനനത്തിനുമുമ്പേ
രാജാവാകുന്നു
പ്രഭയിൽ നിന്നുള്ളൊരു പ്രഭയാം
നിന്നെ വാഴ്ത്തും ഞാൻ.

4 അധികാരത്തിൻ വൻ ചെങ്കോൽ
പേറു–ന്നു മിശിഹാ
ശോഭയെഴും മകുടം ശിരസ്സിൽ
പേറുന്നിവനാരോ!

5 കാലങ്ങൾക്കെല്ലാം മുമ്പേ
മ്ശീഹായാചാര്യൻ
മൽക്കിസദേക്കിൻ ദൃഷ്ടാന്തം
കാട്ടി മിശിഹായെ.

6 മിശിഹായർപ്പിക്കുന്നു ബലി
താതന്നായ് ലോകേ;
മൂക മൃഗങ്ങളെയാ ബലിയാൽ
എന്നേയ്ക്കും നീക്കി.

---

13 സങ്കീർത്തനം 110



7 ക്രോധത്തിൻ ദിനമെത്തുമ്പോൾ
നാഥൻ ശത്രുവിനെ
അഗ്നിക്കടലിന്നാഴത്തിൽ
ബന്ധിക്കും നൂനം.

8 തിന്മനിറഞ്ഞ നൃപന്മാരെ
നീക്ക–ന്നു നാഥൻ
ചെങ്കോൽ നല്കുന്നതു പിന്നെ
മാററുന്നതുമീശൻ.

9 വിധി ചെയ്യാനായ് ജാതികളെ
നാഥൻ കൂട്ടുന്നു
ദുഷ്ടർ കേണിടുമാനാളിൽ
ശിഷ്ടർ മോദിക്കും.

**59** "ബേഥേലിൽ യാക്കോബൊരുനാൾ"

1 മിശിഹാ ദൈവസുതൻ നരനായ്
നല്കു–ന്നു തൈലം
കുഞ്ഞാടാകുന്നവനെന്നും
മേയ്ക്കു–ന്നാടുകളെ.

2 അവതാരത്താൽ ധരയെ നീ
സൃഷ്ടി–പ്പൂ പുതുതായ്
പരിപാവനമായ് തീർന്നെല്ലാം
പാ–ടുന്നു സ്തുതികൾ.

3 സൃഷ്ടിയെ നിർമ്മി–ച്ചവനാകും
ദൈവം–മർത്ത്യന്നായ്
കല്പന നല്കി ലോകത്തെ
നന്നായ്–പാലിക്കാൻ.

www.malankaralibrary.com



4 ദൃശ്യാദൃശ്യങ്ങളിലെല്ലാം
മർത്യ–ന്നധികാരം
നല്കിയ നല്ലവനാം നൃപനേ,
നിന്നെ–വാഴ്ത്തുന്നു.

5 മിശിഹാ പെസഹാ രഹസ്യത്താൽ
നിർമ്മി–ച്ചീ ധരയിൽ
പുതിയൊരു പറുദീസായതിലേ–
ക്കോട്ട–ന്നെല്ലാരും.

6 നവലോകത്തിൻ നൃപനായി
വാഴു–ന്നു മിശിഹാ
ശോഭ ധരിക്കുന്നഖിലാണ്ഡം
വാഴ്–ത്തുന്നു ഗീതം.

7 ഭൂലോകത്തെ പുതുതാക്കാൻ
യൂദായെ ദൈവം
കരുവാക്കീ ജാതികളീന്നും
മാററി–സ്ഥാപിച്ചു.

8 കുഞ്ഞാടിൻ രക്തം മിസ്രേം
നാട്ടിൽ–കൃപ നല്കി
മിശിഹായുടെ റൂശ്മാ നല്കും
സ്വാഗ്ഗീ–യൂറിശിലേം.

9 ബേഥേലിൽ യാക്കോബൊരുനാൾ
കല്ലാ–ലീ റൂശ്മ
സൂചിപ്പിച്ചതു കണ്ടിട്ടവിൻ
നാഥൻ തൻ വഴികൾ.



60 "മരുഭൂമിയിലുയരും നാദം"

1 ആഗതനായ് നിബി യൂഹാനോൻ
യൂർദാൻ നദിയരികിൽ;
സ്നാനം പ്രാപിപ്പാനെത്തി
യൂദന്മാർ ചുററും.

2 നിബിയേശായാ കണ്ടവനെ
വർണ്ണിച്ചോതിയിദം:
മരുഭൂമിയിലുയരും നാദം
കേൾപ്പിൻ മാനവരേ.

3 അത്യുന്നതനാം ദൈവത്തിൻ
പാത–യൊരുക്കിട്ടവിൻ;
അനുദിനമെല്ലാരും കാണും
അഗ്രാഹ്യം രക്ഷ.

4 കർത്താവിൻ വരവിൻ മുമ്പായ്
എത്തീ യൂഹാനോൻ
മാലാഖി നിബി ചൊല്ലിയപോൽ
ഏലീയാ സമമായ്.

5 അനുതാപത്തിൻ പാതകളെ
തേടി–യിറങ്ങിട്ടവിൻ
കണ്ണീരിൽ കഴുക നിങ്ങൾ
മാലിന്യം സർവ്വം.

6 വാതിൽ തുറന്നവനായ് നിങ്ങൾ
പീഠ–മൊരുക്കിട്ടവിൻ
പൂക്കൾ കോർത്തൊരു മാലയുമായ്
വാതിൽക്കൽ നില്പിൻ.

www.malankaralibrary.com



7 ജീവിതമാകും ദാനത്തിൻ
മൂല്യം ദർശിപ്പിൻ;
ഫലമേകാത്തൊരു പാഴ്‌വൃക്ഷം
നീക്കീടും നാഥൻ.

8 കരുണ നിറഞ്ഞവനേ, നാഥാ,
കൈ–ക്കൊൾ–കെൻ ഹൃദയം
കാല്ക്കൽ വച്ചിവനാരാധി–
ക്കാനായ് വെമ്പുന്നു.

**61** "മാനവഹൃദയത്തിന്നാഴം"

1 അത്യുന്നതൻ ഒരുവൻ മാത്രം
ലോകത്തിൽ പ്രിയരേ,
അവനെയാരാധിക്കേണം
എല്ലാ ജാതികളും.

2 നരരുടെ സൃഷ്ടികളാം കളിമൺ
ദേവ–ന്മാർ മിഥ്യ
രക്ഷിക്കില്ലൊരു നരനേയും
ആപ–ത്തിൻ നാളിൽ.

3 നരരിൽ ശരണം വയ്ക്കുന്നോർ
ലജ്ജിക്കും നൂനം
മരുഭൂമിയിലെ പുൽക്കൊടിപോൽ
നീങ്ങീടും മർത്ത്യർ.

4 അത്യുന്നതനിൽ ശരണിതരോ
വാഴ്ത്തപ്പെട്ടവരാം
നീരിൻ തീരത്തുള്ളൊരുവൻ
വൃക്ഷം പോലവരും.



5 വേനലടുക്കുമ്പോൾ വൃക്ഷം
വാടില്ലെൻ പ്രിയരേ,
പച്ചപിടിച്ചു തഴച്ചീടും
തിങ്ങും ഫലനിവഹം.

6 മാനവഹൃദയത്തിന്നാഴം
കാണുന്നവനാരോ?
അതിലുദയം ചെയ്യുന്നവയെ
തൂക്കുന്നവനാരോ?

7 ദൈവം കാണുന്നനുനിമിഷം
മർത്ത്യർ തൻ ഹൃദയം
ഓരോരുത്തരുമർഹിക്കും
ദാനം നല്കുന്നു.

8 മമഹൃദയത്തിൻ ചിന്തകളെ
തൂക്കുന്നൊരു നാഥാ,
നിന്നിൽ വയ്ക്കുന്നെൻ ഹൃദയം
നീയാണെൻ ദൈവം.

9 എൻ കുറവുകൾ നീ നീക്കണമേ
ഞാൻ ലോകേ പാപി
നിരവധി തിന്മകളീ ഹൃദയേ
കാണു–ന്നൊരു ദേവാ.

10 അന്യായത്താൽ നേടിയവ
കൈവി–ട്ടുകലെപ്പോം
അവസാനത്തിലവൻ ഭോഷൻ
ആയ്തീരും പ്രിയരേ.

www.malankaralibrary.com



11 നിന്നെ തള്ളുന്നവരെല്ലാം
മണ്ണിൽ പൊടിയാകും
നിന്നിൽ ശരണിതരോ ഒരുനാൾ
വിണ്ണിൽ മോദിക്കും.

12 സുഖമാക്കണമെന്നെ നാഥാ,
രക്ഷിച്ചീടണമെ
ഓളംതിങ്ങും ജലധിയിൽ നി–
ന്നെന്നെ കരകേററൂ.

13 കർത്താവേ നീയെന്നഭയം
ആപ–ത്തിൻ നാളിൽ
ദുഷ്ടനെ ദൂരെയകററണമെ
രക്ഷിക്കണമെന്നെ.

14 ശ്രദ്ധിക്കണമെൻ നാദം നീ
ഞാനേകൻ ധരയിൽ
നിരവധിയായ് ദുഷ്ടർ പിറകേ
എത്തുന്നുടയവനേ.

15 നന്മ വിതച്ചിട്ടെന്തേ ഞാൻ
കൊയ്യു തിന്മകളെ
നിൻ സ്തുതിയെൻ നാവിൽ നിത്യം
എൻ ചുററും കെണികൾ.

16 കർത്താവേ, ഞാനീ ധരയിൽ
എന്തിന്നലയുന്നു.
നീയെന്നെ വഞ്ചിച്ചെന്നു്
നിന്നോടോതുമിവൻ.[14]

---

14 യിരെമ്യാവ് 20:7



17 ശക്തി നിറഞ്ഞവനെപ്പോഴും
എന്തും ചെയ്യുന്നു
ബലഹീനനെയെന്തിനു നാഥാ,
പീഡിപ്പിക്കുന്നു.

18 സകലരുമെന്നെ നിന്ദിപ്പൂ
എല്ലാനാളിലുമേ
നിൻ വചനം മൂലം നാഥാ,
ഞാൻ മൂഢൻ നാഥാ.

19 അനുദിനമെൻ നാഥാ, നിന്നിൽ
ഞാനാനന്ദിക്കും
ദുഷ്ടർ ചിതറി നശിക്കുമ്പോൾ
നിന്നിൽ എന്നഭയം.

20 കരുണ നിറഞ്ഞവനാം നാഥാ,
കൈക്കൊൾകെൻ ഹൃദയം
എന്നെ നന്നായറിയുന്നോൻ
ദേവാ, കൃപചെയ്യൂ.

## 62 “മിശിഹായിൽ ജീവൻ വയ്ക്കാം”

1 എതിരേല്പാനായ് എൻ പ്രിയരേ,
നന്നായോടീടാം
സീയോൻ സുതയുടെ മണവാളൻ
വേഗം വന്നീടും.

2 കഷ്ടതയേറും നാളിൽ നാം
പിന്മാറീടരുതേ
ദീപമെടുക്കണമെല്ലാരും
ദീപ–ത്തിൻ നീരും.

www.malankaralibrary.com



3 താലന്തുകളെ വർദ്ധിപ്പി-
ച്ചോരാക്കും നാളിൽ
താലന്തുകളും പേറീടാം
നാഥനർപ്പിക്കാം.

4 വാരിധിയിളകുന്നൊരു നാളിൽ
ലോകം ഞെട്ടീടും
കാഹള നാദത്തിൻ ശബ്ദം
വാനിൽ കേട്ടീടും.

5 ശാലേമിൻ നൃപനാഗതനാം
നേരം ഭീതികരം
നൃപനും ഭിക്ഷുവുമൊരുപോലെ
കേണീടും നേരം.

6 പ്രിയരേ മരണമടുക്കുന്ന
ചോരൻ സമമായി
മിശിഹായെ പുണരുന്നവരോ
കേഴില്ലാനേരം.

7 മിശിഹാ മൃതരെ ഉയർപ്പിക്കും
നല്കും വൻ മകുടം
ശോഭയെഴും വസനം ചൂടും
ശുദ്ധർ വന്ദ്യരുമാം.

8 അവരുടെ നടുവിലണഞ്ഞീടാൻ
ഈശോ, കൃപയേക
നിൻ സ്തുതി പാടുന്നവരാകും
ദാസർക്കരുളീടു.



9 ധരനിറയും നരരെ നാഥാ.
ചേർക്കു നിൻ സഭയിൽ
അജഗണമൊന്നായ് തീരട്ടെ
നാഥൻ ആലയിതിൽ.

10 മൃതിയെകാൽക്കീഴിൽ താഴ്ത്തി
വന്ദ്യൻ ജേതാവ്
മൃതിയുടെ ഭീകരമാം ശക്തി
സ്ലീബായിൽ ചേർത്തു.

11 അതിനാലീനിമിഷം പ്രിയരേ,
നന്നായ് ജീവിക്കാം
മിശിഹായിൽ ജീവൻ വയ്ക്കാം
ഓരോ നാഴികയും.

63 "മുഴുഹൃദയത്തൊടു നിൻ ഗീതം"

1 നിന്നൊടുരയ്ക്കുന്നെൻ വചനം
കേൾക്കുന്നവരെല്ലാം
നിൻ ഗീതം പാടും നാഥാ
നീയെന്നാശ്രയമേ.

2 എന്നിൽ നിന്നൊരു നാളും നിൻ
കൈകൾ മാററരുതേ
നിന്നെക്കൂടാതൊരു നിമിഷം
ജീവിപ്പാൻ വഹിയാ.

3 മൃതലോകേ താവകസ്തുതികൾ
പാടാനാരുണ്ട്?
തവ കൃപയാലെന്നെ താങ്ങു
ജീവൻ നല്കീടു.

www.malankaralibrary.com



4 തവഭവനേയാഗതനാകാൻ
നല്കേണം കൃപകൾ
ഞങ്ങളണയ്ക്കും കാഴ്ചകളെ
കൈക്കൊള്ളണമെ നീ.

5 "തുണയേകണമെൻ പ്രിയനാഥാ
നീയെൻ രക്ഷകനാം;"
ഓടിയണഞ്ഞാ നാഴികയിൽ
രക്ഷിക്കു കൃപയാൽ.

6 മൃതരുടെ ലോകെയണഞ്ഞവനാം
എന്നെ നീ വീണ്ടു
ജീവൻ നല്കിയെനിക്കരുളി
വീണ്ടും തവ കൃപയെ.

7 ഓരോ ദിനവും നീയെന്നെ
താങ്ങുന്ന കൃപയാൽ
ഞാനാനന്ദത്താൽ പാടും
നാഥാ, തവഗീതം.

8 ആനന്ദത്തിൻ പുതുവസനം
നീയെന്നെ ചുററി
തലയിൽ തൈലം പൂശിയെനി–
ക്കാമോദം നല്കി.

9 മുഴുഹൃദയത്തോടു നിൻ ഗീതം
നാൾ തോറും പാടും
അവസാനിക്കാത്തൊരു നന്ദി
നിൻ പേർക്കർപ്പിക്കും.



10 അവനെ സ്നേഹിപ്പവരെല്ലാം
കീർത്തിക്കണമവനെ;
വരുവിൻ പ്രിയരാം വത്സലരേ,
ഘോഷിക്കാമവനെ.

11 കോപിക്കില്ലവനെന്നേക്കും
സ്നേഹം നിലനില്ക്കും
തലമുറ തലമുറയോളം താൻ
വർഷിക്കുന്നു കൃപ.

12 സായഹ്നേ ദുഃഖം പകരു–
ന്നെങ്കിൽ–ഭീതിവിട്ടു;
മോദമെഴും പൊൻപുലരിയിതാ
വേഗം ആഗതമാം.

13 വിത്തു വിതയ്ക്കും കർഷകരെ–
ല്ലാരും ക്ലേശിപ്പു
കററകൾ കൊയ്യുമ്പോളവരാ–
നന്ദിച്ചാർക്കുന്നു.[15]

**64 "യൂഹാനോൻ സ്നാനം നല്കി,"**

1 യൂഹാനോൻ സ്നാനം നല്കി;
റൂഹാ–മിശിഹാ മേൽ
ആഗതനാകുന്നവനിപ്പോൾ
സ്നാന–ത്തിൻ സുതരിൽ.

---

15 സങ്കീർത്തനം 30

www.malankaralibrary.com



2 നിരവധിയാളുകളിൽ ഒരുവൻ
പ്രാപി–ച്ചു ദാനം
അവനിപ്പോൾ ദാനം നല്കു-
ന്നെല്ലാമർത്ത്യർക്കും

3 വാഴ്ത്തപ്പെട്ടോൾ നദി യോർദ്ദാൻ
ആക്കു-ന്നാഴികളും
മിശിഹാ നൃപനെ കൈക്കൊള്ളാൻ
ആക്കുള്ളൂ–ഭാഗ്യം!

4 തീയിലുമാത്മാവിലു മേകു-
ന്നു മ്ശീ–ഹാ സ്നാനം
ആത്മശരീരങ്ങൾ അതിനാൽ
പ്രാപിക്കും ശുദ്ധി.

5 ആദാമേറെറാരു മാലിന്യം
നീക്കും സ്നാനജലം
ഇതിലലിയാത്തൊരു കറയില്ല
വന്നീടിൻ പ്രിയരേ.

6 സ്നാനം ദർശിക്കും ദൂതർ
വാഴ്ത്തുന്നു സുതനെ
അത്ഭുതമത്രേ നിൻ വഴികൾ
അഗ്രാഹ്യം സർവ്വം.

7 നീരിൽ സ്നാനം പ്രാപിക്കു-
ന്നോർ പൂ–കും രാജ്യം;
മിശിഹായുടെ മോഹനരാജ്യം
പ്രാപിക്കും നൂനം.



8 ക്രോബകൾ സ്രോപ്പേന്മാരൊത്ത്
വാഴ്ത്തുന്നു നൃപനെ:
"സ്നാനം പ്രാപിച്ചവനേ നീ
എ രം സ്തുത്യനഹോ"

9 നിന്നിൽ നിദ്രിതരാം മൃതരെ
നാഥാ കൈക്കൊൾക;
നിന്നിൽ സ്നാനം പ്രാപിച്ചോർ
രാജ്യത്തെത്തേണം.

## 65 "ശോഭയെഴുന്നൊരു മണവാട്ടി"

1 ധരയും വാനും ഒരുപോലെ
വാഴ്ത്തുന്നവനാകും
അത്യുന്നത മിശിഹാ നൃപനെ
കീർത്തിക്കുന്നടിയാർ.

2 യോർദ്ദാൻ നദിയിൽ വച്ചരചൻ
കാട്ടീ തൻ ശോഭ
ശോഭയെഴുന്നൊരു മണവാട്ടി
എത്തീ തൻ സവിധേ.

3 ദൂതർ നിത്യം വാഴ്ത്തുന്നോൻ
ദൈവം നീയത്രേ.
വെറുമൊരു മണ്മയനാം നിബിയാൽ
സ്നാനം പ്രാപിച്ചു

4 സ്നാനം നല്കുന്നൊരു നാഥൻ
പ്രാപിച്ചു സ്നാനം
അവനീ ധരയിൽ ചൊരിയുന്നു
റൂഹായിൻ ദാനം.

www.malankaralibrary.com



5 യോർദ്ദാൻതീരേ ദൈവസുതൻ
വേട്ട തിരുസഭയെ;
മോതിര ഭൂഷകളാലവളെ
മോദിപ്പിച്ചപ്പോൾ.

6 റാഹേൽ പ്രാപിച്ചോരു രത്നം
പ്രാപിച്ചു തരുണി
സാറായേപ്പോൽ ശോഭ ധരി-
ച്ചാനന്ദിച്ചവനിൽ.

7 പിതൃസവിധേ നിന്നൊരു ദിവസം
എത്തും മണവാളൻ
മാളിക തീർക്കാനായ് പോയി
ദൂതന്മാരിടയിൽ.

8 കറയും ചുളിവും കൂടാതെ
നിത്യം കന്യകയായ്
തീർക്കുന്നു മിശിഹാസഭയെ
രക്തത്താൽ തന്നെ.

9 പിതൃവലഭാഗെയൊരുന്നതമാം
സ്ഥാനം നല്കുമവൻ
വാനഗണങ്ങൾ മദ്ധ്യത്തിൽ
വാഴും മണവാട്ടി.

10 ഓടിയടുക്കിൻ തൻ സവിധേ
ജീവൻ പ്രാപിപ്പിൻ
പറുദീസാ നല്കുന്നുടയോൻ
രാജ്ഞിക്കായ് മോദാൽ.



## 66 ''സാക്ഷാൽ ദൈവസുതൻ''

1 ഒരുനാളും വറ്റാത്തുറവ
നിന്നിൽ നിറന്നാഴകി
ജാതികളാനീർ പാനം ചെ-
യ്യുന്നു ഭാഗ്യവതീ.

2 നിറകുടമാകുന്നൊരുതനയൻ
നിന്നിൽ നിറന്നെത്തി
ധരയിൽ ചൊരിയുന്നു ദാനം
സ്നേഹത്താലെയവൻ.

3 മടിയിൽ സ്തന്യം നുകരുന്നോൻ
സാക്ഷാൽ ദൈവസുതൻ
താതൻ വലഭാഗത്തമരും
സ്തുത്യൻ വചനം താൻ.

4 സൈന്യം കൂടാത്തവനാകു
ന്നീരാജൻ മിശിഹാ
പുൽക്കൂടതിനുൾ മേവിയവൻ
എത്തും കാലാന്ത്യേ.

5 അബ്രാഹത്തിനു മുമ്പുള്ളോ-
നത്രേ ദൈവസുതൻ
തൻ ജനനം കണ്ടാമോദി-
ക്കുന്നു പിതൃതലവൻ.

6 വടിയേന്തിയ നിബിമാരെല്ലാം
കാണാനാശിച്ചു
ദർശന മിഴിയാൽ ദർശിച്ചോർ
തന്നിൽ നിദ്രിതരായ്.

www.malankaralibrary.com



7 പുതിയൊരു തലമുറയിൻ സുതരാം
നാം കാണുന്നവനെ
കന്യക മറിയാമിൻ സൂനു
സാക്ഷാൽ ദൈവസുതൻ.

## 67 "സിറാഹ് 15–16"

1 മാതാവിൻ സമമെത്തുന്നു
വിജ്ഞാനം സവിധേ
അറിവിൻ ഭക്ഷണവും അതുപോൽ
നീരും നല്കീടും.

2 അവളിൽ ചാരുന്നൊരു നരനും
വീഴി–ല്ലൊരു നാളും
അവളെയാശ്രയമായ് വച്ചും
മർത്ത്യൻ സ്തുത്യനഹോ

3 അവളവനെയൊരു വൻ മലയിൽ
വയ്ക്കും മോദമൊടെ
ജനകോടികളുടെ മദ്ധ്യത്തിൽ
നല്കും ഔന്നത്യം.

4 മോദത്തിൻ മകുടം നല്കും
മായാ–ത്തൊരു നാമം;
മൂഢൻ പ്രാപി–ക്കില്ലവളെ
പാപം പേറുന്നോൻ.

5 മൃതിയും ജീവനുമൊരുപോലെ
നില്കുന്നു മുൻപിൽ
ജീവൻ പ്രാപിക്കിൻ പ്രിയരേ,
നാഥൻ നീട്ടുന്നു.



6 തൻ സ്നേഹിതരാം നരരെ താൻ
നോക്കുന്നു കൃപയാൽ;
നരരുടെ കർമ്മം മുഴുവനുമായ്
കാണുന്നു നാഥൻ

7 തിന്മ വെറുത്തീ നാഴികയിൽ
പുല്കാം മിശിഹായെ
ഒരു നരനും വഴിതെറ്റീടുവാൻ
കാംക്ഷി–ക്കില്ലുടയോൻ.

8 നരനുടെ തിന്മകളാൽ നഗരം
തീരും ശൂന്യമതായ്
നന്മപ്രവർത്തിപ്പവരാലോ
ഔന്നത്യം കൂട്ടും.

9 പാപം ചെയ്യുന്നൊരു ജനത
നേടു–ന്നു നരകം
മ്ലേച്ഛത കൂടിയ സോദോമിൽ
വീണു ഘോരാഗ്നി.

10 കൃപയും കോപവുമൊരുപോലെ
പേറുന്നു നാഥൻ
നല്ലവർ കൃപ പ്രാപിക്കുന്നു
ദുഷ്ടർ തൻ കോപം.

11 കടമെല്ലാം പേറുന്നുടയോൻ
കാരുണ്യക്കടലാം
ദുഷ്ടതയിൻ മദ്ധ്യത്തിലവൻ
കൈകൾ നീക്കിടും.

www.malankaralibrary.com



12 കൊലപാതകിയാം നരനൊരുനാൾ
പ്രാപിക്കും ശിക്ഷ
നരരെ വേദനയേല്പിച്ചോർ
വെന്തീടും തീയിൽ.

13 ധരയെ ഒരു നോട്ടത്തിലവൻ
കാണു–ന്നു നന്നായ്
തലമുടിപോലും എണ്ണുന്നോൻ
സ്തുത്യൻ വത്സലരേ.

14 ഞെട്ടുന്നു ഭുവനങ്ങൾ
നാഥൻ നോട്ടത്തിൽ
ചിന്തിച്ചിടുവിൻ വത്സലരേ,
കാരുണ്യം തേടിൻ.

15 അവനെയറിയുന്നവനാരോ
ആ മർത്ത്യൻ സ്തുത്യൻ
അവനെത്തള്ളുന്നവരെല്ലാം
തീയിൽ വെന്തീടും.

16 ധരയെ നന്മകളാലുടയോൻ
നിർമ്മി–ച്ചൊരു നാളിൽ
ധരയിൽ പണിചെയ്യാനായി
സൃഷ്ടി–ച്ചു നരരെ.

## 68 "സ്നാനജലത്തിൻ നീരുറവ"

1 ആദാമിന്നായ് സ്നാനത്തെ
സ്ഥാപിച്ചോൻ സ്തുത്യൻ
അതിൽ മുഴുകുന്നവരെല്ലാരും
രാജ്യം പ്രാപിക്കും.



2 സ്നാനജലം നല്കും വസ്ത്രം
പ്രാപി–ക്കിൻ പ്രിയരേ,
റൂഹായാം നൽ ദാനത്തിൻ
വസ്ത്രം മോദകരം.

3 തീയിൽ സ്നാനം നല്കുന്നോൻ
മ്ശീഹായാകുന്നു
ആത്മാവാകും അഗ്നിയെ നാം
പ്രാപിച്ചീടേണം.

4 'ദൈവത്തിൻ കുഞ്ഞാടിവനെ'–
ന്നോതീ യൂഹാനോൻ
അതുവഴിയവനെല്ലാവർക്കും
കാട്ടീ മിശിഹായെ.

5 സ്നാനജലത്തിൻ നീരുറവ
മായ്ക്കു–ന്നു കറകൾ
ആദം നല്കിയ ദാനവുമെ–
ല്ലാ കൈയ്പ്പും മായ്ക്കും.

6 ഏലീശാ യൂർദ്ദാൻ നീരാൽ
നാമാനേകി സുഖം
സ്നാനത്തിൻ മുൻ സൂചനയാ–
ണീ സൗഖ്യം പ്രിയരേ.

7 കടലിൽ സ്നാനം പ്രാപിച്ചു
യിസ്രായേൽമക്കൾ
ആ ജലമവരുടെ ഹൃദയത്തിൻ
പാപം പോക്കീല്ലാ!

8 കഴുകണമെൻ പാപം നൃപനേ,
കാരുണ്യാബ്ധിയിൽ നീ
മോദമെഴുന്നൊരു പനിമഞ്ഞ്
വീഴ്ത്തെൻ ശിരസ്സിന്മേൽ.

www.malankaralibrary.com



69 "സ്നേഹം"

1 ഈ ലോകത്തിനുയിർ നല്കും
തത്വം ചൊല്ലിടുവിൻ
നിബിമാരും ശ്ലീഹരുമൊരുപോൽ
ഓതുന്ന സ്നേഹം.

2 സ്നേഹം കൂടാത്തവയാകും
ജ്ഞാനം-വ്യർത്ഥമഹോ
പ്രവചനവരവും നിഷ്ഫലമാം
സ്നേഹ-ത്തിൻ കുറവിൽ.

3 സ്നേഹം വേദനയേല്ക്കുന്നു
കാരുണ്യം കാട്ടും
നന്മയിൽ സ്നേഹം മോദിക്കും
എല്ലാ-മേല്ക്കുന്നു.

4 പ്രവചനവരവും ഭാഷകളും
ഇല്ലാ-തായ്തീരും
ജ്ഞാനം മാറിപ്പോയീടും
സ്നേഹം നിലനില്ക്കും.

5 പ്രിയശിഷ്യർക്കായ് പ്രിയനാഥൻ
നല്കി സന്ദേശം
എൻ സുവിശേഷം സ്നേഹമഹോ
സ്നേഹി-ക്കിൻ നിങ്ങൾ.

6 സ്നേഹത്താൽ മേവുന്നീശൻ
അത്യുന്നത സ്വർഗ്ഗേ
താതനുമതുപോൽ പ്രിയസുതനും
റൂഹായും ഒരുപോൽ.



7 സ്നേഹത്താലീശൻ ഒരുനാൾ
ലോകം-നിർമ്മിച്ചു
സ്നേഹത്താൽ തന്നെ ധരയിൽ
വിട്ടു-വത്സലനെ.

8 സ്നേഹത്താലവനൊരു നരനായ്
ഏററു-വേദനകൾ
സ്നേഹത്താലവനൊരു കുരിശിൽ
തൂങ്ങി-കാൽവരിയിൽ.

9 സ്നേഹം ധരയിലുയർത്തീടാൻ
റൂഹായെത്തിയിതാ
സ്വർഗ്ഗീയൂറിശിലേം നഗരേ
സ്നേഹം-താൻ നിയമം.

10 സ്നേഹത്താൽ മാനവ ഹൃദയേ
വാ-ഴുന്നു ദൈവം
നരരുടെ മദ്ധ്യേ മരുവീടു-
ന്നീശൻ സ്നേഹത്താൽ.

11 മിശിഹാ ശിഷ്യർക്കായ് നല്കി
അത്യുന്നത നിയമം
നരരെല്ലാം സോദരരത്രേ
സ്നേഹി-ക്കെല്ലാരും.

12 നമ്മുടെ താതൻ ഒരുവനഹോ
നാമെല്ലാം മക്കൾ
അതിനാൽ ഒരുപോൽ നരരെല്ലാം
സ്നേഹം-കാട്ടേണം.

www.malankaralibrary.com



13 "ദൈവം സ്നേഹമഹോ പ്രിയരേ,"
ചൊല്ലീ യുഹാനോൻ
സ്നേഹം മേവുന്നൊരു ഭവനേ
മേവുന്നു ദൈവം.

14 സ്നേഹം വളരുമ്പോൾ സ്വർഗ്ഗം
താഴെയ്ക്കാഗതമാം
ധരയിൽ പറുദീസാ പണിയും
തത്വം സ്നേഹമഹോ.

15 സ്നേഹം കൂടാ-ത്തൊരു വാസം
സത്യം നരകമഹോ
സ്നേഹത്തിൽ മേവുന്നവരോ
മേവുന്നു സ്വർഗ്ഗേ.

16 ലോകത്തിൽ നാഥൻ നട്ട
സസ്യം സ്നേഹമഹോ
അതുതാൻ മാനവരുടെ മതവും
ഓടാം അതുനേടാൻ.

17 വേലികൾ കെട്ടുന്നു മർത്യർ
തമ്മിൽ കലഹിക്കാൻ
മിശിഹാ വേലികളെ മാററി
സ്നേഹം വിതറിയിതാ.

18 സ്നേഹത്തികമാം ജഗദീശാ,
സ്നേഹം ചിന്തണമെ
റൂഹായാം ദാനം തരണം
ശാന്തി–ഹൃദയത്തിൽ.



19 സ്നേഹത്തിൻ പിറകേയോടാൻ
അദ്ധ്വാ–നിച്ചീടിൻ
പ്രവചനവരവും പ്രാപിക്കാൻ
പ്രാർത്ഥിക്കിൻ പ്രിയരേ.

20 തിരുസഭയെ പണിചെയ്തീടാൻ
അദ്ധ്വാനിച്ചീടിൻ
റൂഹായാം ദൈവം നല്കും
ദാനം പ്രാപിപ്പിൻ.

**70** "സ്ലീബായെൻ കൈയിൽ"

1 യൂദകുലത്തിൻ നേതാവായ്
ജാതം ചെയ്തോനേ,
മർത്യകുലത്തിൻ ശിരസ്സായി
തീർന്നു നീയിപ്പോൾ.

2 ലോകം മുഴുവനുമൊരുപോലെ
രാജത്വം പേറും
അത്യുന്നതനാം ദൈവത്തിൻ
പുത്രൻ സ്തുത്യനഹോ.

3 മൃതിയെ മൃതിയാൽ തോല്പിച്ചോൻ
ആദാമിൻ സൂനു
കന്യകയാകും ഹവ്വായിൽ
നിന്നും ധരയെത്തി.

4 നവമാം ആദാമായ് തീർന്നു
ഹവ്വായ്ക്കേകി സുഖം
നരനെ പറുദീസയിലാക്കി
ഉത്ഥാനത്താലെ.

www.malankaralibrary.com



5 പാപത്തിൻ കഠിനം ഭാരം
ക്രൂശിൽ ചേർത്തോനേ
നരനുവിമോചന-മേകിയവൻ
ജേതാവേ, സ്തോത്രം.

6 കടലിന്നുടയവനേ ദേവാ,
ഞങ്ങൾ വൻ കടലിൽ;
കടലിൻമീതെ നടന്നവനേ
വന്നീടണമിപ്പോൾ.

7 തിരമാലകളെയമർത്തിയ നീ
രക്ഷിക്കണമിപ്പോൾ
നിരവധിയോളങ്ങൾ ഉയരു-
ന്നെൻ മീതേ നാഥാ

8 നിരവധി രോഗത്താൽ വലയും
ജാതിക്കേകു സുഖം
മുറിവുകൾ കെട്ടുന്നൊരു വൈദ്യാ,
കാരുണ്യം ചെയ്യൂ.

9 തലയിൽ തൈലമൊഴിക്കേണം
വാനത്തിൽ നിന്നും
നിൻ കൃപയിൻ മഞ്ഞാലിവിടെ
മോദം വർദ്ധിക്കും.

10 പുതിയൊരു വസനത്താലെന്നെ
നാഥാ, പൊതിയുക നീ
മകുടം ശിരസ്സിൽ വയ്ക്കുക നീ
കാരുണ്യം ചെയ്യൂ.

# ഭാഗം 3

രീതി:—" പുലർകാലേ ഗിരിമുകളിൽ മൂശ"
(യാമപ്രാർത്ഥന: ബുധൻ പ്രഭാതം)

**71** "അപ്രേമിൽനിന്നു"[1]

1 ജനനത്താൽ പുതുജീവൻ തന്ന
ജനനവിഹീനൻ മിശിഹായേ,
ചൊരിയണമേ നവജീവൻ ധരയിൽ
ആഗതമായ് ധരയിൽ സുദിനം
ശോഭ നിറഞ്ഞൊരു പുണ്യദിനം
മോദം തിങ്ങി നിറഞ്ഞ ദിനം
സസ്യലതാദികകൾ പൂവിട്ടു
പാട്ടനുയരേ പറവകളും
മാനവർ വാനോർ ഉയരാഴേ.

2 ഈ സുദിനം ശോഭയുടാലയമേ
കഴകണമടിയാരേ കൃപയാൽ
പൂശണമേ മോദത്താൽ തൈലം.
കുറവുകളനവധിയുള്ളവരെ
കൃപയാൽ കോരിയെടുക്കണമെ
വിജ്ഞാനം പകരണമിപ്പോൾ
വിജ്ഞാനം പകരണമിപ്പോൾ
നിൻ കൃപയെന്നെ കാക്കേണം
റൂഹാമുകളിന്നെത്തേണം.

1 cf. St Ephrem, Hymn to Christ csco223. p-113-116

www.malankaralibrary.com



3 ഉയരത്തീ–ന്നീ ധരയിൽ വന്ന
വിജ്ഞാനത്തികവാം നാഥൻ
കണ്ടെത്തീ വിലയേറിയ രത്നം.
ചെളിയിൽ പൂണ്ടൊരു രത്നത്തെ
കഴുകിയെടുത്തു കരുണാബ്ധി
മൃതിയാൽ വാങ്ങി പറുദീസാ
ഉയരാഴങ്ങൾക്കധിപധിയായ്
മേല്പുയരേ കയറിപ്പോയി
നന്മ നിറഞ്ഞവനാം മിശിഹാ

4 പറുദീസാ നരനു തുറന്നവനേ,
താക്കോൽ പേറുന്നധികാരീ
ചിന്തണമേ ഉയരേന്നും ദാനം.
അർപ്പിക്കടിയാരുടെ കാഴ്ച
പാപവിമോചനമേകണമെ
കൈക്കൊള്ളണമെൻ കണ്ണീർ നീ
പ്രാർത്ഥനയാഗമതായ് കാണൂ
അനുദിന ജീവിത ക്ലേശങ്ങൾ
അർപ്പിക്കുന്നിത വേദിയിതിൽ.

5 നിബിമൂശാ നിയമിച്ചൊരു കൂട്ടം
മോചിച്ചില്ലഘമുന്മൂലം
പാപത്താൽ ക്ലേശിച്ചെല്ലാരും.
സ്നേഹത്താൽ മിശിഹാ നല്കും
മോചനമുന്നത ശ്രേഷ്ഠതമം
സ്വർഗ്ഗസുതന്മാരാക്കുന്നു.
പറുദീസാ നരനായ് പകരും
ഉന്നതവേദി മനോഹരമാം
റൂശ്മാ റൂഹായുടെ നിഴലും.



6 "അർപ്പിക്കാൻ ആടെവിടെന്റപ്പാ?"
ചോദിച്ചു സാറാ തനയൻ
"ദൈവമൊരു–ക്കീടും ബലിവസ്തു"
അപ്പകനർപ്പിതമായിവിടെ
കാഴ്ചകൾ കൈക്കൊള്ളും വ്യക്തി
കാഴ്ചയതായ് ഗോഗുൽത്തായിൽ.
സഭയുടെ ബലിയെൻ പ്രിയനാഥാ
കൈക്കൊള്ളണമെ കൃപയാലെ
മർത്യക്കുത്ഥാനം ~~[illegible]~~ നൽകിടും

7 കർത്താവേ, ക്രൂരത ~~ചെയ്യുന്ന~~ കാട്ടുന്ന
ദുഷ്ടന്മാരാം കൂട്ടത്തെ
ചിതറിക്കു–ദൈവിക കൃപയാലെ.
ജ്വാല ധരിച്ചവരാം നിരകൾ
കേൾക്കുന്നാജ്ഞകളനുനിമിഷം
ധീരത ചെയ്യുന്നീ ധരയിൽ.
കേൾക്കണമെൻ യാചന നാഥാ.
മോചിക്കു നിന്നടിയാരെ
ദുഷ്ടന്മാരുടെ പിടിയിന്നും.

8 കർത്താവേ, കാണുന്നെല്ലാം നീ
അറിയുന്നടിയാരുടെ കറകൾ
തിന്മകളിൽ ജീവിക്കുന്നെങ്ങൾ
ശിക്ഷിക്കരുതേ ധരയെ നീ
അഗ്നിയിറക്കരുതീ ധരയിൽ
കാരുണ്യം നീ മാററരുതേ
ദൂതനെയിവിടെയയയ്ക്കണമെ
നിൻ സുതരെ നീ മോചിക്കു.
ദുഷ്ടനെ ദൂരെയകററണമെ.

www.malankaralibrary.com



9 കർത്താവേ, അറിയാതപരാധം
ചെയ്തവരാണീ മർത്യഗണം
പ്രാർത്ഥിച്ചു--നീ കുരിശിൻ മുകളിൽ.
പാപത്താൽ ശിക്ഷിക്കരുതേ
ദുഷ്ടന്നായേല്പിക്കരുതേ
കൊലപാതകികളെയോടിക്ക.
വേദനയാൽ കരയുന്നടിയർ
ഇടവക കേഴുന്നു നാഥാ
വിടുതൽ ഞങ്ങൾക്കായ് നൽകു.

10 മൃതിയിന്നും മോചിക്കാൻ വന്ന
ഉന്നതനാമെൻ കർത്താവേ,
മോചിക്കു–നിന്റെ ജനത്തെ നീ,
ദുഷ്ടന്മാരാം മർത്യഗണം
രക്തം ചിന്തും മർത്യഗണം
ഹീനത ചെയ്യും മർത്യഗണം
നിന്റെ ജനത്തെ അമർത്തുന്നു
തോക്കിൻ മുനയിൽ നിർത്തുന്നു
വിടുതലിവർക്കായ് നല്കീശാ.

11 നീയെല്ലാം അറിയുന്നവനാകെ
മോചിക്കെല്ലാ കന്മഷവും
നാടിന്റെ ബഹുലമതാം പിഴയും.
നിന്നെ വിട്ടിവരോടിയിതാ
നിന്നെ മറന്നീ ഭോഷന്മാർ
തിന്മകൾ നിരവധി ചെയ്തടിയാർ.
കണ്ണീർ നൽകു കരുണാബ്ധേ
കഴുകു കറകൾ കർത്താവേ,
വിടുതലിവർക്കായ് നീ നൽകു.



12 ഉയരാഴ–ങ്ങൾക്കധിപതിയാകും
ഉന്നതനാമെൻ സർവ്വേശാ
ഉയരേന്നും ദൂതരെയെത്തിക്കു.
ദുഷ്ടരെയാട്ടിപ്പായിക്കു
ചിതറിക്കവരുടെ അസ്ത്രങ്ങൾ
അവരുടെ ഓർമ്മ നശിക്കട്ടെ;
ഇസ്രായേൽ മോദിക്കട്ടെ
പറുദീസാ പ്രാപിക്കട്ടെ
വിടുതൽ നിത്യം നേടട്ടെ.

## 72 "അർപ്പണം"

1 പാവനമാം ഈ ബലിപീഠത്തിൽ
സാത്വിക ബലികളണച്ചീടാൻ
വെണ്മയെ നി–ക്കേണമെ നാഥാ
അതിപരിശുദ്ധിയുടാലയമാം
തവ സവിധേ നോക്കുന്നതിനായ്
മടി കാട്ടുന്നു–ദൂതന്മാർ.
കഴുകണമേയെന്നെ കൃപയാൽ
യോഗ്യതയേകണമെ നാഥാ
മനസ്സാക്ഷിയെ നിർമ്മലമാക്കു.

2 പാവനനാം ത്രിയേകൻ ദൈവം,
കൈക്കൊള്ളണമീ കാഴ്ചയെ നീ
പാപികളാ–മടിയാരിൽനിന്നും.
എൻ പാപം നീ മാറ്റേണം
ശക്തിയെനിക്കു പകർന്നിടണം
എൻ സ്നേഹിതരെ വാഴ്ത്തേണം.

www.malankaralibrary.com



ഈ ബലിയർപ്പിക്കുന്നവരാം
നിൻ സുതരുടെ പാപം നീക്കു
ന്നല്ലീടണമെ യാചനകൾ

3 ഈ ബലിയിൽ ഓർക്കുന്നടിയങ്ങൾ
കന്യകയാം മാതാവിനെയും
സഭ സുതരാം- മൃതരാമെല്ലാരേം
താതൻ തോമ്മാ ശ്ലീഹായേം
ഈ ബലിയർപ്പിക്കുന്നവരേം
ഈ ദിവസത്തെ വിശുദ്ധനെയും
ബന്ധുക്കളെയും സോദരരേം
പ്രാർത്ഥന യാചിപ്പവരേയും
കൃപചെയ്‌ നാഥാ, ഇവരിൽ നീ.

## 73 "ഇതുതാൻ നിബിമാരുടെ മൊഴിയും"[2]

1 പിതൃസവിധേ പോകുന്ന പുത്രൻ
ഭവനമൊരുക്കാനായ്‌തന്നെ
പോയതുപോൽ വേഗം തിരികെ വരും
ചഞ്ചലമാനസരാകരുതേ
വിശ്വാസത്തിലുറച്ചിടുവിൻ
കല്പന നന്നായ്‌ കാത്തിടുവിൻ
സ്നേഹത്തിൻ സന്ദേശത്തെ
ധരമുഴുവൻ വിതറിൻ പ്രിയരേ,
എൻകൃപ നിങ്ങളൊടൊത്തുണ്ട്‌.

2 പിതൃസവിധേ നിന്നെൻ റൂഹായെ
വേഗമയയ്ക്കുമെൻ പ്രിയരേ,
ദാനത്തിൻ പൂർണ്ണതയവനത്രേ.

2 യോഹന്നാൻ 14:15



സത്യത്തിൻ റൂഹായെല്ലാ
വഴികളുമെന്നും കാട്ടീടും
ശക്തിപകർന്നു തരും വേഗം
അവനെ ലോകമറിഞ്ഞില്ല
നിങ്ങളിലാറൂഹാ വാഴും
അവനിൽ നിങ്ങളുമായിടും.

3 ദൈവസുതൻ താതനിൽ മേവുന്നു
നാമാ ദൈവസുതൻ മടിയിൽ
ദൈവസുതൻ നമ്മിലുമതുപോലെ;
മുടിചൂടിക്കുന്നു റൂഹാ
കൃപകൾ ചൊരിയുന്നയരേന്നും
പറുദീസാ പണിയുന്നുടയോൻ;
ശാന്തി പരക്കുന്നു ധരയിൽ
സ്നേഹം തിങ്ങുന്നു ധരയിൽ
പുതിയാകാശമിറങ്ങുന്നു.

4 ഉന്നതമാം മുന്തിരിവള്ളിയതാം
ഈശോ തൻ താതൻ തോട്ടം
സൂക്ഷിക്കും കർഷകനാകുന്നു.
ഫലമേകാത്തവയെ താതൻ
നീക്കുന്നു ദയകൂടാതെ
ഫലമേകുന്നവയെ നന്നായ്‌
ഫലമേകാനായ്‌ വെട്ടുന്നു;
സുതനിൽ മരുവുന്നവരെല്ലാം
ഫലമേകുന്നെല്ലാപ്പോഴും.

5 സുതനിൽ മേവീടാത്തവയെല്ലാം
വെയിലിൽ വാടിക്കരിയുന്നു
അവ തീയിൽ വെന്തു നശിക്കുന്നു.

www.malankaralibrary.com



സുതനിൽ വരുവീടിൻ പ്രിയരേ,
തവ വചനം കാത്തീടണമെ,
സ്നേഹത്തിൽ ജീവിച്ചിട്ടവിൻ.
ഫലമണിയുന്നതു വഴി നിങ്ങൾ
കാട്ടിൻ മമ വത്സലരായി
താതൻ കൃപചൊരിയും നന്നായ്.

6 പ്രിയതാതൻ സുതനെ സ്നേഹിപ്പൂ
സുതനോ നരരെ സ്നേഹിപ്പൂ
സ്നേഹത്താ-ലീയുലകം നിൽപ്പൂ
കല്പന കാക്കുന്നവരെല്ലാം
സ്നേഹത്തിൽ മേവീടുന്നു
സോദരനായ് ജീവൻ വച്ചും.
ഇതിലും വലിയവയില്ലിവിടെ
ഇതുതാൻ നിബിമാരുടെ മൊഴിയും
നിൻ സ്നേഹം ചിന്തണമീശോ.

## 74 "ഉപമകൾ" (മത്തായി)

1 ദൈവസുതൻ സുവിശേഷം വിതറി
ലോകത്തെല്ലാമതു വീണു
നല്ല നിലത്തതു പുഷ്ടിപ്പെട്ടു.
വഴിയിൽ വീണവ കിളിതിന്നു
പാറയിൽ വീണതുണങ്ങിപ്പോയ്
മുള്ളിൽ വീണവ ഞെങ്ങിപ്പോയ്.
നൂറുമടങ്ങായ് നല്ല നിലം
ഫലമേകീ കർഷകനായി
അതിൽ മോദിക്കുന്നു താതൻ.[3]

---

3 മത്തായി 13:3–9



2 വയൽ സമമാണെൻരാജ്യം പ്രിയരേ,
വിത്തു വിതച്ചു സ്വർഗ്ഗീയൻ
നിശയിൽ ദുഷ്ടൻ കളയും വിതറി.
വളരുന്നവരണ്ടും ഒരുപോൽ
കാലാന്ത്യം വരെയെൻ പ്രിയരേ,
കൊയ്ത്തരിവാളെത്തും സമയം
കളകൾ തീയിലെറിഞ്ഞീടും
അറയിൽ കൂട്ടും ധാന്യങ്ങൾ
മോദിച്ചീടും സ്വർഗ്ഗീയർ.[4]

3 സുവിശേഷം കടുകിൻ മണിപോലാം
കാഴ്ചയിൽ ചെറുതത്രേ കടുക്
ഉടമസ്ഥൻ വയലിൽ വിതറിയതു്.
അതുലോകം തിങ്ങുന്നോരുവൻ
ഉത്തമമരമായ് തീർന്നോരുനാൾ
പറവകളെത്തുന്നു ശിഖരേ.
മൃഗജാലങ്ങളതിൻ തണലിൽ;
ധരയിൽ തണലതു വിതറുന്നു
മോദിക്കുന്നതിൽ മർത്ത്യഗണം.[5]

4 പുളിമാവിൻ സമമത്രേ രാജ്യം
ചെറുതെങ്കിലുമുലകം മുഴവൻ
പുളിമാവായ്–വർത്തിച്ചീടുമതു്.
ധരയുടെ ലവണം സുവിശേഷം
ധരയുടെ ദീപം ദൈവസുതൻ
പ്രിയയാം തിരുസഭയും അതുപോൽ.

---

4 മത്തായി 13:24–30
5 മത്തായി 13;31–32

www.malankaralibrary.com



സ്നേഹം വിതറാം ഈ ധരയിൽ
ഇവിടൊരു പറുദീസാ പണിയാം
സ്വർഗ്ഗീയോന്നതമാം നഗരം.[6]

5 ഒരു വയലിൽ കാണപ്പെട്ടവയാം
വിലകൂടിയ നിധിയെൻ വചനം
അതു കാണ്മോൻ എല്ലാം വിൽക്കുന്നു.
വാങ്ങുന്നു വില നല്കിയവൻ
തീർക്കുന്നു നിധി സ്വന്തമതായ്
മോദിക്കുന്നവനെന്നേക്കും.
പ്രിയരേ, ഇതു ജീവൻ നല്കും
അത്യുന്നതമാം നിധിയത്രേ
എല്ലാം വിറ്റതു വാങ്ങീടാം.[7]

6 വിലയേറും രത്നം തേടുന്നോൻ
സമമോടിൻ പ്രിയ വത്സലരേ,
അവനെല്ലാം വിറ്റതു വാങ്ങുന്നു.
അതുമോദം പകരുന്നുള്ളിൽ
ജ്വാല പകർന്നിടുമെല്ലാടോം
മൃതിയിൽ നിന്നുയിരേകീടും.
ഉന്നതവാതിൽ തുറന്നു തരും
ഉന്നതമാമൊരിരിപ്പിടവും
ശോഭയെഴുന്നോരു മകുടമതും.[8]

7 വത്സലരേ, സുവിശേഷം വലപോൽ:
മുക്കുവനതു കടലിൽ വീശി
തിങ്ങിയതിൽ–മത്സ്യക്കൂട്ടങ്ങൾ

---

6 മത്തായി 13:33
7 മത്തായി 13:44
8 മത്തായി 13:45–46



തീരത്തെത്തും നേരത്തിൽ
നല്ലവ പാത്രങ്ങളിലിട്ടു
തീയവ കടലിലെറിഞ്ഞുടയോൻ.
കാഹളനാദത്തിൻ നാളിൽ
നല്ലവർ മണവറയിൽ ചേരും
ദുഷ്ടർ തീയിൽ വെന്തിടും.[9]

8 ദൈവികമാം രാജ്യവലിയവനാർ?
ചോദിച്ചു പ്രിയ ശിഷ്യന്മാർ
മിശിഹായോടൊരു ശിശുവിനെയേന്തി
സ്വയമെളിയവനാകുന്നവനാം
ശിശുപോലാകാത്തവരാരും
കയറില്ലെൻ പ്രിയ രാജ്യത്തിൽ
മമ രാജ്യത്തിൽ വലിയവനാം
ഇവനെ കൈക്കൊള്ളും മർത്യൻ
കൈക്കൊള്ളുന്നെന്നെ നൂനം.[10]

9 ഭവനത്തിന്നുടയവനെഴുന്നേറ്റു
വയലിൽ പണിചെയ്യാനായി
ദാസന്മാരേ തേടിപ്പോയി.
ദിവസക്കൂലി പറഞ്ഞൊത്തു
വയലിലയച്ചു ചിലരെയവൻ;
ചിലരെ മധ്യാഹ്നം സമയം
കൂലികൊടുക്കും നേരത്തിൽ
ഒരുപോലെല്ലാർക്കും നല്കി
ദാനം നല്കുന്നോരുടയോൻ.[11]

---

9 മത്തായി 13:47–50
10 മത്തായി 18:1–5
11 മത്തായി 20:1–16

www.malankaralibrary.com



10 ഒരു നാളിൽ മുന്തിരി നട്ടൊരുവൻ
കൃഷികരെ ഏല്പിച്ചവയെ
യാത്രയ്ക്കായ്-പോയ് മറ്റൊരിടത്തിൽ.
ഫലകാലമണഞ്ഞൊരു നേരം
ദാസന്മാരെയയച്ചുടയോൻ
കൃഷികരവരെ മദ്ദിച്ചു.
സുതനെത്തിയവരുടെയരികിൽ
അവരവനെ കുരിശിൽ തൂക്കി
പ്രതിഫലമവർ പ്രാപിച്ചീടും.[12]

11 സദ്യയൊരു-ക്കി ഉടയോനൊരുനാൾ
സ്നേഹിതർ വന്നില്ലാഭവനേ
അവനപ്പോൾ ജാതികളെ തേടി.
മണവറ ജാതികളാൽ തിങ്ങി
മണവറ വസനം കൂടാത്തോൻ
പുറമേ തള്ളപ്പെട്ടപ്പോൾ.
തേടാമാവസനം പ്രിയരേ.
മണവറയിൽ പൂകാനായി
അദ്ധ്വാനിക്കാം അനുനിമിഷം.[13]

12 വരനെ കാ-ത്തവരാം കന്യകമാർ
സമമത്രേ ദൈവികരാജ്യം
എണ്ണയെടു-ക്കേണം വത്സലരേ
"എത്തുന്നു മണവാളനിതാ"
ആരവനാദം കേൾക്കുമ്പോൾ
എണ്ണയെടുത്തോർ മോദിക്കും.

---

12 മത്തായി 21: 33–41
13 മത്തായി 22: 1–14



ഭോഷന്മാർ ഖേദിച്ചീടും
വാതിൽ തുറക്കില്ലാ നാളിൽ
അതിനാലുണരിൻ വത്സലരേ.[14]

13 യാത്രയ്ക്കായ് പോയൊരു ശ്രേഷ്ഠനരൻ
ദാസരെയരികിൽ വിളിച്ചവരെ
ഏല്പിച്ചു-യോഗ്യമതാം കാര്യം
ഒരുവനൊഴിച്ചെല്ലാവരുമാ-
കാര്യം യോഗ്യമതായ് ചെയ്തു
ഒരുവൻ പൂഴിയിൽ പൂഴ്ത്തിധനം.
നരനെത്തുന്നൊരു നാഴികയിൽ
നരരാനന്ദിച്ചീടുന്നു
ഭോഷൻ കേണു കരഞ്ഞീടും.[15]

14 ദൈവസുതൻ ആഗതനാകുമ്പോൾ
ജനതതികൂടും തൻചുറ്റിൽ
അവനവരെ രണ്ടായ് മാറ്റീടും
സ്നേഹത്തിൽ ജീവിച്ചവരും
സുതനായ് ഹൃദയമണച്ചവരും
കഷ്ടത നിരവധിയേറ്റവരും
വലഭാഗത്തായ് മോദിക്കും
ദുഷ്ടർ തീയിൽ വെന്തീടും
നൃപനേയെന്നിൽ കനിയണമെ.[16]

---

14 മത്തായി 25: 3–13
15 മത്തായി 25: 14–30
16 മത്തായി 25: 35–41

www.malankaralibrary.com



75 "ഉയരാഴങ്ങളുള്ളവനാർ"?

1 ഉപദേശം ചൊല്ലുന്നു സീറാഹ്[17]
വിജ്ഞാനത്തിൻ ഗ്രന്ഥത്തിൽ
കേൾക്കുവിനെൻ വത്സല സോദരരേ
ജീവൻ പ്രാപിക്കും വഴികൾ
സത്യത്തിൻ വല്യതാം സാക്ഷ്യം
ദൈവിക വെളിപാടിൻ വഴികൾ
കാട്ടുന്നു ഞാനീ നിമിഷം
കേൾക്കണമഖിലരുമൊരുപോലെ
കൃപ പ്രാപിച്ചീടും നൂനം.

2 വിജ്ഞാനം ഉയരേന്നെത്തുന്നു
വിജ്ഞാനത്തികവാണുടയോൻ
ശ്ലീഹർമേൽ വന്നു വസിച്ചൊരു നാൾ
ഉയരാഴങ്ങളുള്ളവനാർ?
മണലിന്നെണ്ണമറിഞ്ഞവനാർ?
മലയുടെ തൂക്കമറിഞ്ഞവനാർ?
നിത്യത്വത്തിൻ ദിവസങ്ങൾ
മേലാകാശജ്ജ്വാലകളും
എല്ലാമറിയുന്നോനുടയോൻ.

3 വിജ്ഞാനം ദൈവത്തിൻ സത്ത
സൃഷ്ടിക്കെല്ലാം മുമ്പുള്ളോൻ
എന്നെന്നും നിലനില്ക്കുന്നവനും.
അവനെയറിയുന്നോൻ ജ്ഞാനി
ദൈവഭയം ജ്ഞാനാരംഭം
സ്നേഹിതനതു പ്രാപിക്കുന്നു.

---

17 സിറാഹ് 1:4



സൃഷ്ടികൾ പേറുന്നുന്നതമാം
ജ്ഞാനത്തിൻ ചെറു കിരണങ്ങൾ
വാഴ്ത്തുന്നവയെല്ലാം നിന്നെ.

4 ദൈവഭയം മാഹാത്മ്യം പകരും
കരളിനു കുളിരു പകർന്നീടും
മുഖശോഭ വർദ്ധിപ്പിച്ചീടും.
ആനന്ദത്തിൻ മകുടമതു്
ഹൃദയത്തിൻ വല്യതാം മോദം
സൗഭാഗ്യത്തിൻ പൂർണ്ണതയും.
അവസാനിക്കാത്തൊരു രാജ്യം
മൃതിരഹിതമതാം ജീവിതവും
മണവറയുള്ളിലെ വാസമതും.

5 ദൈവഭയം വിജ്ഞാനാരംഭം;
ജീവൻവഴി പകരുന്നറിവ്;
ഉയരേന്നും കൃപയെത്തിച്ചീടും.
ജ്ഞാനഫലങ്ങൾ നിരവധിയാം
നരനതു തൃപ്തി വരുത്തുന്നു
ഭവനം കൃപയാൽ നിറയുന്നു.
ശാന്തി മനസ്സിനു പകരുന്നു
ദേഹാരോഗ്യം നല്കുന്നു
ശിരസ്സിൽ മകുടം ചൂടുന്നു.

6 ദൈവഭയം ജ്ഞാനത്തിൻ തായ്‌വേർ
ശാഖകൾ ദീർഘമതാം ജീവൻ
പറുദീസാ തന്നിലെ ജീവതരു
ദൈവത്തിൻ സവിധേയണയു
അവനെയാരാധിച്ചീടു
ജ്ഞാനം പകരുമവൻ നന്നായ്.

www.malankaralibrary.com



വാഗ്ദാനം നിറവേററുമവൻ
താഴ്മയിൽ കൃപകൾ ചൊരിയുമവൻ
ഓടിയടുക്കിനവന്നരികിൽ.

7 മൂഢതയോ–ടൊരു നരനും ധരയിൽ
ഗർവ്വു നടിച്ചു നടക്കരുതേ
പാപത്തിൻ വഴികൾ തേടരുതേ
അതു വിസ്തൃതമാം വഴിയത്രേ
അതിനന്ത്യം കൂരിരുളത്രേ
അതു മരണത്തിൻ പടിവാതിൽ.
കൊലപാതകിയായ് തീരാതെ
സോദരനെ വഞ്ചിക്കാതെ
ദൈവഭയത്തിൽ ജീവിക്കാം.

8 ഹൃദയത്തിൻ–ദൃഷ്ടികൾ മുമ്പിൽ നാം
കാണണമുടയോ–നേയെന്നും
അവനെ വി–ട്ടൊന്നും ചെയ്യരുതെ
ദൈവികഛായയ്ക്കുടമകൾ നാം
അത്യുന്നതനുടെ പ്രിയമക്കൾ
ധരയുടെയവകാശികൾ നമ്മൾ.
അവനെക്കൂടാതൊരു നാളും
ധരയിൽ ജീവിപ്പാൻ പ്രിയരേ,
വ്യാമോഹിക്കരുതൊരു നരനും.

9 ഉന്നതനാം നാഥനയയ്ക്കുന്നു
തൻ പ്രിയരെ മലയുടെ മുകളിൽ
ദീപസമം ശോഭിക്കുന്നവരും.
സ്വയമുയരുന്നവരുയരില്ല
ഈശനുയർത്തണമെന്നെന്നും
പൂർണ്ണത തിങ്ങിയവൻ ഒരുവൻ



ശുദ്ധഹൃദയത്തോടവൻ സവിധേ
അണയാമതിവേഗം പ്രിയരേ
ധരയുടെ രസമായ് നാം തീരും

10 ഹൃദയം നീ പാവനമായ് വയ്ക്കു
കറകൾ പുരളാതതിനെ നീ
പാവനമായ് സംരക്ഷിക്കേണം.
മർത്യർ ലോകത്തിൻ ദീപം
സ്നേഹം ലോകത്തിൻ നിയമം
സ്വർഗ്ഗം നരരുടെ പിതൃഗേഹം.
അവിടെത്താനെല്ലാ നരരും
അതിവേഗം പണി ചെയ്യേണം
അതിനായ് നാം ജീവിക്കുന്നു.

11 ദൈവത്തിൽ–ആശ്രയമർപ്പിക്കു
കാത്തിടും നിന്നെ കൈയിൽ
ഒരുനാളും നീ വിഷമിക്കില്ല.
വേദന മാററുന്നു നാഥൻ
കണ്ണീർ നീക്കുന്നു നാഥൻ
ശാന്തി പരത്തുന്നു ധരയിൽ.
പ്രിയരേ, ശോധന ചെയ്യുന്നോൻ
വേദനയിൽ നമ്മോടുകൂടെ
തള്ളില്ലൊരുനാളും നമ്മെ.

12 ദൈവത്തിൽ ശരണിതരൊരുനാളും
ലജ്ജിതരായ് തീർന്നിട്ടില്ല
കർത്തനവർക്കരുളീ വൻ വിജയം.
ഉത്തമമാശ്രയമാണുടയോൻ
തൻ ഭയമുള്ളവനെ വാഴ്ത്തും
വിളി ചെയ്താൽ നന്നായ് കേൾക്കും.

www.malankaralibrary.com



കരുണ നിറഞ്ഞവനാണുടയോൻ
പാപം മായ്ക്കുന്നു നന്നായ്
ആപത്തിൽ തുണ ചെയ്യുന്നു.

13 ഇരുവഴികൾ തേടുന്നവനൊന്നും
കൃപ നേടാൻ സാധിക്കില്ല
ഹൃദയത്തിൽ അർപ്പണമവനില്ല
വിനയത്തോടു പ്രാർത്ഥിക്കേണം
കാനാൻകാരിയുരയ്ക്കുന്നു
ദൈവം കൃപയുള്ളവനത്രേ
ഓടിയടുത്തിടുവിൻ പ്രിയരേ,
കാരുണ്യം പ്രാപിച്ചീടിൻ
കൈകൾ കഴുകി വെടിപ്പാക്കിൻ

14 മിശിഹായാം ഉറവ വെടിപ്പാക്കും
മലിനതയഖിലം തിരുരക്തേ
മൽ പ്രിയരേ, ഓടിയടുത്തീടാം
ഗോഗുൽത്തായിൽ നിന്നൊഴുകും
കൈവഴിയേഴും കഴുകുന്നു
ഈ ലോകത്തിൻ മാലിന്യം
കൃപയുടെ വസനം നല്കുന്നു
ശിരസ്സിൽ മകുടം ചൂടുന്നു
നാവിൽ ഗീതം നല്കുന്നു.

15 ജന്മം നൽ–കിത്താലോലിച്ച
പ്രിയരാം താത ജനങ്ങളെ നാം
അനുനിമിഷം ബഹുമാനിക്കേണം.
താതന്നാമോദം പകരൂ
പ്രിയയാം മാതാവിനുമതുപോൽ
അവരുടയവനെ കാട്ടുന്നു.



അവർ മൃതരായാലും നമ്മൾ
ഓർക്കണമനുദിനവും പ്രിയരേ,
അവർ സ്വീകൃതരായ്ത്തീർന്നീടാൻ

16 താതരെ നിന്ദിപ്പവരുടെ ഭവനം
ശാപത്തിന്നിരയായ് തീരും
കാറ്റിലതു വീണു തകർന്നീടും.
വാർദ്ധക്യത്തിലവർക്കു സുതർ
കരളിനു മോദം പകരേണം
വേദനയിൽ താങ്ങീടേണം.
അവരെ നിന്ദിക്കരുതാരും
വേദനയേകരുതാപത്തിൽ
നിൻ പാപം നാഥൻ മായ്ക്കും.

17 ഉന്നതി നീ പ്രാപിച്ചീടുമ്പോൾ
വിനയത്തിൻ വലുതാം കുഴിയിൽ
പണിയേണം നിൻ ഗേഹം പ്രിയനേ.
ആനന്ദത്തിൻ വഴിയത്രേ
ദൈവം കൃപ ചെയ്തീടുന്നു
എളിയവരിൽ താൻ കീർത്തിതനും.
പൊന്നിൽ ദൃഷ്ടി പതിക്കരുതേ
വഞ്ചന കാട്ടരുതൊരുനാളും
കൈക്കൂലികൾ വാങ്ങീടരുതേ.

18 അഗതികളെ പീഡിപ്പിക്കരുതേ
ദാഹിപ്പവനെയകറ്റരുതേ
ചോദിക്കു–ന്നവനു കൊടുക്കേണം.

www.malankaralibrary.com



ഒരുവൻ നമ്മുടെ പ്രിയതാതൻ
നാമവനുടെ പ്രിയരാം മക്കൾ
അതുപോൽ പ്രിയരാം സോദരരും.

നീട്ടുന്നവനെ തള്ളരുതെ
മുട്ടുന്നവനു തുറക്കേണം
നിന്നെ നാഥൻ വാഴ്ത്തീടും.

19 നിൻ സവിധേ ധനമുണ്ടായിട്ടും
അഗതിയെ വെറുതെയയച്ചെന്നാൽ
തൻ കണ്ണീർ–ഉടയോൻ കണ്ടീടും.
അവനതെടുത്തു കളഞ്ഞീടും
തണ്ടിലിരുത്തുന്നതു നാഥൻ
താഴെയിറക്കുന്നതുമുടയോൻ.

ധനമൊരുനാളും സ്ഥിരമല്ല
അതുദാനം ചെയ്യാനത്രേ
ഉടയോൻ നിന്നെയേല്പിച്ചു.

20 പീഡിതനായ് ചെവി ചായിച്ചിട്ട
ശാന്തിയില്ലത ചെയ്യുവനോടായ്
കാരുണ്യം കാണിച്ചീടുക നീ.
നീതി നടത്തിടുകീധരയിൽ
സത്യം നിലനിർത്തീടുക നീ
പിതൃരഹിതരെ നീ സ്നേഹിക്കൂ.

നീ അത്യുന്നതനുടെ സുതനായ്
കാലാകാലം ജീവിക്കും
കാരുണ്യം നീ പ്രാപിക്കും.



**76** "ഉല്പത്തി"

1 നല്ലവനാം ത്രീയേകൻ ദൈവം
ലോകത്തെ നിർമ്മിച്ചൊരു നാൾ
ച്ഛായപകർന്നു മർത്യർക്കായി.
ലോകത്തെ സ്നേഹിച്ചുടയോൻ
സ്നേഹം കാംക്ഷിച്ചു ദൈവം
മർത്യരൊടൊത്തു നടന്നീശൻ.

"എല്ലാം നല്ലവ' യെന്നോതി
അധികാരം നരനേകിയവൻ
പറുദീസാ നരനായ് നല്കി.

2 പാവനനാം ഹാബേലിൻ ഹൃദയം
ദൈവം കൈക്കൊണ്ടൊരു നാളിൽ
റൂഹായിൻ പ്രീയനുമായ്ത്തീർന്നു
അബ്രാഹം കൃപപ്രാപിച്ചു
ധരയവനാൽ കൃപ പ്രാപിച്ചു.
അവനെ ദൈവം കൈക്കൊണ്ടു.

യൗസേപ്പും മിസ്രേംനാട്ടിൽ
കാരുണ്യം നേടി ഒരു നാൾ
ഇസ്രേൽ അതുവഴി രക്ഷിതയായ്.

3 തിന്മ നിറഞ്ഞവരാം മർത്യഗണം
രക്തം ചിന്തുന്നൊരു ജാതി
സോദരരെ–ദ്വേഷിക്കുന്ന ഗണം
കാരുണ്യം പ്രാപിക്കില്ല
എരിയും തീയിൽ സോദോം പോൽ.
മുങ്ങും പ്രളയത്തിൻ നാൾ പോൽ

അലയും കായേനെപ്പോലെ
വലയും ബാബേൽ വാസികൾ പോൽ
കരയും ആദാംനരനെപ്പോൽ.

www.malankaralibrary.com



4 പിതൃഭവനം വിട്ടെൻപിൻപെത്തു
ഒരുദേശം ഞാൻ നല്കീടാം
നിന്നെ ഞാൻ വലിയൊരു ജനമാക്കാം
എൻകൃപ നിന്നിൽ മേവീട്ടും
ഉന്നതമാകും നിൻ നാമം
കൃപയെത്തും നീവഴി ധരയിൽ
എന്നോതുന്ന പ്രിയ നാഥൻ
അബ്രാഹത്തോടെന്നതുപോൽ
എല്ലാമർത്യഗണത്തോടും.

5 എന്നഭയം–നീയാണെൻ പ്രിയനേ,
എൻ പ്രതിഫലമുന്നതനത്രേ
നിർഭയനായ് ഞാൻ ധരയിൽ വാഴും
കറക്കൂടാതെപ്പോഴും ഞാൻ
തേടും തവ തിരുപാതകളെ
അത്യുന്നതനാം പ്രിയനാഥാ
നിന്നെ സ്നേഹിക്കുന്നടിയൻ
നിന്നിൽ വസിക്കുന്നെൻ ജീവൻ
കൈക്കൊൾകിവരുടെ കാഴ്ചകൾ നീ.

6 പ്രാർത്ഥനയിൽ സ്ഥിരമായ് വർത്തിപ്പിൻ
ഉപദേശിക്കുന്നു ശ്ലീഹാ
നന്ദിയോടേ സ്തോത്രം ചെയ്തിട്ടുവിൻ.
സഭ മുഴുവനുമായ് പ്രാർത്ഥിപ്പിൻ
"നാവിൽ വചനം നല്കീടാൻ
രഹസ്യം വെളിവായ് കാട്ടീടാൻ"
സ്നേഹത്തിൽ ജീവിച്ചിട്ടുവാൻ
കാട്ടിൻ കൃപയുള്ളവരായി
റൂഹായെ പ്രാപിച്ചവരായ്.



77 "എഫേസ്യലേഖനം"
1 കീർത്തിതനാ–ണുന്നതനാം ദൈവം
മിശിഹായുടെ വത്സലതാതൻ
മിശിഹായിൽ വാഴ്ത്തീ നമ്മെയവൻ.
ആത്മീയദാനങ്ങൾ നല്കി
സ്വർഗ്ഗീയോന്നതഭവനത്തിൽ
കാലാരംഭത്തിനു മുൻപേ.
തൻ ജനമായ് തീർത്തു നമ്മെ
നാം പരിപാവനരായ് തീരാൻ
കറ കൂടാത്തവരായ് മേവാൻ.

2 തൻ സുതരായ് തീർത്തു നമ്മെയവൻ
ഉന്നതനാം മിശിഹാ വഴിയായ്
സ്നേഹത്താൽ മൂടി പ്രിയതാതൻ
തിരുഹിതമൊത്തതുപോൽ താതൻ
ചൊരിയുന്നു കൃപകൾ നമ്മിൽ
വാഴ്ത്തുന്നു നമ്മെ സുതനിൽ
തൻ ഗീതം നാം പാടിട്ടുവാൻ
ധരയുടെ ദീപമതായ് മേവാൻ
തൻ കൃപയെ ലോകേ കാട്ടാൻ.

3 അവനിൽ നാം പ്രാപിച്ചു രക്ഷ
രക്തം നമ്മെ കഴുകീയിതാ
കടമെല്ലാം മായിച്ചു മിശിഹാ
കൃപയുടെ അരുവി ഒഴുക്കിയവൻ
ദാനം തിങ്ങും ദാതാവ്
നമ്മെ കൃപയാൽ മൂടിയവൻ
വിജ്ഞാനം വിതറി നമ്മിൽ
കാട്ടീ തിരുഹിതമിവരെയവൻ
തൻ പദ്ധതി മുഴുവനുമായി.

www.malankaralibrary.com



4 ഭുവാനങ്ങളിലുള്ളവയെല്ലാം
മോദിക്കുന്നു മിശിഹായിൽ
അവനത്രേ ലോകത്തിൻ കേന്ദ്രം
കാലാന്ത്യമണഞ്ഞീടുമ്പോൾ
ചേർക്കുന്നു തന്നിൽ സർവ്വം
പ്രിയതാതനായർപ്പിക്കാൻ
കറയോ ചുളിയോ കൂടാതെ
ശോഭയെഴുന്നൊരു കന്യകയായ്
മേലുയരെയർപ്പിച്ചീടാൻ.

5 പണിയെല്ലാം–ചെയ്യും പരമാത്മൻ
പണിയുന്നു ധരയിൽ ഭവനം
കല്ലുകളാ–ലല്ലെൻ വത്സലരേ
മിശിഹായുടെ ജനമാം നമ്മൾ
പിതൃസ്തുതി നിത്യം പാടീടാൻ
തന്റെ മഹത്വം ഘോഷിക്കാൻ
രാജ്യം പ്രാപിക്കും വരെയും
അച്ചാരമതായ് മേവുന്നു
അത്യുന്നത റൂഹാ നമ്മിൽ.

6 പ്രാർത്ഥിക്കാം ജ്ഞാനം പ്രാപിക്കാൻ:
സ്നേഹം വിതറണമെന്നുള്ളിൽ
വിശ്വാസം വർദ്ധിപ്പിക്കണമേ.
ചിന്തണമെന്നിൽ റൂഹായെ
ശാന്തിയെനിക്കു പകർന്നിടണേ
മിശിഹായുടെ വത്സല താതാ,
മഹിമയിൽ മേവും മമ താതാ,
വിജ്ഞാനാത്മാവേകല്ക്കു
കാട്ടണമേ നിൻ പദ്ധതികൾ.



7 മേലുയരേ നിന്നെത്തുന്നൊരുവൻ
ഉന്നതമാം വിജ്ഞാനത്താൽ
എന്നെ നീ പൂരിതനാക്കണമേ.
നിന്നെ കാണാൻ കാഴ്ച തരൂ
ശോഭിപ്പിക്കുൾക്കണ്ണുകളെ
സജ്ജമതാം രാജ്യം കാട്ടൂ.
പ്രഭയിൽ മേവും ജഗദീശാ,
പ്രഭയിൽ നിന്നുള്ളൊരു പ്രഭയേ
സുപ്രഭയിൻ കതിരേ, പരമാത്മാ.

8 ദാസർക്കായ് താതനൊരുക്കിയതാം
ഉന്നതസമ്പാദ്യം ശ്രേഷ്ഠം
അതു നേടാൻ ഓടാം വത്സലരേ.
നമ്മിൽ വാഴുന്ന ശക്തി
നമ്മെ പണിയുന്ന ശക്തി
അതിനാഴം കണ്ടവനാരോ?
മൃതിയിൽ നിന്നും മിശിഹായ്ക്കായ്
ഉയിരേകിയതാം വൻ ശക്തി
നമ്മെ നടത്തുന്നിപ്പോഴും.

9 മിശിഹായെ താതൻ വലഭാഗേ
ശ്രേഷ്ഠമതാമൊരു സ്ഥാനത്തായ്
സ്ഥാപിച്ചു ഉന്നതമാം കൃപയാൽ.
എല്ലാററിനുമുപരിസ്ഥനവൻ
തൻ നാമം ശ്രേഷ്ഠം നിത്യം
കൂപ്പുന്നു ജാതികളവനെ.
കുമ്പിട്ടാരാധിക്കുന്നു
ഭുവാനങ്ങളിലെല്ലാരും
കുരിശിൽ മരിച്ചവനാം നൃപനെ.

www.malankaralibrary.com



10 തിരുസഭ തൻ ശിരസ്സായ് തീർന്നവനേ,
വലഭാഗം പ്രാപിച്ചവനേ,
ലോകത്തിൻ–കേന്ദ്രം നീ തന്നെ

എല്ലാം പൂർത്തി വരുത്തുന്നോൻ
ശാന്തി ധരയ്ക്കേകുന്നവനേ,
ക്രൂശിൽ മൃതിയെ ചേർത്തവനേ

ചേർക്കണമിവരെ നിൻ മടിയിൽ
വലഭാഗം തരണം മോദാൽ
ശോഭയെഴും നിൻ മണവറയും.[18]

11 ഈ ലോക–ത്തിൻ വഴി എൻ പ്രിയരേ,
എത്തിക്കുന്നു നരകത്തിൽ
വീതിയെഴും വഴിയിതു വത്സലരേ.

ലോകം പോകുന്നാവഴിയേ
അനുസരണം കൂടാത്തവരാം
നരരിൽ വർത്തിക്കും ശക്തി

മൃതി നല്കുന്നു മർത്ത്യർക്കായ്
പാപം മരണത്തിൻ വാതിൽ
അതിനന്ത്യം ക്രൂരം; നാശം.

12 ലോകത്തിൻ വഴിയേ പോകുന്നോർ
ജഡമോഹത്തിൽ ജീവിപ്പൂ;
കോപത്തിൻ സന്തതികൾ പ്രിയരേ

നാമോ മിശിഹായിൻ സുതരാം
ജീവൻ കുരിശാലേകി നൃപൻ;
കൃപയിൽ ധനവാനാം നാഥൻ

---

18 എഫേസ്യർ 1



സ്നേഹം തിങ്ങിയ ജഗദീശൻ
നമ്മെ സ്നേഹിക്കുന്നെന്നും
നാം തൻ വലഭാഗേ മേവാൻ.

13 മൃതിയാലെ മൃതിയെ വെന്നവനാം
മൃതിഹീനൻ മിശിഹാ നമ്മെ
മരണത്തിൽ നിന്നും രക്ഷിച്ചു.

കൃപയാൽ നാം രക്ഷിതരായി
കൃപയാൽ നാമുത്ഥിതരായി
പീഠം തന്നുന്നത സ്വർഗ്ഗേ.

കാലാന്ത്യമടുക്കുന്നൊരുനാൾ
കാട്ടും നാഥൻ സൗഭാഗ്യം.
അളവില്ലാത്തവയാം ഭാഗ്യം.

14 മിശിഹായിൽ പ്രിയതാതൻ നമ്മെ
വാഴ്ത്തുന്നെല്ലാ നാഴികയും
ചൊരിയുന്നു തൻ ശക്തിയെ നമ്മിൽ.

നാം ജീവിക്കുന്നു നൃപനിൽ
നമ്മെ പൊതിയുന്നു കരുണ
വഴികാട്ടുന്നു ജഗദീശൻ.

അവനെവണങ്ങാമെപ്പോഴും
സ്തുതിയർപ്പിക്കാമെപ്പോഴും
ആരാധനയും കീർത്തനവും.

15 മിശിഹായാൽ രക്ഷിതരായ് നമ്മൾ;
ഇതു സ്വർഗ്ഗീയമതാം ദാനം.
അതിനാൽ നാം വാഴ്ത്തണമീശോയെ.

പണിചെയ്യുന്നോൻ നൃപനത്രേ
നാം നാഥൻ തൻ പണിശാല
നന്മകൾ ചെയ്യാമെപ്പോഴും.

www.malankaralibrary.com



സുവിശേഷത്തിൻ പാതകളിൽ
പാദം വയ്ക്കാമെപ്പോഴും
അതിനന്ത്യം പറുദീസായും.[19]

16 ഒരു നാൾ നാം എൻ പ്രിയവത്സലരേ
അകലെ വസിച്ചുടയവനീന്നും
മിസ്രേമിൽ അടിമകളായ് മേവി.
ധരയിൽ നൃപനെ കൂടാതെ
അശരണരായ് അടിമത്തത്തിൽ
വിഗ്രഹസേവയതിൽ മുഴകി.
മിശിഹായുടെ തിരുരക്തത്താൽ
താതൻ നമ്മെ വിളിച്ചരുകിൽ
സുതരാക്കി താലോലിപ്പൂ.

17 മിശിഹാ നാ–ഥൻ നമ്മുടെ ശാന്തി
വേലി പൊളിച്ചു പ്രിയനാഥൻ
ലോകത്തെ ഒന്നായ് തീർക്കുന്നു.
യൂദരെയും ജാതികളെയും
ജ്ഞാനികളെയും ഭോഷരെയും
പുതിയൊരു നരനെ സൃഷ്ടിച്ചു.
കുരിശാൽ നമ്മെയൊരു ജനമായ്
തീർത്തു അത്യുന്നത പുത്രൻ
ശത്രുതയെ തള്ളീ ദൂരെ.

18 മിശിഹായെ–ത്തീമാനവർ മധ്യേ
പുതിയൊരു സുവിശേഷം വിതറി
ശാന്തി കൊട്ട–ളു മർത്യർക്കായി.

19 എഫേസ്യർ 2:1–10



ഇനി നാം പരദേശികളല്ല
ഇനി നാം ദാസന്മാരല്ല
നാം അവകാശികളാകുന്നു.
ദൈവത്തിൻ ഭവനേ വാഴും
ദൈവത്തിൻ വത്സല സുതരും
മിശിഹായുടെ പ്രിയ സോദരരും.

19 മൂലക്ക–ല്ലാകുന്ന മിശിഹാ
നിബിയർ ശ്ലീഹരടിസ്ഥാനം
ഭവനേ നാം–കല്ലുകളാകുന്നു.
മിശിഹായാകും ബന്ധത്തിൽ
ഉയരുന്നൊരു പാവന ഭവനം
ദൈവത്തിനു വാസം ചെയ്യാൻ
പണിയുന്നുന്നതനാം റൂഹാ
വയ്ക്കാം നമ്മെ തൻ കയ്യിൽ
നമ്മെ പണിയും പ്രിയ റൂഹാ.[20]

20 ശുദ്ധമെഴും–യാഥാർത്ഥ്യം ദൈവം
കാട്ടീ തൻ ദാസർക്കായി
അവനതിനെ വിതറി നാട്ടുകളിൽ.
രഹസ്യം തിങ്ങും മണവറയിൽ
ജാതികളെ കൂട്ടിച്ചേർക്കും
അത്യുന്നതമാം യാഥാർത്ഥ്യം.
അതിനാൽ പീഡകളേററവരായ്
സ്ലീബാ പേറി ശ്ലീഹന്മാർ
പോയ് മിശിഹായുടെ പിന്നാലെ.

20 എഫേസ്യർ 2:11–22

www.malankaralibrary.com



21 കൃപയാൽ ദൈവം-തൻ തിരുസഭയിൽ
നിയമിച്ചു-ദാസന്മാരെ
രഹസ്യങ്ങൾ ഭരമേല്പിച്ചവരെ.
റൂഹാ അവരെ നയിച്ചെന്നും
നാവിൽ തൻ വചനം നല്കി
ദൈവിക പദ്ധതി കാട്ടിയവർ.
ദൈവിക വിജ്ഞാനം വിതറി
മിശിഹാ നേടിയ നിക്ഷേപം
ദാനം തിങ്ങും മണവറയും.

22 ഇടറരുതെൻ പ്രിയരാം സോദരരേ,
ധൈര്യം പ്രാപിക്കിൻ കൃപയാൽ
റൂഹായാൽ ശക്തി ധരിച്ചിട്ടവിൻ.
നമ്മെ പണിയും പരമാത്മൻ
കൃപയാൽ നമ്മെ നിറച്ചീടും
യാചനയെല്ലാം നല്കീടും.
വേദനയെല്ലാം മാററീടും
ഭൗമികവേദന നൈമിഷികം
മണവറ നമ്മുടെ സമ്പാദ്യം.

23 ശക്തി പക-ന്നീടണമെൻ നാഥാ,
സൃഷ്ടിയെ നീ പുതുതാക്കണമെ
മിശിഹായേ, വന്നു വസിക്കെന്നിൽ.
സ്നേഹത്തിൽ ബന്ധിക്കെന്നെ
രഹസ്യം വെളിവാക്കെൻ മുൻപിൽ
നിൻ സ്നേഹം വിവരിച്ചിട്ടു.
നല്കു പൂർണ്ണതയാം ദാനം
കാട്ടു നിൻ സാരാംശത്തെ
നിന്നെ താണു വണങ്ങീടാൻ.



24 സഭയിൽ ഞാൻ മഹിമോന്നത നൃപനേ,
നിൻറെ മഹത്ത്വം പാടുന്നു.
ജാതികളിൽ നിൻ ചെയ്തികൾ കാട്ടും.
എന്നിൽ നീ മേവീടുന്നു
ചിന്തിക്കുന്നതിലുപരിയതായ്
ചോദിക്കുന്നതിലുപരിയതായ്
അത്ഭുതകർമ്മം ചെയ്യുന്നോൻ
അളവില്ലാത്തൊരു കലവറ നീ
അഗ്രാഹ്യമതാം വിജ്ഞാനം.[21]

25 കൃപയിൽ നി-ന്നകലരുതൊരു നരനും
വിളി ചെയ്തവനെ ശ്രദ്ധിക്കു
നിർമ്മലരാ-കു ജീവിതവഴിയിൽ.
ഹൃദയേ ശാന്തത പാലിപ്പിൻ
താഴ്മ ധരിപ്പിൻ ഭൂഷണമായ്
സഹനത്തിൻ മാതൃക കാട്ടിൻ
സ്നേഹത്തിൽ ഭാരം താങ്ങിൻ
സഭയുടെ ഐക്യം നിലനിർത്തിൻ
ശാന്തിയിൽ മേവിൻ അനുനിമിഷം.

26 മിശിഹാ തൻ വധു ഒന്നേയുള്ളു
റൂഹായും ഏകൻ തന്നെ
നമ്മുടെ പ്ര-ത്യാശയുമേകമതാം.
ക്രൂശിതനായോൻ ഏകൻ താൻ
ഒരു സ്നാനേനാം മുദ്രിതരായ്
നമ്മുടെ വിശ്വാസം ഏകം.

---

21 എഫേസ്യർ 3:1-20

www.malankaralibrary.com



താതൻ ദൈവം ഏകൻ താൻ
സ്തുതിയാരാധനയവനത്രേ
കാലാകാലങ്ങളിലെന്നും.

27 ദാനങ്ങൾ വിതറുന്ന ദൈവം
സഭയെ ധരയിൽ ഉയർത്താനായ്
ഉന്നതമാം ഭവനം പണിയാനായ്

വിശ്വാസൈക്യം പാലിപ്പാൻ
ദൈവസുതൻ തൻ ഉന്നതമാം
ജ്ഞാനത്താൽ നിറയു ്തിനായ്

മാനവ പൂർണ്ണത പ്രാപിക്കാൻ
മിശിഹാ നല്കും പൂർണ്ണത താൻ
സ്നേഹം തിങ്ങും ജീവിതവും.

28 പ്രിയരേ എൻ വത്സലസോദരരേ,
അറിവിൻ പൂർണ്ണത നേടിട്ടുവിൻ
തിന്മകളിൽ ശിശുതുല്ല്യം മേവിൻ.

എല്ലാം ശോധന ചെയ്തിട്ടുവിൻ
സത്യത്തെ ഹൃദയേ പേ ്വിൻ.
വഞ്ചകരെ ശ്രദ്ധിക്കരുതേ.

കുഞ്ഞാടുകൾ സമമെത്തുന്ന
ക്രൂരമൃഗങ്ങളെയെപ്പോഴും
ദൂരെയകററണമെല്ലാരും.[22]

29 സ്നേഹത്തിൽ–വളരണമെല്ലാരും
സത്യമുരയ്ക്കണമെപ്പൊഴും
മിശിഹായിൽ മേവണമനുനിമിഷം,

22 എഫേസ്യർ 4:1–14



അവനത്രേ നമ്മുടെ ശിരസ്സ്
അവനോടൊന്നായ് ചേർന്നവരാം
നാം ഫലമേന്തും താതന്നായ്.

ഫലമേന്താത്തവയതിവേഗം
വെട്ടിഎറിഞ്ഞവനഗ്നിയതിൽ
കത്തിക്കും ബഹു ക്രോധത്തിൽ.[23]

30 വ്യർത്ഥമതാം ചിന്തകൾ കൈവെടിയിൻ
ജ്ഞാനം സമ്പാദിച്ചിട്ടുവിൻ
ശോഭയെഴും ജ്വാലയിൽ മേവിട്ടുവിൻ.

തിമിരം ദൂരെഅകററിട്ടുവിൻ
ദൈവത്തിന്നരികിൽ മേവിൻ
ഹൃദയം കഴുകി വെടിപ്പാക്കിൻ.

ദുഷ്ടവിചാരത്തിൻ വഴികൾ
ദൂരെ എറിഞ്ഞതിവേഗത്തിൽ
ശുദ്ധതയെ പുല്കിൻ പ്രിയരേ.[24]

31 പഴയവനെ–പാടേനീക്കിട്ടുവിൻ
പുതിയൊരു വസ്ത്രം തേടിട്ടുവിൻ
പഴയവയിൽ വഞ്ചന മേവുന്നു.

റൂഹായാൽ നവജാതരതാം
സുതരേ, കൃപയെ സമീപിപ്പിൻ
പാനം ചെയ്യിൻ നീരുറവ.

പരിപാവനരായ് വർത്തിപ്പിൻ
റൂഹാനല്കും സൗരഭ്യം
പ്രാപിക്കാനോടിൻ നന്നായ്.[25]

23 എഫേസ്യർ 4:15–16
24 എഫേസ്യർ 4:17–21
25 എഫേസ്യർ 4:22–24

www.malankaralibrary.com



**78** 'എബ്രായ ലേഖനം"

1 മുൻ കാല–ങ്ങളിലുന്നത നാഥൻ
നിബിമാർ വഴി സംസാരിച്ചു
താതരൊടായ്– പല പല രീതികളിൽ.
കാലാന്ത്യമട്ടത്തീ സമയം
സകലത്തിനുമുടയവനാകും
പുത്രൻ വഴി സംസാരിച്ചു.
ലോകം അവൻ വഴി ഉണ്ടായി
ജ്വാലയിൽ നിന്നുള്ളൊരു ജ്വാല
ലോകത്തെ രക്ഷിച്ചൊരുനാൾ.

2 ദൈവമഹത്വം പേറുന്ന സുതൻ
ദൈവസ്വഭാവത്തിനുടമ
ലോകത്തെ താങ്ങുന്ന കൃപയാൽ.
പാപത്തിനു പരിഹാരമതായ്
ജീവൻ നരനേകുന്നതിനായ്
ബലിയായ് പുത്രൻ കുരിശിന്മേൽ.
ഭവനമൊരുക്കാനായ് ഉയരേ
കയറി ഒരുനാൾ ദൈവസുതൻ
പിതൃ വലഭാഗെയിരിക്കുന്നു.

3 പ്രിയതാതൻ–ചൊല്ലുന്നു വചനം
നീയാണെൻ പ്രിയനാം സൂനു
നിൻ താതൻ ഞാനെന്നും നൂനം.
നിന്നെ ഞാനുരുവാക്കിയിതാ
നീയെൻ സുതനാണെപ്പോഴും
ദൂതർ വന്ദിക്കും നിന്നെ



നിൻ രാജത്വം ശാശ്വതമാം
അഭിഷേചിതനാം മണവാളൻ
ചെങ്കോലേന്തുന്നെന്നേക്കും.[26]

4 ആദിയിലെ നിന്നെ നിയമിച്ചോൻ
വാഴ്ത്തപ്പെട്ടവനാകുന്ന
നീയത്രേ ലോകത്തിൻ നാഥൻ.
നീ വഴി ലോകം നിർമ്മിതമായ്
വാനം നിൻ കരവേലയതും
നീ പിതൃമാർവ്വിൽ മേവുന്നു.
എന്നും നില നില്ക്കുന്നവനും
മാററമെഴാത്തോരുന്നതനും
അങ്ങുന്നാണെൻ മിശിഹായെ

5 ഭൂവാനം മാറിപ്പോയാലും
മാററമെഴാത്തൊരു വചനം നീ
നീയെന്നും ദൈവത്തിൻ പുത്രൻ.
അരിനിരയെ വെന്നവനായി
പിതൃ വലഭാഗേ മേവുന്നോൻ
രാജപുരോഹിതനായുള്ളോൻ.
മാനവരുടെ ഹൃദയം തേടും
മനുജപ്രിയനേ, മണവാളാ,
വന്നു വസിക്കണമെന്നുള്ളിൽ.

6 മേലുയരേ–ഗീതം പാടുന്ന
വാനവദൂതന്മാരെല്ലാം
ദൈവത്തിൻ ദാസന്മാരത്രേ.

---

26 എബ്രായ 1:1–2,18

www.malankaralibrary.com



ധരയിലലഞ്ഞിടുമീ നരരെ
രക്ഷയിലേയ്ക്കു നയിക്കാനായ്
ദൈവമയച്ചവരെയിവിടെ.
ദൈവത്തിൻ സവിധേ ദൂതർ
മർത്യർക്കായ് പ്രാർത്ഥിക്കുന്നു
സൽപന്ഥാവവർ കാട്ടുന്നു.

7 നരനായ് വ-ന്നോരുന്നത ദൈവം
നരനെ കോരിയെടുക്കാനായ്
കൈകൾ വിരി-ച്ചെത്തീ ജനമദ്ധ്യേ
ജനമാ നരനെ ബന്ധിച്ചു
കൈകൾ സ്ലീബായിൽ ചേർത്തു.
ആണികളിൽ തൂക്കിയവനെ.
മലയുടെ മുകളിൽ കുരിശിന്മേൽ
ഭ്രവാനങ്ങൾ മദ്ധ്യത്തിൽ
അവനെയവരില്ലാതാക്കി.

8 കൂരിരുളിൽ-തപ്പിത്തടയുന്ന
കുഴിയിൽ വീണവരാം നരരെ
കരകേററാൻ എത്തീ ദൈവസുതൻ
ദീപം പേറി ദീപശിഖ
സത്യമുരച്ചു മർത്യരോടായ്
''വഴി ഞാൻ കാട്ടാമെൻ പ്രിയരേ''
കുഴിയിൽ മേവിയ ക്ഷതമേറേറാർ
ദീപം തട്ടിയെറിഞ്ഞകലെ
ബന്ധിച്ചവനെ കുരിശിന്മേൽ.

9 അന്യോന്യം-ദ്വേഷിച്ചീടുന്ന
മാനവരുടെയിടയിൽ ദേവൻ
സ്നേഹത്തിൻ സന്ദേശം വിതറി.



ശത്രുവിനേയും സ്നേഹിക്ക
പ്രാർത്ഥിയ്ക്കണമെല്ലാർക്കായും
സ്നേഹസ്വരൂപൻ ഏകൻ താൻ.
അവരാ സ്നേഹത്തിൻ ശിഖയെ
ദ്വേഷിച്ചു മുഴുഹൃദയത്താൽ
ബന്ധിച്ചവനെ കുരിശിന്മേൽ.

10 മുറിവുകളെ നാഥൻ സുഖമാക്കി
രോഗികളെല്ലാം മോദിച്ചു
വഴികാട്ടി, പലരതിലേ പോയി.
ദീപം കാണിച്ചു നാഥൻ
സത്യമതാം വാക്കുരചെയ്തു
''ഏകൻ നമ്മുടെ പ്രിയതാതൻ''
''മാനവരെല്ലാം ദൈവസുതർ'
''സ്നേഹം നമ്മുടെ നിയമം താൻ
പുതിയൊരു പറുദീസാ പണിയാം.''

11 അവരെന്നാൽ വസ്ത്രമുരിഞ്ഞവനെ
അവഹേളിച്ചു ക്രൂരതരം
മുൾമുടി തൻ-ശിരസ്സിന്മേൽ വച്ചു.
ഒരു വടി കയ്യിൽ നല്കിയിതാ
ചെങ്കുപ്പായം ചൂടിച്ചു
കവിളിലടിച്ചു ദുഷ്ടന്മാർ
കള്ളന്മാരുടെ മദ്ധ്യത്തിൽ
ഗോഗുൽത്തായുടെ ഉയരത്തിൽ
ക്രൂശിന്മേൽ തൂക്കിയവനെ.

12 അവനെല്ലാ വേദനയും പേറി
മൗനിയതായ് നിലകൊണ്ടപ്പോൾ
മാനവരെ-പ്രതിയെല്ലാമേററു

www.malankaralibrary.com



പ്രിയതാതാ. ജനമറിവില്ല
എന്തിവർ ചെയ്യുന്നെന്നിപ്പോൾ
പോക്കണമിവരുടെ കുററം നീ
നിൻ ജനമാമീ മർത്ത്യർക്കായ്
നിൻ ഹിതമെന്നും നിറവേററാൻ
ഈ വേദന ഞാനേല്ക്കുന്നു.

13 ''ദൈവസുതൻ കുരിശിൽ മൃതനായി''
അട്ടഹസിച്ചു പാതാളം
മോദിച്ചു ദുഷ്ട ജനക്കൂട്ടം.
കൊന്നു ദൈവത്തെ മർത്ത്യർ
ദൈവം മൃതനായ് കല്ലറയിൽ
ഇനിയവനെഴുന്നേല്ക്കില്ലൊട്ടും.
ദുഃഖിതരായി ശ്ലീഹന്മാർ
ഇരുളായ് മാറി ദിനകരനും
ഭുവാനം കേണൊരുപോലെ.

14 മൃതിയെ തൻ–മൃതിയാൽ വെന്നവനാം
അത്യുന്നതനാം ജേതാവോ
മരണത്തെ പൂട്ടി ചങ്ങലയിൽ
ക്രൂശിച്ചവനെ രക്ഷിച്ചു
കൊന്നവനേകിയാശ്വാസം
കാട്ടി ഉന്നതമാം പാത.
വഴിയും സത്യവുമീ ഞാൻ താൻ
കാണ്മിൻ പ്രിയരേയെൻ ഹൃദയം
മൃതരീന്നുത്ഥിതനായി ഞാൻ.

15 മൃതനാകില്ലൊരു നാളും ദൈവം
മൃതിയവനെ ബന്ധിക്കില്ല
ജീവൻ തൻ ഉറവിടമവനത്രേ



വിജയത്തിൻ കൊടിയും പേറി
മൂന്നാം നാളവനുത്ഥിതനായ്
കാണപ്പെട്ടു ശ്ലീഹക്കായ്
മമ വത്സലരേ, സോദരരേ
ഞാനുത്ഥിതനായ് മൂന്നാം നാൾ
എന്നേയ്ക്കും മോദിച്ചിടുവിൻ.

16 ദൈവത്തിൻ ഭവനമതാം സഭയിൽ
മിശിഹാ ഭവന വിചാരകനായ്
ശ്രേഷ്ഠതരം ദൗത്യം നിറവേററി.
മൂശാനിബിയേക്കാൾ ശ്രേഷ്ഠൻ
ദാസൻ സമമത്രേ മൂശാ
മിശിഹായോ ഉന്നതസൂനു
ശ്രേഷ്ഠപുരോഹിതനാം മിശിഹാ
പൗരോഹിത്യത്തിൻ ധർമ്മം
സുതനെപ്പോൽ നിറവേററിയിതാ[27]

17 മരുഭൂവിൽ ഇടറിയ ജനതതിപോൽ
ഹൃദയം കഠിനമതാക്കരുതേ
ദൈവത്തെ ശോധന ചെയ്യരുതേ.
റൂഹായുടെ വചനം കേൾക്കു
ദൈവത്തിൻ വഴി തേടീടൂ
ജീവൻ പാനം ചെയ്തീടൂ
അവരുടെയസ്ഥികൾ മരുഭൂവിൽ
വീണു തകർന്നു വഴിമദ്ധ്യേ
അവർ നല്ലുന്നത പാഠം.[28]

.........................

27 എബ്രായ 3:1–6
28 എബ്രായ 3:7–10

www.malankaralibrary.com



18 മേല്പയരെ–നിന്നുന്നത താതൻ
ധരയിലയച്ചൊരു സുതനിൽ നാം
ആശ്രയമെല്ലാം വയ്ക്കണമിപ്പോൾ.
അവനെ സ്നേഹിക്കണമെന്നും
സുവിശേഷം പേറാമെന്നും
കഠിനതരം ഹൃദയം മാററാം.
ജീവനുറവിടമാം ദൈവം
ജീവൻ പകരുന്നവനെന്ന്
ഘോഷിക്കാം ജനമദ്ധ്യത്തിൽ.

19 മിസ്രേമിൽ നിന്നു പുറപ്പെട്ട
വലിയൊരു കൂട്ടം വഴിമദ്ധ്യേ
കാലിടറി–വീണു മരിച്ചല്ലോ.
ദൈവിക കർമ്മം കണ്ടവരും
കടലിൽക്കൂടി നടന്നവരും
മന്നായെ ഭക്ഷിച്ചവരും.
കല്പനകൾ പ്രാപിച്ചവരും
പാറയിൽനിന്നു കുടിച്ചവരും
ഒരുപോൽ മൃതരായ് മരുഭൂവിൽ.[29]

20 മിശിഹാ നൽ–കുന്നോരുന്നതമാം[30]
വിശ്രമദിവസം പ്രാപിപ്പാൻ
ഓടാമെൻ വത്സല സോദരരേ.
ഇതു രക്ഷാ ദിനമാകുന്നു
ഹൃദയം കഴുകി വെടിപ്പാക്കാം
റൂഹായാം കൃപ പ്രാപിക്കാം.

29 എബ്രായ 3:11–19
30 എബ്രായ 4:1–10



മേല്പയരെ നാഥൻ നല്കും
ശ്രേഷ്ഠമതാകും മണവറയിൽ
മോദിക്കാം കാലാകാലം.

21 തിരുവചനം ജീവനുറവിടവും
എല്ലാററിനുമാരംഭമതും
അഖിലത്തെയും സൃഷ്ടിക്കുന്നതുമാം.
ഖഡ്ഗത്തേക്കാൾ മൂർച്ചതരം
ആത്മാവിനുള്ളെത്തുന്നു
സന്ധികളെ ഛേദിക്കുന്നു.
ചിന്തകളെ തൂക്കീടുന്നു
ഉദ്ദേശങ്ങളളക്കുന്നു
എല്ലാം വെളിവായ് കാട്ടുന്നു.[31]

22 കൃപയുടെയുന്നതമാം ബലിവേദി
അഖിലരെയും നോക്കുന്നെന്നും
അവനെ നാം പ്രാപിക്കാമിപ്പോൾ
ശ്രേഷ്ഠപുരോഹിതനാം നാഥൻ
വേദന നിരവധിയേററതിനാൽ
വേദനയെന്തെന്നറിയുന്നു.
എല്ലാം നന്നായറിയുന്നോൻ
പാപം കൂടാതുള്ള നരൻ
കൃപചൊരിയുന്നു പാപികളിൽ.[32]

23 ആചാര്യൻ–സഭയിൽ ദൈവത്താൽ
നിയമിതനാം ശുശ്രൂഷകനാം
അവനെന്നും ബലികളണയ്ക്കുന്നു

31 എബ്രായ 4:12
32 എബ്രായ 4:14–16

www.malankaralibrary.com



പാപികളെ സ്നേഹിക്കുന്ന
സ്നേഹത്തിൽ മേന്മയെന്നും
ശാന്തതയെന്നും പകരുന്നു.
സ്നേഹത്തിൻ സന്ദേശവുമായ്
ചുറ്റുന്ന ദേശങ്ങളിലാ
ഉന്നത ദൈവിക ശുശ്രൂഷി.[33]

24 മരണത്തിൽ നിന്നും രക്ഷിക്കാൻ
കഴിവുള്ളവനാം ജഗദീശൻ
സവിധത്തിൽ വീണു കരഞ്ഞീടാം
ലോകത്തിനായ് പ്രാർത്ഥിക്കാം
ശാന്തിജഗത്തിനു നല്കീടാൻ
ഐക്യം സഭയിൽ വിതറീടാൻ
റൂഹായാം ദാനം നല്കാൻ
യാചനയെല്ലാം നല്കീടാൻ
ധരയിൽ വീണു കരഞ്ഞീടാം.

25 മല്കീസദേ–ക്കിൻ ക്രമമതുപോലെ
വൈദികനായ് തീർന്നൊരു നാഥാ
നീയെന്നും പരിപാവനനത്രേ
ധരയിലയയ്ക്കു നിൻ കരുണ
ശുശ്രൂഷകരെ നിയമിക്കു
ജാതികളെ സഭയിൽ ചേർക്കു.
അവിഭാജ്യമതാം ആലയിതിൽ
ദൈവിക മണവറയിൻ ഉള്ളിൽ
ചേർക്കണമെല്ലാ ജാതികളേം

33 എബ്രായ 5:1–4



26 വത്സലരേ– കൃപയീന്നകലരുതേ
പാപം ദൂരെയകറ്റേണം
അനുതാപം ഹൃദയേ വയ്യേണം.
ജ്ഞാനം പ്രാപിച്ചൊരു നരരേ,
കൃപയെ പാനം ചെയ്യുവരേ,
ഉന്നത രഹസ്യം നേടിയവർ
റൂഹായാം കൃപ പ്രാപിച്ചോർ
ദൈവികവചനം കൈക്കൊണ്ടോർ
നവമാം ശക്തികൾ നേടിയവർ.

27 ഉന്നതനാം–ദൈവസുതൻ മിശിഹാ
അതിപാവനനാമാചാര്യൻ
ശ്രേഷ്ഠമതാം കൂടാരേ പൂകി
പാവന ബലിവേദിയിലേറി
തൻ ചുടുനിണമവനേന്തിയിതാ
നരരെ പ്രതിയവനർപ്പിച്ചു.
ജീവനുറവിടമാം ദൈവം
കൈക്കൊണ്ടവനുടെ തിരുബലിയെ
നരനുയിരേകുന്നെപ്പോഴും.[34]

28 മിശിഹായാ–ണുലകത്തിൻ നാഥൻ
അവനാലുലകം നിലനില്പൂ.
രക്ഷയുടെ ഉറവയുമവനത്രേ
ഭുവാനങ്ങൾക്കിടയിലവൻ
മധ്യസ്ഥനതായ് വർത്തിപ്പൂ.
അവനെ പ്രതി കൃപയെത്തുന്നു.

34 എബ്രായ 9:11–12

www.malankaralibrary.com



നവമാം പറുദീസാധരയിൽ
എത്തിക്കാനായ് പിതൃസവിധേ
ഉന്നതസ്വർഗ്ഗേ കയറിയവൻ.[35]

29 എൻ പ്രിയരാം വത്സല സോദരരേ
മേഘസമം സാക്ഷ്യം നല്കും
ഇസ്രേലിൻ ദൃഷ്ടാന്തം കാണ്മിൻ
ദൂരെയകററീൻ പാപത്തെ
മിശിഹായെ മുന്നിൽ കാണ്മിൻ
വേഗം പോകു കൃപനേടാൻ
ക്രൂശവനേററു മോദമോടെ
നിന്ദനമെല്ലാം കൈക്കൊണ്ടു
പിതൃവലഭാഗെയിരിക്കുന്നു.[36]

30 ക്ലേശത്താൽ വലയുന്നൊരു നേരം
ചഞ്ചലചിത്തത വെടിയേണം
ആശ്വാസം–തേടാം ദൈവത്തിൽ
കൈകൾക്കവനേകും ശക്തി
കാലുകളെ നേരേയാക്കും
വഴികാട്ടീടും ജഗദീശൻ
മുറിവെല്ലാം കെട്ടുന്നൊരുവൻ
ഉന്നതവൈദ്യനവൻ പ്രിയരേ,
അവനിൽ ശക്തി ധരിച്ചിടുവിൻ.[37]

31 മലമുകളിൽ–മൂശാനിബികണ്ട
കാഴ്ചഭയങ്കരമെൻ പ്രിയരേ,
അവനോതി പേടിക്കുന്നടിയൻ

35 എബ്രായ 9:24
36 എബ്രായ 12:1–2
37 എബ്രായ 12:12–13



കത്തുന്നഗ്നിയുമതുപോലെ
ഇടിമിന്നൽ, ചുഴലിക്കാററും
ഭൂമികുലുക്കവുമിടിനാദം
ശിരസ്സുകൾ മൂടി ജനമെല്ലാം
കല്പന വാങ്ങീ നിബിമൂശ
സംസാരിച്ചവർ മൂശവഴി.[38]

32 മിശിഹാതൻ സ്നേഹിതരായവരോ
സീയോൻ മലയിൽ ആഗതരായ്
ദൈവത്തിൻ പരിപാവനനഗരേ
സ്വർഗ്ഗീയൂറിശിലേം നഗരേ
മാലാഖകളുടെ മധ്യത്തിൽ
ശുദ്ധന്മാരുടെ കൂട്ടത്തിൽ
നവനിയമത്തിൻ മദ്ധ്യസ്ഥൻ
നീതി നിറഞ്ഞവനാം മിശിഹാ
അത്യുന്നതമാം തിരുബലിയും.[39]

33 വ്യഭിചാരം–ദൂരെയകറേറണം
ജഡമോഹം മരണം പകരും
മിശിഹായോ–ടൊന്നായ് ചേരുക നീ
ദൂരെയകററു ധനമോഹം
അത്യുന്നതനെല്ലാം നല്കും
അവനൊരു നാളും തള്ളില്ല
ചൊല്ലുണമെല്ലാ നാഴികയും
"കർത്താവെന്നെ സഹായിക്കും
ഭീതി വെടിഞ്ഞു വസിക്കും ഞാൻ."[40]

38 എബ്രായ 12:18–21
39 എബ്രായ 12:22–24
40 എബ്രായ 13:1–6

www.malankaralibrary.com



34 ഇന്നലെയും ഇന്നും എന്നേക്കും
മാററമെഴാത്തവനാം മിശിഹാ
നാഥന്റെ സവിധെയണഞ്ഞീടാം.
കൃപയിൻ ശക്തി ധരിച്ചിട്ടവിൻ
ഇവിടെ നമുക്കില്ലൊരു നഗരം
നമ്മുടെ നഗരമടുത്തീടും
നാം നഗരത്തിനു വെളിയിലിതാ
ബലികളണയ്ക്കുന്നീ നിമിഷം
മിശിഹാ ബലിയർപ്പിച്ചതുപോൽ.[41]

**79** "കരുണാസാഗരമാം ദേവാ"

1 "ലോകത്തിൻ വഴിയേ പോകരുതേ
അതിനന്ത്യം വലുതാം നാശം
ഞാൻ കാട്ടും വഴിയെ പോകേണം"
പ്രിയനാം മിശിഹായോതുന്നു
"വീതി കുറഞ്ഞൊരു പാതയതു്
ജീവനിലേക്കു നയിക്കുന്നു
അതിലേ പോകുന്നവർ തുച്ഛം
അവരന്ത്യത്തിൽ മോദിക്കും
പറുദീസാ പ്രാപിച്ചീടും."

2 "അനുനിമിഷം നന്മകൾ ചെയ്യുന -
ഉത്തമനരരായ് ജീവിപ്പിൻ
സോദരരെ സ്നേഹിപ്പിൻ സതതം

---

41 എബ്രായ 13:8–16



മാതൃക ഞാൻ നിങ്ങൾക്കേകി
ജീവൻ നിങ്ങൾക്കായ് തന്നു
ദാസൻ സമമായ് തീർന്നരചൻ"
ലോകത്തിൻ വഴി പോകരുതേ
ഈശൻ വഴിയെ നടന്നീടു
ധരയിൽ സ്നേഹം വിതറീടു.

3 നിന്നെപ്പോലൊരുവനുമില്ലുലകിൽ
നീയത്യുന്നതനാകുന്നു
നിൻ നാമം നിത്യം ശ്രേഷ്ഠതരം
അത്യുന്നതനാം ജേതാവേ,
രാജാക്കന്മാരുടെ രാജാ,
നിത്യം ജീവിക്കുന്നവനേ,
നിൻ സവിധേയണയുന്നടിയൻ
നിന്നിൽ വയ്ക്കുന്നെൻ ജീവൻ
കൈക്കൊള്ളണമെൻ ഹൃദയം നീ.

4 ഭുവനം നിർമ്മിച്ചോ–രരചാ,
വിജ്ഞാനത്തികവേ, നാഥാ,
അനുനിമിഷം കൃപചൊരിയുന്നവനേ,
ആഴിയുടാഴമളന്നവനേ,
മലയുടെ തൂക്കമറിഞ്ഞവനേ,
ലോകത്തിൻ പരിപാലകനേ,
നിൻ സവിധേയണയുന്നടിയൻ
നിന്നിൽ വയ്ക്കുന്നെൻ ജീവൻ
കൈക്കൊള്ളണമെൻ ഹൃദയം നീ.

www.malankaralibrary.com



5 നാഥന്നായ് ജീവൻ വയ്ക്കാത്ത
നരരെല്ലാം ബഹുഭോഷന്മാർ
നാശത്തിൻ വഴിയെ പോകുന്നോർ
ഹൃദയം തിങ്ങും സ്നേഹത്താൽ
ശക്തികളൊക്കെയൊട്ടുംകൂടെ
ദൈവത്തെ സ്നേഹിക്കേണം.
നിയമം ചൊല്ലുവതിതുതന്നെ
നിബിമാരുടെ ചൊല്ലും ഇതുതാൻ
കീർത്തനവും ചൊല്ലുന്നിതുതാൻ.

6 കർത്താവേ, കരുണ നിറഞ്ഞവനേ,
ബലഹീനതയിൽ കനിയണമെ
മായ്ക്കണമെൻ തിന്മകളെല്ലാം നീ.
തിന്മകൾ നിരവധി ചെയ്തുഞാൻ
വാക്കുകളിൽ ഞാൻ പാപിയുമായ്
ചിന്തയിലെല്ലാം ഞാൻ പാപി
കരുണാസാഗരമാം ദേവാ,
അണയുന്നടിയൻ നിൻ സവിധേ
കൈക്കൊൾകെന്നെ കൃപയാലെ.

7 പാപത്തിൻ സമ്പാദ്യം മാത്രം
കൈമുതലുള്ളവനാമെന്നെ
ഒരുനാളും ദൂരെത്തള്ളല്ലേ.
എന്നെപ്പോലില്ലൊരു പാപി
എല്ലാററിലുമടിയൻ പാപി
തിന്മയെയാശ്ലേഷിച്ച നരൻ
കരുണാസാഗരമാം ദേവാ,
അണയുന്നടിയൻ നിൻ സവിധേ
കൈക്കൊൾകെന്നെ കൃപയാലെ.



8 തെററിൽ ഞാൻ പാദം വയ്ക്കുമ്പോൾ
തിന്മകൾ ഞാൻ ചിന്തിക്കുമ്പോൾ
കർത്താവേ, എന്നെ നയിച്ചീടൂ.
നിൻ കല്പനകൾ കാട്ടീടൂ
ചിന്തൂ നിൻ സ്നേഹം നന്നായ്
കൈയ്യു പിടിച്ചു നടത്തീടൂ.
കരുണാ സാഗരമാം ദേവാ,
അണയുന്നടിയൻ നിൻ സവിധേ,
കൈക്കൊൾകെന്നെ കൃപയാലെ.

9 കോപത്തിൽ ശിക്ഷിക്കരുതെന്നെ
കൈവിട്ടേറിയരുതൊരുനാളും
ദുഷ്ടന്നായേല്പിച്ചീടരുതേ.
നിൻ കരമെന്മേൽ വച്ചീടൂ
നിൻ കൃപയെന്നെ നിറയ്ക്കട്ടെ
നീ കീർത്തിതനായ് തീരട്ടെ.
കരുണാസാഗരമാം ദേവാ,
അണയുന്നടിയൻ നിൻ സവിധേ,
കൈക്കൊൾകെന്നെ കൃപയാലെ.

10 രോഗത്താൽ വലയുന്നവനാകും
എന്നിൽ നീ കൃപ ചിന്തണമെ
രോഗങ്ങൾ വേഗം മാററണമെ
നെടുവീർപ്പുകളാൽ ക്ഷീണിതനായ്
മിഴിനീർ പുഴപോൽ ഒഴുകിയിതാ.
കണ്ണു കരഞ്ഞു കലങ്ങിയിതാ
കരുണാസാഗരമാം ദേവാ,
അണയുന്നടിയൻ നിൻ സവിധേ
കൈക്കൊൾകെന്നെ കൃപയാലെ.

www.malankaralibrary.com



80 'കർത്താവേ, മിശിഹാ രാജാവേ''

1 കർത്താവേ, മിശിഹാ രാജാവേ,
കൃപ കാണിക്കണമീ നേരം
കാരുണ്യാൽ ദൃഷ്ടിപതിക്കണമെ
സ്ലീബായാൽ സംരക്ഷിക്ക
വീഴ്ചയിൽ നിന്നെഴനേല്പിക്ക
തിരകളിൽനിന്നും രക്ഷിക്ക
നന്മകൾ ചൊരിയണമെന്നിൽ നീ
മണവറയിൽ ചേർക്കണമെന്നെ
മേശയൊരുക്കു വലഭാഗേ.

2 കർത്താവേ, മിശിഹാ രാജാവേ,
ഈ ബലിവേദി മഹോന്നതമാം
ദൂതന്മാർ ഭക്ത്യാ നിലകൊൾവൂ
സൃഷ്ടിയിൽ മോചനമേകണമെ
ഇടവക തൻ പാപം മായ്ക്കൂ
യാചിപ്പവരെ കേൾക്കണമെ
നന്മകൾ വർഷിക്കൂ സഭയിൽ
കടമെല്ലാം മായിക്കണമെ
കുററങ്ങൾ നീ നീക്കണമെ.

3 കർത്താവേ, മിശിഹാ രാജാവേ,
വഴികാട്ടണമെ, വഴികാട്ടീ
പാപത്തിൻ ദാസ്യം മാററണമെ
വ്യർത്ഥനിരൂപണ നീക്കണമെ
നിൻ നുകമെന്മേൽ വയ്ക്കണമെ
ഭവനേ മേവാൻ കൃപയരുളൂ



സ്ഥിരമാം നടപടി നല്കണമെ
ശോഭനമാമന്ത്യം തരണം
വലഭാഗത്തുള്ളാസ്ഥാനം.

4 കർത്താവേ, മിശിഹാ രാജാവേ,
കന്യക നിന്നെ പ്രസവിച്ചു
ബേത്‌ലഹേം ബഹുമാനിച്ചങ്ങേ
യോർദാൻ നദി നോക്കിപ്പാർത്തു
ഗോഗുൽത്താ ഘോഷിച്ചങ്ങേ
ഭൂവാനം നിൻ സ്തുതിപാടി
കുരിശു മരത്തിൽ ബലിയായ് നീ
ധരയിൽ പരിഹാരം നല്കി
മൃതിയാൽ ജീവൻ മൃതനേകി.

5 കർത്താവേ, മിശിഹാ രാജാവേ,
മാനവസ്നേഹിതനേ, നാഥാ,
കൃപനിറയും കരുണാസാഗരമേ
കന്യകയുടെ പ്രാർത്ഥനയാലും
സഹദേരുടെ പ്രാർത്ഥനയാലും
സഭയിൽ കൃപ നീ വർഷിക്കൂ
നിൻ സ്നേഹിതരാം മൃതരെല്ലാം
പ്രാർത്ഥിക്കുന്നടിയാർക്കായി
അവരെ കേട്ടെന്മേൽ കൃപചെയ്.

6 കർത്താവേ, മിശിഹാ രാജാവേ,
നിന്നെ നോക്കിക്കരയുന്നു
വേദനയേ—ല്ക്കുന്നൊരു നിൻക്കൂട്ടം

www.malankaralibrary.com



വാഴ്ത്തണമെ നിൻ ഇടവകയെ
വിതറണമെന്നിൽ പരിശുദ്ധി
ശാന്തി ധരയ്ക്കേകീടണമെ

വേദന ദൂരെയകററണമെ
രോഗം വേഗം മാററണമെ
മൃതരെ മോദിപ്പിക്കണമെ.

7 കർത്താവേ, മിശിഹാ രാജാവേ,
കൈക്കൊള്ളണമീ ബലിയേ നീ
ഹാബേലിൻ ആദ്യഫലം പോലേ

നിബി നോഹായുടെ ബലിപോലെ
അബറാഹത്തിൻ ബലിപോലെ
അഹറോനപ്പിച്ചതുപോലെ

മൂശാനിബിയുടെ പ്രാത്ഥനപോൽ
ശാമുവേലിൻ യാഗം പോലെ
ശ്ലീഹന്മാരുടെ ബലിപോലെ.

8 കർത്താവേ, മിശിഹാ രാജാവേ,
കൈക്കൊള്ളണമീ ബലിയെ നീ
സഹദേന്മാരപ്പിച്ചതുപോലെ

ഏലിയായുടെ ബലിപോലെ
ദാനിയേലിൻ യാചനപോൽ
മൗദ്യാനന്മാരുടെ ബലിപോൽ

വിശ്വാസികളാം മല്പാന്മാർ
ശുദ്ധപിതാക്കന്മാർ നാഥാ,
അപ്പിച്ചൊരു ബലിയേപ്പോലെ.



81 "കറയില്ലാത്തൊരു തരുണി സമം"

1 ഹില്ക്കീയാ–യുടെ സുതനാം നിബിയാ
ഓതിയ വചനമുരച്ചീടാം
കേൾക്കണമെ–സോദരരേ നന്നായ്:

ഉദരേ ഉരുവാകും മുമ്പേ
നിന്നെ വേറാക്കി നാഥൻ
ജാതികളുടെയൊരു നിബിയായി

എൻ വചനം പേറുന്നവനായ്
നിന്നെയയയ്ക്കുന്നീ നിമിഷം
ഭയമെന്യേ നീ പോയിട്ട.[42]

2 സ്ഥാനത്തിൻ സുതരെല്ലാവരുമീ
നിബിപോൽ അപ്പിതരാകുന്നു
സ്ലീബായിൻ സന്ദേശം പേറാൻ

തമസ്സിൽനിന്നും ജ്വാലയതിൽ
മോദിപ്പാൻ വിളിചെയ്യവനാം
പ്രിയതാതൻ സ്തുതി കീത്തിപ്പാൻ.

നിബിമാരായ് തീന്നവരത്രേ
പരിപാവനമാം ആലയവും
ആലയമതിലെ അപ്പകരും.

3 തവ വചനം നമ്മെക്കഴുകിയിതാ
തവ തിരുമേനിയിതാ നമ്മിൽ
തവ കൃപയാൽ പരിപൂരിതരായ് നാം

പോകാമീ വൻലോകത്തിൽ
സ്നേഹത്തിൻ സന്ദേശവുമായ്
സ്ലീബായിൻ ചിഹ്നം പേറി

42 യിരെമ്യാവ് 1:10

www.malankaralibrary.com



പരമോന്നതനെ കാട്ടീടാം
വചനം വൃത്തികളിവ വഴിയായ്
മരണദിനം വരെയെൻ പ്രിയരേ.

4 രാജ്യങ്ങൾ പണിയുന്നവനേ നീ
രാജ്യങ്ങൾ പിഴുതെറിയുന്നു
വെയിലിലിലവ വാടിക്കരിയുന്നു.
നീ നിത്യം നിലനില്ക്കുന്നു
നിൻ സ്നേഹം കാലാകാലം
സ്ലീബാ സ്നേഹത്തിൻ ചരിത്രം
അതിനെ വന്ദിക്കുന്നതിനായ്
നൽകു കൃപയെല്ലാവർക്കും
മേലുയരത്തിൽ നിന്നുടനേ.

5 തൻ പ്രിയനെ മിശിഹാ വാഴ്ത്തുന്നു
ദുഷ്ടനടുക്കില്ലവനരികിൽ
കൃപയവനെ ചുറ്റുന്നെപ്പോഴും
സംരക്ഷിതമാം നഗരം പോൽ
പിച്ചളസ്തംഭത്തിൻ സമമായ്
ചുട്ടിയ ലോഹമതിൻപോലെ
ദുഷ്ടർ ചിതറി നശിച്ചീടും
ജാതികൾ ധരയിൽ വീണിടും
തൻ പ്രിയനാമോദിച്ചീടും.

6 നരനെന്നും–ദൈവത്തിൻ വചനം
കേട്ടവനെ പിൻചെന്നെന്നാൽ
ജീവിക്കും മൃതിയില്യമാ മർത്യൻ.



കറയില്ലാത്തൊരു തരുണിസമം
വിളവിൻ ആദ്യഫലംപോലെ
പരിപാവനരായ് ജീവിച്ചാൽ
പ്രതിഫലമീ ധരയിൽ നല്കും
വലുതാം ഭാഗ്യം കാലാന്ത്യേ
ഉന്നതമാം സിംഹാസനവും.

7 ദൈവത്തിൻ സവിധെയണഞ്ഞവരേ
കൃപയെ പാനം ചെയ്തവരേ
റൂശ്മായാൽ മുദ്രിതരായവരേ
അകലരുതൊരുനാളും നിങ്ങൾ
കൃപയുടെ ഗേഹത്തിൽനിന്ന്
വാഗ്ദാനത്തിൻ നാട്ടിന്ന്
കരുണ നിറഞ്ഞവനീ ധരയിൽ
പുതിയൊരു പറുദീസാ പണിയാൻ
നിങ്ങളെ നിയമിച്ചാക്കിയിതാ.

8 മർത്യർക്കായ് ധരയിൽ നിർമ്മിച്ച
ഉന്നത കൂടാരം കാണ്മിൻ
ശ്ലേമോനോ–ക്കാളുള്ള മഹനീയം
ശ്ലേമോനാലയമുണ്ടാക്കി
ബാബേൽക്കാരു തീയിട്ടു
മണ്ണിൻ പണികൾ നശിക്കുന്നു.
മിശിഹാ രക്തത്താൽ പണിത
സഭയാമാലയമെന്നെന്നും
നിലനില്ക്കുന്നു ശോഭയോടെ.

www.malankaralibrary.com



9 ജാതികൾ തൻ മദ്ധ്യേ നിന്നൊരുനാൾ
ഒരു സുതയെ മിശിഹാ വേട്ടു
വധുവാക്കി–സഭയായ് സ്ഥാപിച്ചു.
മിശിഹാ സഭയുടെ ശിരസ്സത്രേ
നിബിമാരാനന്ദിക്കുന്നു
ശ്ലീഹർ കാഹളമൂതുന്നു
നാനാഭാഗങ്ങളിൽനിന്നും
സ്തുതിയങ്ങേയ്ക്കായ് മണവാളാ,
അർപ്പിക്കുന്നെല്ലാ ജനവും.

10 കറകൂടാ–തവളെ പിതൃസവിധേ
അർപ്പിക്കാനായ് മണവാളൻ
അവളെ തൻ രക്തത്താൽ കഴുകി
നല്കീ ശോഭനമാമങ്കി
തൈലത്താലവളെ പൂശി
മെയ് നിണമേകിയവൾക്കായി-
അവളെ മോതിരമണിയിച്ചു
സുന്ദരിയാക്കി വൻ കൃപയാൽ
മോദിക്കുന്നു–ജാതിസുത.

11 സഭയോതു–ന്നു മിശിഹായോടായ്
മണവാളാ ഞാൻ നിൻ പേർക്കായ്
എന്നെന്നും ജീവിക്കും സത്യം.
വഴി വിട്ടകലില്ലൊരു നാളും
സന്നിധി വിട്ടു നടക്കില്ല
വിഗ്രഹ സേവിതയാകില്ല.
അന്യനെ ആശ്ലേഷിക്കില്ല
കുരിശിൻ തണലിൽ മരുവീടും
സ്നേഹം തിങ്ങും തവ മാർവ്വിൽ.



12 സഭയുടെരൂ–പം മിശിഹാ കാട്ടി
ശ്ലീഹന്മാരതു കേട്ടൊരു നാൾ
സുവിശേഷേ നാമതു കാണുന്നു:
നിരവധി മത്സ്യങ്ങൾ തിങ്ങും
മത്സ്യവലയ്ക്കു സദൃശ്യമതാം
നല്ലവയും കുറവുള്ളവയും
നല്ലവയിൽ താൻ മോദിപ്പൂ
തിന്മയെയാഴിയിലെറിയുന്നു
അതു നന്മയ്ക്കായുതകില്ല.

13 സഭയൊരു വൻ വയൽപോലാകുന്നു
വിത്തുവിതച്ചു യജമാനൻ
ദുഷ്ടനതിൽ നിശയിൽ കളവിതറി
കളയും വളരട്ടൊരുപോലെ
കാലാന്ത്യത്തിൽ പിഴുതീടാം
കത്തുന്നഗ്നിയിലേക്കെറിയാം
അവ രണ്ടും ഒരുപോൽ വളരാൻ
കർഷകനനുവാദം നല്കി
വിത്തുകളെ പ്രതിയെൻ പ്രിയരേ.

14 കളയാകാ–തുത്തമ വിത്തുകളായ്
ഫലമേകാനായ് പണിചെയ്യിൻ
കാലാന്ത്യം മുന്നിൽ കണ്ടിട്ടവിൻ
കത്തുന്നഗ്നിവരും നിമിഷം
കാഹള നാദത്തിൻ നിമിഷം
കഠിനതരം വിധിയുടെ നിമിഷം
അറയിൽ വിത്തുകൾ കൂട്ടുന്നു
കളകൾ കൂട്ടി ദഹിപ്പിക്കും
കർഷകനാനന്ദിച്ചീടും.

www.malankaralibrary.com



15 കർത്താവേ, കരുണയോടെന്നെ നിൻ
വലഭാഗത്തു നിറുത്തണമെ
ഉന്നതമാം സ്ഥാനം നല്കണമെ
കുറവുകളെല്ലാം മാറ്റണമെ
കൃപയാലെന്നെ നിറയ്ക്കണമെ
പാതകളെന്നെ കാട്ടണമെ
സ്ലീബായിൽ ഞാൻ പുകഴുന്നു
തഴുകുന്നു നിൻ മുറിവുകളെ
നിൻ സന്ദേശം പേറുന്നു.

## 82 "കാനാനിൽ ക്ഷാമം വന്നപ്പോൾ"

1 ആദിയില-ത്യുന്നതനാം ദൈവം
ധരയെ മനഞ്ഞു കൃപയാലെ
അതിനെല്ലാ പൂർണ്ണതയും നല്കി.
സൃഷ്ടിയുടവസാനം നാഥൻ
പൂഴിയെടുത്തതിനുയിരേകി
ഛായ പകർന്നു പൂഴിക്കായ്.
നരനും നാരിയുമീധരയിൽ
റബ്ബിനുടെയധികാരം പേറി
ധരയെ ഭരിക്കാൻ നിയമിതരായ്.

2 നരനായ് താൻ നല്കി കായ്കനികൾ
മൃഗജാലങ്ങളെയും അതു പോൽ
ധരയിൽ കാ-ണുന്നതിനെയെല്ലാം
ധരയിൽ കൃഷി ചെയ്യുന്നതിനും
വിളവെല്ലാം കൊയ്യുന്നതിനും
ധാന്യങ്ങൾ കൂട്ടുന്നതിനും.



ചെങ്കോലേകിയവൻ കൈയിൽ
മുടിയും നരനേകി നാഥൻ
തൻ പ്രതിനിധിയായ് വാണീടാൻ.

3 കാനാനിൽ ക്ഷാമം വന്നപ്പോൾ
യൗസേപ്പെത്തി മിസ്രേമിൽ
നാഥനവ-നേകീവൻകരുണ.
ഇസ്രേൽ അതുവഴി രക്ഷിതനായ്
യാക്കോബാനന്ദിച്ചപ്പോൾ
ദൈവജനം മോദിച്ചുന്നാൾ
നാഥൻ കൃപയുള്ളവനത്രേ
ദാസനു നല്കുന്നു കൃപകൾ
അവനാണെൻ പ്രിയനാം ദൈവം.

4 മലയിൽ കേ-ഴുന്നൊരു മാൻ കുഞ്ഞും
ആഴിയിലെ മത്സ്യക്കുഞ്ഞും
ആവിയിലെ പറവകളും ഒരു പോൽ.
നോക്കുന്നുടയവനേ നിന്നെ.
നീയവയെപ്പോററുന്നെന്നും.
അവ നിൻ സ്തുതികൾ പാടുന്നു.
സൃഷ്ടികളെല്ലാം ഉടയവനാം
നിന്നെ വാഴ്ത്തുന്നെന്നെന്നും
നിൻ പ്രഭയിൽ മോദിക്കുന്നു.

## 83 "കാഹള നാദത്തിൻ നാളിൽ"

1 നല്ലവനും-കൃപയുടിരിപ്പിടവും
ശുദ്ധതയെ നല്കുന്നവനും
നീയത്രേ മണവാളൻ മിശിഹാ,

www.malankaralibrary.com



മെയ്നിണമൊരുനാൾ നീ നല്കി
വെളിവാക്കി രഹസ്യം മുറിയിൽ
"ഓർമ്മയ്ക്കായ് ചെയ്യിൻ ഇതുപോൽ"
എന്നരുളിയ ശ്രേഷ്ഠാചാര്യാ,
റൂഹായാൽ നിയമിച്ചെന്നെ
ഈ ബലിവേദിയിലെത്തിച്ചു.

2 രക്ഷയ്ക്കായ് നല്കിയ ബലിയിതുതാൻ
പാപം പോക്കും ബലിയിതുതാൻ
മാലിന്യം കഴുകും ബലിയിതുതാൻ
ഈ ബലിയുയരെയേറുന്നു
ലോകത്തിന്നായിരേകുന്ന
നിണരഹിതം ബലിയിതുതന്നെ
ഹാബേൽ കാട്ടിയീ ബലിയെ
രക്ഷയുടായുധമീ ബലിതാൻ
കാട്ടീ മൽക്കിസദേക്കിതിനെ.

3 നിബ്വി മൂശാ കുഞ്ഞാടിൽക്കൂടി
കാട്ടിയ ബലിയുമിതാകുന്നു
ഏശായാ—പ്രാപിച്ചതുമിതുതാൻ
നിബിയർ കാണാൻ കാംക്ഷിച്ച
ഉന്നതമാം മന്നായിതുതാൻ
ഇതു കടമെല്ലാം നീക്കുന്നു.
അഗ്നിമയർ വിറകൊള്ളുന്ന
സ്വർഗ്ഗീയമതാം ബലിയിതുതാൻ
അണയാം ഭക്ത്യാ എൻ പ്രിയരേ.

4 പാവനനാം താതൻ ഈ ബലിയെ
പൂർത്തി വരുത്തുന്നീ നിമിഷം
വത്സലനാം സുതനിതണയ്ക്കുന്നു.



റൂഹാ പാവനമാക്കുന്നു
ഇതു സ്വർഗ്ഗീയ വിരുന്നത്രേ
ത്രിത്വമൊരുക്കിയ ഭോജനവും
വാഴ്ത്താം ദാതാവിനെയിപ്പോൾ
അണയാം ബലിവേദിയിലേക്കായ്
നാഥനു ധൂപമണച്ചീടാം.

5 താതനിൽ നി—ന്നും മാതാവെന്യേ
ഉരുവായവനാം-മഹനീയൻ
കാലാന്ത്യേ ധരയിൽ നരനായി
കന്യകയിൽ നിന്നുരുവായി
കന്യക നരനെയറിഞ്ഞില്ല
റൂഹായാലവനുരുവായി
മൃതിയാൽ ബലിയർപ്പിച്ചുടയോൻ
ദേഹം ഭക്ഷണമായ് നല്കി
തലമുറകൾക്കേകീ ശാന്തി.

6 പാവനനാം നാഥാ, മിശിഹായേ,
പാവനരാക്കണമടിയാരെ
കടമെല്ലാം മായിച്ചീടണമെ
ബലഹീനത നിറയുന്നവരാം
ഇവരിൽ കൃപ നീ ചൊരിയണമെ
കൈതന്നിവരെയുയർത്തണമെ
മണവറ നല്കണമടിയാർക്കായ്
ജീവവിരുന്നും നൽകണമെ
വാടാത്തൊരു മകുടവുമതുപോൽ.

7 കർത്താവേ, സഭയെ വാഴ്ത്തണമെ
റൂഹായാം ദാനം തരണം
കലഹങ്ങൾ ദൂരെയകറേറണം.

www.malankaralibrary.com



ഐക്യം സഭയിൽ നല്കണമെ
സഭകളെ ഒന്നിപ്പിക്കണമെ
ചിതറിക്കു കലഹക്കാരെ
സ്നേഹം ചിന്തു ഹൃദയത്തിൽ
ശാന്തി ജഗത്തിനു നല്കീട്ട
മോചനമെല്ലാ മർത്യർക്കും.

8 ആദിയുമ–ന്ത്യവുമില്ലാത്തവനേ,
എല്ലാം നന്നായറിവവനേ
രഹസ്യങ്ങൾ തിങ്ങും മണവറയേ,
കൃപചെയ്യണമീയടിയാരിൽ
നിന്നിൽ ശരണിതരെ നാഥാ,
തൃക്കൺ പാക്കണമലിവോടെ
റൂഹായെ നീ നീക്കരുതെ
ധൈര്യം ഞങ്ങൾക്കേകണമെ
ധൂപം നീ കൈക്കൊള്ളണമെ.

9 വഞ്ചന നീക്കണമെന്നിൽനിന്നും
ഹൃദയേ ശാന്തത ചിന്തണമെ
ദയയാലെൻവഴി നേരേയാക്കു
യാചനയെല്ലാം നൽകണമെ
നിൻസ്തുതി ഞാനെന്നും പാടും
ഘോഷിക്കും ജനമദ്ധ്യത്തിൽ
വെണ്മയെനിക്കേകണമീശാ,
പുതിയൊരു വസ്ത്രം നല്കണമെ
നിൻഹിതമൊത്തൊരു ജീവിതവും.

10 കർത്താവേ, താലന്തുകളെല്ലാം
വർദ്ധിപ്പിക്കാൻ കൃപയേക
നിൻഹൃദയേ വാസമെനിക്കരുളു.



കാഹളനാദത്തിൻ നാളിൽ
ഭീകര വിധിയുടെ നേരത്തിൽ
വലഭാഗം തരണം നാഥാ,
വാഴ്ത്തപ്പെട്ടവരാം പ്രിയരേ,
ഉന്നതരാജ്യം പ്രാപിപ്പിൻ
എന്നിവരോട്ടര ചെയ്യണമെ.

84 "കുർബ്ബാനയ്ക്കൊരുക്കം"
(വൈദികനും ജനങ്ങളും ഒന്നിച്ച്)
1 മിശിഹാ തൻ–തിരുബലിയർപ്പിക്കാൻ
അണയാമെൻ പ്രിയ സോദരരേ,
ഗോഗുൽത്താമലയിലെ രക്തബലി
ഹൃദയം കഴുകി വെടിപ്പാക്കാം
സോദരരോടു നിരപ്പാകാം
റൂഹായാം കൃപ പ്രാപിക്കാം
ആരാധ്യമതാം ത്രിത്വത്തെ
ഗീതം പാടി കീർത്തിക്കാം
ദാവീദിൻ കിന്നരമേന്തി.

2 ഏകമതാം ആരാധ്യം ത്രിത്വം
സുതനും താതനുമതുപോലെ
ജീവിപ്പി–ച്ചീടും റൂഹായും
സ്തുതിയർപ്പിക്കാമനുനിമിഷം
ആരാധനയർപ്പിച്ചീടാം
കിന്നരമേന്തി കീർത്തിക്കാം
കരുണ നിറഞ്ഞവനാം ദൈവം
ധരയിൽ കൃപ ചൊരിയാനായി
പ്രാർത്ഥിക്കാമീനാഴികയിൽ.

www.malankaralibrary.com



51–ാം സങ്കീർത്തനം

3 കൃപ നിറയും കരുണാസാഗരമേ,
കഴുകണമെൻ പാപം കടലിൽ
വെണ്മയെനി–ക്കേണമെ നാഥാ,
തിന്മകൾ നിരവധി ചെയ്തു ഞാൻ
കോപിപ്പിച്ചങ്ങേ ഞങ്ങൾ
ചെളിയിൽ വീണു ബലഹീനൻ
വഴി വിട്ടോടി ജഗദീശാ,
കുഴിയിൽ വീണടിയൻ നാഥാ,
കൃപയാൽ രക്ഷിക്കീനേരം.

4 നീതി നിറഞ്ഞവനാം രാജാവേ,
വിജ്ഞാനത്തികവേ നാഥാ,
ചിന്തണമെ–റൂഹായാം ദാനം
ഹിമസമമെന്നെ കഴുകണമെ
മോദം പകരണമെന്നുള്ളിൽ
ശക്തി പകർന്നിടണേ നാഥാ
നിന്നെ കാട്ടും ഞാനെന്നും
പാടും നിൻ ഗീതം നാഥാ,
നാവിനു വചനം നല്കണമെ.

(വൈദികൻ തനിയെ)

5 ധരമുഴുവൻ കൃപ വിതറുന്നൊരുവൻ
ബലിയർപ്പിക്കാനെൻ പ്രിയരേ,
പ്രാർത്ഥിപ്പിൻ–എൻ പേർക്കായ് നിങ്ങൾ
പാപം ചെയ്തവനാമെന്നിൽ
ദൈവം കൃപ ചെയ്യാനായി
ഈ ബലി നാഥൻ കൈക്കൊള്ളാൻ



യാചിക്കണമേയെൻ പ്രിയരേ,
റൂഹായെന്നിൽ വസിച്ചീടാൻ
ഞാൻ പരിപാവനനായ് തീരാൻ.

(ജനങ്ങൾ)

6 മിശിഹാതൻ പ്രിയനാം സേവകനേ,
താഴ്മയിൽ മേവുന്നു നാഥൻ
റൂഹായാം ദാനം ചിന്തുന്നു
നിൻ പ്രാർത്ഥന കേൾക്കും നാഥൻ
ഈ ബലി കൈക്കൊള്ളും കൃപയാൽ
ദാനം ധരയിൽ ചിന്തീടും
അർപ്പിക്കണമീ നാഴികയിൽ
ധരയീന്നുയരും മിഴിനീരും
വേദനകളുമാ–കുലതകളും.

(വൈദികൻ തനിയെ)

7 കയറുന്നു–നാഥാ ഞാനിപ്പോൾ
പരിപാവനമാം വേദിയിതിൽ
നിൻ സവിധേ–താണവണങ്ങുന്നേൻ
നീയാകുന്നു–മമ ദൈവം.
ഞാൻ പാടും നിൻ ചെയ്തികളെ
നന്ദി നിനക്കേകും നന്നായ്
ഹാബേലിൻ ബലിയെപ്പോലെ
മല്കീസദേക്കിൻ കാഴ്ചകൾപോൽ
കൈക്കൊള്ളണമെൻ കാഴ്ചകൾ നീ.

(അപ്പം ക്രമപ്പെടുത്തുമ്പോൾ ജനവും വൈദികനും)

8 വെട്ടുന്നോ–രുടെ മുമ്പിൽ നില്ക്കും
ആട്ടിൻകുട്ടി സമം നാഥൻ
മൗനിയതായ് നിലകൊണ്ടെൻ പ്രിയരേ,

www.malankaralibrary.com



താഴ്മ ധരിച്ചു നരനായി
വേദന നിരവധിയേറ്റുടയോൻ
സ്ലീബായിൽ സ്വയമർപ്പിച്ചു
മൂന്നാംനാളുത്ഥിതനായി
പിതൃവലഭാഗെയിരിക്കുന്നു
ധരയുടെ നവമാം രാജാവായ്.

(കാസാ ക്രമപ്പെടുത്തുമ്പോൾ)

9 ഊറിശിലേം ഗോഗുൽത്താമലയിൽ
കള്ളന്മാരുടെ മദ്ധ്യത്തിൽ
ക്രൂശിതനായ് അത്യുന്നതനാഥൻ
മാർവ്വു തുറന്നു കുന്തത്താൽ
ലോകത്തിനു ജീവൻ നല്കും
ജലരക്തങ്ങൾ മാർവ്വിന്നും
ഒഴുകീ–യാനിമിഷം പ്രിയരേ,
കണ്ടവനതു സാക്ഷിക്കുന്നു
തൻ തിരുസാക്ഷ്യം സത്യമഹോ.

(വെള്ളം വീഞ്ഞിൽ ചേർക്കുമ്പോൾ)

10 കർത്താവേ ചേർക്കണമീനേരം
മാനവകർമ്മങ്ങൾ മുഴുവൻ
ഗോഗുൽത്തായിലെ ബലിയോടൊന്നായ്
വെള്ളം വീഞ്ഞിൽ ചേരുംപോൾ
ധരയിന്നുയരും നെടുവീർപ്പും
മാനവരുടെയദ്ധ്വാനമതും
വേദന, രോഗം, വ്യസനങ്ങൾ
കഷ്ടത,പട്ടിണി, എന്നിവയും
എല്ലാമർപ്പിക്കുന്നീശോ.



(അൾത്താരയുടെ മുമ്പിൽനിന്ന് വൈദികനും ജനങ്ങളും)

11 വിളി ചെയ്യു–മ്പോൾ കേൾക്കുന്നവനും
അനുതാപം കൈക്കൊൾവവനും
കുറ്റങ്ങൾ മോചിക്കുന്നവനും
മാനവരെ സ്നേഹിപ്പവനും
നീയാകുന്നെൻ കരുണാബ്ധേ,
താതസുതാത്മൻ ത്രിയേകൻ
സ്തുതികൾക്കർഹൻ നീയത്രേ
എന്നും നിന്നെ കീർത്തിക്കാൻ
കൃപയരുളണമെ ജഗദീശാ.

12 കാരുണ്യം കാംക്ഷിക്കുന്നവനേ,
കാരുണ്യത്തിനിരിപ്പിടമേ,
വിനയത്തിൽ മോദം കാണുവനേ,
കൈക്കൊള്ളണമീ ബലിയെ നീ
ഈ ബലിവഴിയായീദാസർ
സ്വയമർപ്പിക്കുന്നു നാഥാ,
ഉന്നതമാം ബലിപീഠത്തിൽ
സാത്വികബലികളണച്ചീടാൻ
യോഗ്യത ഞങ്ങൾക്കേകണമെ.

13 റൂഹായാം–ദാനം ചിന്തണമെ
വിജ്ഞാനം വിതറണമെന്നിൽ
വിശ്വാസം വർദ്ധിപ്പിക്കണമെ
നിൻ ദീപം പേറുന്നവരായ്
നിന്നെ ലോകത്തിനു കാട്ടാൻ
നിൻ സുവിശേഷം ഘോഷിക്കാൻ

www.malankaralibrary.com



19 ഈ സമയം ഓർക്കുന്നടിയങ്ങൾ
നിബിമാരെയും ശ്ലീഹരെയും
സഹദേരേം–മൗദ്യാനന്മാരേം
ശോഭയെഴും രത്നത്തേയും
ആദാമിനെയും ഹവ്വായേം
സുവിശേഷകരേം താതരെയും
സന്യാസികളേം കന്യകളേം
പ്രാർത്ഥന യാചിച്ചവരേയും
സഭയിൻ സുതരാ–മെല്ലാരേം.

20 ഈ സമയം ഓർക്കുന്നടിയങ്ങൾ
നിന്നിൽ നിദ്രിതരാം മൃതരേം
നിൻ വചനം ഓതിയ താതരെയും
താതജനങ്ങൾ ബന്ധുക്കൾ
ആചാര്യന്മാർ–നേതാക്കൾ
രക്തം ചിന്തിയ സഹദേന്മാർ
ധരയിൽ വേദനയേല്ക്കുന്ന
മാനവനിരയെ ഓർക്കുന്നു
കൈക്കൊള്ളണമീയർച്ചന–നീ.

[ധൂപം അർപ്പിച്ച് വൈദികൻ വീശുന്നു] (ജനം)

21 കന്യകയാം മറിയാമ്മിൽനിന്നും
ജഢമേററവനാം മഹനീയാ,
അവളെ നീ കീർത്തി ധരിപ്പിച്ചു
നീ ദാസർക്കേകുന്ന മുടി
ശോഭയെഴുന്നൊരു മണവറയും
ആനന്ദത്തിൻ പൂർണ്ണതയും



മൃതരെ നീയെഴുന്നേല്പിക്കും
മോദമെഴുന്നൊരു ശബ്ദത്താൽ
നിൻ ഗീതം പാടുന്നടിയർ.

22 കന്യകയാം മറിയാമാകുന്ന
ദാഹം തിങ്ങിയ ധരയിന്നും
പൊട്ടിമുള–ച്ചോരുന്നത സസ്യം
മഹനീയമതാം സൗരഭ്യം
ധരയിൽ മോദം നീ നല്കി
ധരനിൻ ഗീതം പാടുന്നു
അഹറോനേപോലിയടിയാർ
അർപ്പിക്കുന്നീ ധൂപത്തെ
കൈക്കൊണ്ടിവരിൽ കൃപചെയ്യൂ.

23 വേദനയാൽ കരയുന്നൊരു നരനും
രോഗം തിങ്ങി നിറഞ്ഞവനും
ക്ലേശത്താൽ വലയുന്നൊരു നരനും
അദ്ധ്വാനത്താൽ ക്ഷീണിതനും
ആശ്രയമില്ലാത്തൊരു നരനും
പീഡനമേല്ക്കുന്നൊരു നരനും
കബറിൽ പൂണ്ടവനാം നരനും
ഒരുപോൽ നോക്കുന്നു നിന്നെ
കൃപ ചൊരിയണമെയിവരിൽ നീ

24 സകലർക്കും തുണയായൊരുവൻ നീ
നരരെല്ലാം നിൻപേർക്കായി
അണയുന്നു കരുണാസാഗരമേ,
വയ്ക്കുന്നിവരെ തിരുസവിധേ
ഇവരുടെ കർമ്മങ്ങളുമതുപോൽ
കൈക്കൊള്ളണമീ ബലിനാഥാ,

www.malankaralibrary.com



പാപം മാറ്റണമീനേരം
വേദനദൂരെയകറേറണം
പകരേണം ഹൃദയേമോദം.

85 ''ക്രിസ്തുവിനെപ്രതി ഭോഷന്മാർ''[43]

1 ശ്ലീഹന്മാർ വിതറിയ സന്ദേശം
ദൈവിക വിജ്ഞാനം പേറി
റൂഹാതൻ ശക്തിയവർ കാട്ടി.
കുരിശിൽ തൂങ്ങിയ മിശിഹായെ
അറിയുന്നവരായ് അവരെത്തി
ഓതി ബലഹീനതയിലവർ
അതുകേട്ടവരാം ജാതികളോ
കുരിശിൻ തണലിലട്ടത്തെത്തി
വിശ്വാസത്തിലുറച്ചവരായ്.[44]

2 സൃഷ്ടിക്കെല്ലാം മുൻപേതന്നെ
ദൈവത്തിൽ മരുവുന്നവനാം
വിജ്ഞാനം ദൈവം പകരുന്നു.
അവനെ ലോകം അറിഞ്ഞില്ല
ലൗകിക നേതാക്കന്മാരും
അവനിൽ നിന്നകലെപ്പോയി.
കണ്ണുകൾ കാണാത്തൊരു ഭാഗ്യം
ചെവികൾ കേൾക്കാത്തൊരു കാര്യം
സ്നേഹിതനേകുന്നു ദൈവം.[45]

43. 1 കൊരിന്തോസുകാർ 44. 2:1–5 45. 2:6–9



3 റൂഹായാൽ ദൈവം തൻ വഴികൾ
കാട്ടീ നമ്മുടെ മദ്ധ്യത്തിൽ
പൂർണ്ണത നാം പ്രാപിച്ചീടാനായ്.
അത്യുന്നതമാം രഹസ്യങ്ങൾ
അറിയുന്നു പാവന റൂഹാ
തൻ സ്നേഹിതനായ് നല്കുന്നു.
അവനെ പ്രാപിച്ചവരാം നാം
ദീപം പേറാമീനിമിഷം
കാട്ടാം റൂഹാതൻ ശക്തി.[46]

4 നന്മകൾ തൻ വഴികളിലേക്കെന്നെ
കൈക്കു പിടിച്ചു നയിക്കുന്ന
ദൈവത്തിൻ ആത്മാവാം റൂഹാ,
നിന്നിൽ വസിക്കുന്നെന്നെ ഞാൻ
കൃപ ചിന്തണമെൻ ഹൃദയത്തിൽ
നാവിൽ വചനം നല്കേണം.
ബുദ്ധിക്കേകു നിൻ ജ്വാല
കൈകൾക്കേകു നിൻ ശക്തി
മനസ്സിനു നൽകു നിൻ ശാന്തി.

5 ശ്ലീഹന്മാർ–വേലക്കാരത്രേ
കേൾക്കുന്നു രാജന്നാജ്ഞ
വിളവിൻെറ ഉടമസ്ഥൻ നാഥൻ.
വിത്തേകുന്നവനും അതുപോൽ
വിളവേകുന്നവനും ഒരു നാൾ
പ്രതിഫലമെല്ലാം പ്രാപിക്കും.

46 2:10–13

www.malankaralibrary.com



ചെടിയെ വളർത്തുന്നതു നാഥൻ.
അവനിൽ മരുവീടാം പ്രിയരേ,
കലഹം ദൂരെയകറ്റീടാം.[47]

6 ദൈവത്തിൻ ഭവനമതാം സഭയെ
പണിയും വേലക്കാർ ശ്ലീഹർ;
അവരതിനായ് നേടും പ്രതിഫലവും
നില നില്ക്കുന്നൊരു പണിയെല്ലാം
തീയിൻ നാളിൽ മോദിക്കും
ശോധന ചെയ്യും വൻനാളിൽ
കത്തി നശിച്ചീടായ്വാനായ്
അദ്ധ്വാനിക്കാം വത്സലരേ,
നാഥനൊടൊത്തീ നാഴികയിൽ.[48]

7 ഹൃദയത്തിൻ–രഹസ്യം കാണുന്ന
മിശിഹായാഗതനാകുന്ന
നാൾവരെയും–വിധിചെയ്യരുതാരും
ജ്വാലയുദിക്കുന്നൊരു നാളിൽ
ചെയ്തികളെല്ലാം വെളിവാകും
ഇരുളെല്ലാം നീങ്ങിപ്പോകും
അതുവരെ ഒരു നരനും ധരയിൽ
വിധിചെയ്യാനായ് തുനിയരുതേ
സ്വയമേ വിധിചെയ്യു മനുഷ്യാ.[49]

8 നീ പ്രാപി–ക്കാത്തവയായൊന്നും
നിൻ സവിധേയില്ലെന്നോർക്ക
എല്ലാം ദൈ–വം തന്നു പ്രിയനേ.

47 3:1–11 48 3:12–17 49 4:1–5



ദാനത്തിൽ നിഗളിക്കരുതേ
സോദരനെ നിന്ദിക്കരുതേ
ഗർവ്വു നടിച്ചു നടക്കരുതേ
തന്നവനതു പോൽ തിരികെയവ
കൈക്കൊള്ളാൻ കഴിവുണ്ടെന്നും
നാമോർക്കണമീ നാഴികയിൽ.[50]

9 ശ്ലീഹന്മാ–രെല്ലാദേശത്തും
അവസാനത്തവരായ് തീർന്നു
ലോകത്തിൽ–നിന്ദ്യരുമായ് ശ്ലീഹർ.
ക്രിസ്തുവിനെപ്രതി ഭോഷന്മാർ
ബലഹീനത പേറുന്നവരും
നിന്ദനമെല്ലാമേല്പവരും
കഷ്ടത പട്ടിണിയേല്ക്കുന്നോർ
വീടില്ലാത്തവരാം മർത്ത്യർ
അവഹേളനമേല്ക്കുന്നവരും.

10 വാഴ്ത്തുന്നു അവരെല്ലാവരെയും
വേദനയെല്ലാമേല്ക്കുന്നു
പ്രാർത്ഥിക്കു–ന്നു ശത്രുക്കൾക്കായ്.
ദീപം പേറുന്നു ശ്ലീഹർ
ധരയുടെ കൂരിരുൾ നീക്കുന്നു
ജാതികളെ വഴി കാട്ടുന്നു.
നീരിൻ സവിധെ നയിക്കുന്നു
സത്യമുരയ്ക്കുന്നെപ്പോഴും
എങ്കിലുമവർ പീഡനമേല്പൂ.[51]

50 4:6–7 51 4:8–13

www.malankaralibrary.com



86 "ഗലാത്യലേഖനം"

1 സ്തുതിയെന്നും താതനണച്ചീടാം
ആരാധന വത്സലസുതനും
സ്തോത്രങ്ങൾ പാവന റൂഹായ്ക്കും.
മൃതിയിൽനിന്നും വീണ്ടവനാം
ത്രിയേകൻ ദൈവം സ്തുത്യൻ
പാടാമുന്നതമാം ഗീതം
കൃപ എത്തുന്നുയരേ നിന്നും
ശാന്തിയിൽ മോദിക്കുന്നു ധര
സഭ വളരുന്നു നാടുകളിൽ.

2 സുവിശേഷം മാററരുതെൻ പ്രിയരേ,
ശ്രദ്ധിക്കരുതൊരു വഞ്ചകനേം
"മൃതനായോൻ ഏകൻ വത്സലരേ,"
മിശിഹായെ വിട്ടെത്തുന്ന
ദൂതരെയാരും കേൾക്കരുതേ
അവർ ശാപത്തിൻ ഉടമകളാം.
മിശിഹാ അത്യുന്നതസുതൻ
ഗോഗുൽത്തായിൽ മൃതനായി
ഉത്ഥിതനായ് മേവുന്നുയരേ

3 മിശിഹായെ സ്തുതി ചെയ്യാം പ്രിയരേ,
നരരുടെ സ്തുതികൾ തേടരുതേ
അതു നമ്മെ രക്ഷിക്കില്ലൊട്ടും
കരയുന്നവരാം തൻ ജനത
കാലാന്ത്യമടുത്തീടുമ്പോൾ
കാഹള നാദത്തിൻനാളിൽ
മോദിക്കും ദൂതർ മധ്യേ
താതൻ മാറ്റും വേദനകൾ
മണവറ നല്കും വന്ദ്യസുതൻ.



4 ധരയിൽ ഞാൻ എത്തും മുമ്പെന്നെ
വേറാക്കി വന്ദ്യൻ മിശിഹാ;
തൻ കൃപയാൽ എന്നെ വിളിച്ചിപ്പോൾ
കാട്ടീ ഉന്നത സുവിശേഷം
പറുദീസായിലെ മാഹാത്മ്യം
സ്വർഗ്ഗീയുന്നത ഊറിശ്ലേം
പോകുന്നു ഞാൻ വത്സലരേ,
നാഥന്നാളുകളെ ചേർക്കാൻ
വിസ്തൃതമാകും വിളഭൂവിൽ.

5 ഈ ധരയിൽ സഭയെ പണിയുന്നോൻ
പരിപാവനനാം മഹനീയൻ
ദാസന്മാരേ ചേർക്കുന്നരികിൽ.
ഏദയേ സന്ദേശം നല്കി
ജാതികളിടയിലയയ്ക്കുന്നു
വഴിയിൽ താങ്ങുന്നവരെയവൻ
സുവിശേഷത്തിൻ സത്യത്തെ
വഞ്ചന കൂടാതാദൂതർ
വിതറുന്നെല്ലാ ദേശത്തും.

6 വത്സലനാം താതാ, മഹനീയാ,
കേൾക്കണമെൻ പ്രാർത്ഥന സർവ്വം
ദാനങ്ങൾ നൽകു കൈ നിറയെ.
നീയാകുന്നെൻ പ്രിയതാതൻ
നിന്നെ ഞാൻ സ്നേഹിക്കുന്നു
നിന്നിൻ വസിക്കുന്നെൻ ജീവൻ
റൂഹായാം ദാനം ചിന്തു
സുവിശേഷത്തിൻ വഴികാട്ടു
ഘോഷിക്കാം നിന്നെ ലോകേ.

www.malankaralibrary.com



7 കാലാന്ത്യം ആഗതമായപ്പോൾ
ദൈവം സുതനെ അയച്ചിവിടെ
സുതനെത്തി കന്യക വഴിധരയിൽ.
നിയമത്താൽ മൃതരായവരെ
മോചിപ്പിക്കാനവനെത്തി
നിന്ദ്യമതാകും സ്ലീബായിൽ
ജീവൻ ഹോമിച്ച നാഥൻ
നമ്മെ പുത്രന്മാരാക്കി
നാം ചൊല്ലും, ''വത്സലതാതാ.''

8 മാതാവേ, വത്സലയാം തരുണീ,
സ്വച്ഛീയുന്നത ഊറിശിലേം
സ്വാതന്ത്ര്യം പേറുന്നൊരു കന്യേ,
പ്രസവിക്കാത്തവളേ പാട്ടു.
അത്യുച്ചത്തിൻ കീർത്തിക്കു
ഘോഷിക്കത്യുന്നതനെ നീ
ധര നിറയുന്ന നിൻ മക്കൾ
വേദന കൂടാതനവധിയായ്
നീ ചേർക്കുന്നു നിൻ സുതരെ.

9 സ്നേഹത്തിൽ സേവകരായ് തീരു
നിയമത്തിൻ പൂർണ്ണത സ്നേഹം
സ്നേഹത്താൽ ഈശൻ മൃതനായി.
വെടിയണമെന്നും ജഡമോഹം
റൂഹാ കാട്ടും പാതകളിൽ
പാദം വയ്ക്കണമെല്ലാരും
ജഡമെത്തിക്കും മരണത്തിൽ
കുഴിയിൽ പാദം വയ്ക്കരുതേ
ചുംബിക്കുന്നതമാം സ്ലീബാ.



10 പാപം ചെ-യ്യുന്നവരാം നരരേ,
തിന്മ വെടിഞ്ഞു നടന്നീട്ടു
പാപത്തിൻ അന്ത്യം പാതാളം
ശുദ്ധതയിൽ മരുവീടെന്നും
കറകൾ കഴുകി വെടിപ്പാക്കു
വിഗ്രഹസേവ വെടിഞ്ഞീട്ടു
നന്മയിൽ വളരണമെപ്പോഴും
ഹൃദയേ ശാന്തത കാട്ടേണം
സ്നേഹത്തിൽ ജീവിക്കേണം.

11 മിശിഹാ തൻ സേവകരാം നമ്മൾ
കുരിശിൽ തൂക്കി ദേഹത്തെ
മിശിഹായോ-ടൊന്നായ് ഒരുനാളിൽ.
റൂഹായാൽ നാം ജീവിപ്പു
റൂഹാ നമ്മെ വഴികാട്ടും
വിഗ്രഹസേവ വെടിഞ്ഞീടാം
സ്നേഹിച്ചീടാം സോദരരെ
സ്വാർത്ഥത ദൂരെ അകറ്റീടാം
ഹൃദയേ കാരുണ്യം കാട്ടാം.

12 ഭാരം നാം പേറണമന്യോന്യം
മിശിഹാ ഭാരം പേറിയപോൽ
സോദരരെ സ്നേഹിക്കാം, പ്രിയരേ.
നാം വിതചെയ്യുന്നൊരു ധാന്യം
കൊയ്യും നാം നിശ്ചയമായി
റൂഹാ മുടി ചൂട്ടും നമ്മെ
കൊയ്യും കാലമടുക്കുമ്പോൾ
കണ്ണീർ ദൂരെയകന്നീട്ടും.
ആനന്ദിക്കാം വത്സലരേ.

www.malankaralibrary.com



87 "ഗ്രിഗറി നസ്യാൻസൻ"

1 ആളുകൾ മൂന്നിൽ സ്ഥിതി ചെയ്യുന്നു
അത്യുന്നതനാം സംസ്തുത്യൻ
ബന്ധത്തിൽ മാത്രം ആളത്വം.
ആദിയുമന്ത്യവുമില്ലാത്തോൻ
ജീവൻ നല്കുന്നോരുറവ
അത്യുന്നതനാം പ്രിയ താതൻ
അതുപോൽ ഉന്നതനാം സുതനും
പാവനനാകും റൂഹായും
ത്രീയേകൻ ദൈവം സ്തുത്യൻ.

2 നിങ്ങളെ ഞാൻ കാട്ടാമെൻ പ്രിയരേ,
വിശ്വാസത്തിൻ പാതകളെ
കൈക്കൊള്ളു–ജീവിത മാർഗ്ഗത്തിൽ.
ഏകൻ അത്യുന്നത ദൈവം
ശക്തിയുമധികാരവുമൊന്ന്
മൂന്നാളുകളിൽ സ്ഥിതനേകൻ
ദൈവിക സത്തയിൽ ഒരു പോലെ
മൂന്നാളുകളും തുല്യരഹോ
മൂന്നും ഒന്നാണെൻ പ്രിയരേ.

3 ത്രീയേകൻ ദൈവം സംസ്തുത്യൻ
ആദിയുമന്ത്യവുമില്ലാത്തോൻ
താതനിൽ നിന്നുരുവായൊരു പുത്രൻ.
റൂഹായാം പരിപാവനനോ
താതൻ സുതരിവരിൽനിന്ന്
ഉരുവായി നിത്യത്വത്തിൽ.



മൂന്നും ഒന്നാണെൻ പ്രിയരേ,
മൂന്നും മൂന്നാളുകളത്രേ
ആഗ്രാഹ്യമതാം യാഥാർത്ഥ്യം.

4 ആദ്യത്തെ നിയമം താതന്റെ
രൂപം കാട്ടീ ലോകത്തിൽ
സുതനെയതു–നിഴലിൽ ദർശിച്ചു.
സുതനെത്തി കാലാന്ത്യത്തിൽ
പുതിയൊരുടമ്പടി സ്ഥാപിച്ചു
ചൊല്ലീ നല്ലാം റൂഹായെ.
പെന്തിക്കൊസ്തിപ്പെരുന്നാളിൽ
റൂഹായെത്തി ശ്ലീഹർ മേൽ
സഭയിൽ മരുവുന്നു റൂഹാ.

5 കത്തിജ്വലിക്കും ഗോളം സൂര്യൻ
കണ്ണുകൾ മഞ്ചിക്കുന്നുലകിൽ
നോക്കിടുവാൻ മർത്യൻ മുതിരില്ല.
സൂര്യനുടയവനെൻ പ്രിയരേ
ജ്വാലയിൽ മേവുന്നൊരു ജ്വാല
ശുദ്ധത തിങ്ങും യാഥാർത്ഥ്യം.
പരിശോധകരായ് തീരാതെ
ആരാധകരായ് തീർന്നീടാം
കാരുണ്യം പ്രാപിച്ചീടാം.

6 ദൈവസ്വഭാവം പ്രിയ വത്സലരേ,
മാനവചിന്തക്കുപരിസ്ഥം
കോരിയെടു–ത്താൽ തീരാത്താഴി.
അഗ്രാഹ്യം തൻ കർമ്മങ്ങൾ
ചിന്തക്കുപരിസ്ഥം സത്ത
കത്തിജ്വലിക്കുന്നൊരു ജ്വാല.

www.malankaralibrary.com



നയനങ്ങൾക്കുപരിസ്ഥനവൻ
കേൾവിക്കെല്ലാമപ്പുറമാം
ഗേഹേ വാഴുന്നു ദൈവം.

7 തൻ സുതനെ ഹൃദയേ കൈക്കൊള്ളും
മർത്യർക്കായ് ദൈവം നല്കും
മോദകരം—മണവറയെൻ പ്രിയരേ,
കണ്ണുകൾ കണ്ടിട്ടില്ലവിടം
കേൾവിയിൽ പെട്ടിട്ടില്ലവിടം
ചിന്തയിൽ തോന്നീട്ടില്ലവിടം
മണ്ണിലലിഞ്ഞു തകർന്നവയാം
ദേഹം നവമാം ശോഭയൊടെ
പൂകും പ്രിയമാം മണവറയിൽ.

8 എൻ കുരിശിൽ ശരണം വയ്ക്കുന്നോർ
എൻ്റെ ശരീരം ഭക്ഷിപ്പോർ
എൻ രക്തം പാനം ചെയ്യുന്നോർ
മൃതരായാലും ജീവിക്കും
പുതിയൊരു വസ്ത്രമുടുത്തീടും
മണവറയിൽ മോദിച്ചീടും.
മണ്ണിലലിഞ്ഞാലും ദേഹം
എങ്ങനെ മണ്ണീന്നെഴുന്നേല്ക്കും
എന്നതു വലിയൊരു രഹസ്യം താൻ.

9 ഓരോരോ—കാലത്തുന്നതനാം
ദൈവം തൻ പ്രിയ ജനതയ്ക്കായ്
സേവകരെ—നിയമിച്ചീടുന്നു.
കൃപയാലവരെ നിറയ്ക്കുന്നു
തൻ സ്നേഹിതരായ് തീർക്കുന്നു
കല്പനയെല്ലാം നല്കുന്നു.



ഓടരുതീ കൃപയിൽനിന്ന്
നാഥനു ജനതയെ നേടേണം
ജ[illegible]ാലയിലേക്കു നയിക്കേണം.

10 ഭൂവാനം—മനയപ്പെട്ടൊരു നാൾ
ദൈവാത്മാവു ജലത്തിന്മേൽ
ആവാസം—ചെയ്തെൻ വത്സലരേ,
ജീവൻ നല്കുന്നു റൂഹാ
മൃതിയീന്നെഴുന്നേല്പിക്കുന്നു
മൃതരെ മുടി ചൂടീടുന്നു.
ശ്ളീഹന്മാരിലിറങ്ങിയവൻ
ശ്ളീഹർ കൈവെപ്പാൽ നല്കി
ജാതികളിടയിൽ ദാനത്തെ.

**88** "ഞാൻ നിന്നെ സ്നേഹിക്കുന്നു"

1 എൻ പ്രിയരേ, എൻ പേർക്കായ് നിങ്ങൾ
ജീവിക്കുന്നതിനാലിവിടെ
നിരവധിയായ് പീഡനമേറീടും
ജയിലറ ഭവനമതായീടും
ചങ്ങലകൾകൈവളകളുമാം
ദണ്ഡനമാകും സമ്പാദ്യം
പുലരിയുദിക്കുന്നൊരു നാളിൽ
ദൂതർ മദ്ധ്യത്തിൽ നിങ്ങൾ
മോദിച്ചീടും വത്സലരേ.

2 വേദനയിൽ നിങ്ങൾ കേഴുമ്പോൾ
ആനന്ദിച്ചീടും ലോകം
മമ ശിഷ്യർ കണ്ണീർ തൂകീടും

www.malankaralibrary.com



കണ്ണീർ മാറീട്ടുമൊരു നാളിൽ
ഞാൻ പുനരാഗതനാകുമ്പോൾ
ആനന്ദിച്ചീട്ടുമെൻ ശിഷ്യർ
അവസാനിക്കാത്തൊരു ഭാഗ്യം
ചോരൻ മോഷ്ടിക്കില്ലൊരുനാൾ
നിങ്ങൾക്കായ് ഞാൻ നല്കീട്ടും.

3 ചോദിപ്പിൻ–ദാനം നല്കീടാം
ഞാൻ ഉയരേ പിതൃ വലഭാഗേ
നിങ്ങൾക്കായ് മാദ്ധ്യസ്ഥം ചെയ്യും.
എൻ നാമത്തിലപേക്ഷിച്ചാൽ
താതൻ നിശ്ചയമായ് നല്കും
കുറവില്ലാത്തൊരു കലവറ താൻ.
അവനെ സ്നേഹിക്കുന്നവനാം
എന്നിൽ ശരണിതരാം നിങ്ങൾ
പരിപൂർണ്ണത പ്രാപിച്ചീട്ടും.

4 താതനിൽ നി–ന്നെത്തിയ വത്സലനെ
ഹൃദയേ കൈക്കൊണ്ടതിനാലെ
നിങ്ങളെയെൻ താതൻ സ്നേഹിപ്പൂ.
കൈകൾ നിറയെ കൃപ നല്കും
താതൻ സവിധെയണഞ്ഞീടിൻ
ഞാൻ പിതൃ സവിധെയിരിക്കുന്നു.
പൂർണ്ണത പ്രാപിപ്പിൻ പ്രിയരേ,
സ്നേഹത്തിൻ വലുതാം ദാനം
ദീപം കാട്ടിൻ കൂരിരുളിൽ.

5 കർത്താവേ, വിജ്ഞാനത്തികവേ,
നീയെല്ലാമറിയുന്നല്ലോ
നിന്നെ ഞാൻ സ്നേഹിക്കുന്നെന്നും.



ഹൃദയം കാണുന്നവനേ, നീ
ചിന്തകൾ ശോധന ചെയ്യോനേ,
ചെയ്തികളെല്ലാമറിവോനെ,
നിന്നെ ഞാൻ സ്നേഹിക്കുന്നു
നീയറിയുന്നായാഥാർത്ഥ്യം
നിന്നിൽ വസിക്കുന്നെൻ ജീവൻ.

6 കർത്താവേ, കരുണ നിറഞ്ഞവനേ,
കൈക്കൊൾകെൻ കാഴ്ചകളെ നീ,
ഹാബേലിൻ ആദ്യഫലം പോലെ.
എൻ ഹൃദയം നീ കാണുന്നു
നിന്നെ ഞാൻ സ്നേഹിക്കുന്നു
അതു നീ നന്നായറിയുന്നു.
സ്നേഹം ചിന്തണമെന്നുള്ളിൽ
സ്നേഹം ലോകത്തിൽ ചിന്താൻ
കൃപയീ ദാസക്കേകണമെ.

7 ദ്വീപുകളിൽ–നിൻ ദൂതും പേറി
നിന്നെ ലോകത്തിനു കാട്ടാൻ
പ്രിയനാഥാ നൽവരമേകണമെ.
നിൻ സ്നേഹം ലോകം കാണാൻ
നിന്നെ ഹൃദയേ കൈക്കൊള്ളാൻ
ഇവിടൊരു പറുദീസാ പണിയാൻ
വെമ്പുന്നീശോ മമ ഹൃദയം
നിൻ കൃപയെന്നിൽ ചിന്തീട്ടു
നിൻ നാമം ഞാൻ പേറീട്ടും.

8 കർത്താവേ, നിൻ നാമം പേറും
ദാസന്മാരെ അയയ്ക്കണമെ
റൂഹായാൽ അവരെ നിറച്ചീട്ടു.

www.malankaralibrary.com



ഭാരത ഭൂമിയിലെൻ നാഥാ
സ്നേഹത്തിൻ ദൂതും പേറി
നിരവധി സേവകർ പോകേണം.
അതിനായ് കൃപ നീ നല്കേണം
മേലുയരങ്ങളിൽ നിന്നിപ്പോൾ;
നിൻ നാമം ഞാൻ പേറീടും.

89 "ഞാനെന്നും നിന്റേതല്ലോ."

1 പുലർകാലേ നിൻ സ്തുതി പാടീടാൻ
മോദമൊടെത്തുന്നു ദാസർ
പാവനമാം ദേവാലയമതിനുൾ.
പുതിയൊരു സുദിനം തന്നവനേ,
ദേഹാരോഗ്യം തന്നവനേ,
ഉന്നത ശക്തി പകർന്നവനേ,
നീ ഭുവാനങ്ങൾക്കുടയോൻ
നിന്നിൽ വയ്ക്കുന്നീ സുദിനം
എല്ലാം പാവനമാക്കേണം.

2 നന്മ നിറഞ്ഞൊരു വൻ നിക്ഷേപം
ദാസർക്കായ് നീട്ടുക നാഥാ,
നീട്ടിയ കൈ-യിൽ ദാനം വയ്ക്കൂ
രക്ഷിക്കില്ല ധനം നരനെ
ലൗകിക ശോഭകൾ മങ്ങീടും
കീർത്തി സുഖങ്ങൾ മാറിപ്പോം
മാറ്റമെഴാത്തവനാം—നാഥാ
നിന്നിൽ വയ്ക്കുന്നീ സുദിനം
എല്ലാം പാവനമാക്കേണം.



3 നരവംശ—ത്തിൻ മഹിമോന്നതനേ,
ധരയിൽ ശാന്തിയിറക്കിടുക
യുദ്ധങ്ങൾ ദൂരെയകറ്റിടുക
വിളിചെയ്യുന്നവരെ കേൾക്ക
മുട്ടുന്നവനു തുറന്നിടുക
യാചിപ്പവനു കൊടുത്തിടുക.
സുവിശേഷേ നീയരുളിയതാം
പാവനമാം വചനത്താലെ
വേഗം നൽകൂ യാചനകൾ.

4 ശക്തി നിറ—ഞ്ഞവനാം ജേതാവേ,
ഓർക്കണമെ നിൻ സഭയെ നീ
ശത്രുവിനെ ദൂരെയകറ്റണമെ
"നീയാകുന്നുന്നത ദൈവം
സഭയുടെ പ്രിയനാം മണവാളൻ
മണവറ ഉയരെ ഒരുക്കുന്നോൻ"
എന്നെല്ലാരുമറിഞ്ഞീടാൻ
കാരുണ്യം ഉയരേ നിന്നും
ധരയിൽ വർഷിക്കുന്നതനേ.

5 കർത്താവേ, നിന്നിൽ ശരണിതരാം
നരർ ലജ്ജിക്കില്ലൊരുനാളും
ശോഭനമാം അന്ത്യം പ്രാപിക്കും.
ഈ വഴിയാത്രയിലെൻ നാഥാ,
നിൻ വഴി കാട്ടണമെപ്പോഴും
എന്നെ കാവൽ ചെയ്യണമെ
എല്ലാം ശോഭനമാക്കണമെ
ആപത്തെല്ലമകറ്റണമെ
ഞാനെന്നും നിന്റേതല്ലോ.

www.malankaralibrary.com



6 ഭുവാനം നിൻ തിരുകൈവേല
കരകടലിവ നീ സൃഷ്ടിച്ചു
എല്ലാം നിൻ വചനത്തിൻ ശക്തി
എൻ വഴി നേരാക്കണമീശാ
വഴിയിൽ വിജയം നല്കണമെ
എൻ കൂട്ടായ് നീ മേവണമെ.
കൃപയുടെ കോട്ടകളാലെന്നെ
ചുററണമെപ്പോഴും നാഥാ,
ഞാനെന്നും നിന്റേതല്ലോ.

7 കർത്താവേ, ജീവിത സായാഹ്നേ
ശോഭനമാം നിൻ മണവറയിൽ
എത്തിച്ചീ–ടണമെന്നെ കൃപയാൽ.
വഴിയാം മിശിഹായേ ,നൃപനേ,
വഴിയിൽ താങ്ങണമെ കയ്യിൽ
എല്ലാം ശോഭനമാക്കണമെ.
നിന്നിൽ വയ്ക്കുന്നെല്ലാം ഞാൻ
കടലിൽ യാനം ചെയ്യുന്നോൻ
തുറമുഖമെന്നെ കാട്ടണമെ.

8 നിന്നിഷ്ടം തേടിയിറങ്ങിടുവാൻ
ഉയരേന്നും കൃപ ചിന്തണമെ
റൂഹായാൽ എന്നെ നിറയ്ക്കണമെ
ലൗകിക പാതകൾ തേടാതെ
സുവിശേഷത്തിൻ വഴിയിൽ ഞാൻ
എന്നും ഓടി നടന്നീടാൻ
കരുണ അയയ്ക്കണമെൻ നാഥാ,
കൈക്കൊൾകെൻ കണ്ണീർ നാഥാ,
ഞാനെന്നും നിന്റേതല്ലോ.



**90** "ഞാനെന്നും നിന്നോടുകൂടെ"

1 ധരനിറയും നിൻ നരരെ കാണ്മു
കൃപയാലവരെ വാഴ്ത്തീട്ടു
കൈക്കൊള്ളൂ നരരുടെ ബലികൾ നീ
ഗോഗുൽത്തായിലെ ബലിയിൽ നീ
സംപ്രീതനായ് തീർന്നതുപോല
ജീവിത ബലിയും ചേർക്കുന്നു.
നരരുടെ കർമ്മമിതാ നാഥാ,
നിൻ കയ്യിൽ ഞാൻ വയ്ക്കുന്നു
കൈകൊൾകുന്നതബലിപോലെ.

2 ധരയിൽ നിൻ സുതനോടൊന്നായി
അദ്ധ്വാനിക്കും നരരെ നീ
തൃക്കണ്ണാൽ ദർശിക്കൂ നാഥാ,
നിരവധി രോഗങ്ങൾ മൂലം
വേദനയേറെ സഹിക്കുന്നോർ
കണ്ണീർക്കടലിൽ താഴുന്നോർ
നരരുടെ കർമ്മമിതാ നാഥാ,
നിൻ കയ്യിൽ ഞാൻ വയ്ക്കുന്നു
കൈക്കൊൾകുന്നത ബലിപോലെ.

3 വെട്ടുന്നോ–രുടെ സവിധേ നില്ക്കും
മൗനിയതാമൊരജം പോലെ
കഷ്ടതകൾക്കേല്പിച്ചോരു നാഥാ,
ഹൃദയം കാണും പരമാത്മൻ
പാപികളെപ്പുണരുന്നെന്നും
മേചിക്കുന്നല്ലോ കടവും

www.malankaralibrary.com



നിന്നെപ്പോലാക്കണമെന്നെ
ശാന്തതയേറും മനമേകു
സ്നേഹം തിങ്ങും ജീവിതവും.

4 നീയെന്നും നന്മനിറഞ്ഞവനാം;
നീതിയുടാലയമേ, ദേവാ,
നിൻ സവിധേ വയ്ക്കുന്നെൻ പ്രശ്നം;
ദുഷ്ടൻ പുഷ്ടിതനാകുന്നു
നല്ലവർ വേദനയേല്ക്കുന്നു
ദുഷ്ടനെ നീ സംരക്ഷിപ്പൂ!
അവരുടെയധരേ മാത്രം നീ
ഹൃദയത്തിൽ നിന്നകലത്തിൽ;
അവരെന്നിട്ടും ജീവിപ്പൂ

5 കനിവുള്ളോൻ മേലുയരേനിന്നും
മഴയും വേനലുമേകുന്നു
പുത്രന്മാ–രാം മർത്യർക്കായി
ശിഷ്ടനുമതുപോൽ ദുഷ്ടനും
അനുതാപത്തിന്നായ് താതൻ
അനുദിനമെന്നും പാർക്കുന്നു
ഫലമേകാത്തവയാം വൃക്ഷം
തീയിലിട്ടുന്നൊരു നാൾ വരെയും
വളരും കള ബഹുഗവ്വോടെ

6 കർത്താവേ, നിന്നിൽ ശരണിതനാം
എന്നിൽ നീ കൃപ തോന്നണമേ,
**നിൻ** കൈകൾ വയ്ക്കണമെൻ മീതേ
നീയെന്നെയറിയുന്നീശോ
എൻ ഹൃദയം നീ കാണുന്നു
എൻ ചിന്തകൾ നീയറിയുന്നു



ആപത്തിൻ നാളിൽ നാഥാ,
താങ്ങണമെന്നെ തൃക്കയ്യാൽ
ഇടറരുതെൻ പാദം കല്ലിൽ.

7 കർത്താവേ, കനിയണമേയെന്നിൽ
ഓർക്കണമെന്നെ കൃപയാലെ
സന്ദർശിക്കേണം ദാനത്താൽ
ശിക്ഷിക്കരുതെന്നെ നാഥാ;
നിൻ പേർക്കായ് ഞാൻ ജീവിപ്പൂ.
നിൻ വചനം മമ ഹൃദയത്തിൽ
മമ വേദനകൾ നിരവധിയാം
കരുണ നിറഞ്ഞവനാം വൈദ്യാ,
നിൻ നിഴൽ വീശണമെന്മേൽ നീ

8 ഉന്നതനാ–മെൻ പ്രിയ കർത്താവേ,
മേലുയരത്തിൽനിന്നും നീ
നിൻ വലുതാം ശാന്തിയയയ്ക്കേണം
'നിങ്ങൾക്കെൻ വലുതാം ശാന്തി
ഞാനെന്നും നിന്നൊടുകൂടെ'
എന്നരുളിയവൻ ജേതാവേ,
നിൻ സവിധേയണയുന്നടിയാർ
കൃപകൾക്കായി കേഴുന്നു
ശാന്തിയയയ്ക്കണമീനേരം.

**91** "തെസ്സലോനിക്കർ"

1 രക്ഷകനാം മിശിഹാ കർത്താവിൽ
മരുവുന്നവരാം സോദരരെ
കൈക്കൊൾക കരുണാബ്ധേ കൃപയാൽ.

www.malankaralibrary.com



വിശ്വാസത്തിൻ കർമ്മങ്ങൾ
സ്നേഹത്തിൻ ബഹുവേലകളും
സ്ഥിരമാം പ്രത്യാശയുമതുപോൽ
കാൺകെൻ പ്രിയനാം കർത്താവേ,
നന്ദി നിനക്കേകുന്നടിയൻ
കൃപചൊരിയണമീ ദാസൻ മേൽ

2 സുവിശേഷം വിതറി ശ്ലീഹന്മാർ
റൂഹായുടെ അധികാരത്താൽ
കാട്ടിയവർ ദൈവികമാം ശക്തി.
കണ്ടും കേട്ടുമറിഞ്ഞവയെ
ഘോഷിച്ചവർ ജനമദ്ധ്യത്തിൽ
മർത്യസ്തുതി ഗൗനിച്ചില്ല
വേദന നിരവധിയേററതിനാൽ
വാളിന്നായ് ഗളമേല്പിച്ചു
നാഥൻ ശക്തി പകർന്നവരിൽ.

3 ചതിയാലോ ഞണയാലോ അല്ല
ലൗകിക നേട്ടത്തിനുമല്ല
ശ്ലീഹന്മാർ സ്ലീബാ പേറിയതു്.
സത്യത്തിൻ വാഹകരായി
സ്നേഹത്തിൻ കൊടിയും പേറി
ദൈ ിക ദൂതന്മാരായി
ഹൃദയം പരിശോധിപ്പവനാം
ദൈവത്തിനു സ്തുതിയർപ്പിപ്പാൻ
ചുററി ദേശങ്ങളിലെല്ലാം.

4 കുട്ടികളെ താലോലിക്കുന്ന
ശുശ്രൂഷികയെപ്പോലെയവർ
ശാന്തതയോ–ടെന്നും വർത്തിച്ചു



തേടിയതില്ല സ്തുതിയൊന്നും
സമ്പത്തിനു പാഞ്ഞില്ലൊട്ടും
മിശിഹായുടെ സ്നേഹം കാട്ടി
മൂടുപടം വയ്ക്കാത്തവരായ്
ഹൃദയേ അവനെ സ്നേഹിച്ചു
റൂഹായാം ദാനം നേടി.

5 രാപകില്ലാതവർ പണിചെയ്തു
ഭാരമൊരുത്തനുമായില്ല
ഭീകരമാം മുഷ്ടികൾ കൂടാതെ.
ജീവിച്ചു കറകൂടാതെ
പരിപാവനരായ് വർത്തിച്ചു.
നീതിയിൽ പാദമുറപ്പിച്ചു
ശുദ്ധതയിൽ ഭവനം പണിതു
യാതൊന്നും മോഹിച്ചില്ല
ചെന്തു നല്ലാനായ് മാത്രം:

6 താതജനം സുതരോ-ടോത്തും പോൽ
ഓതി സ്നേഹത്തിൻ വചനം
ഉന്നതമാം ജീവിതവഴികാട്ടി.
ദൈവിക കൃപ നേടിയ സുതരേ,
രാജ്യത്തിന്നവകാശികളേ,
ദൈവിക ജീവിതവഴിതേടിൻ
ദൈവിക വചനം പേറുന്നോർ
സ്ലീബായിൻ വന്ദകരായി
തീരണമെല്ലാ നാഴികയും.

7 ഹൃദയത്തിൽ ഓരോ നാഴികയും
അവരുടെയരികിൽ മേവിയവർ
സ്നേഹത്തിൻ സന്ദേശം നല്കി

www.malankaralibrary.com



മിശിഹായുടെ രണ്ടാം വരവിൽ
മോദം പകരുന്നൊരു കാര്യം
നിങ്ങൾ; മമ പ്രിയ ജനതതിയേ,
എന്നോതി വത്സല ശ്ലീഹർ
വനവരാം സേവകരേപ്പോൽ
വിത്തും ജലവും പേറിയവർ.

8 വേദനയാ–ണെന്നും നമ്മൾക്കായ്
ഈ മരുഭൂമിയിലെന്നതു നാം
എപ്പോഴും ഹൃദയേ കരുതേണം.
കൃപയിൽ നിന്നകലരുതാരും
മറെറാരു വചനം കേൾക്കരുതേ
സ്ലീബായെ നിന്ദിക്കരുതേ.
രാപകൽ പ്രാർത്ഥനയിൽ മേവാം
നന്ദി നിറഞ്ഞൊരു ഹൃദയത്താൽ
നാഥനു സ്തുതികളണച്ചീടാം.

9 പ്രിയതാതൻ അത്യുന്നത ദൈവം
കർത്താവാകും മിശിഹായും
നിങ്ങൾക്കായ് പാത തെളിച്ചീട്ടും
സ്നേഹത്തിൽ വർത്തിച്ചിടുവിൻ
മർത്യകുലത്തെ സ്നേഹിപ്പിൻ
കറകൂടാത്തവരായ് മരുവിൻ.
നാഥനണഞ്ഞിടുമാനാളിൽ
വലഭാഗം നാം പ്രാപിപ്പാൻ
അദ്ധ്വാനിക്കാം വത്സലരേ.

10 ദൈവത്തിൻ സുതരായ് വർത്തിപ്പിൻ
ജീവിതമവനായർപ്പിപ്പിൻ
മ്ലേച്ഛതയെ ദൂരെയകററിടുവിൻ



പാവനരായ് വർത്തിച്ചിടുവിൻ
ദേഹമമർത്ത്യതയിൽ വയ്ക്കു
ശുദ്ധതയുടെ വഴികൾ തേടു
ദൈവത്തയറിയാത്തവരാം
ജാതികൾ സമമായ് തീരരുതേ
ജഡമോഹത്തിൻ വഴിവെടിയൂ.

11 പാവനരായ് വർത്തിപ്പാൻ ദൈവം
വിളിചെയ്തിവരെയെന്നറിവിൻ
ളുക്കുന്നു ചെയ്തികളെല്ലാം താൻ.
രഹസ്യം വെളിവാകും നാളിൽ
വലഭാഗം പ്രാപിച്ചീടാൻ
തേടു നിർമ്മലമാം പാത
ദൈവത്തെ ബഹുമാനിക്കു
മേവുന്നു ത്രിത്വം നിന്നിൽ
ശുദ്ധതയിൽ മേവണമെന്നും.

12 മൃതരേയോ–ർത്തൊരുവനുമൊരുനാളും
കേഴരുതെന്നുപദേശിപ്പു;
മിശിഹായിൽ ശരണം പ്രാപിപ്പിൻ.
മിശിഹാ മൃതരിന്നെഴുന്നേററു
പിതൃവലഭാഗേയിരിക്കുന്നു
മിശിഹായിൽ മൃതരെല്ലാരും
കാഹളനാദത്തിൻ നാളിൽ
പൂഴിയിൽ നിന്നെഴുന്നേററീടും
പുതിയൊരു വസ്ത്രമുടുത്തീടും.

13 കർതൃദിനം ചോരൻ സമമത്രേ
ശാന്തതയെന്നോതും നേരം
ഓടിയടുത്തീടും ബഹുക്ലേശം

www.malankaralibrary.com



പ്രസവിക്കുന്നൊരു നാരി സമം
കേഴും ജനതതിയാനേരം
രക്ഷപെടാനൊരു പഴുതില്ല
അതിനാലെൻ പ്രിയ വത്സലരേ,
ശോഭയുടാലയമായവരേ
വേഗമൊരുങ്ങിൻ യാത്രയ്ക്കായ്.

14 നിദ്രയിൽനി–ന്നുണരാം വത്സലരേ,
മാന്യതയോടെ നടന്നീടാം
ദീപത്തിൻ അവകാശികളാം നാം.
നിദ്രിതർ നിശയിലുറങ്ങുന്നു
മദ്യപരും അതുപോൽ തന്നെ
നാമോ പകലിൻ സുതരത്രേ.
വിശ്വാസം പേറാമിപ്പോൾ
സ്നേഹത്തിൻ വസനം ചൂടാം
പ്രത്യാശയതിൻ– മകുടമതും.

15 മിശിഹായിൽ–കൃപ പ്രാപിപ്പാനായ്
നമ്മെ വിളിച്ചു–പ്രിയതാതൻ
കോപത്തി–ന്നല്ലെൻ വത്സലരേ,
മൃതനായ് മിശിഹായെൻ പേർക്കായ്
നാമവനിൽ ജീവിക്കുന്നു
ജീവിപ്പവരും നിദ്രിതരും
പണിയാം സഭയാം പ്രിയഭവനം
ക്ഷീണിതനാശ്വാസം നല്കാം
ശാന്തതയിൽ വർത്തിച്ചീടാം.

16 നവ ജനമാം നാമെൻ വത്സലരേ,
നന്മ പ്രവർത്തിക്കാനോടാം
മോദിക്കാം മിശിഹാ കർത്താവിൽ.



പ്രാർത്ഥനയിൽ സ്ഥിരമായ് മേവാം
വീണവരെയെഴുന്നേൽപ്പിക്കാം
താതനു സ്തോത്രം പാടീടാം
തിന്മയിൽ നിന്നകലാമെന്നും
നന്മയിൽ പാദം വച്ചീടാം
വാഴ്ത്തും നമ്മെ പ്രിയതാതൻ.

92 "ത്രിയേകൻ ദൈവം സ്തുത്യൻ"

1 കർത്താവേ, മേല്യയരേ നിന്നും
ജ്ഞാനം പ്രാപിച്ചീടാനായ്
ചിന്തകളെ ഉദ്ദീതമാക്കണമെ,
നിന്നിൽ നിന്നതു നേടട്ടെ
നിൻ നാമത്തിൽ മുദ്രിതരാം
പാപികളാമീ ദാസന്മാർ.
നിൻ കൃപ നിത്യം ഘോഷിപ്പാൻ
നിൻ സുവിശേഷം കാട്ടീടാൻ
കൃപ ചൊരിയണമീയിടവക മേൽ.

2 ത്രിത്വത്തിൻ പരിപാവന രഹസ്യം
ഉയരേ ഗൂഢമയം മേവി
അഗ്നിമയർ തെല്ലുമറിഞ്ഞില്ല,
ഗബ്രിയേലെത്തിയ നേരം
മിന്നിവിളങ്ങി സ്വർല്ലോകം
മാനവനിരകൾ ബോധിതരായ്.
ത്രിയേകൻ ദൈവം സ്തുത്യൻ
ശുദ്ധൻ ശുദ്ധൻ സംശുദ്ധൻ
ഇടതടവില്ലാതവർ പാടി.

www.malankaralibrary.com



3 യോർദ്ദാനിൽ മിശിഹായാഗതനായ്
സ്നാനം പ്രാപിക്കുംവരെയും
മർത്യഗണം തെല്ലുമറിഞ്ഞില്ല
മിശിഹാ സ്നാനം ചെയ്തപ്പോൾ
ഇടിനാദം പോലീധരയിൽ
അറിയിപ്പുണ്ടായ് ഉയരേന്നും
താതാത്മജ റൂഹാരഹസ്യം
ധരയിൽ വെളിവായ് തീർന്നപ്പോൾ
മോദിച്ചോരുപോൽ ഭൂവാനം

4 സീനായ്തൻ മലയുടെയഗ്രത്തിൽ
നിബി മൂശാ കണ്ടൊരു കാഴ്ച
വിസ്മിതമാം വസ്തുതയെൻ പ്രിയരേ
കാലാന്ത്യത്തിൽ കന്യകതൻ
നിർമ്മലയുദരത്തിൻ കുസുമം
ധരയിൽ കാട്ടീ വൻകാര്യം.
മാളിക തന്നിലിറങ്ങിയവൻ
മൂന്നാം ക്നൂമായാം നാഥൻ
ത്രിത്വത്തിൻ പൂർത്തീകരണം.

5 സ്വർഗ്ഗത്തിൽ ഭാഷകൾ കൂടാതെ
മൗനത്തിൽ മേവി ത്രിത്വം
ശുദ്ധതതൻ ഉറവിടമവനത്രേ.
ജ്വാലയിൽ മേവിസംസ്തുത്യൻ
ജ്വാലധരിച്ചവരാം നിരകൾ
നോക്കാൻ മടി കാട്ടി മേവീ.
കാലാന്ത്യമണഞ്ഞൊരു നേരം
സുതനെത്തീ നരനായ് ധരയിൽ
ജ്വാലകളും നോക്കാനെത്തി.



6 ദൂതന്മാർ സുതനെ ദർശിച്ചു
വിസ്മയ ബന്ധിതരായ് നിരകൾ
അഗ്നിമയർ രഹസ്യമറിഞ്ഞില്ല;
ദൈവം നരനായ് തീരുകയോ?
എങ്ങനെ സംഭവമീകാര്യം
ചോദിച്ചന്യോന്യം കൂട്ടം;
മാളിക ബാബേലായ ദിനം
മോദിച്ചാസ്വർഗ്ഗീയഗണം
ത്രിത്വത്തിൻ സ്തുതികൾ പാടി.

7 മിസ്രേമിൽ നിന്നു പുറപ്പെട്ട
യിസ്രായേല്യർ മരുഭൂവിൽ
വർഷങ്ങൾ പതറി നടന്നില്ലേ?
തേനും പാലുമൊഴുകുന്ന
നാടിനു നാല്പതു വത്സരമോ?
കർത്താവിൻ പദ്ധതിയറിയിൻ!
അതു പോലാണീരഹസ്യങ്ങൾ
നിറയും ഭവനം മേലുയരേ
ഉഴലുന്നു നാമീ ധരയിൽ.

8 ത്രിത്വത്തിൻ രഹസ്യമറിഞ്ഞീടാൻ
മാനവസന്തതി വർഷങ്ങൾ
താർക്കികരായ് മാറിയതറിയില്ലേ?
മർത്യന്നബഹുലം ക്ലേശകരം
വിശ്വാസത്തിൻ നയനത്താൽ
തെല്ലും ക്ലേശം കൂടാതെ
കാണുന്നു ഞാൻ ഉടയവനേ,
അത്യുന്നതനാം സർവ്വേശൻ
ത്രിയേകൻ ദൈവം സ്തുത്യൻ.

www.malankaralibrary.com



9 കരുണാബ്ധേ, കൃപയുടിരിപ്പിടമേ,
കഴുകണമടിയാനെ കൃപയാൽ
ഉയരേണം ദാനം ചിന്തണമെ
നിത്യം നിൻ സ്തുതിഘോഷിപ്പാൻ
നിത്യംനിന്നെ കാട്ടീടാൻ
ഭവനേ ജാതികളെ കൂട്ടാൻ
പാതതെളിക്കണമെപ്പോഴും
പാതയിൽ ദീപം നല്കണമെ
ദൂതൻ കാവലിനെത്തട്ടെ.

10 ത്രീയേകൻ സംസ്തുത്യൻ ദൈവം
ക്നൂമാ മൂന്നായ് കാണുന്നേൻ
സത്തയിലോ–ഏകൻ താൻ മാത്രം
താതാത്മജ റൂഹാ ദൈവം
ശക്തിയിൽ ഒന്നാണെൻ പ്രിയരേ,
ആരാധനയൊന്നായ് നല്കാം
മൂന്നായ് അറിയിക്കപ്പെട്ട
സാംഖികമല്ലീ മൂന്നെണ്ണം
മൂന്നും ഒന്നാണെൻ പ്രിയരേ.

11 ചിന്തകളേ, പോരിൻ: തീജ്വാല
നയനം കരുടാക്കിക്കളയും
അതിനുള്ളിൽ ഉണ്മവസിക്കുന്നു;
ആരാധനയും കാഴ്ചകളും
അർപ്പിച്ചണയാം വിനയമൊടെ
കാരുണ്യത്തിന്നായ് കേഴാം
കർത്താവേ, നീയെൻ ദൈവം
നിന്നിൽ വയ്ക്കുന്നെൻ ജീവൻ
ജ്വാലയെനിക്കായ് പകരണമെ.



12 മേലുയരേമാറാത്തൊരു ഭവനം
തീർത്തു മഹനീയൻ കൃപയാൽ
സോദരരേ, വേഗമൊരുങ്ങീടാം.
എത്തും നാമതിലൊരു നാളിൽ
അതു താൻ നമ്മുടെ പ്രിയഗേഹം
മാററമെഴാത്തൊരു പറുദീസാ
അതിനായ് സ്നേഹത്തിൽ മേവാം
ത്രിത്വത്തിൻ സ്തുതിപാടീടാം
നാഥൻ കരുണക്കടലല്ലോ.

93 ''ദൈവത്തിൽ ഹൃദയം വയ്ക്കു''

1 വഞ്ചനകൾ കാട്ടരുതൊരു നരനും
വഞ്ചന നിന്മേൽ വീഴില്ല
പ്രിയ നാഥൻ നിന്നെ താങ്ങീടും
തിന്മ വിതച്ചാൽ തിന്മ കൊയ്യും
നന്മ വിതച്ചാൽ നന്മകളും
തലമുറ തലമുറയായ് പ്രിയരേ
അണയാമതിവേഗം കൃപകൾ
ചൊരിയുന്നവനുടെ തിരുസവിധേ
നന്മ പ്രവർത്തിക്കാമെന്നും.

2 ദാനം ചെയ്യുന്നതിനായ് കൈകൾ
നീട്ടണമെല്ലായ്പ്പോഴും നീ
മായ്ക്കുന്നു–ദാനം പാപത്തെ
കൃപകൾ ചൊരിയും ജഗദീശൻ
ഹൃദയം നന്നായറിയുന്നോൻ
കാരുണ്യത്തിൻ നീരുറവ

www.malankaralibrary.com



സ്നേഹം ദർശിക്കുന്നേരം
ദാനം കാണുന്നൊരു നിമിഷം
മായ്ക്കുന്നു നിൻ പാപങ്ങൾ.

3 ദൈവത്തെ അറിയാത്തവരെല്ലാം
തീയിൽ കത്തി നശിച്ചീടും
അവരുടെ തീ കെട്ടുകില്ലൊരു നാളും
വഞ്ചന നാവിലുരയ്ക്കരുതേ
അഗതിയെ നിന്ദിച്ചീടരുതേ
പാപത്തിൽ നീ മുഴുകരുതേ
ദൈവത്തെ സ്നേഹിച്ചവരാം
ഋജുമാനസരുടെ വഴിയിൽ നീ
നിൻ പാദം വയ്ക്കുമ്പോഴും.

4 ഉത്തമയാം തരുണിയൊരുന്നതമാം
ഗോപുരമാകുന്നെൻ പ്രിയരേ,
അവളെ നീ ദൂരെയകററരുതേ
അതുപോൽ നിൻ സ്നേഹിതനേയും
ഹൃദയേ നീ സ്നേഹിക്കേണം
അവനെതിരായ് വില വാങ്ങരുതേ
നരരെ സ്നേഹിക്കുമ്പോഴും
മൃതരെ പ്രാർത്ഥനകളിലോർക്കു
മൃതിയെ സ്മൃതിയിൽ നിലനിർത്തു.

5 ആപത്തിൽ നരനെയമർത്തുന്ന
ദ്രവ്യത്തിൽ മനമാകരുതേ
ദൃഷ്ടികളെ ദൂരെയകറേറണം;
നരനെ പുണരുന്നൊരു നൃപനാം
ദൈവത്തിൽ ഹൃദയം വയ്ക്കു;
ദൃഷ്ടി പതിക്കു മേലുയരേ



വേദനയണയും ദിവസത്തിൽ
നീ മോദിക്കും മേലുയരേ;
ധനമെല്ലാം നിൻേറതാകും.

94 ''നിർമ്മലരാം ജീവികൾ പാടുന്നു''

1 ദൈവത്തിൻ ഏകസുതൻ മിശിഹാ
ഒരുനാൾ ചൊല്ലി ശിഷ്യരോടായ്
''വാതിൽ ഞാനാകുന്നെൻ പ്രിയരേ
വാതിൽ വഴി കയറാത്തവരെ
ഇടയന്മാരായ് കരുതരുതേ
മോഷ്ടിക്കാനവരെത്തുന്നു
വാതിൽ വഴി കയറുന്നവനോ
ആടിന്നിടയനവൻ തന്നെ
അവനെ കേൾക്കുന്നാടുകളും.''

2 ''വാതിൽ ഞാനാകുന്നെൻ പ്രിയരേ,
ഞാൻ വഴി കയറുന്നവരെല്ലാം
നിശ്ചയമായ് ജീവൻ പ്രാപിക്കും
കൊല ചെയ്യാനണയും ചോരൻ
ഞാനോ ജീവൻ പകരുന്നു
നല്ലിടയൻ ഞാനാകുന്നു
ആടുകളെ പ്രതിയെൻ ജീവൻ
ഹോമിക്കുന്നവനാമെന്നെ
കേൾക്കുന്നെല്ലാ ആടുകളും.''

3 ''യാക്കോബിൻ ആടുകളെ മേയ്ക്കാൻ
താതൻ ധരയിലയച്ചെന്നെ
അവയെന്റെ സ്നേഹസ്വരം കേൾക്കും

www.malankaralibrary.com



അവയെക്കൂടാതനവധിയായ്
ആട്ടുകളുണ്ടീയിടയന്ന്
ലോകത്തിൻ പല കോണുകളിൽ
അവയെ ആലയിലെത്തിപ്പാൻ
ഇടയൻ ഞാനദ്ധ്വാനിപ്പൂ
വലിയൊരു കൂട്ടം നിർമ്മിപ്പാൻ."

4 ആടുകളെ സ്നേഹിക്കുന്നവനാം
സുതനെ താതൻ പുണരുന്നു
സുതനായ് താൻ എല്ലാം നല്കുന്നു.
ആടുകളെ തോളിൽ പേറും
മുറിവുകളെല്ലാം സുഖമാക്കും
ജീവനവയ്ക്കായ് അർപ്പിക്കും
ഉത്തമനാമിടയൻ മിശിഹാ,
കൃപ ചെയ്യണമീയടിയാർമേൽ
ഈ കൂട്ടത്തെ കൈക്കൊൾക.

5 അബ്രാഹ–ത്തിനു മുമ്പുള്ളവനാം
അത്യുന്നതനാം ദൈവസുതൻ
പിതൃസവിധേ നിത്യം മരുവുന്നു.
കാലാരംഭത്തിനു മുമ്പേ
താതനിൽ നിന്നവനുരുവായി
പ്രഭയിൽ നിന്നുള്ളൊരു പ്രഭയായ്
അവനെന്നും ജീവിക്കുന്നു
മൃതിയെ മൃതിയാൽ വെന്നവൻ
മർത്ത്യകുലത്തിൻ ശിരസ്സത്രേ.

6 കല്ലറയിൽ കണ്ണീർ വാർത്തവനേ,
കടലിന്മീതെ നടന്നവനേ,
ലാസറിനെ എഴുന്നേല്പിച്ചവനേ,



മർത്ത്യ ശരീരമെടുത്തവനേ,
മർത്ത്യ കുലത്തിൻ സ്നേഹിതനേ,
അത്യുന്നതനാം ദൈവസുതാ,
മൃതനാമെന്നിൽ കൃപചെയ്യു
ശോഭയെഴും വസനം നല്കു
പുതിയൊരു മണവറയും കൃപയും.

7 കൃപനിറയു–ന്നവനാമെൻ രാജാ,
വിനയത്തിൻ വൻ മാതൃകയേ,
പുൽക്കൂട്ടിൽ ജാതം ചെയ്തവനേ
മാനുഷ വേഷമെടുത്തവനേ,
കഷ്ടതയേറെ സഹിച്ചവനേ,
നിന്ദ്യ മൃഗത്തിൻ ഉടയവനേ,
ഉന്നതസ്വർഗ്ഗേ മരുവുന്നോൻ
ആഴത്തിൽ കൃപ ചൊരിയുന്നോൻ
നല്കണമെന്നിൽ നിൻ കൃപകൾ.

8 നിർമ്മലരാം ജീവികൾ പാടുന്നു
അത്യുന്നതനുടെ ഗീതങ്ങൾ
ഭുവന -ങ്ങളിലെല്ലാമെപ്പോഴും
മേലുയരത്തിൽ ദൂതന്മാർ
മണ്ണിൽ നിർമ്മലരാം മർത്ത്യർ
ശോഭയെഴും ചെറുപൈതങ്ങൾ
നിർമ്മലനേ, നിർമ്മലസവിധേ
കൈക്കൊൾകിവരുടെ യാചനകൾ
നിൻ ഗീതം ഞാൻ കീർത്തിക്കും.

9 പാവനനാം മിശിഹാ തൃക്കയ്യിൽ
പൈതലിനെ താലോലിപ്പൂ
അവനെപ്പോലാകണമെല്ലാരും

www.malankaralibrary.com



മോദമെഴും പറുദീസായും
ശോഭയെഴും വൻ മണവറയും
ഉന്നതമാമൊരിരിപ്പിടവും
ശിഷ്യരുതുല്യം മേവുന്നോർക്കായ്
താതൻ നല്കുന്നെൻ പ്രിയരേ,
ദൂതന്മാരുടെ മദ്ധ്യത്തിൽ.

10 കിരണത്തിൽ–നിന്നുള്ളൊരു കിരണം
ദാഹജലം ചോദിച്ചൊരുനാൾ
ജലമേന്തി, പാദം കഴുകാനായ്
സേവകനായ് ഞാനെത്തിയിതാ
നിങ്ങളുമതുപോൽ ചെയ്യേണം.
വിനയത്തിൻ ദൃഷ്ടാന്തം ഞാൻ
കാട്ടുന്നെൻ പ്രിയവത്സലരേ
കുരിശും പേറിയിറങ്ങീടിൻ
നിങ്ങൾ ജീവൻ പ്രാപിക്കും.[52]

## 95 "നിൻ സന്നിധിമോദം പകരും"

1 പുലർകാലേ പറവകൾ പാടുന്നു
അത്യുന്നതനുടെ സ്തുതിഗീതം
ഭൂലോകം നിറയുന്നാസ്തുതിയാൽ
ദൈവികച്ഛായ ധരിപ്പവരാം
മന്നിൻ രാജാക്കൾ മർത്യർ
ഹൃദയം നിറയും സ്നേഹത്താൽ
വാനാത്രുപികളൊടൊന്നായ്
പാടുന്നുന്നതമാം ഗീതം
ആ സ്തുതി നാഥനു പ്രീതികരം.

52 യോഹന്നാൻ 10–13.



2 മേലുയരേ ശോഭിക്കും ഗോളം
നിശയിലുദിക്കും കുമിദിനിയും
വിൺ നിറയും ജ്വാലകൾ തൻകൂട്ടം
ഒന്നിച്ചൊരു നാവിൽ നാഥാ
പാടുന്നു തവ ഗീതങ്ങൾ
സ്വരരഹിതം മധുരം ഗീതം
അവയോടൊത്തിവരും നാഥാ,
പാടുന്നുന്നതമാം ഗീതം
കൈക്കൊൾകിവരുടെ ഹൃദയം നീ.

3 ഭൂവാനം നിൻ സ്തുതിപാടുന്നു
സ്രഷ്ടാവാം പരമോന്നതനേ,
നീയവയെ പരിപാലിക്കുന്നു
തിരമാലകളുയരുന്നാഴി
വാനം മുട്ടും മാമലകൾ
ധരനിറയും തരു ജാലങ്ങൾ
അവയോടൊത്തിവരും നാഥാ
പാടുന്നുന്നതമാം ഗീതം
കൈക്കൊൾകിവരുടെ ഹൃദയം നീ.

4 ധരനിറയും അരുവികളെൻ നാഥാ,
നിൻ സ്തുതിപാടിവരുന്നു നൃപാ,
ഘോരതരം വൻ കാട്ടിൽനിന്നും
മർത്യനു സന്ദേശം പകരാൻ
മർത്യനു മോദം നല്കീടാൻ
മർത്യനു നിന്നെ കാട്ടീടാൻ.
അവയേടേത്തിവരും നാഥാ,
പാടുന്നുന്നതമാം ഗീതം
കൈക്കൊൾകിവരുടെ ഹൃദയം നീ.

www.malankaralibrary.com



5 മേലുയരേ–ഗീതം പാടുന്ന
വാനാരൂപികളോടൊന്നായ്
പാടുന്നു നിൻ ഗീതം ഞങ്ങൾ.
പറവകൾ പാടുന്നാകാശേ
ധരയിൽ മൃഗജാലങ്ങളുമേ
തരുനിരകൾ നി–ശ്ചലരായി
നിൻ മാഹാത്മ്യം കീർത്തിപ്പൂ
പാടുന്നുന്നതമാം ഗീതം.
കൈക്കൊൾകിവരുടെ ഹൃദയം നീ.

6 മൂകത തി–ങ്ങുന്നോരീ ധരയിൽ
വചനം കൂടാതീലോകം
പാടുന്നു–ഉത്തമമാം ഗീതം.
നിന്നെ കാട്ടുന്നവയെല്ലാം
നിന്നിൽ മോദിക്കുന്നുലകം
നിൻ സന്നിധിമോദം പകരും.
അവയോടൊത്തിവരും നാഥാ,
പാടുന്നുന്നതമാം ഗീതം
കൈക്കൊൾകിവരുടെ ഹൃദയം നീ.

**96** "നീയാണെന്നും മമ ദൈവം"

1 പാപത്തിൻ–കുഴിയിൽനിന്നെന്നെ
കൃപയാൽ കോരിയെടുത്തവനേ,
ചെളിയെല്ലാം–കഴുകിയ നല്ലവനേ
പുതിയൊരു വസ്ത്രം തന്നവനേ,
തലയിൽ തൈലമൊഴിച്ചവനേ,..
ഉന്നതപീഠം തന്നവനേ,



നാവിൽ ഗീതം തന്നവനേ,
പരമാനന്ദത്തിന്നുറവേ,
നീയാണെന്നും മമ ദൈവം.

2 ശ്രേഷ്ഠമെഴും തിരുവവതാരത്താൽ
പെസഹായുടെ വൻ രഹസ്യത്താൽ
ഗോഗുൽത്താമലയിലെ ബലിയാലെ
എന്നെ രൂശ്മാ ചെയ്തവനേ,
സ്വർഗ്ഗമെനിക്കു തുറന്നവനേ,
പുതിയൊരു ധരയെ പണിതവനേ,
ശ്ലീഹന്മാരെ വിളിച്ചവനേ,
സഭയെ കൃപയാൽ പണിതവനേ,
നീയാണെന്നും മമ ദൈവം.

3 നിത്യമതാം സ്നേഹത്തിൻ ഉറവ
മർത്യനെ സ്നേഹിക്കുന്നെന്നും
മർത്യന്നായ് സുതനെയയച്ചിവിടെ
ആദാമിനെ സ്നേഹിച്ചവനേ,
നോഹയെ മാടിവിളിച്ചവനേ,
അബ്രാഹാമിൻ പ്രിയനാഥാ,
കാനാൻനാടു കൊടുത്തവനേ,
കന്യകയിൽ പ്രിയനായവനേ,
നീയാണെന്നും മമ ദൈവം.

4 കരുണാർദ്രേ, നിൻ പേർക്കെന്നും ഞാൻ
എൻ ജീവിതമർപ്പിക്കുന്നു
കൈക്കൊൾക കൃപയാലീ ബലിയെ.

www.malankaralibrary.com



ഹാബേൽ ബലിയർപ്പിച്ചാദ്യം
മലയിൽ പ്രിയനാമബ്റാഹാം
ഗോഗുൽത്തായിൽ മിശിഹായും
ധരയിൽ ചിതറിയ ശ്ലീഹന്മാർ
നിൻ സേവകരാം സഹദേന്മാർ
ലോകം തിങ്ങും നിൻജനത.

5 പ്രാർത്ഥിപ്പാൻ ശക്തി പകർന്നുതരു
പ്രാർത്ഥനയെല്ലാം കേൾക്കണമെ
യാചനകൾ വേഗം നല്കണമെ.
മുട്ടുന്നോർക്കു തുറക്കുന്നോൻ
യാചനയെല്ലാം നല്കുന്നോൻ
അന്വേഷിപ്പവരുടെ നാഥൻ
അബ്രാഹാമിനെ നീ വാഴ്ത്തി
കന്യകയിൽ നീ പ്രീതനുമായ്
റൂഹായുടെ ദാനം നല്കു.

6 തിരുവചനം കേൾക്കാമെൻ പ്രിയരേ,
മലമുകളിൽ നിന്നൊരു ശബ്ദം
ഹില്ലീയാ-യുടെ സുതനോതുന്നു.
തിന്മ നിറഞ്ഞൊരു സമ്പാദ്യം
നിലനില്ക്കില്ലൊരു നാഴികയും
പൂഴിയതായ് തീ-ർന്നീടുമവ
കൂലി കൊടുക്കാത്തവരെല്ലാം
തീയുടെ നാളിൽ കേണീടും
കണ്ണീർ നിഷ്ഫലമാം നാളിൽ.



7 നല്ലവരാം നരരീ ധരയിന്മേൽ
കൃപയുടെ അരുവി ഒഴുക്കുന്നു
ഭൂലോകം അവരാൽ മോദിപ്പൂ.
അബ്റാഹാമൊരു ദൃഷ്ടാന്തം
കന്യകമറിയമതിൽ സാക്ഷി
രക്തം ചിന്തിയ സഹദേരും
അവരേപ്പോലെൻ വത്സലരേ,
ലോകത്തിൻ നടുവിൽ നമ്മൾ
ജ്വാല പരത്തണമെപ്പോഴും.

8 അഗതിക്കായ് നീട്ടുക നിൻകൈകൾ
വേദനയിൽ നീ നോക്കീട്ടു
കരയുന്നോ-രുടെകണ്ണീരൊപ്പൂ.
ബന്ധിതരെ മോചിതരാക്കു
സോദരനെ നോക്കു സ്നേഹാൽ
ധരനിൻ വീടായ് തീരട്ടെ
സകലരുമൊരുപോൽ സോദരരും;
നൃപനാമുടയവനപ്പോൾ നിൻ
ഹൃദയേ വന്നീടും നൂനം.

9 മോദങ്ങൾ അകലെപ്പാഞ്ഞിടും
വേദനയോടിയടുത്തീടും
നാളിൽ നീ തുണയററവനാകും.
തുണയേകുന്നവനേകൻ താൻ
അവനെ പുണരാമതിവേഗം
ഹൃദയം വയ്ക്കാം തൃക്കയ്യിൽ
അവനൊരു നാളും തള്ളില്ല
വേദനയെല്ലമകററീടും
നിത്യമതാം മോദം നല്കും.

www.malankaralibrary.com



10 സ്നപനേകും-ദാനം കൈനിറയെ
നിലനില്ക്കും കാലാകാലം
ചോരന്മാർ തട്ടിയെടുക്കില്ല
ഒന്നായ് നാം ഓടാം അതിനായ്
നാഥൻ സവിധെയണഞ്ഞീടാം
റൂഹായെ പാനം ചെയ്യാം,
ദാഹം തീർക്കുന്ന നാഥൻ
മോദം ഹൃദയേ പകരുന്നു
മർത്യനെ സ്വർഗ്ഗേയേറ്റുന്നു.

11 ഉയരാഴ–ങ്ങൾ നിറയും നാഥാ
മേലുയരത്തിൽ നിൻഗേഹം
ഭൂലോകം പാദത്തിൻ പീഠം
മാനവ ഹൃദയം നിൻഭവനം
മർത്യന്നിടയിൽ നിൻവാസം
മർത്യതയിൽ നീ സംപ്രീതൻ
നിന്നിൽ വയ്ക്കുന്നെൻ ജീവൻ
എൻവഴികൾ നിൻതിരുനിഴലിൽ
ചിറകാലെന്നെ മറച്ചീട്ടു.

12 ഉന്നതനിൽ ദൃഷ്ടിപതിക്കുന്നോൻ
സത്യത്തിൻ വഴി പോകുന്നോൻ
ദുഷ്ടതയെ ദൂരെയകറ്റുന്നോൻ
ഹൃദയേ വഞ്ചനയില്ലാത്തോൻ
കളവും കൊലയുമകറ്റിയവൻ
താതജനങ്ങളെ മാനിപ്പോൻ
മാനവ ജനതയെ സ്നേഹിപ്പോൻ
തലമുറ തലമുറ മോദിക്കും
കൃപയുടെ ചിറകിൻ കീഴിലവൻ.



13 എൻ പ്രിയരേ, ദുർദിനമെത്തീട്ടും
കണ്ണീർ നിഷ്ഫലമായീട്ടും
കാഴ്ചകളും ദൂരെയകന്നീട്ടും
നന്നായ് ജീവിക്കാമിപ്പോൾ
ഇതുരക്ഷാദിനമാകുന്നു,
നാഥൻ തന്നൊരു വൻദാനം.
കൊലയിൽ നിന്നുമകന്നീടാം
സോദരനെ കൊലചെയ്യാതെ
നാഥനിൽ ദൃഷ്ടിപതിപ്പിക്കാം.

14 ശക്തി നിറഞ്ഞവനേകുന്നു ബലം
അതു നീക്കുന്നവനും നാഥൻ
അനുനിമിഷം താങ്ങുന്നു നാഥൻ
അവനെ വിട്ടു നടക്കരുതേ
മോഹങ്ങൾ തേടീടരുതേ
ഹൃദയേ വഞ്ചന കരുതരുതേ
വിഗ്രഹസേവിതയാം തരുണി
അടിമയിലായതു കാണുക നീ
വീണ്ടു നിർജ്ജനഭൂവിലവൾ.

15 പ്രിയനാഥൻ ജീവന്നാധാരം
ഈ വൻ ലോകമവന്റേതും
നാമെല്ലാം തൻ പ്രിയരാം മക്കൾ
അവനെ വിട്ടവനടി വാങ്ങും
ലോകം ഭീതിയുണർത്തീട്ടും
കഷ്ടത നിരവധി ഞെക്കീട്ടും
അവനിൽ ജീവൻ വയ്ക്കുന്നോൻ
അവനിൽ ദൃഷ്ടി പതിക്കുന്നോൻ
ആനന്ദിക്കും മേലുയരേ.

www.malankaralibrary.com



16 ഹൃദയത്തിൻ ശാന്തതയുന്നതനാം
നാഥൻ നല്കുന്നൊരു ദാനം
ശ്രേഷ്ഠമെഴും കൃപയുടെ വൻഫലവും
ഇരുളിൻ പാതകൾ വിട്ടീടാം
ദീപത്തിൻ വഴിയേ പോകാം
ഉയരേ സൂര്യൻ ശോഭിപ്പൂ.
നരർ സ്വയമായിരുൾ നിർമ്മിപ്പൂ
ക്രൂരിരുൾ തേടുന്ന ചോരർ
അതിനന്ത്യം മരണം നൂനം.

17 നാഥനായ് ജീവൻ വച്ചവരെ
നാഥൻ സ്നേഹിക്കുന്നെന്നും
തലമുറകൾ കൃപകൾ ചൊരിയുന്നു.
നീയെൻ ജനമാണെന്നെന്നും
നിന്നെ ഞാൻ പണിചെയ്യിട്ടും
നിന്നെ ശോഭ ധരിപ്പിക്കും.
നിന്നിൽ ജാതികൾ മോദിക്കും
വാനം പനിനീർ തൂകീട്ടും
ധരമോഹനമാം കുസുമങ്ങൾ.

18 നൃപനോതു-ന്നതിമധുരം ശബ്ദേ
നരനോടായ് നീ പ്രിയസൂനു
ആനന്ദം പകരുന്നെന്നിൽ നീ
ഹൃദയം നിൻപേക്കണയുന്നു
ദയ ഞാൻ ചൊരിയും നിന്നുള്ളിൽ
ജനതയിൽ നീയുന്നതനാകും
നിന്നെക്കാണുതു മോദകരം
നീ കൃപയുടെ വൻഉറവയതും
കാരുണ്യത്തിനിരിപ്പിടവും.



19 നവമാമെൻ നിയമം നിൻ മുൻപിൽ
വയ്ക്കുന്നീ ദിനമെൻ പ്രിയനേ,
നീയെന്നും എൻ ജനമായീട്ടും.
നിൻ ഉന്നതനാം ദൈവമഹം
ഹൃദയത്തിൽ ഞാനെഴുതീട്ടും
മായ്ക്കില്ലൊരു നാളും നൂനം
കല്ലുകളിൽ കൊത്തിയ നിയമം
കാനാൻ നാട്ടിലെറിഞ്ഞു നരർ
നിത്യം നിലനിന്നീടുമിതു്.

20 മേല്പുയരേ വിസ്തൃതമായ് കാണും
വാനമളന്നവനാരാണോ?
ആഴത്തിൻ ആഴമളന്നവനും?
അതുപോലെൻ ഹൃദയം പ്രിയരേ
അതിവിസ്തൃതമാണെൻ ഹൃദയം
സ്നേഹത്തിൻ നിറകുടമത്രേ.
വന്നുവസിക്കുവിൻ ഈ ഹൃദയേ
ഇതു നിങ്ങൾക്കായ് ഞാൻ കീറി
നിങ്ങളെ സ്നേഹിക്കുന്നെന്നും.

21 സ്നേഹിതർ വഞ്ചിക്കും നാളുകളിൽ
വഞ്ചിക്കാത്തവനൊരുവൻ താൻ
അവനെ നാം സ്നേഹിതനാക്കേണം,
അകലില്ലൊരു നിമിഷംപോലും
തെറ്റുകൾ കണ്ടാലകലില്ല
കൃപചൊരിയുന്ന കുറവുകളിൽ.
അവനെ പുണരാമീ നിമിഷം
മേവീടാം തൻഭവനത്തിൽ
തലമുറതോറും കൃപനല്കും.

www.malankaralibrary.com



97 "പ്രുമിയോൻ–സെദ്റാ"

1 ഊറിശിലേം മാളികയിൽ വച്ച്
ഭക്ഷണമായ് തിരുജഡരക്തം
തിരുനാഥൻ ശ്ലീഹക്കായ് നല്കി
സ്വർഗ്ഗം ചായിച്ചെത്തിയവൻ
ഉയരേയവകാശം തന്നു
ഉന്നതമാം മണവറ പണിതു
യാഗാർച്ചനയുടെ ഈ നേരോം
ജീവിത കാലങ്ങളിലെല്ലാം
നാഥന്നായ് സ്തുതിയർപ്പിക്കാം.

2 ജ്വാലധരി–ച്ചൊരു മറവാം ശക്തീ,
കാണപ്പെട്ടവനാം സുതനേ,
മോചനമേ–കും വത്സല റൂഹാ,
ത്രിത്വം ആവാസം ചെയ്യും
ദൈവത്വം ഘോഷിതമാകും
പാവന ബലിവേദിയിൽ ദാസർ
ബലിയർപ്പിക്കുന്നു നാഥാ,
സഭയുടെ പാപം മാറ്റണമെ
ആശ്വാസം മൃതനേകണമെ.

3 യോഗ്യമതാം–ബലിയേ, മിശിഹായേ,
ബലിയർപ്പിക്കുന്നടിയങ്ങൾ
സ്തുതിയെല്ലാം–അങ്ങേയ്ക്കാകുന്നു.
സ്ലീബായാൽ നീ പിഴ നീക്കി
മർത്യരെ മൃതിയിന്നും വീണ്ടു
ഉത്ഥിതരായ് തീർത്തുത്ഥാനാൽ



മേല്പുയരേയ്ക്കുള്ളൊരു യാത്ര
ഞങ്ങൾക്കൗന്നത്യം നല്കി
എൻ സർവ്വവുമങ്ങാകുന്നു.

4 കരുണാബ്ധേ, പ്രാർത്ഥന കേൾക്കണമെ
മായിക്കണമെ പിഴയെല്ലാം
റൂഹായാം ദാനം നല്കണമെ.
പാവനമാക്കണമിവരെ നീ
ഐക്യത്താലണിയിക്കണമെ
ചിന്തണമെന്നിൽ വൻസ്നേഹം
ശിക്ഷകളെല്ലാം നീക്കണമെ
ശാന്തി പരത്തണമിടവകയിൽ
കുരിശാലിവരെ കാക്കണമെ.

5 ത്രിയേകൻ–അത്യുന്നത ദൈവം
ഭുവനങ്ങളിലൊരുപോലെ
കീർത്തിതനും–സ്തുതികൾക്കർഹനുമാം.
ദൂതർ പാടുന്നു, "ശുദ്ധൻ"
ഉന്നതമഹിമയിൽ വാഴുന്നോൻ
ആദിയുമന്ത്യവുമില്ലാത്തോൻ
ധരയിൽ മൺമയർ പാടുന്നു
ത്രിയേകൻ നീ പരിശുദ്ധൻ
വിശകലനത്തിനതീതൻ നീ.

6 മിശിഹായേ, നരനായ് തീർന്നവനേ,
സ്നേഹത്തിൻ വറ്റാത്താഴീ,
സൃഷ്ടികൾ തൻ ശോഭയുമായവനേ,
ജീവന്നുറവിടമങ്ങത്രേ!
പരിമിതിയില്ലാത്തൊരു നാഥാ,
താതനു നീ സ്വയമർപ്പിച്ചു;

www.malankaralibrary.com



പരിപാവന ബലിയർപ്പിക്കാൻ
കുദാശകൾ പരികർമ്മിക്കാൻ
നീ യോഗ്യതയടിയാർക്കേകി.

7 വത്സലനേ, വേഗമയയ്ക്കണമെ
റൂഹായാം നിൻ ദാനത്തെ
ബലിയിലുമീ ദാസന്മാർമേലും.
അറിവിന്നുറവിടമാം റൂഹാ
സർവ്വം പാവനമാക്കുന്നു
കൃപയുടെ പൂർണ്ണത നല്കുന്നു.
പൂർണ്ണത ശ്ലീഹർക്കേകിയപോൽ
വേഗമയയ്ക്കണമിടവകയിൽ
ഉയരേ നിന്നുള്ളൊരു ദാനം.

8 നല്കണമെ നിർമ്മലമാം ഹൃദയം
പാവനമാകും ചിന്തകളും
മനസ്സിന്റെ താഴ്മയുമതുപോലെ.
ശാന്തിതരുന്നെന്നോതിയ നീ
നല്കി ശിഷ്യർക്കായ് ശാന്തി
അതു പ്രാപിപ്പാനീ നിമിഷം
യോഗ്യതയടിയാക്കേകണമെ
സഭയിൽ ശാന്തി വിതയ്ക്കണമെ
ഹൃദയേ ശാന്തത നല്കണമെ.

9 ക്രോബേന്മാർ–സ്രാപ്പേന്മാർ ഉയരേ
പാടുന്നുന്നത ശബ്ദത്തിൽ:
"പരിശുദ്ധൻ ദൈവം പരിശുദ്ധൻ"
ശക്തി ധരിച്ചവനാം നാഥാ,
എങ്ങും മഹിമ നിറഞ്ഞവനേ,
തുല്യതയില്ലാത്തൊരു നാഥാ



അവരോടൊത്തുന്നത ശബ്ദേ
എന്നും നിൻ ഗീതം പാടാൻ
യോഗ്യതയടിയാക്കേകണമെ.

10 ജീവൻ നൽ–കുന്നൊരു ഭക്ഷണമാം
ഉന്നതമന്നായേ, സ്തോത്രം
മേലുയരേ–നിന്നാഗതനായ് നീ
കന്യകവഴി കാണപ്പെട്ടു
അർപ്പിതമായ് ഗോഗുൽത്തായിൽ
സഭയിൽ വിഭജിതനത്രേ നീ
ഭക്ഷണമായ് നല്കപ്പെട്ടവോൻ
നരരെ ആനന്ദിപ്പിപ്പോൻ
പനിനീർ മുതിരിൽ ചൊരിയുന്നോൻ.

11 കർത്താവേ, കരുണ നിറഞ്ഞവനേ,
അഗ്നിമയന്മാർ തിരുമുമ്പിൽ
ആദരവായ് നില്ക്കുന്നപ്പോഴും
വിധിയാളികളുടെ വിധിയാളീ,
അത്യുന്നതനാം ജേതാവേ,
കേൾക്കണമെൻ യാചനയിപ്പോൾ
എന്നെ നീ നിൻ വകയാക്കി
പാവനമായ് ബലിയർപ്പിക്കാൻ
യോഗ്യതയടിയാക്കേകേണം.

12 സ്രാപ്പേന്മാർ ചുറ്റും വേദിയിൽ നീ
എന്നെ നിയമിച്ചു നാഥാ,
രഹസ്യങ്ങൾ ഭരമേല്പിച്ചൊരു നാൾ
തവസന്നിധിയിലുമതുപോലെ
ഈ ബലിവേദിയിലും നാഥാ,
പരിപാവനരായ് വർത്തിപ്പാൻ

www.malankaralibrary.com



പാപവിമോചനമേകണമെ
ഈ കാഴ്ചകളെ കൈക്കൊൾക
റൂഹായാം ദാനം ചൊരിക.

98 "ഫെബ്രുവരി 22"

1 ഉന്നതനാം ഈവാനീസോതി
റോമായെ സ്നേഹിക്കുന്നേൻ
ശോഭയെഴും കൺയുഗ്മം കാണ്മേൻ,
വീടിൻ മൂലക്കല്ലായോൻ
ഭവനം പണിയാൻ റോമായിൽ
എത്തി മാർ ശെമഓൻ കീപ്പാ
തോഴൻ മാർ പൗലോസ് ശ്ലീഹാ
വിതറി ഉന്നത സന്ദേശം
റോമാ ജ്വാല പരത്തുന്നു.

2 ജാതികളിൽ ജ്വാലയെറിഞ്ഞവനാം
പൗലോസ് ശ്ലീഹാ റോമായിൽ
സുവിശേഷം വിതറി പലനാളിൽ.
വചനം വഴിയും കത്തു വഴിയും
സംസാരിച്ചവനവരോടായ്
ജാതികളും യൂദന്മാരും
ഓടിയടുത്തു ആലയതിൽ
വിഗ്രഹസേവ വെടിഞ്ഞവരോ
മിശിഹായുടെ സേവകരായി.

3 റോമായേ, ഭാഗ്യവതി, നഗരി,
കേട്ടു നീ പ്രിയമാം നാദം
ഏറ്റു നീ പ്രിയമാം ലേഖനവും.



ഭൗമിക നഗരങ്ങൾ വീണു
ഭൗമിക ഊറിശ്ലേം വീണു
സാമ്രാജ്യങ്ങൾ പൊടിയായി.
ശോഭ പരത്തുന്നു റോമാ,
ലോകത്തിൻ വൻ സാക്ഷ്യമതായ്
മിശിഹാ മോദിക്കുന്നവളിൽ.

4 റോമായെ സ്നേഹിച്ചു മിശിഹാ
ദൂതരെ വിട്ടു റോമായ്ക്കായ്
ജാതികൾ തൻ നഗരത്തിനു മദ്ധ്യേ
പൗലോസ് മൃതനായ് റോമായിൽ
പത്രോസ് നാഥനു തുല്യനുമായ്
അവരുടെ ശോഭ പരക്കുന്നു.
റോമാ നഗരത്തിൽ നിന്നും
ഉന്നത സന്ദേശം ലോകേ
വിതറുന്നുന്നതനാം നാഥൻ.

5 ഉദയത്തിൽ ദിനകരനുയരുന്നു
അസ്തമനേ മറയുന്നെന്നും
ഇവർ രണ്ടോ ശോഭിക്കുന്നെന്നും,
ദാസർ മേവുന്നു റോമിൽ
സ്നേഹത്തിൻ സന്ദേശവുമായ്
പത്രോസിൻ പിൻഗാമിയുമായ്
ലൗകിക ഭരണാധിപനല്ല
റോമായിൽ വാഴുന്ന നരൻ
അവനെന്നും കുരിശിൻ സാക്ഷി.

6 കാലാന്ത്യ കാഹളമൂതുമ്പോൾ
റോമിൽ നിന്നെഴുന്നേറ്റിടും
പത്രോസും പൗലോസ് ശ്ലീഹായും.

www.malankaralibrary.com



അവരോടൊത്തൊരുവൻ നിത്യം
സൂര്യനെ വെല്ലും ശോഭയോടേ
മിശിഹായുടെ വലഭാഗത്തായ്
നില്പാൻ നീ കൃപ നല്കണമെ
കരുണ നിറഞ്ഞവനാം നാഥാ,
ഞാനെന്നും നിന്റേതല്ലോ.

7 ശോഭയെഴും ഇരുമകുടം ചൂടി
വിജയിക്കുന്നവൾ റോമായേ,
മോദിക്കു മിശിഹായെ പ്രതി നീ
നിന്നിൽ നിന്നെഴുന്നേല്ക്കുന്ന
വൻ നിരയെ നീ കണ്ടിട്ട്
മിശിഹായുടെ ദാസന്മാരെ
മകുടം ചൂടിയ സഹദേന്മാർ
പരിപാവനരാം കന്യകമാർ
ശോഭയെഴും മൗദ്യാനന്മാർ.

8 ശ്ലീഹന്മാർ വിജയിക്കുന്നിവിടെ
അവരുടെ ദേഹംപൊടിയായി
റോമായിൽ ഒന്നായ് ചേർന്നല്ലോ.
അവരിൽ മേവിയ വൻശക്തി
ജീവിക്കുന്നെല്ലാ ദിനവും
ശോഭ പരത്തുന്നെമ്പാട്ടും
അവരുടെ വിശ്രമഗേഹത്തിൽ
സാഷ്ടാംഗം പ്രണമിക്കുന്നേൻ
കാക്കണമെന്നെ കരുണാബ്ധേ.

9 ഇൻഡ്യായിൽ നിന്നീ റോമായിൽ
എത്തീ ഞാൻ നാഥൻ കൃപയാൽ
വിജയികൾ തൻ മകുടം ദർശിച്ചു.



പൗലോസിൻ വിശ്രമഗേഹം
പത്രോസ് മേവും വത്തിക്കാൻ
മാതാവിൻ വന്ദനഭവനം
യൂഹാനോൻ പുകഴും ഗേഹം
കന്യകമാരുടെ ഭവനനിര
റോമാ കാണ്മോർ ഭാഗ്യനരർ.

10 ദുഷ്ടതയെ തീയിൽ കത്തിക്കും
അതിപരിശുദ്ധതയാം നാഥാ,
ചൊരിയണമെ കൃപ നീ റോമായിൽ
ദൂരത്താക്കു മ്ലേച്ഛതയെ
ഓടിക്കു കൊലപാതകിയെ
കൃപയും ശാന്തിയുമേകീട്ട്
അനുതാപം പകരൂ ഹൃദയേ
ചിന്തു റൂഹായാം ദാനം
റോമാ പാവനയാകട്ടെ.

11 കർത്താവേ, നിന്നിൽ വസിക്കുന്നേൻ
ശിഷ്യായുസ് ഞാനെന്നേക്കും
കൈക്കൊണ്ടെൻ യാചന നല്കണമെ.
നീയാണെൻ പ്രിയനാം നാഥൻ
നിൻവഴി എന്നെ കാട്ടണമെ.
പാതയിലൂടെ നടത്തണമെ.
എൻ ചെയ്തികളെ വാഴ്ത്തണമെ
ചിന്തണമെ നിൻ റൂഹായെ
ഞാനെന്നും നിന്റേതല്ലോ.

12 ശ്ലീഹന്മാർ ശോഭയോടെഴുന്നേല്ക്കും
നാളിൽ നിന്നെ എതിരേല്പാൻ
കൃപയേകു അടിയാർക്കീദിവസം.

www.malankaralibrary.com



പാപം ചെയ്തവരാമിവരെ
പാതാളേ നീ തള്ളരുതേ
പൊതിയണമെ നിൻറൂഹായാൽ.
സഹദേന്മാരുടെ കൂട്ടാളീ,
മൗദ്യാനന്മാരുടെ നാഥാ,
ഞാനെന്നും നിൻേറതല്ലോ.[53]

99 ''ബലി''
1 മിശിഹായോ–തീ തൻ ശിഷ്യരൊടായ്
അപ്പമെടുത്തിട്ടൊരു നാളിൽ
ഇതു മമമേ–നീ യെൻ വത്സലരേ,
ഭക്ഷിക്ക~~ചിൻ~~ അപ്പത്തെ
കാസായേന്തീ–ഓതി നൃപൻ
ഇതു മമ രക്തം വത്സലരേ,
വാങ്ങി പാനം ചെയ്തിടുവിൻ
നിങ്ങൾ കൂടുമ്പോഴെല്ലാം
എൻ മൃതിയെ ഓർത്തിതു ചെയ്യിൻ.

2 അപ്പത്തിൻ–രൂപത്തിൽ മേവും
മിശിഹായേ വാഴ്ത്താം പ്രിയരേ,
ഹൃദയം നാം കഠിനമതാക്കരുതേ.
ഏററു പറഞ്ഞവനെപ്പൊള്ളാം
തൻ രക്തം പാനം ചെയ്യാം
അവനോടൊന്നായ് ചേർന്നീടാം.

53 cf. John Chrysostom, Homilies on Romans, in Quasten, Patrology, III. P. 443.



ക്രിസ്തുവിനെ പേറുന്നവരായ്
പോകാം ലോകത്തിൻ മദ്ധ്യേ
കാട്ടാം ഉന്നതമാം സ്നേഹം.
3 ദാനത്തിൻ തികവാകും നാഥാ,
ചൊരിയൂ നിൻ കൃപ ഉയരേന്നും
റൂഹായാം ദാനം ചിന്തണമെ.
പാവനമാക്കണമടിയാരെ
അർപ്പിതമാമീ കാഴ്ചകളെ
മിശിഹായുടെ മെയ് നിണമാക്കൂ
റൂഹാ സ്പർശിക്കും വസ്തു
പരിപാവനമായ് തീർന്നിടും
പുതിയൊരു രൂപം പ്രാപിക്കും.

4 പാവനമാം ഈ ബലിയിൽ ഞങ്ങൾ
കേഴുന്നു കരുണയ്ക്കായി
ശാന്തിധരേ ചിന്തുന്നതിനായി
സഭയിൽ യോജിപ്പേകിടുവാൻ
ദുഷ്ടർ ചിതറി നശിച്ചീടാൻ
അധികാരികളെ വാഴ്ത്തീടാൻ.
ധരയിൽ നന്മ വളർത്തീടാൻ
പീഡിതരാശ്വാസം നേടാൻ
തൻ കൃപയെങ്ങും വിതറീടാൻ.

5 പാവനമാം ഈ ബലിയിൽ ഞങ്ങൾ
കേഴുന്നു കരുണയ്ക്കായി
രോഗങ്ങൾ വേഗം സുഖമാകാൻ
വേദന ദൂരെയകന്നീടാൻ
യാചനയെല്ലാം നല്കീടാൻ
കുറവുകളെല്ലാം തീർത്തീടാൻ

www.malankaralibrary.com



സഭയെ വളർത്തീടാൻ ധരയിൽ
യുദ്ധം ദൂരെയകന്നീടാൻ
പുതിയാകാശമിറങ്ങീടാൻ.

6 പാവനമാം ഈ ബലിയിൽ ഞങ്ങൾ
ഓർക്കുന്നു മൃതരെല്ലാരേം
നിബിയന്മാർ, ശ്ലീഹർ, സഹദേന്മാർ
അവരെ കൈക്കൊണ്ടൊരു നാഥൻ
അവരുടെ യാചനയാൽ നാഥൻ
ഇവരുടെ യാചന കൈക്കൊള്ളാൻ
കാരുണ്യം ധരയിൽ വിതറാൻ
സഭയിൽ യോജിപ്പേകിടുവാൻ
ഹൃദയേ ശാന്തത വിതറീടാൻ.

7 പാവനമാം ഈ ബലിയിൽ ഞങ്ങൾ
ഓർക്കുന്നാചാര്യന്മാരെ
പാവനരാം മേല്പട്ടക്കാരെ
നമ്മുടെ മൃതരായേവരെയും
കഷ്ടത നിരവധിയേറ്റവരാം
മർത്യകുലത്തിൻ മക്കളെയും.
കൈക്കൊള്ളണമെ യാചനകൾ
നാഥാ, കാരുണ്യം ചിന്തു
നിന്നിൽ വസ്സുന്നെൻ ജീവൻ.

**100** "മഹനീയമതാം ബലിവേദി"

1 ഉന്നതമാം-വചനം ദൈവസുതാ,
നീപേറുന്നുള്ളം കയ്യിൽ
വിസ്തൃതമാം ലോകങ്ങളെയെല്ലാം.



കന്യക താലോലിച്ചങ്ങേ
പരിഹാരാർത്ഥം തിരുസഭയിൽ
ഭൗമികരേന്തുന്നു നിന്നെ.
പ്രഭയിൽ ക്രോബേ വിറകൊള്ളും
തിരുസഭ നിന്നിൽ മോദിക്കും
ഘോഷിക്കും നിൻ ജഡരക്തം.

2 ശോഭയെഴും കിരണം ദൈവസുതാ
സ്രോപ്പേർ സംഭ്രമമിയലുന്നു
ശോഭയിൽ നോ-ക്കാൻ ലജ്ജിക്കുന്നു.
സഭയിൽ മണ്മയരുടെ കൂട്ടം
നിന്നാൽ പോഷിതരാകുന്നു
ഘോഷിക്കുന്നു നിൻ സ്തുതികൾ
വാഗ്ദാനം മാറ്റാത്തവനേ,
നിത്യ പുരോഹിതനേ, ശ്രേഷ്ഠാ,
ദയയുടിരിപ്പിടവും നീതാൻ.

3 ജീവൻ നല്കും മുന്തിരി നീതാൻ
ക്രൂശിച്ചവർ ഞെക്കി നിന്നെ
ധരമുഴുവൻ ഒഴുകീ പാനീയം
അവരതു പാനം ചെയ്തില്ല.
തിരുസഭ നിന്നിൽ മോദിച്ചു
പാനം ചെയ്തു രസിക്കുന്നു.
റൂഹായാം കൃപ പ്രാപിച്ചു
കൃപയുടെ പൂർണ്ണത നേടുന്നു
മേലുന്നതമാം മണവറയും.

4 ഉത്തമമാം പാനീയം മിശിഹാ,
ദാഹം തീർക്കുന്നോരുറവേ,
നീ നല്കു-ന്നു മായാത്ത ഫലം.

www.malankaralibrary.com



നിൻ സ്നേഹിതർ മോദിക്കുന്നു
നിൻ പരിശോധകർ ലജ്ജിപ്പൂ
തിരുസഭ പാട്ടും നിൻ സ്തുതികൾ
മഹനീയമതാം ബലിവേദി
സജ്ജമതാക്കിയ മഹനീയാ,
നിൻ പേക്കായ് ബലിയർപ്പിക്കും.

**101** "മഹാനായ മാർ ബസ്സേലിയോസ്"

1 ബസ്സേലി–യോസ്സെന്നൊരു ധീരൻ
ജീവിച്ചൊരു നാളീയുലകിൽ
മിശിഹായെ കാട്ടീ വചനത്താൽ
കന്യകയിൽ നിന്നുരുവായോൻ
അത്യുന്നതനാം ദൈവസുതൻ
ദൈവവുമതുപോൽ മർത്യനുമാം
വിഗ്രഹസേവ വെടിഞ്ഞീടിൻ
അവനെ ഹൃദയേ കൈക്കൊള്ളിൻ
ഉപദേശിച്ചവനനു നിമിഷം.

2 പീഡകരെ പേടിച്ചില്ലൊട്ടും
ഉത്തമനാമീവാനിയോസ്
സ്ഥാപകനെ–പ്പോലോതീ സത്യം
തിന്മവെറുക്കണമെല്ലാരും
പാവങ്ങളെ സ്നേഹിക്കേണം
ലൗകികപ്രൗഢികൾ വ്യർത്ഥമഹോ
അവരവനെ ഓടിച്ചകലെ
മരുഭൂമിയിലവനേകനുമായ്
മൃതനായവനവിടൊരു നാളിൽ



3 യൗവനകാലം ഞാൻ പാഴാക്കി
വ്യർത്ഥതയുടെ പിറകേ പോയി
ലൗകികജ്ഞാ–നം നേടാനോടി
നിദ്രയിൽ നിന്നൊരു നാളുടനേ
ഞെട്ടിയുണർന്നു ഭോഷനിവൻ
പൂരിതനായ് സുവിശേഷത്താൽ
കേട്ടു ഞാനൊരു ദിവ്യസ്വരം
ലൗകികവിജ്ഞാനം വ്യർത്ഥം
ലൗകിക നേട്ടങ്ങളുമതുപോൽ.

4 കണ്ണീരാൽ കഴുകിയെൻ കറകൾ
കണ്ണീർ പുഴപോൽ ഒഴുകിയിതാ
കണ്ണുകൾ ര–ക്തത്തിൻ നിറമായി
ദീപത്തിന്നായ് പ്രാർത്ഥിച്ചേൻ
ഓടി ഞാൻ നാഥൻ സവിധേ
നാഥൻ ജ്വാല പകർന്നെന്നിൽ
ഉന്നത ജ്ഞാനം പ്രാപിച്ചേൻ
ചിന്തീ റൂഹാ തൻ ദാനം
നാഥന്നായ് ഞാൻ അർപ്പിച്ചു.

5 പീഡനമോ മൃതിയോ ഒരു നാളും
എന്നെയകറ്റില്ലെൻ പ്രിയരേ,
ഈ ഭുവിൽ സമ്പത്തില്ലിവനായ്
ഈ ലോകം മമ തറവാട്
ബന്ധിതനല്ലിവനൊരിടത്തും
എല്ലാം ദൈവത്തിൻ വകയും
അവനെ കാട്ടും വഴികാട്ടി
മാത്രം ഞാനെൻ വത്സലരേ,
പേടിക്കില്ലിവനൊരു നാളും

www.malankaralibrary.com



6 ഒരു നാളും ദോഷം ചെയ്യാത്ത
നൃപനെ തള്ളുവതെങ്ങനെയോ?
അവനായ് ഞാൻ ജീവൻ വയ്ക്കുന്നു
ദേഹത്തിൽ ക്ഷതമേററാലും
ആത്മാവിൽ ഞാൻ ജീവിക്കും
കൊന്നാൽ ഞാൻ ഉയരേ പോകും
ഈ ലോകം മാറിപ്പോകും
ദുഷ്ടന്മാർ വേദനയേല്ക്കും
പീഡകരോടോതീ സഹദേർ.

**102** "മാതാവിനോട്"

1 കാലാന്ത്യം ആഗതമായപ്പോൾ
ദൃശ്യമതായ് ജ്യോതിർഗോളം
പ്രഭവിതറീ—അവനിയിലുടനീളം.
പെരുവെള്ളപ്പാച്ചിൻ സമമായ്
വെള്ളിടി നാദസമം ഞൊടിയിൽ
എത്തീ ബേത്ലേമിൽ ദൈവം.
മിന്നി വിളങ്ങീ ഭൂലോകം
പുതിയൊരു ജ്വാല പരന്നിവിടെ
ഉയരാഴങ്ങൾക്കാഹ്ലാദം.[54]

2 ദൈവത്തിൻ പൂർണ്ണതയാം വചനം
ജ്വാലയിൽ നിന്നുള്ളൊരു ജ്വാല
ഉയരാഴം കൈയിൽ പേറുന്നോൻ.
കന്യകയുദരേ പേറിയിതാ
കത്തിച്ചില്ലാക്കന്യകയേ
പൂട്ടിയടച്ചു വാതിലുകൾ

54 ഹസ്കീയേൽ 43:2



ശോഭ നിറഞ്ഞാ ഭവനത്തിൽ
കന്യക ശോഭിതയായ് ധരയിൽ
പേറീ നൃപനേ നവമാസം.[55]

3 ഉയരാഴം പണി ചെയ്യും മുമ്പേ,
ഉയരാഴങ്ങൾക്കധിപതിയാം
സകലേശൻ കണ്ടു കന്യകയെ
സുതനെത്തീമേവീയവളിൽ
വച്ചു സിംഹാസനമവളിൽ
ഇസ്രായേലിൻ കന്യകയിൽ
ഈ ലോകത്തിൻ മദ്ധ്യത്തിൽ
താതൻ പണിതൊരിരിപ്പിടമോ
മോഹനമാണെൻ വത്സലരേ.[56]

4 ദൈവസുതൻ മനുഷ്യനുമായൊന്നായ്
മനുഷ്യത്വം പേറീ തന്നിൽ
പൂശിയിതാ റൂഹ്ക്കുദിശാ നരനെ
ദൈവസുതൻ കന്യാസുതനായ്
രണ്ടുണ്ടെങ്കിലുമൊന്നത്രേ
രണ്ടും രണ്ടായ് മേവിയിതാ
അത്യത്ഭുതമാമവതാരം
ദൈവസുതൻ തൻ കർമ്മങ്ങൾ
വിവരിപ്പാനെളുതല്ലൊട്ടും.

5 കാണുന്നേൻ കന്യാസുതനായി
ബേത്ലഹേമിൽ ജനിച്ചവനെ
നസ്രേത്തിൽ ജീവിച്ചൊരു നരനെ

55 ഹസ്കീയേൽ 43:4–5
56 ഹസ്കീയേൽ 43:7

www.malankaralibrary.com



പൈദാഹങ്ങൾക്കടിമയതായ്
യാത്രാക്ലേശം പേറുന്നോൻ
കല്ലറയിൽ കരയുന്ന നരൻ

പക്ഷേ വത്സലരേ കേൾപ്പിൻ
സാക്ഷാലീ മർത്യൻ ദൈവം
സാക്ഷിച്ചു കള്ളൻ കുരിശിൽ

6 ദൂതന്മാർ പാടിയവന്നായി
എത്തി വിദ്വാന്മാർ ജനനേ,
നക്ഷത്രം സാക്ഷിച്ചു നൃപനെ.

രോഗം മാററീ വൻ വൈദ്യൻ
കടലിന്നോളമടക്കിയവൻ
ലാസറിനുയിരേകീ കൃപയാൽ

ഭക്ഷണമേകീ മലമുകളിൽ
സാക്ഷാൽ ദൈവസുതൻ മിശിഹാ
കന്യാസുതനും തിരുസുതനും.

7 മാതാവേ, ഓക്കണമെ സഭയെ
അപ്പിക്കടിയാരുടെ കണ്ണീർ
യാഗത്തോ–ടൊന്നായീനിമിഷം.

വേദന പേറുന്നീ ദാസർ
എത്തുന്നു നിൻ സന്നിധിയിൽ
സുതനോടർത്ഥിക്കടിയാക്കായ്

നീ പരിപാവനമാം രത്നം
കൃപയുടിരിപ്പിടമാം ഭവനം
അത്യുന്നത ദേവാലയവും.



**103** ''വഴിയും 'സത്യവുമായവനേ''[57]

1 കാനായിൽ കാട്ടിയ കർമ്മത്താൽ
ദൈവത്വം വെളിവാക്കിയവൻ
ജേതാവേ, സൃഷ്ടിക്കുടയവനേ,

നീർ നിൻ ശബ്ദത്താൽ വീഞ്ഞായ്
മുന്തിരിനീർ നിൻ തിരുനിണമായ്
ഗോതമ്പപ്പം നിൻ മേനി

കറകൾ നിറഞ്ഞവരാമിവരിൽ
പുതിയൊരു ജീവൻ പകരണമെ
തിരുമണവറയിലിരുത്തണമെ.

2 പിറവിയിലേ അന്ധത പേറിയവൻ
തവ ശബ്ദത്താൽ മോദിപ്പു
സൃഷ്ടിയിൽ നിൻ രൂപം ദർശിച്ചു.

ബധിരനു കേൾവി കൊടുത്തവനേ
അഗതിക്കാശ്രയമേകിയ നീ
ഭോഷനു ജ്ഞാനം നീ നല്കി

കനിയണമെ നിൻ ദാസരിൽ നീ
കാരുണ്യാബ്ധികൾ ചൊരിയണമെ
തിമിരം പാടേ നീക്കണമെ.

3 ഇരുളിൽ ഞാ–നുഴലുന്നുടയവനേ,
വഴി കാട്ടണമെ ജഗദീശാ,
നിൻ ദീപം പാദത്തിനു ശക്തി

രോഗങ്ങൾ നീ മാററുന്നു
കൃപകൾ ചൊരിയും കലവറ നീ
പൂർണ്ണതയേകും പറുദീസാ

---

57 യോഹന്നാൻ 2:1–9

www.malankaralibrary.com



കനിയണമേ, നിൻ ദാസരിൻ നീ
കാരുണ്യാബ്ധികൾ ചൊരിയണമെ
തിമിരം പാടേ നീക്കണമെ.

4 നിൻ വചനം കേൾക്കാനെൻ നാഥാ,
എൻ ശ്രവണത്തിനു ശക്തി തരു
നിൻ കൃപകൾ കാണാനീ ദിവസം
അന്ധത നീക്കു പ്രിയ നാഥാ.
നിന്നോതുര ചെയ്തീടാനായ്
നാവിനു ശക്തി പകർന്നീട്ടു
പാപത്തിൻ ഭീകര ഭാരം
മാററുക താങ്ങുക കൈകളിൽ നീ
ഞാ–നാശ്രയമങ്ങിൽ വച്ചും.

5 ഊറിശിലേം ദേവാലയമതിനുൾ
വ്യാപാരം ചെയ്തവരെ നീ
തീക്ഷ്ണതയാൽ ഓടിച്ചകലേക്കായ്.
നിൻകര വേലയതാമെന്നിൽ
കൃപ തോന്നണമെ പ്രിയനാഥാ,
വന്നു വസിക്കണമെന്നുള്ളിൽ
ദുഷ്ടത നീക്കണമതിവേഗം
തീക്ഷ്ണത കാട്ടണമെൻ പേക്കായ്
പ്രിയനാഥാ താമസമരുതേ.

6 റൂഹായാൽ നവജാതം ചെയ്യും
നരനായ് പറുദീസാ പണിതോൻ
മണവറ തീർ–ക്കാനായ് പോയ് ഉയരേ
നാഥാ, നിന്നിൽ സ്ഥാപിതരും
നിൻ റൂശ്മാ പേറുന്നവരും
നിന്നിൽ നിദ്രിതരായവരും



കാലാന്ത്യത്തിലുയർത്തീടാൻ
പുതിയൊരു വസനമുടുത്തീടാൻ
വലിയൊരു കൃപ തരണം നാഥാ.

7 ലോകത്തെ സ്നേഹിച്ചൊരു താതൻ
രക്ഷിപ്പാൻ തിരുവചനത്തെ
കാലാന്ത്യേ മന്നിലയച്ചല്ലോ;
ശരണിതരെ തുണ ചെയ്യാനായ്
രക്ഷകനായവനിങ്ങെത്തി
വിധി ചെയ്യുന്നവനായല്ല;
വിധിയവനരുകിലടുക്കില്ല
വഴികാട്ടുന്നു പ്രിയ നാഥൻ
തിരുവചനം കാലിൻ ദീപം.

8 ദാഹജലം കോരിയെടുത്തവളാം
ശമറായത്തിക്കൊരു നാളിൽ
ജീവജലം നല്കിയവൻനദിയേ
ഗോഗുൽത്തായിൽ നിന്നൊഴുകും
അരുവികൾ പകരും ജീവജലം
നല്കണമടിയാക്കെന്നെന്നും.
കാട്ടണമടിയാക്കനുദിനവും
സത്യത്തിൻ വല്യതാം മാർഗ്ഗം
നിത്യം നിൻ സ്തുതി പാടീടാൻ.

9 നിലനില്ക്കും മകുടം നല്കുന്നോൻ
നിർമ്മല രാജാവേ, സ്തോത്രം
നല്കണമെ രാജ്യത്തിൽ സ്ഥാനം
ഭക്ഷണമേകണമനുദിനവും
ദാഹജലം നീ നല്കണമെ
വാടാത്തൊരു കുസുമം തരണം.

www.malankaralibrary.com



ജീവനിലേക്കു ഗമിക്കുന്ന
പാതകൾ കാട്ടണമെൻ നാഥാ,
അതിലൂടെന്നെ നടത്തണമെ.

10 പാപിനി നിൻ കാരുണ്യം കണ്ടു്
പാദത്തിങ്കൽ വീഴുന്നു
കണ്ണീരാൽ പാപം കഴുകുന്നു.
പാപിനിയെക്കല്ലെറിയാത്തോൻ
ഒരു നാളും വിധി ചെയ്യാത്തോൻ
തെററുകളെല്ലാം മാച്ചുന്നോൻ
കരുണ നിറഞ്ഞവനാം നാഥാ
മാച്ചുണമെൻ ബഹുലം പാപം
കഴുകണമെൻ കറകൾ നന്നായ്.

11 ലോകത്തിൻ–ദീപം മിശിഹായേ,
വാതിലുമാലയുമായവനേ,
നവജീവൻ–പകരുന്നൊരു പൂപ്പം
അത്യുന്നതനാമിടയൻ നീ,
വഴിയും സത്യവുമായവനേ,
ജീവനുമതുപോൽ നവജീവൻ,
നിന്നിൽ ശരണിതർ മൃതിഹീനർ
നിന്നിൽ നിശ്രിതരെഴുന്നേല്ക്കും
മൃതിയവരെ തോല്പിക്കില്ല.

12 മൃതിയാലെ–മൃതിയെ വെന്നവനാം
മൃതിഹീനൻ നീ മിശിഹായേ,
മൃതനാമെൻ–മേൽ നീ കൃപ ചൊരിക
ഉയരേ നിന്നാഗതനായോൻ
അത്യുന്നതനാം ദൈവസുതൻ
പിതൃവലഭാഗേ മരുവുന്നോൻ



മരുഭൂമിയിൽ വലയുന്നിവനെ
കൈതന്നുയരെയിരുത്തണമെ
നിൻ സ്തുതി ഞാനെന്നും പാടും.

## 104 ''സ്വഭാവപ്രകാരം''

1 മിശിഹായേ, ദൈവത്തിൻ സുതനേ
നീയത്യുന്നതമാം വചനം
നിന്നെ ഞാ–നാരാധിക്കുന്നു.
കാലാരംഭത്തിനു മുൻപേ
നീയുരുവായ് താതനിൽനിന്നും
ജ്വാലയിൽ നിന്നുള്ളൊരു ജ്വാല
താതൻ സമമാരാധ്യൻ നീ
പിതൃവലഭാഗെയിരിക്കുന്നോൻ
നിൻ ഗീതം ഞാൻ കീർത്തിക്കും.

2 മിശിഹായേ, നീയാണെൻ നാഥൻ
കാലത്തിൽ നീ നരനായി
കന്യകയിൽ നിന്നീ ധരയെത്തി
മർത്യനു രക്ഷ പകർന്നീടാൻ
ജീവനവർക്കേകിടുവാനായ്
പുതിയൊരു പറുദീസാ പണിയാൻ
ദൈവസ്വഭാവം പേറുന്ന
രണ്ടാമാളാം സംസ്തുത്യൻ
മർത്യസ്വഭാവമെടുത്തൊരു നാൾ

3 പാവനയാം കന്യകയിൽനിന്നും
ദൈവസ്വഭാവം വെടിയാതെ
നരനായി സംസ്തുത്യൻ വചനം

www.malankaralibrary.com



നരനെപ്രതി കുരിശിൽ മൃതനായ്
മൃതിയാൽ മൃതിയെ വെന്നവനായ്
മൂന്നാം നാളുത്ഥിതനായീ
ഭൂലോകത്തിൻ രാജാവായ്
ജീവിപ്പിച്ചിട്ടുമാത്മാവായ്
വാഴുന്നു–പിതൃവലഭാഗേ.

4 രക്ഷകനാം മിശിഹാ രാജാവേ,
ഉത്ഥാനം ചെയ്തൊരു ദേവാ,
നിന്നെ ഞാ–നാരാധിക്കുന്നു.
നിന്നിൽ വസ്സുന്നെൻ ജീവൻ
നിന്നെ ഞാൻ സ്നേഹിക്കുന്നു
നീയത്യുന്നത ദൈവസുതൻ
ശാന്തി പരത്തണമീ ധരയിൽ
ഐക്യം വിതറണമെ സഭയിൽ
ചേർക്കണമെല്ലാരേം സഭയിൽ.

5 ദൂതന്മാർ പാടുന്നു ഗീതം
അത്യുന്നതനാം ദൈവസുതാ
അവരോടൊ–ത്തിവരും പാടുന്നു
കർത്താവേ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
മൃതിഹീനാ നീ പരിശുദ്ധൻ
മാനവരക്ഷയ്ക്കായ് മലയിൽ
ക്രൂശിൽ തൂങ്ങി മരിച്ചവനേ,
കൃപചൊരിയണമീയടിയാർ മേൽ.



**105** ''വിശ്വാസപ്രഖ്യാപനം''

**1** മേല്യയരേ–ഗീതം പാടുന്ന
വാനവ ദൂതന്മാരൊത്തു്
ഉന്നതമാം ഗീതംപാടീടാം.
പരിശുദ്ധൻ നീ പ്രിയതാതാ,
പരിശുദ്ധൻ നീ ദൈവസുതാ,
പരിശുദ്ധൻ നീ റൂഹായേ,
ത്രീയേകൻ ദൈവം സ്തുത്യൻ
നരരോ പാപം തിങ്ങിയവർ
പകരണമെ നിൻ പരിശുദ്ധി.

**2** ധൂപത്തെ കൈക്കൊള്ളുന്നവനേ,
യാചനയെല്ലാം കേൾപ്പവനേ.
നിദ്രിതരിൽ കൃപ വർഷിപ്പവനേ,
കൈക്കൊള്ളണമെൻ ധൂപത്തെ
എൻ യാചന നീ കേൾക്കണമെ
മൃതരിൽ പനിനീർ വർഷിക്കു
നിന്നിൽ വസ്സുന്നടിയാരെ
ഈ ബലി നീ കൈക്കൊള്ളണമെ
ഈ ദിവസം കൃപ ചൊരിയണമെ.

**106** ''സെഫനിയാ''

**1** കാരുണ്യം തിങ്ങി നിറഞ്ഞവനാം
കരുണക്കടലാം സകലേശൻ
ഓതിയിദം നിബിമാരുടെ വാക്കാൽ:
മാററും ഞാൻ ധരയീന്നെല്ലാം
ചുട്ടുകരിക്കും ദുഷ്ടതയെ
നവമാം ഭൂമി ഇറക്കും ഞാൻ.

www.malankaralibrary.com



തിരിയിൻ കരയിൻ വത്സലരേ,
ഹൃദയം നന്നായ് കഴുകീടിൻ
റൂഹായാം ദാനം തേടിൻ.

2 കത്തിക്കും ദുഷ്ടതയെ തീയിൽ
മാററും മാമലയെ നാഥൻ
കൊടുമുടികൾ ഹിമസമമുരുകിപ്പോം;
ഭുവാനങ്ങൾക്കുടയവനാം
താതസുതാത്മൻ ത്രീയേകൻ
കരുണനിറഞ്ഞവനാം നാഥൻ
സവിധേ അണയാം വത്സലരേ,
കാരുണ്യത്തിന്നായ് കേഴാം
ഹൃദയം കഴുകി വെടിപ്പാക്കാം.

3 കർത്താവിൻ ദിവസമടുത്തല്ലോ
മൗനം പൂണ്ടു വസിച്ചിടുവിൻ
ധിക്കാരം ദൂരെയകററിടുവിൻ.
കൊലയുടെ വൻബലി സജ്ജമിതാ,
മൃതിയുടെ ചൂള തുറന്നിടുമേ
ദുഷ്ടന്മാരതിൽ വെന്തീടും
വൻ ന്യായാസന മുൻപാകെ
വക്കാലത്തുകൾ നിഷ്ഫലമാം
കോഴകൾ സ്വീകൃതമല്ലവിടെ.[58]

4 ഇന്നിവിടെ ദാനം ചെയ്യുന്നോർ
നാഥനെ ഹൃദയേ സ്നേഹിപ്പോർ
സത്യത്തിൻ സാക്ഷികളായ നരർ

58 സെഫനിയാ, 1:7–12



മിശിഹായെ കൈക്കൊണ്ട നരർ
പിതൃകർമ്മങ്ങളെ ഘോഷിച്ചോർ
പരിശുദ്ധാത്മാവാൽ ധന്യർ
അനുദിന ബലികളണയ്ക്കുന്നോർ
നിർമ്മല വേദികളുള്ള നരർ
അവർ കാരുണ്യം പ്രാപിക്കും.

5 ഇന്നിവിടെ പീഡനമേല്ക്കുന്നോർ
വേദനകൊണ്ടു് കരഞ്ഞിടുവോർ
ജോലികളാൽ ക്ഷീണിതരായ നരർ
ഭാരത്താൽ ക്ലേശിപ്പവരും
മർദ്ദനമേററവരാം നരരും
ദൂഷണ വലയിലകപ്പെട്ടോർ
ചതി ചെയ്യാത്തവരാം നരരും
കൊല ചെയ്യാത്തവരാം നരരും
അവർ കാരുണ്യം പ്രാപിക്കും.

6 ശുദ്ധതയിൽ ജീവിതനിമിഷങ്ങൾ
സൽകൃത്യങ്ങൾക്കായ് വയ്ക്കാം
നാഥനു നാം പ്രീതി അണച്ചീടാം
പുതിയൊരു യാഗമണച്ചീടാം
നിത്യാരാധനയോടൊന്നായ്
സോദരരോടു നിരപ്പാകാം
കരുണ നിറഞ്ഞവനീ ബലിയെ
കൈക്കൊണ്ടിവരെ കാത്തീടും
പുതിയൊരു പറുദീസാ നല്കും.

7 ജനതതിയെ കാണാൻ എത്തിയവൻ
ജനനേതാവാം സകലേശൻ
ദുഷ്ടതയാൽ ദുഃഖിതനായ് തീൎന്നു.

www.malankaralibrary.com



ബലഹീനതയിലകപ്പെട്ട
മർത്യർക്കായ് ഉയരേനിന്നും
വത്സല സുതനെ അയച്ചൊരു നാൾ.
നരരുടെ ജീവിത വേദനകൾ
പേറിക്കൊണ്ടാ നരരാജാ
ഗോഗുൽത്താ മലമുകളേറി.

8 വരുവിൻ ഞാൻ ലോകത്തിൻ ദീപം
വഴികാട്ടാം ഞാൻ വത്സലരേ,
സത്യമുരയ്ക്കുന്നവനത്രേ ഞാൻ.
ജീവൻ പകരുന്നോരുറവ
മരണത്തിന്മേലധികാരി
പറുദീസായുടെ താക്കോൽ ഞാൻ
വരുവിൻ പ്രിയരേ, വത്സലരേ,
പിതൃസവിധേ എത്തിക്കാം ഞാൻ
ഗേഹം നിങ്ങൾക്കായ് നല്കാം.

9 കർത്താവിൻ വൻ ദിനമാഗതമായ്;
കഷ്ടത തിങ്ങി നിറഞ്ഞ ദിനം
ശക്തന്മാർ കേഴുന്ന വഴിയിൽ.
മലയേയെന്നെ മറച്ചിട്ടുവിൻ
കുന്നുകളെന്നെ വിഴുങ്ങിട്ടുവിൻ
കടലുകളെന്നെ മുക്കിട്ടുവിൻ.
ഭീതികൾ തിങ്ങി നിറഞ്ഞവയാം
കർത്തൃദിനങ്ങളെ ഓർത്തിട്ടുവിൻ
കാരുണ്യത്തിന്നായ് കേഴിൻ.[59]

---

59 സെഫനിയാ, 1:14



10 പാപത്താൽ കുരുടായ് തീർന്നവരാം
മർത്യർ പാപം ചെയ്യുന്നു
കോപത്തിൻ ശിക്ഷകളേല്ക്കുന്നു.
നൃപനേ, മ്ശിഹാ കർത്താവേ,
ഭുവാനങ്ങൾക്കുടയവനേ,
തള്ളരുതെന്നെ പാലിക്കേ.
ദുഷ്ടത ദൂരെ അകററുന്നേൻ
കരയുന്നേൻ നിൻ കൃപകൾക്കായ്
ഞാനെന്നും നിൻേറതല്ലോ.[60]

11 ഒരു നാളും നരനുതകാത്തവയാം
ധനമെന്തിനു നീ കൂട്ടുന്നു!
നിൻ ഹൃദയം വയ്ക്കരുതീ മണ്ണിൽ
മണ്ണിൽ നിന്നുള്ളവയെല്ലാം
മണ്ണിലമർന്നു തകർന്നീടും
ചിതലായ് തീരും ഒരു നാളിൽ
മരണത്തിൻ പിടിയിൽനിന്നും
രക്ഷിച്ചുയരെയിരുത്തുന്നോൻ
അവനെ താണുവണങ്ങീടാം.[61]

12 കർത്താവേ, കോരിയെടുക്കണമെ
മരണത്തിൻ കടലീന്നെന്നെ
രോഗത്തിൻ ഭീകര പിടിയീന്നും
നിൻ തിരു ദേഹമതെൻ ഭക്ഷ്യം
നിൻ കുരിശെന്നെ കാക്കുന്നു
നിൻ റൂഹായെൻ സംരക്ഷ

---

60 സെഫനിയാ, 1:17
61 സെഫനിയാ, 1:18

www.malankaralibrary.com



നിന്നിൽ വയ്ക്കുന്നെൻ ജീവൻ
നീയാണെൻ ജീവന്നുടയോൻ
നിന്നിൽ മോദിച്ചീടും ഞാൻ.

107 "റൂഹായാം ദൈവം"

1 ഉന്നതനാം മിശിഹായോതുന്നു:
വഴിയും സത്യവുമീഞാനെ-
ന്നറിയുന്നോർ രാജ്യം പ്രാപിക്കും.
സത്യത്തിൻ പൂർണ്ണത ദൈവം
സത്യം നല്കാനെത്തീ ഞാൻ
സത്യത്തിൻ വൻ സാക്ഷിയുമായ്.
സത്യം മൃതമാകില്ലൊട്ടും
മൃതിയിൽ നിന്നുയിർ പ്രാപിക്കും
സത്യം ദൈവത്തിൻ സത്ത.

2 സോദരരേ, മിശിഹായെപ്പോൽ നാം
സത്യത്തിൻ സാക്ഷികളായി
സത്യത്തിന്നായ് ജീവൻ വയ്ക്കാം.
ദൈവം കൃപചെയ്യും നമ്മിൽ
ആയുധമേന്തുമവൻ വേഗം
പീഡിതരിൽ തുണ ചെയ്തീടും.
നാവിൽ കളവുര ചെയ്യരുതേ
ഹൃദയേ വഞ്ചന കരുതരുതേ
കാലുകൾ തിന്മയിൽ തിരിയരുതേ.

3 ദൈവം നൽ-കുന്നൊരുവൻ ദാനം
പൂർണ്ണതയേകുന്നു നരനായ്
ആനന്ദക്കടലിൽ മുക്കുന്നു.



അന്യനെ ഞെക്കിയ സമ്പാദ്യം
ഹൃദയം നൊന്തൊരു സമ്പാദ്യം
ചതിവിൽ നേടിയ സമ്പാദ്യം
ദൂരെയകന്നിടുമതിവേഗം
വേദന മാത്രം ശേഷിക്കും
തിരികെയടയ്ക്കാനുത്തരവും.

4 നാഥാ, നിൻ തിരുഹിതമായെന്നിൽ
കൃപചൊരിയണമെ കരുണാബ്ധേ;
അതിലീ ഞാൻ എന്നും സംതൃപ്തൻ.
അതിനപ്പുറമൊന്നും വേണ്ടാ
നീയെൻ ഹൃദയം കാണുന്നു.
എൻ ചെയ്തികളെ തൂക്കുന്നു.
ചെളിയിൽ താഴാതെൻ പാദം
സംരക്ഷിക്കണമെ നാഥാ,
നിൻ കൃപയെന്മേൽ ചൊരിയണമെ.

5 സമ്പത്തിൽ ഹൃദയം വയ്ക്കരുതേ
അതിൽ നിൻ ദൃഷ്ടി പതിക്കരുതേ
ആശ്രയമായ് അതിനെ കരുതരുതേ.
ഒഴുകും മഴനീർ പോലതുപോം
നിലനില്ക്കില്ല ധനം നിത്യം
രക്ഷിക്കില്ലൊരു നരനേയും
ആശ്രയമീശനിൽ വയ്ക്കണമേ
അവനാണുന്നതമാം ദാനം;
പൂർണ്ണത നമ്മൾക്കേകുന്നോൻ.

6 സർവ്വേശാ തിന്മ നിറഞ്ഞെന്നിൽ
ദ്രവ്യം കാംക്ഷിച്ചെൻ ഹൃദയം
സ്നേഹിച്ചു നശ്വരമാം ലോകം.

www.malankaralibrary.com



എന്നെ കഴുകു കരുണാബ്ധേ,
ചൊരിയണമെ നിൻ ദാനങ്ങൾ
റൂഹായാം കൃപ പകരണമെ.

നിൻതിരുഭവനെ വസിച്ചീടാൻ
നിൻ തിരുബലിയർപ്പിച്ചീടാൻ
നിൻ ഗീതം നിത്യം പാടാൻ.

7 ഉത്തമനാം സ്നേഹിതനൊരു ശക്തി
രത്നത്തേക്കാൾ ശ്രേഷ്ഠമവൻ
മാധുര്യം നിത്യം പകരുമവൻ.

ആപത്തിൽ തള്ളാത്തവനും
വേദനയിൽ താങ്ങുന്നവനും
മൃതിയിലുപേക്ഷിക്കാത്തവനും

ഏകൻ മിശിഹായെൻ പ്രിയരേ,
അവനെ സ്നേഹിതനാക്കീടാം
അവനാണുത്തമനാം മർത്യൻ.

8 വിജ്ഞാനം പകരുന്നുറവയതാം
വിജ്ഞാനത്തിൻ നാഥനൊടായ്
വിജ്ഞാനം-യാചിക്കാം പ്രിയരേ,

ശ്ലീഹന്മാരിലിറങ്ങിയവൻ
സഹദേന്മാരെ സഹായിച്ചോൻ
ദാസന്മാരിൽ സംപ്രീതൻ

നമ്മിൽ വന്നു വസിച്ചീടാൻ
കൃപയാൽ നമ്മെ നിറച്ചീടാൻ
നിത്യം നമ്മെ നയിച്ചീടാൻ.



## 108 "റൂഹായാം നാഥാ, ദയവാനേ"

1 ഉന്നതനാം ശ്ലീഹായോതുന്ന
ദൈവികവെളിപാടിൻ രഹസ്യം
കേൾക്കാമെൻ വത്സലസോദരരേ,

കടലിൽ സ്നാനം ചെയ്തവരാം
മേഘത്താൽ സംരക്ഷിതരാം
മന്നായാൽ സംതൃപ്തരുമാം

ജനതതി മരുഭൂവിൽ വീണു
അവരുടെ ഉടയവനാം ദൈവം
പ്രീതിപ്പെട്ടില്ലാ നരരിൽ.

2 തിന്മകൾ നാം തേടരുതൊരുനാളും
വിഗ്രഹസേവ നമരുതൊട്ടും
മോഹത്താൽ ഒന്നും ചെയ്യരുതേ

ഈശനെ ശോധന ചെയ്യരുതെ
ദൈവത്തെ നിന്ദിക്കരുതെ
കല്പന കാക്കണമെപ്പോഴും

ഇസ്രായേൽ നല്കും പാഠം
ശ്രദ്ധിക്കണമെല്ലാ നരരും
ആഗതമായി കാലാന്ത്യം.

3 റൂഹായാം ദൈവം മുകളീന്നും
ആഗതനായ് ശ്ലീഹന്മാരിൽ
ദാനത്താൽ അവരെ നിറച്ചുടയോൻ.

അവനായ് ഹൃദയമൊരുക്കീടാം
അർപ്പിക്കാമവനിൽ ജീവൻ
റൂഹാ ചൊരിയുന്നു കൃപകൾ

www.malankaralibrary.com



ശോഭയെഴും മണവാട്ടിക്കായ്
റൂഹാ പണിയുന്ന ഗേഹം
സാക്ഷീയുറിശിലേം നഗരം.

4 റൂഹായാം ദൈവം നമ്മകൾ തൻ
നിറകുടമാകുന്നെൻ പ്രിയരേ,
താതനിൽ നി–ന്നെത്തുന്ന ധരയിൽ
ആശ്വാസപ്രദനാം റൂഹാ,
കൃപനല്കുന്നവനാം റൂഹാ,
പരിപൂർണ്ണതയേകും റൂഹാ,
വന്നു വസിക്കണമെന്നുള്ളിൽ
ജീവൻ നിന്നിൽ വന്നുന്നു
നവജീവിതമേകണമിപ്പോൾ.

5 വിജ്ഞാനം—പകരുന്ന റൂഹാ
അറിവിന്നുറവിടമവനത്രേ
വിശ്വാസം—വർദ്ധിപ്പിക്കുന്നു.
രോഗങ്ങൾ നീക്കീടുന്നു
അത്ഭുതമെല്ലാം ചെയ്യുന്നു
ഭാഷാവരമേകീടുന്നു.
പ്രവചനവരവും നല്കുന്നു
നാവിനു ശക്തികൾ നല്കുന്നു
അവനെ പുൽകാമീനേരം

6 മിശിഹാതൻ പ്രിയയാം തിരുസഭയിൽ
ശ്ലീഹന്മാരെ നിയമിച്ചു
അതുപോലെ നിബിമാരാം പലരേം
ചിലരെത്തി പ്രസംഗകരായ്
ചിലർ ഭാഷകളിൽ പ്രവചിച്ചു
വേദന മാററി ചിലരെല്ലാം.



ഭരണാധിപരായ് ചില ദാസർ
എല്ലാം കൃപയാൽ നല്കുന്നോൻ
അത്യുന്നതനാം റൂഹാതാൻ.[62]

7 റൂഹായാം നാഥാ, ദയവാനേ,
മേല്ലയരേ നിന്നാഗതനായ്
എന്നിതേ വന്നു വസിക്കേണം.
കൃപ ചൊരിയണമെ ഹൃദയത്തിൽ
പൂർണ്ണതയേകണമെന്നുള്ളിൽ
നാവിനു ശക്തി പകർന്നിടണേ
ഭാഷാവരവും നല്കേണം
രോഗം നീക്കുന്നതിനായി
ഉന്നതമാമൊരനുഗ്രഹവും.

**109** "റൂഹായെ നീ കാണുമ്പോൾ"

1 ഭുവാനം സൃഷ്ടിച്ചവനീശൻ
വചനം വഴിയതു സൃഷ്ടിച്ചു
വചനത്താലതിനെ നയിക്കുന്നു
ആദിയില്ലുള്ളൊരു തിരുവചനം
അതിനാലുലകം നിലനില്പൂ
അതിനാലുലകത്തിനു ജീവൻ.
ജീവന്നുറവിടമവനത്രേ
വചനം നരരുടെ തേജസ്സുമാം
കൂരിരുളിൽ ശോഭിക്കുന്നു.[63]

62 1 കൊറി. 10–12
63 ഉല്പത്തി 1:1; യോഹന്നാൻ 1:1–5; 1:9.

www.malankaralibrary.com



2 തിരുവചനം കൃപയുടെ കുമ്പാരം
ശോഭ നിറഞ്ഞൊരു കിരണമവൻ
ദൈവത്തിൻ വത്സലനാം സുതനും
തിരുഹിതമായവനിവിടെത്തി
ജഡമേറ്റു നരനായ് തീർന്നു
ദാസൻ രൂപം പൂണ്ടരചൻ
മാലിന്യം തീണ്ടാത്തവനായ്
ധരയിൽ ജീവിച്ചവസാനം
നരനായ് ജീവൻ ഹോമിച്ചു.

3 മർത്യന്നായ് ജ്വാല പകർന്നീടാൻ
എത്തീ വൻദീപം ധരയിൽ
അതിലെല്ലാ നരരും ശോഭിപ്പു
അവനീ ലോകത്തിന്നുറവ
അവനാലവയൊരു നാളുളവായ്
അവനാലവ നിലനില്ക്കുന്നു
അവനെ ലോകമറിഞ്ഞില്ല
സ്വന്തജനത്തിന്നിടയിൽ വ–
ന്നവനെയവർ കുരിശിൽ തൂക്കി.

4 വചനത്തെ–കൈക്കൊള്ളുന്നവരിൽ
തിരുനാമം പേറുന്നവരിൽ
റൂശ്ശാ തൻ മുദ്ര പതിച്ചവരിൽ
വാഴുന്നു പാവന താതൻ
പാവനമാം ബലിവേദിയതു്
റൂഹായുടെ പ്രിയമാം വാസം
പുതിയൊരു ലോകം പണിതീടാൻ
കരുവാക്കുന്നവരെ നാഥൻ
തൻ ജനവും നവമാം ഇസ്രേൽ.



5 കാരുണ്യം തിങ്ങിനിറഞ്ഞ നൃപൻ
വാരിച്ചൊരിയുന്നു കരുണ
ബഹുലമതാം കൃപ നാം പ്രാപിപ്പു
മൂശാനിബി നിയമം നല്കി
കൃപയും സത്യവുമീ രാജൻ
മർത്യകുലത്തിനു നല്കുന്നു.
പിതൃസവിധേയെത്തിക്കുന്നോ–
രുന്നത ശ്രേണിയവൻ പ്രിയരേ
ഓടിയടുക്കാം തവസവിധേ.

6 യൂഹാനോ–നോതി നദിയരികിൽ;
മിശിഹാ ഞാനല്ലെൻ പ്രിയരേ,
അവനായ് ഞാൻ വഴികളൊരുക്കുന്നു.
മരുഭൂമിയിലുയരും നാദം
നീരിൽ ഞാൻ സ്നാനം നല്കും
ഞാനവസാനിക്കേണ്ടവനും
എൻ പിറകേ വരുവോൻ നാഥൻ
റൂഹായാൽ സ്നാനം നല്കും
അവനെന്നേക്കും നിലനില്ക്കും.

7 ലോകത്തിൻ പാപം പേറുന്ന
ദൈവത്തിൻ കുഞ്ഞാടിവനെ–
ന്നോതുന്നു യൂഹാനോൻ നിബിയാ
എൻ പിറകേ വരുവോൻ ധന്യൻ
അവനെ ഞാനുമറിഞ്ഞില്ല
അവനെന്നേക്കാൾ മുമ്പനുമാം.
അവനെ ഇസ്രേലിനു കാട്ടാൻ
സ്നാനം നല്കാൻ എത്തീ ഞാൻ
അവനെ കൈക്കൊൾവിൻ പ്രിയരേ.

www.malankaralibrary.com



8 പരിശുദ്ധാത്മാവീ യോർദ്ദാനിൽ
മേലുയരേ നിന്നാഗതനായ്
മിശിഹാമേൽ ആവാസം ചെയ്തു
അവനെ ഞാനുമറിഞ്ഞില്ല
എന്നെയയച്ചവനോതിയിദം;
"റൂഹായെ നീ കാണുമ്പോൾ
അറിയേണം മിശിഹായേ നീ
റൂഹായാൽ സ്നാനം നല്കു-
ന്നൊരുവൻ ദൈവത്തിൻ പുത്രൻ."

9 കൃപനിറയും മിശിഹായേ, നൃപനേ,
നീയാണനന്തനാം ദൈവം
ദൈവത്തിൻ അത്യുന്നതവചനം
നരനെ പുണരാനെത്തിയവൻ
ജേതാവാം മൃതിരഹിതൻ നീ
സ്ലീബായിൽ മൃതിയേററവനും
മൃതിയെ ഉയിർപ്പാൽ വെന്നവനും
പുതിയൊരു ലോകം തന്നവനും
ഉന്നതവാതിൽ തുറന്നവനും

10 കാലാന്ത്യം വേഗമടുക്കുമ്പോൾ
പൊടിയിൽ നിദ്രിതരെ നാഥാ,
നിൻ സവിധേ ചേർക്കണമേ കൃപയാൽ
നിൻ നിണമെയ്യിവർ പേറുന്നു
നിൻ റൂശ്മായിവരണിയുന്നു
നിൻ സ്ലീബായിവർ വന്ദിപ്പൂ
ഓർക്കരുതൊരു കുറവും നാഥാ,
കഴുകണമേ കൃപയാൽ പാപം
മമ ജീവൻ ഞാൻ പ്രാപിക്കും.

ഡോ. ജി. ചേടിയത്ത്,

# സഭാപിതാക്കന്മാർ

കോട്ടയം–1980

പേജ് VIII+272 വില: രൂപ 18

സഭാരംഭകാലത്തുള്ള കുറേ സുപ്രധാന രേഖകളുടെ ആദ്യത്തെ മലയാള പരിഭാഷയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഡിഡാക്കെ, റോമിലെ വിശുദ്ധ ക്ലെമെന്റിന്റെ കൊറിന്തോസുകാർക്കുള്ള ലേഖനം, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ സപ്തലേഖനങ്ങൾ, സ്മിർണയിലെ വി. പോളിക്കാർപ്പ് എഫേസോസുകാർക്കെഴുതിയ ലേഖനം, പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വവിവരണം, ബർണബാസിന്റെ ലേഖനം, ഡയഗ്നേററസിനുള്ള ലേഖനം, മെലിറേറായുടെ പെസഹാ പ്രസംഗം, വി. സിപ്രിയാന്റെ 'കത്തോലിക്കാസഭയുടെ ഐക്യം' എന്ന കൃതി, നിഖ്യാ സൂനഹദോസിന്റെ കാനോനകൾ, വി. ഗ്രിഗറി നസ്യാൻസന്റെ ഉയിർപ്പുപ്രസംഗം, മാർ ഗീവർഗീസിന്റെ കൂദാശാഭാഷ്യം, പൗരസ്ത്യ പാശ്ചാത്യ സുറിയാനി സഭയിലെ സന്യാസനിയമങ്ങൾ എന്നിവ ഈ ഗ്രന്ഥത്തിലുൾപ്പെടുന്നു.

www.malankaralibrary.com

ഡോ. ജി. ചേടിയത്ത്,

# ആദിമസഭയുടെ സന്ദേശം

കോട്ടയം–1981

പേജ് XX+337 വില: രൂപ 20

ആദിമക്രൈസ്തവസഭയുടെ സന്ദേശം ആധുനിക തലമുറ ഗ്രഹിക്കേണ്ടതാണ്. ശ്ലീഹന്മാർ വരച്ചുകാട്ടിയ ഈശോമിശിഹായേയും അവിടത്തെ രക്ഷാകരസന്ദേശത്തേയും തൊട്ടടുത്ത കാലഘട്ടത്തിൽ അനുഭവിച്ചറിഞ്ഞവരാണ് ആദിമസഭയിലെ ക്രൈസ്തവർ. ആദിമ ക്രൈസ്തവസഭയിലെ ചിന്തകരെ മലയാളികളുടെ മുമ്പിൽ അവതരിപ്പിക്കുക, അവരുടെ ജീവിതം, ചിന്താരീതി, കൃതികൾ, സംഭാവനകൾ, ക്രിസ്ത്വനുഭവം എന്നിവ അപ്പാടെ പകർത്തുക എന്നിവയാണ് ഈ ഗ്രന്ഥത്തിൻെറ ലക്ഷ്യം. നിഖ്യാ സൂനഹദോസുവരെയുള്ള ദൈവശാസ്ത്രജ്ഞന്മാരെപ്പററി സമ്യക്കായി വിവരിക്കുന്ന ആദ്യത്തെ മലയാള ഗ്രന്ഥം.

---

കോപ്പികൾക്ക് അപേക്ഷിക്കുക:

ജി. ചേടിയത്ത്

സെൻറ് തോമസ് സെമിനാരി

കോട്ടയം–10, വടവാതൂർ പി. ഒ., 686010.